കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-7) വകുപ്പ്

# കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്

## പ്രവൃത്തിപഠന റിപ്പോർട്ട് 2024



**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്**

# പ്രവൃത്തിപഠന റിപ്പോർട്ട് 2024

# കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്

<u>തയ്യാറാക്കിയത്</u>

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ–7) വകുപ്പ്

# കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്

## പ്രവൃത്തി പഠന റിപ്പോർട്ട്

| | | |
|---|---|---|
| തയ്യാറാക്കിയത് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ–7) വകുപ്പ് |
| പഠന സംഘം | : | ശ്രീ. മനുലാൽ ബി.എസ്, സെക്ഷൻ ഓഫീസർ<br>ശ്രീ. ഉണ്ണികൃഷ്ണൻ നായർ ബി എസ്, സെക്ഷൻ ഓഫീസർ<br>ശ്രീ. ഷിനോസ്.എസ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ<br>ശ്രീ.പ്രദീപ് കുമാർ പി.എം, അസിസ്റ്റന്റ്<br>ശ്രീ. സുദീപ്.കെ, അസിസ്റ്റന്റ് |
| മാർഗ്ഗനിർദ്ദേശം നൽകിയത് | : | ശ്രീമതി.സിനി സാബു, ജോയിന്റ് സെക്രട്ടറി<br>ശ്രീമതി.സീമ എസ്, ഡെപ്യൂട്ടി സെക്രട്ടറി |
| അംഗീകാരം നൽകിയത് | : | ശ്രീ.പുനീത് കുമാർ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് |

# ഉള്ളടക്കം


| അധ്യായം | ശീർഷകം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1–4 |
| 2 | രീതിശാസ്ത്രം | 5–7 |
| 3 | സംഘടനാ അപഗ്രഥനം | 8–15 |
| 4 | വസ്തുതകളും അപഗ്രഥനവും | 16–116 |
| 5 | പൊതു ശിപാർശകൾ | 117–133 |
| 6 | അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യത | 134–136 |
| 7 | ശിപാർശകളുടെ സംഗ്രഹം | 137–147 |
|  | കൃതജ്ഞത | 148 |

# അധ്യായം – 1
# ആമുഖം

**1.1** നീതിന്യായ വ്യവസ്ഥയിൽ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പരിശോധനാരീതികൾ അവലംബിക്കുന്നതിന്റെ ഭാഗമായാണ് രാസപരിശോധനാശാലകൾ സ്ഥാപിച്ചിട്ടുള്ളത്. ആധുനിക ലോകത്ത് കുറ്റകൃത്യങ്ങൾ അന്വേഷിച്ച് തീർപ്പുകൽപ്പിക്കുന്നതിൽ ശാസ്ത്രീയ തെളിവുകൾക്ക് വളരെ വലിയ സ്ഥാനമാണുള്ളത്. ക്രിമിനൽ കേസുകളുടെ അന്വേഷണം, പ്രോസിക്യൂഷൻ, തീർപ്പ കൽപ്പിക്കൽ എന്നിവയ്ക്ക് വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ തെളിവുകൾ നൽകിക്കൊണ്ട് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ ക്രിമിനൽ നീതിന്യായ വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കുന്നു.

**1.2** 1849-ൽ മദ്രാസിലാണ് ഇന്ത്യയിലെ ആദ്യത്തെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി സ്ഥാപിക്കപ്പെട്ടത്. തിരുവിതാംകൂർ നാട്ടു രാജ്യത്തിൽ കൊട്ടാരം വൈദ്യരുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന അപ്പോത്തിക്കിരിമാരാണ് 1890 വരെ കെമിക്കൽ എക്സാമിനറുടെ ചുമതലകൾ നിർവഹിച്ചിരുന്നത്. 1890-ൽ ഈ സംവിധാനത്തെ ഒരു പ്രത്യേക വകുപ്പായി രൂപീകരിക്കുകയുണ്ടായി. അതിനുശേഷം 1933-ൽ ഈ വകുപ്പിനെ പബ്ലിക് ഹെൽത്ത് ലബോറട്ടറിയുമായി ലയിപ്പിക്കുകയും, സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ആരോഗ്യ വകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചുവരികയുമുണ്ടായി.

**1.3** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് 1969 മുതൽ ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര വകുപ്പായാണ് പ്രവർത്തിച്ചുവരുന്നത്. ചീഫ് കെമിക്കൽ എക്സാമിനറാണ് ഈ വകുപ്പിന്റെ തലവൻ. തിരുവനന്തപുരത്തുള്ള ഒരു ലബോറട്ടറിയുമായി പ്രവർത്തനം തുടങ്ങിയ വകുപ്പിന്റെ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് 1986 -ൽ കോഴിക്കോട്ടും, 1989-ൽ എറണാകുളത്തും ഓരോ റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ സ്ഥാപിക്കുകയുണ്ടായി. ഇപ്രകാരം ആകെ മൂന്ന് ലബോറട്ടറികളാണ് ഇപ്പോൾ വകുപ്പിനുള്ളത്. ഈ വകുപ്പിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്.

**1.4** കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ നീതിന്യായ കോടതികളും മറ്റ്

അന്വേഷണ ഏജൻസികളും ലബോറട്ടറികളിലേക്കയക്കുന്ന തൊണ്ടിവസ്തുക്കളിൽ രാസപരിശോധന നടത്തി ശാസ്ത്രീയ തെളിവുകൾ നൽകുന്നതിലൂടെ നീതിനിർവഹണത്തിൽ ജുഡീഷ്യറിയെ സഹായിക്കുക എന്നതാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതല.

## പ്രവൃത്തി പഠനത്തിന്റെ ഉത്ഭവം

**1.5** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് ചീഫ് കെമിക്കൽ എക്സാമിനർ ആഭ്യന്തരവകുപ്പിൽ സമർപ്പിച്ചു വരുന്നു. ഇപ്രകാരം സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ, വകുപ്പിൽ, തീർപ്പാകാതെ കിടക്കുന്ന സാമ്പിളുകളുടെ എണ്ണം ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആഭ്യന്തരവകുപ്പ് വിശദമായ റിപ്പോർട്ട് തേടുകയുണ്ടായി. ആയതിന് ചീഫ് കെമിക്കൽ എക്സാമിനർ സമർപ്പിച്ച മറുപടിയിൽ, വകുപ്പിൽ 2022 മെയ് മാസത്തെ കണക്ക് പ്രകാരം 45157 കേസുകളിൽപ്പെട്ട 1,32,179 സാമ്പിളുകൾ പരിശോധന കാത്ത് കിടക്കുന്നതായി അറിയിക്കുകയുണ്ടായി. അനലിസ്റ്റുമാരെ കൂടുതലായി നിയമിച്ചുകൊണ്ടും, ലബോറട്ടറിക്കാവശ്യമായ നൂതന സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കിയും പുതിയ ലബോറട്ടറികൾ അനുവദിച്ചുകൊണ്ടും മാത്രമേ നാളിതുവരെ കുമിഞ്ഞുകൂടിയ സാമ്പിളുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനും, വകുപ്പിലേക്ക് ദൈനംദിനം എത്തുന്ന വർദ്ധിച്ച എണ്ണം സാമ്പിളുകൾ പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുവാനും സാധിക്കുകയുള്ളൂവെന്നും ചീഫ് കെമിക്കൽ എക്സാമിനർ അഭിപ്രായപ്പെട്ടു. ഈ നിർദ്ദേശം ആഭ്യന്തരവകുപ്പ് പരിശോധിക്കുകയും ഈ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെക്കൊണ്ട് ഒരു പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ മുഖ്യമന്ത്രി നിർദ്ദേശിക്കുകയും ചെയ്തു. പ്രവൃത്തി പഠനത്തിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-7) വകുപ്പിനെ ചുമതലപ്പെടുത്തി.

**1.6** ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രവൃത്തി പഠന സംഘം 06.02.2023 -ൽ ചീഫ് കെമിക്കൽ എക്സാമിനറുടെ ഓഫീസ് സന്ദർശിക്കുകയും ഉയർന്ന ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ച നടത്തുകയും ചെയ്തു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും നിലവിൽ വകുപ്പ് നേരിടുന്ന

പ്രശ്നങ്ങളെപ്പറ്റിയും പ്രാഥമിക ധാരണ ലഭിക്കുകയുണ്ടായി.

**1.7** വിവിധ മേഖലകളിലായി 207 തസ്തികകൾ മാത്രമുള്ള ഒരു വകുപ്പാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്. നർക്കോട്ടിക്സ്, സെറോളജി, ടോക്സിക്കോളജി, എക്സൈസ്, ജനറൽ കെമിസ്ട്രി എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളാണ് ഓരോ ലബോറട്ടറിയിലും ഉള്ളത്. എറണാകുളം റീജിയണൽ ലബോറട്ടറിയിൽ ഡിസ്റ്റിലറികളിൽനിന്നുള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഡിസ്റ്റിലറി ഡിവിഷൻ കൂടി അധികമായുണ്ട്. വർഷംതോറും പരിശോധനക്കായി വകുപ്പിൽ ലഭ്യമാകുന്ന സാമ്പിളുകളുടെ എണ്ണത്തിൽ വളരെ വലിയ വർധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മുൻവർഷങ്ങളിൽ കുമിഞ്ഞുകൂടിയിട്ടുള്ള കേസുകൾക്കൊപ്പം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വർധിച്ച എണ്ണം സാമ്പിളുകളുടെ പരിശോധന യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതുമൂലമുള്ള കുടിശ്ശിക കൂടിച്ചേർന്ന് ലബോറട്ടറികളിൽ പ്രത്യേകിച്ച് ടോക്സിക്കോളജി, എക്സൈസ്, നർക്കോട്ടിക്സ് ഡിവിഷനുകളിൽ പരിശോധന കാത്തുകിടക്കുന്ന സാമ്പിളുകളുടെ എണ്ണം ക്രമാതീതമായി വർധിച്ചിരിക്കുകയാണ്.

**1.8** ക്രിമിനൽ കേസുകൾ തീർപ്പുകൽപ്പിക്കുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് ഒരു വസ്തുതയാണ്. ശാസ്ത്രീയ പരിശോധനാഫലം അനിശ്ചിതമായി വൈകുന്നത് നീതിനിർവഹണത്തിൽ കാലതാമസം ഉണ്ടാക്കുകയും പലപ്പോഴും കുറ്റവാളികൾ നിയമത്തിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുന്നതിന് കാരണമാവുകയും ചെയ്യുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ സാമ്പിളുകൾ പരിശോധനാഫലം കാത്ത് കിടക്കുന്നു എന്നത് കാണിക്കുന്നത് നീതി നിർവഹണ പ്രക്രിയയിലെ "കുപ്പിക്കഴുത്ത്"കളിൽ ("Bottlenecks") ഒന്നായി ലബോറട്ടറി മാറുന്നു എന്നാണ്. അതുകൊണ്ടുതന്നെ ഈ വിഷയം അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതു തന്നെയാണ്.

**1.9** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ അർപ്പിതമായ ചുമതലകളും നിലവിൽ വകുപ്പ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും മനസ്സിലാക്കി, വലിയതോതിൽ സാമ്പിളുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ എത്രയുംവേഗം പരിഹരിച്ചുകൊണ്ട്, ഭാവിയിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുവാൻ വകുപ്പിനെ

പ്രാപ്തമാക്കുവാനുദ്ദേശിച്ചുള്ളതാണ് ഈ പ്രവൃത്തിപഠനം.

**1.10** പ്രവൃത്തി പഠനം നടത്തുന്നതിനായി അവലംബിച്ചിട്ടുള്ള രീതിശാസ്ത്രം (Methodology) അദ്ധ്യായം 2- ലും വകുപ്പിന്റെ ഘടനയും പ്രവർത്തന രീതിയും സംബന്ധിച്ച സംഘടനാ അപഗ്രഥനം (Organization Analysis) അദ്ധ്യായം 3-ലും നൽകിയിട്ടുണ്ട്. പഠനത്തിലൂടെ മനസിലാക്കിയ വസ്തുതകളും അവയുടെ അപഗ്രഥനവും (Facts & Analysis) പഠന സംഘത്തിന്റെ നിരീക്ഷണങ്ങളും ശിപാർശകളും അദ്ധ്യായം 4-ൽ പ്രതിപാദിച്ചിട്ടുണ്ട്. പൊതുവായ ശിപാർശകൾ അദ്ധ്യയം 5-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. തസ്തിക സൃഷ്ടിക്കലിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച് അദ്ധ്യായം 6-ൽ വിശദമാക്കിയിട്ടുണ്ട്. ശിപാർശകളുടെ സംഗ്രഹം അദ്ധ്യായം 7-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# അധ്യായം – 2
# രീതിശാസ്ത്രം (Methodology)

**2.1** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ തലവനായ ചീഫ് കെമിക്കൽ എക്സാമിനർ, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി പഠനസംഘം നടത്തിയ പ്രാഥമിക ചർച്ചയിൽ നിന്നും ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ, വകുപ്പിൽ നിലവിൽ കെട്ടിക്കിടക്കുന്ന സാമ്പിളുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഭാവിയിൽ സാമ്പിളുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ടാകാതെ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ഉതകുന്ന മാർഗ്ഗങ്ങൾ നിർദേശിക്കുന്നതിനായി ഒരു പ്രവൃത്തിപഠനം നടത്തുവാൻ തീരുമാനിച്ചു. ഇതിനായി പ്രവൃത്തി പഠനത്തിന്റെ അടിസ്ഥാന ഘടകങ്ങളായ സംഘടനാ അപഗ്രഥനം (Organisation Analysis), മാർഗ്ഗപഠനം (Method study), ജോലിഭാരനിർണയം (Work Measurement) എന്നിവ അവലംബിക്കുകയുണ്ടായി.

**2.2** വകുപ്പിന്റെ പ്രവർത്തനം, ചുമതലകളും ഉത്തരവാദിത്തങ്ങളും, വിവിധ ഓഫീസുകൾ, ജീവനക്കാരുടെ എണ്ണം എന്നിവയെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ തിരുവനന്തപുരത്തെ ആസ്ഥാന കാര്യാലയത്തിൽ നിന്നും ശേഖരിച്ചു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് തിരുവനന്തപുരത്തെ ആസ്ഥാനവും, എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ ലബോറട്ടറികളുമുൾപ്പടെ ആകെ മൂന്ന് ലബോറട്ടറികളാണുള്ളത് .പ്രസ്തുത മൂന്ന് ലബോറട്ടറികളിലും സാങ്കേതിക വിഭാഗവും ഭരണ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഫയലുകൾ കൈകാര്യം ചെയ്യുന്ന മറ്റ് ഓഫീസുകളിൽ നിന്നും തീർത്തും വ്യത്യസ്തമായ ജോലിയാണ് സാങ്കേതിക വിഭാഗത്തിൽ നിർവഹിക്കപ്പെടുന്നത്. ഇക്കാരണത്താൽ ആ വിഭാഗത്തിൽനിന്നുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പ് പ്രവൃത്തി പഠനങ്ങൾക്ക് പൊതുവായി ഉപയോഗിക്കുന്ന ഫോമുകൾ പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗത്തിൽ നിന്നും ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിൽ ഒരു പൈലറ്റ് സ്റ്റഡി നടത്തുകയും തുടർന്ന് വിവരങ്ങൾ

ശേഖരിക്കുവാനുള്ള പ്രൊഫോർമകളും, ചോദ്യാവലിയും തയാറാക്കുകയും ചെയ്തു. ആകെ മൂന്ന് ഓഫീസുകൾ മാത്രമാണ് വകുപ്പിന് ഉള്ളതെന്നതിനാൽ ശേഖരിക്കുന്ന സ്ഥിതിവിവരങ്ങളുടെ സമഗ്രതയ്ക്കായി മൂന്ന് ഓഫീസുകളും സന്ദർശിച്ച് പഠനസംഘം വിവരശേഖരണം നടത്തുകയുണ്ടായി.

**2.3** പ്രവൃത്തിപഠനത്തിനായി പ്രാഥമിക സ്ഥിതി വിവരങ്ങളും (Primary Data) ദ്വിതീയ സ്ഥിതി വിവരങ്ങളും (Secondary Data) ഉപയോഗിക്കുകയുണ്ടായി. പ്രാഥമിക സ്ഥിതി വിവരങ്ങൾ ഓഫീസുകളുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തി തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി അവിടെ പ്രവർത്തിച്ചു വരുന്ന ജീവനക്കാരുമായി വിശദമായ ചർച്ചനടത്തി ജീവനക്കാരുടെ ജോലിഭാരം, ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു. വിവര ശേഖരണത്തിനായി ഡ്യൂട്ടിലിസ്റ്റ്, ആക്ടിവിറ്റി ലിസ്റ്റ്, അഭിമുഖം, ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ, പ്രവർത്തനത്തെക്കുറിച്ച് ജീവനക്കാർ എഴുതി നല്കിയ വിവരങ്ങൾ, ചോദ്യാവലി എന്നീ മാർഗങ്ങൾ ഉപയോഗിച്ചു. ദ്വിതീയ വിവരങ്ങൾക്കായി വിവിധ പീരിയോഡിക്കൽ റിപ്പോർട്ടുകൾ, സർക്കാർ ഉത്തരവുകൾ, വകുപ്പിന്റെ വെബ് സൈറ്റ് എന്നിവ പരിശോധിക്കുകയുണ്ടായി. കൂടാതെ ഈ രംഗത്ത് അറിവും അനുഭവ പരിചയവും ഉള്ള വിദഗ്ദ്ധന്മാരുടെ നിർദേശങ്ങളും പ്രവൃത്തിപഠന സംഘം ശേഖരിക്കുകയുണ്ടായി. ഇപ്രകാരം ശേഖരിച്ച സ്ഥിതിവിവരം പ്രവൃത്തി പഠനത്തിന്റെ അടിസ്ഥാന ഉപകരണങ്ങളായ ഓർഗനൈസേഷൻ ചാർട്ട്, ബ്രെയിൻ സ്റ്റോമിംഗ്, വിമർശനാധിഷ്ഠിതമായ പരിശോധന (Critical Examination) എന്നിവയുടെ സഹായത്തോടെ വിശകലനം ചെയ്താണ് നിഗമനങ്ങളിലും ശിപാർശകളിലും എത്തിച്ചേർന്നിട്ടുള്ളത്.

**2.4** സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന അനലിസ്റ്റുമാരുടെ ജോലിഭാരം നിർണ്ണയിക്കുന്നതിന് ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ഓരോ വിഭാഗത്തിലെയും അനലിസ്റ്റുമാർക്ക് നിശ്ചയിച്ചിട്ടുള്ള പ്രതിമാസ ടാർജറ്റിനെയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. കേസുകളുടെ/സാമ്പിളുകളുടെ എണ്ണത്തെ അടിസ്ഥാന മാക്കിയാണ് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്. സാമ്പിളുകളുടെ എണ്ണം കേസുകളുടെ എണ്ണത്തിന് ആനുപാതികമായതിനാൽ ജോലിഭാരം നിർണയിക്കുന്നതിന് കേസുകളുടെ

എണ്ണത്തെയാണ് പഠനസംഘം ആധാരമാക്കിയിട്ടുള്ളത്. 2023 വർഷത്തിൽ വകുപ്പിന്റെ ഓരോ ലബോറട്ടറിയിലും എത്ര കേസുകൾ പരിശോധനക്കായി ലഭിച്ചു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഓരോ ലബോറട്ടറിയിലും ആവശ്യമായ അനലിസ്റ്റുമാരുടെ മനുഷ്യവിഭവശേഷി കണക്കാക്കിയിട്ടുള്ളത്.

**2.5** ഭരണവിഭാഗത്തിൽ ജോലി ചെയ്യുന്ന ക്ലറിക്കൽ തസ്തികയിലുള്ള ജീവനക്കാരുടെ ജോലിഭാരം നിർണ്ണയിക്കുന്നതിന് 2022 കലണ്ടർ വർഷത്തെ സ്ഥിതിവിവരങ്ങളെയാണ് ആധാരമാക്കിയിട്ടുള്ളത്. ക്ലറിക്കൽ തസ്തികകളുടെ കാര്യത്തിൽ ഓരോ ജോലിയും ചെയ്യുന്നതിന് ആവശ്യമായ സമയം കണ്ടെത്തുകയും അത് ആകെ ജോലിയുമായി ബന്ധപ്പെടുത്തി ജോലിഭാരം നിർണയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അടിസ്ഥാന സമയത്തിനൊപ്പം (Base Time) വ്യക്തിഗത ആവശ്യങ്ങൾക്കായി സാധാരണ ജോലികൾക്കും ഫയൽ ജോലികൾക്കും Personal & Fatigue Allowance ആയി 15% അധിക സമയം കൂടി അനുവദിച്ചാണ് ആകെ ജോലിയുടെ അളവ് നിശ്ചയിക്കുന്നത്. ഇപ്രകാരം നിർണയിക്കുന്ന ജോലിഭാരം മനുഷ്യപ്രയത്ന മണിക്കൂറുകളിൽ (Man hours) കണക്കാക്കി ഒരു സർക്കാർ ജീവനക്കാരൻ ഒരു വർഷം 1700 മണിക്കൂർ ജോലി ചെയ്യണമെന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മനുഷ്യ വിഭവശേഷി നിർണയിക്കുന്ന രീതിയാണ് ഈ പഠനത്തിലും അനുവർത്തിച്ചിട്ടുള്ളത്.

**2.6** അനലിസ്റ്റുമാരുടേയും ക്ലറിക്കൽ തസ്തികകളിലെയും ജോലിഭാരം നിർണ്ണയിച്ചതിൽ, മനുഷ്യ വിഭവശേഷി സൂചികയിൽ (Man Power Index) '0.3' മുതൽ മുകളിലേക്കുള്ള അംശങ്ങളെ തൊട്ടുമുകളിലുള്ള പൂർണസംഖ്യയായി നിർണയിക്കുകയും '0.3' നേക്കാൾ കുറഞ്ഞ അംശങ്ങളെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

# അധ്യായം – 3
# സംഘടനാ അപഗ്രഥനം (Organization Analysis)

**3.1** സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന വകുപ്പാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്. 1973 –ലെ ക്രിമിനൽ നടപടിക്രമത്തിലെ വകുപ്പ് 293 പ്രകാരം കുറ്റകൃത്യങ്ങളുടെ നിർണ്ണയത്തിൽ കോടതികളെ സഹായിക്കുകയാണ് ഈ വകുപ്പിന്റെ സുപ്രധാന ചുമതല. ക്രിമിനൽ കേസുകളിൽ ഈ വകുപ്പിലെ കെമിക്കൽ എക്സാമിനർമാർ നൽകുന്ന സർട്ടിഫിക്കറ്റ് ഒരു സുപ്രധാന തെളിവു രേഖയായിട്ടാണ് കരുതപ്പെടുന്നത്.

**3.2** തിരുവനന്തപുരത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറി കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഒരു ലബോറട്ടറിയുമായാണ് വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചത്. 13/06/1969–ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 188/ 1969/ആഭ്യന്തരം ഉത്തരവ് പ്രകാരം ഈ വകുപ്പ് ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര വകുപ്പായി മാറി. കാലക്രമത്തിൽ വകുപ്പിന്റെ ജോലിഭാരം വർദ്ധിച്ചതിനെത്തുടർന്ന്, 14/03/1979–ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 562/ 1979/ആഭ്യന്തരം പ്രകാരം എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ സർക്കാർ അനുവദിക്കുകയുണ്ടായി. കോഴിക്കോട്ടുള്ള ലബോറട്ടറി 1986 ലും എറണാകുളത്തെ ലബോറട്ടറി 1989 ലും പ്രവർത്തനം ആരംഭിച്ചു. ഇപ്രകാരം മൂന്ന് ലബോറട്ടറികളാണ് നിലവിൽ ഈ വകുപ്പിനുള്ളത്. വകുപ്പിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്.

**3.3** തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽനിന്നുള്ള സാമ്പിളുകൾ തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിലും, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽനിന്നുള്ള സാമ്പിളുകൾ എറണാകുളം റീജിയണൽ ലബോറട്ടറിയിലും, കോഴിക്കോട്, മലപ്പുറം,വയനാട്,കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നുള്ള സാമ്പിളുകൾ കോഴിക്കോട് റീജിയണൽ ലബോറട്ടറിയിലുമാണ് പരിശോധിക്കപ്പെടുന്നത്. എന്നാൽ കോടതികൾ പ്രത്യേകമായി

ആവശ്യപ്പെടുന്നപക്ഷം ഏത് ജില്ലയിൽപ്പെടുന്ന കേസുകളും തിരുവനന്തപുരം ആസ്ഥാനലബോറട്ടറിയിൽ പരിശോധന നടത്താവുന്നതാണ്.

## ഭരണ നിർവ്വഹണം

**3.4** ചീഫ് കെമിക്കൽ എക്സാമിനർ ആണ് ഈ വകുപ്പിന്റെ തലവൻ. ചീഫ് കെമിക്കൽ എക്സാമിനറുടെ റിപ്പോർട്ടിംഗ് ഓഫീസർ സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിയാണ്. ചീഫ് കെമിക്കൽ എക്സാമിനറെ സഹായിക്കുന്നതിനായി തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിൽ രണ്ട് ജോയിന്റ് കെമിക്കൽ എക്സാമിനർമാരുടെ തസ്തികകൾ ഉണ്ട്. ഇതിൽ ജോയിന്റ് കെമിക്കൽ എക്സാമിനർ(ഹെഡ്ക്വാർട്ടേഴ്സ്) തിരുവനന്തപുരം ആസ്ഥാനലബോറട്ടറി യുടെ മേൽനോട്ട ചുമതലവഹിക്കുന്നു. ജോയിന്റ് കെമിക്കൽ എക്സാമിനർ (ജനറൽ) വകുപ്പിന്റെ പൊതുവായ വികസനപ്രവർത്തനങ്ങളുടെയും, ടെക്നിക്കൽ ഇൻസ്പെക്ഷൻ, സ്റ്റോർ, ട്രെയിനിംഗ് തുടങ്ങിയവയുടെയും ചുമതലകൾ വഹിക്കുന്നു. റീജിയണൽ ലബോറട്ടറികളുടെ മേൽനോട്ടം വഹിക്കുന്നതിനായി ഓരോ ജോയിന്റ് കെമിക്കൽ എക്സാമിനർമാർ എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലുണ്ട്.

**3.5** കൈകാര്യം ചെയ്യുന്ന കേസുകളുടെ അടിസ്ഥാനത്തിൽ ഓരോ ലബോറട്ടറിയെയും സെറോളജി, ടോക്സിക്കോളജി, എക്സൈസ്, നർക്കോട്ടിക്സ്, ജനറൽ കെമിസ്ട്രി എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. മേൽപറഞ്ഞ ഓരോ വിഭാഗത്തിലേയും പരിശോധനകളുടെ മേൽനോട്ടം വഹിക്കുന്നത് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാണ്. അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് കീഴിൽ അനലിസ്റ്റുമാരായി സയന്റിഫിക് ഓഫീസർമാർ, ടെക്നിക്കൽ അസ്സിസ്റ്റന്റുമാർ, സെറോളജിക്കൽ അസ്സിസ്റ്റന്റുമാർ എന്നിവരും സപ്പോർട്ടിംഗ് സ്റ്റാഫായി ലബോറട്ടറി അസിസ്റ്റന്റ്,ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്, പായ്ക്കർ, ലാസ്കർ, ബോട്ടിൽ ക്ലീനർ തുടങ്ങിയ ജീവനക്കാരും ഓരോ വിഭാഗത്തിലുമുണ്ട്.

**3.6** ആസ്ഥാന ലബോറട്ടറിയിലും റീജിയണൽ ലബോറട്ടറികളിലും സാങ്കേതിക

വിഭാഗത്തിനെക്കൂടാതെ ഭരണ വിഭാഗവും പ്രവർത്തിക്കുന്നു. ആസ്ഥാന ഓഫീസിലെ ഭരണവിഭാഗത്തിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഒരു ഫിനാൻസ് ഓഫീസർ, ഒരു സീനിയർ സൂപ്രണ്ട്, ഒരു ജൂനിയർ സൂപ്രണ്ട് എന്നീ സൂപ്പർവൈസറി തസ്തികകളും മറ്റ് അനുബന്ധതസ്തികകളുമാണുള്ളത്. കെ.എ.എസ് കേഡറിലുള്ള ഉദ്യോഗസ്ഥനാണ് നിലവിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി സേവനമനുഷ്ഠിക്കുന്നത്. സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിൽനിന്നും അന്യത്ര സേവനവ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥയാണ് ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുന്നത്. റീജിയണൽ ലബോറട്ടറികളിലെ ഭരണവിഭാഗത്തിൽ സൂപ്പർവൈസറി കേഡറിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയും ഓഫീസിലെ മറ്റ് അനുബന്ധ തസ്തികകളുമാണുള്ളത്.

**3.7** സാങ്കേതിക വിഭാഗത്തിലുള്ള 156 തസ്തികകളും ഭരണ വിഭാഗത്തിലുള്ള 51 തസ്തികകളും ചേർത്ത് ആകെ 207 തസ്തികകളാണ് വകുപ്പിനുള്ളത്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ഘടന വിശദമാക്കുന്ന ചാർട്ട് **അനുബന്ധം – I** ആയും ജീവനക്കാരുടെ തസ്തികതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം – II** ആയും ചേർത്തിരിക്കുന്നു.

## കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ചുമതലകൾ

**3.8** കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ നീതിന്യായ കോടതികളും മറ്റ് അന്വേഷണ ഏജൻസികളും ലബോറട്ടറിയിലേക്കയക്കുന്ന തൊണ്ടി വസ്തുക്കളിൽ രാസപരിശോധന നടത്തി ശാസ്ത്രീയ തെളിവുകൾ നൽകുന്നതിലൂടെ നീതി നിർവഹണത്തിൽ ജുഡീഷ്യറിയെ സഹായിക്കുക എന്നതാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതല. ഇതിനുപുറമേ ജുഡീഷ്യൽ ഓഫീസർമാർ, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, മെഡിക്കൽ മേഖലയിലെ വിദ്യാർത്ഥികൾ എന്നിവർക്ക് രാസ പരിശോധനയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനവും ഈ വകുപ്പ് നൽകി വരുന്നു. കൂടാതെ വിഷം ഉള്ളിൽചെന്നതായി സംശയിക്കപ്പെടുന്ന കേസുകളിൽ രോഗിയുടെ ചികിത്സാ ആവശ്യത്തിലേക്കായി ഡോക്ടർമാർ ലഭ്യമാക്കുന്ന സാമ്പിളുകളിൽ അടിയന്തിര

പരിശോധനകൾ നടത്തി ഫലം ചികിത്സാവശ്യത്തിലേക്കായി കൈമാറുകയും ചെയ്തുവരുന്നു.

**3.9** ഡിസ്റ്റിലറികൾ നിർമ്മിക്കുന്ന വിദേശമദ്യം, എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ (ഇ.എൻ.എ) എന്നിവ പരിശോധിച്ച് മദ്യം വിപണനത്തിന് അനുയോജ്യമാണെന്നുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് കെമിക്കൽ ഏക്സാമിനേഴ്സ് ലബോറട്ടറിയിൽനിന്നാണ്. കൂടാതെ മെഡിസിനൽ & ടിഞ്ചർ പ്രിപ്പറേഷനിൽ ഉൾപ്പെട്ട സാമ്പിളുകളുടെ പരിശോധന നടത്തേണ്ട ചുമതലയും ഈ വകുപ്പിനുണ്ട്. പൊതുജനങ്ങൾ പരിശോധനക്കായി കൊണ്ടുവരുന്ന സാമ്പിളുകൾക്ക് നിശ്ചിത ഫീസ് ഈടാക്കിയശേഷം പരിശോധിച്ച് റിപ്പോർട്ട് നൽകിവരുന്നു. ഒരുവർഷം ശരാശരി ഒരുലക്ഷത്തിൽ പരം തൊണ്ടിവസ്തുക്കൾ വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് രാസപരിശോധനക്കായി ഈ വകുപ്പിൽ ലഭ്യമാകുന്നു.

## ലബോറട്ടറിയിലെ വിവിധ വിഭാഗങ്ങൾ

**3.10** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് ചുവടെപ്പറയുന്ന അഞ്ച് വിഭാഗങ്ങളാണ് പൊതുവായുള്ളത്

1. സെറോളജി വിഭാഗം
2. ടോക്സിക്കോളജി വിഭാഗം
3. എക്സൈസ് വിഭാഗം
4. നർക്കോട്ടിക്സ് വിഭാഗം
5. ജനറൽ കെമിസ്ട്രി വിഭാഗം

**3.11** മേൽപറഞ്ഞ ഓരോ വിഭാഗത്തിലും നടത്തപ്പെടുന്ന പരിശോധനകളുടെ വിശദാംശങ്ങൾ ഇനിപ്പറയും പ്രകാരമാണ്

### 1. സെറോളജി വിഭാഗം

**3.12** കൊലപാതകക്കേസുകളിലും, പോക്സോ കേസുകൾ ഉൾപ്പെടെയുള്ള ലൈംഗികാതിക്രമ കേസുകളിലും ഉൾപ്പെട്ട തൊണ്ടി വസ്തുക്കളുടെ പരിശോധനയാണ് ഈ ഡിവിഷനിൽ പ്രധാനമായും നടത്തുന്നത്. കൊലപാതകക്കേസുകളിൽ ഉൾപ്പെട്ട രക്തം പുരണ്ട വസ്ത്രങ്ങൾ, ആയുധങ്ങൾ, മറ്റ് ശരീര സ്രവങ്ങൾ മുതലായവ ഈ വിഭാഗത്തിൽ പരിശോധിക്കപ്പെടുന്നു. ബലാത്സംഗ കേസുകളിലും പോക്സോ കേസുകളുൾപ്പെടെയുള്ള മറ്റ്

ലൈംഗികാതിക്രമ കേസുകളിലും ഉൾപ്പെട്ട വസ്തുങ്ങൾ, മുടി, യോനിയിലെ സ്രവങ്ങൾ, മറ്റ് ജൈവിക വസ്തുക്കൾ എന്നിവയും ബീജത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ഇവിടെ പരിശോധിക്കപ്പെടുന്നു. കൂടാതെ കുറ്റകൃത്യം നടന്ന സ്ഥലത്തുനിന്നും ലഭിക്കുന്ന മുടിനാരുകൾ, മണ്ണ് മുതലായവ താരതമ്യം ചെയ്ത് തെളിവ് കണ്ടെത്തുന്നതിനുള്ള പരിശോധനകളും ഈ വിഭാഗത്തിൽ നടത്തുന്നു.

## 2. ടോക്സിക്കോളജി വിഭാഗം

**3.13** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ഒരു സുപ്രധാന വിഭാഗമാണ് ടോക്സിക്കോളജി ഡിവിഷൻ. ഹ്യൂമൻ പോയിസണിംഗ്, അനിമൽ പോയിസണിംഗ്, ബ്ലഡ് ആൾക്കഹോൾ തുടങ്ങിയവയിൽ ഉൾപ്പെട്ട തൊണ്ടിമുതലുകളാണ് ഈ ഡിവിഷനിൽ പ്രധാനമായും പരിശോധന നടത്തുന്നത്. വിഷാംശം ഉള്ളിൽചെന്നതുമൂലം മരണപ്പെട്ടതായി സംശയിക്കപ്പെടുന്ന കേസുകളിലും, അസ്വാഭാവിക മരണങ്ങളിലും മരണകാരണം ഉറപ്പുവരുത്തുന്നതിനായി ഡോക്ടർമാർ നിർദ്ദേശിക്കുന്ന ആന്തരികാവയവ പരിശോധനകളും, രക്ത പരിശോധനകളും നടത്തുന്നത് ഈ വിഭാഗത്തിലാണ്. വിവിധ തരത്തിലുള്ള കീടനാശിനികൾ, കളനാശിനികൾ, വെജിറ്റബിൾ പോയിസണുകൾ, സയനൈഡുകൾ, മയക്കുമരുന്നുകൾ, മെറ്റാലിക് പോയിസണുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനയാണ് ഈ ഡിവിഷനിൽ നടക്കുന്നത്. അനിമൽ പോയിസണിംഗ് കേസുകളിൽ വെറ്റിനറി ഡോക്ടർമാർ അയയ്ക്കുന്ന സാമ്പിളുകളും ഇവിടെ പരിശോധിക്കപ്പെടുന്നു. മദ്യപിച്ച് വാഹനമോടിക്കൽ, വാഹനാപകടം മുതലായ കേസുകളിൽ ആൾക്കഹോൾ ലെവൽ കണ്ടുപിടിക്കുന്നതിനായി മെഡിക്കൽ ഓഫീസർമാർ അയയ്ക്കുന്ന രക്തത്തിന്റേയും, മൂത്രത്തിന്റേയും സാമ്പിളുകൾ പരിശോധിക്കുന്നതും ഈ വിഭാഗത്തിലാണ്. കൂടാതെ വിഷബാധയേറ്റ് ചികിത്സയിൽക്കഴിയുന്ന രോഗികളിൽ നിന്നും ശേഖരിക്കുന്ന മൂത്രം, ഛർദ്ദി, വയർ കഴുകിയവെള്ളം മുതലായവ എമർജൻസി ടോക്സിക്കോളജി ഗണത്തിൽപ്പെടുത്തി ഈ വിഭാഗത്തിൽ പരിശോധിക്കുകയും, തുടർചികിത്സ ലഭ്യമാക്കുന്നതിനായി രോഗിയുടെ ഉള്ളിൽ കടന്നിട്ടുള്ള വിഷം ഏതെന്ന റിപ്പോർട്ട് ഡോക്ടർമാർക്ക് അടിയന്തിരമായി കൈമാറുകയും ചെയ്തുവരുന്നു.

## 3. എക്സൈസ് വിഭാഗം

**3.14** അബ്കാരി കേസുകളിൽ ഉൾപ്പെട്ട തൊണ്ടിവസ്തുക്കളുടെ പരിശോധന ഈ വിഭാഗത്തിലാണ് നടക്കുന്നത്. മദ്യഷാപ്പുകളിൽ നിന്നും ശേഖരിക്കുന്ന മദ്യസാമ്പിളുകൾ പരിശോധിച്ച് അവയിൽ മായം കലർന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതും ഈ വിഭാഗത്തിലാണ്. ഇത് കൂടാതെ ഡിസ്റ്റിലറികളിൽ നിന്നും ബ്ലെൻഡിംഗ് യൂണിറ്റുകളിൽ നിന്നുമുള്ള മദ്യസാമ്പിളുകളും എക്സൈസ് ഡിവിഷനിലാണ് പരിശോധിക്കുന്നത്. (എറണാകുളം റീജിയണൽ ലബോറട്ടറിയിൽ മാത്രം ഇതിനായി ഡിസ്റ്റിലറി ഡിവിഷൻ ഉണ്ട്) 1955-ലെ മെഡിസിനൽ & ടോയിലറ്റ് പ്രിപ്പറേഷൻ ആക്ട് പ്രകാരമുള്ള കഷായങ്ങളുടേയും, ഔഷധ തയ്യാറെടുപ്പുകളുടേയും പരിശോധന നടത്തി അവയിലെ ആൽക്കഹോൾ ലെവൽ അനുവദനീയമായ തോതിലാണോയെന്ന് കണ്ടെത്തുന്നതും ഈ വിഭാഗത്തിലാണ്.

## 4. നർക്കോട്ടിക്സ് വിഭാഗം

**3.15** 1985 – ലെ നാർക്കോട്ടിക്ക് ഡ്രഗ്സ് & സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ട് പ്രകാരമുള്ള മയക്കുമരുന്ന് കേസുകളിലെ തൊണ്ടിവസ്തുക്കളുടെ പരിശോധനയാണ് ഈ വിഭാഗത്തിൽ നടക്കുന്നത്. എം.ഡി.എം.എ, മെതാംഫിറ്റമിൻ, എൽ.എസ്.ഡി, 2 സി-ബി, ചരസ്സ് , ഗഞ്ചാ ഓയിൽ, ഗഞ്ച, കറുപ്പ്, ഹെറോയിൻ, മോർഫിൻ, കാതിനോൺ, മെത്കാത്തിനോൺ, ഡയസെപാം (Diazepam), നൈട്രോസെപാം (Nitrazepam), ഫിനോബാർബിറ്റോൺ (Phenobarbitone) തുടങ്ങി നിരവധി സിന്തറ്റിക് ഡ്രഗുകളുടേയും, പ്രകൃതിദത്ത ഡ്രഗുകളുടേയും പരിശോധനയാണ് ഇവിടെ നടക്കുന്നത്. മയക്കുമരുന്നുകളുടെ അനധികൃത കടത്തും, ദുരുപയോഗവും, അനുബന്ധ കുറ്റകൃത്യങ്ങളും സമീപകാലത്ത് ഗണ്യമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്തുകൊണ്ടാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ മയക്കുമരുന്നുകളുടെ പരിശോധനകൾക്കായി നാർക്കോട്ടിക്ക്സ് ഡിവിഷൻ പ്രത്യേകമായി രൂപീകരിച്ചിട്ടുള്ളത്.

## 5. ജനറൽ കെമിസ്ട്രി വിഭാഗം

**3.16** കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് പരിശോധനയ്ക്കായി അയയ്ക്കുന്ന സ്ഫോടക വസ്തുക്കളുടേയും, വിവിധ കോടതികളിൽ നിന്നും പരിശോധനയ്ക്കായി അയയ്ക്കുന്ന

അവശ്യ സാധനനിയമത്തിന്റെ പരിധിയിൽ വരുന്ന തൊണ്ടി വസ്തുക്കളുടേയും പരിശോധന ഈ വിഭാഗത്തിലാണ് നടക്കുന്നത്. കൂടാതെ ഒരു കുറ്റകൃത്യത്തിന്റെ വിചാരണ വേളയിൽ കോടതിക്ക് ശാസ്ത്രീയ പരിശോധന അനിവാര്യമാണെന്ന് തോന്നുന്ന മറ്റ് വസ്തുക്കളുടെ പരിശോധനയും ഈ വിഭാഗത്തിലാണ് ചെയ്യുന്നത്. ഡീസൽ, സ്വർണ്ണം, പെട്രോൾ , സിമന്റ്, മണ്ണെണ്ണ മുതലായവയുടെ പരിശോധന ഇത്തരത്തിൽ ഈ വിഭാഗത്തിൽ നടത്തേണ്ടിവരുന്നുണ്ട്.

**3.17** എറണാകുളം റീജിയണൽ ലബോറട്ടറിയിൽ ഡിസ്റ്റിലറി സാമ്പിളുകൾ കൂടുതലായി പരിശോധനക്ക് എത്തുന്നതിനാൽ ഇവിടെ ഡിസ്റ്റിലറി സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഡിസ്റ്റിലറി ഡിവിഷൻ പ്രവർത്തിക്കുന്നുണ്ട്. ഈ ഡിവിഷന്റെ പ്രവർത്തനത്തിനായി 24/09/2017 ലെ സ.ഉ.(സാധാ) 2497/2017/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ, ഒരു സയന്റിഫിക് ഓഫീസർ, ഒരു ബോട്ടിൽ ക്ളീനർ എന്നീ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ ഡിസ്റ്റിലറി സാമ്പിളുകളുടെ പരിശോധന നടത്തുന്നത് എക്സൈസ് ഡിവിഷനിലാണ്.

## വകുപ്പിന്റെ ബജറ്റ് വിഹിതം

**3.18** ആഭ്യന്തര വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള വകുപ്പാണ് കെമിക്കൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്. എന്നാൽ ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന ധനാഭ്യർത്ഥന നമ്പർ XVIII –"വൈദ്യ സഹായ രംഗവും പൊതുജനാരോഗ്യവും" എന്ന ശീർഷകത്തിൻകീഴിലാണ് ഈ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം അനുവദിച്ചുവരുന്നത്.

**3.19** കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് വകയിരുത്തിയ ബഡ്ജറ്റ് വിഹിതവും പ്രസ്തുത തുകയുടെ വിനിയോഗവും സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ – 1

| ക്രമ നം. | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|---|
| 1 | 2019-20 | 200 | 147.73 | 73.86% |
| 2 | 2020-21 | 170 | 146.67 | 86.27% |
| 3 | 2021-22 | 170 | 165.77 | 97.51% |
| 4 | 2022-23 (സബ്ജക്റ്റ് കമ്മിറ്റി അധികമായി ശിപാർശ ചെയ്ത 80 ലക്ഷം രൂപയുൾപ്പെടെ) | 280 | 239.79 | 85.63% |
| 5 | 2023-24 (സബ്ജക്റ്റ് കമ്മിറ്റി അധികമായി ശിപാർശ ചെയ്ത 31 ലക്ഷം രൂപയുൾപ്പെടെ) | 231 | 229.28 | 99.25% |

**3.20** 2024-25 വർഷത്തിൽ പ്ലാൻ വിഹിതമായി 200 ലക്ഷം രൂപയുംനോൺ പ്ലാൻ വിഹിതമായി 1393.13 ലക്ഷം രൂപയുമാണ് വകുപ്പിന് വകയിരുത്തിയിട്ടുള്ളത്

## ഇ – ഓഫീസ് സംവിധാനം

**3.21** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ തിരുവനന്തപുരം ആസ്ഥാന ഓഫീസിലും എറണാകുളം കോഴിക്കോട് റീജിയണൽ ലബോറട്ടറികളുടെ ഓഫീസിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഇ – ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## NABL അക്രെഡിറ്റേഷൻ

**3.22** വകുപ്പിന്റെ മൂന്ന് ലബോറട്ടറികൾക്കും നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അംഗീകാരം ലഭിച്ചിട്ടുണ്ട്.

## അറ്റൻഡൻസ് മോണിറ്ററിംഗ് സംവിധാനം

**3.23** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ മൂന്ന് ഓഫീസുകളിലും ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

# അധ്യായം – 4

# വസ്തുതകളും അപഗ്രഥനവും (Facts & Analysis)

## പരിശോധന കാത്തു കിടക്കുന്ന സാമ്പിളുകൾ

**4.1** 31.3.2024 വരെയുള്ള കണക്കുകൾ അനുസരിച്ച് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലായി 62,558 കേസുകളിൽപ്പെട്ട 1,69,188 സാമ്പിളുകളാണ് പരിശോധന കാത്തു കിടക്കുന്നത്. കഴിഞ്ഞ 12 വർഷങ്ങളിൽ ഈ ലബോറട്ടറികളിൽ പരിശോധനയ്ക്ക് എത്തിയ കേസുകളുടെ എണ്ണം, പരിശോധന പൂർത്തിയാക്കിയ കേസുകളുടെ എണ്ണം, അവശേഷിക്കുന്ന കേസുകളുടെ എണ്ണം എന്നിവ കാണിക്കുന്ന പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക നമ്പർ – 2

| Year | No. of Cases Received | No. Of Articles Received | No. of cases examined | No. of Articles Examined | No. of Cases Pending at the end of the year | No. of Articles Pending at the end of the year |
|---|---|---|---|---|---|---|
| 2012-2013 | 27524 | 88626 | 31008 | 103763 | 31257 | 102688 |
| 2013-2014 | 28421 | 94020 | 29167 | 98088 | 30511 | 986020 |
| 2014-2015 | 28873 | 97192 | 27831 | 92567 | 31553 | 103245 |
| 2015-2016 | 28464 | 89562 | 30857 | 99282 | 29160 | 93525 |
| 2016-2017 | 31433 | 91247 | 28605 | 91563 | 31988 | 93209 |
| 2017-2018 | 30361 | 84058 | 25363 | 74385 | 36986 | 102912 |
| 2018-2019 | 29017 | 85681 | 27858 | 80205 | 38145 | 108388 |
| 2019-2020 | 29281 | 85524 | 27520 | 83809 | 39906 | 110103 |
| 2020-2021 | 25993 | 75811 | 19585 | 57201 | 46314 | 128713 |
| 2021-2022 | 29251 | 85515 | 30302 | 82334 | 45294 | 131894 |
| 2022-2023 | 33909 | 90598 | 28083 | 75511 | 51139 | 147325 |
| 2023-2024 | 38192 | 93981 | 26630 | 69620 | 62558 | 169188 |
| **Total** | **3,60,719** | **10,61,815** | **3,32,809** | **10,08,328** | | |

**4.2** 2012-13 സാമ്പത്തികവർഷാവസാനം 31,257 കേസുകളാണ് തീർപ്പാക്കാനായി വകുപ്പിൽ ഉണ്ടായിരുന്നത്. ഇത് ക്രമാനുഗതമായി വർദ്ധിച്ച് 2023-24 വർഷാവസാനമായപ്പോൾ 62,558 എന്ന നിലയിലെത്തി. അതായത് 12 വർഷം കൊണ്ട് ഇരട്ടിയിലേറെ വർദ്ധന. 2022-23 വർഷം മുതൽ പരിശോധനയ്ക്കായി ലഭിക്കുന്ന കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്. തീർപ്പാക്കാനുള്ള കേസുകളുടെ വർദ്ധനവിന് ഇതൊരു കാരണമാണ്. എന്നാൽ അതോടൊപ്പം തന്നെ ഓരോ വർഷവും തീർപ്പാക്കിയ കേസുകളുടെ എണ്ണം പരിശോധിച്ചാൽ 2012-13, 2015-16, 2021-22 എന്നീ മൂന്ന് വർഷങ്ങളിൽ 30,000-ൽ അധികം കേസുകൾ തീർപ്പാക്കിയിട്ടുണ്ടെങ്കിലും മറ്റു വർഷങ്ങളിൽ എല്ലാം തീർപ്പാക്കിയ കേസുകളുടെ എണ്ണം താരതമ്യേന കുറവാണ്. 2020-21 വർഷത്തിൽ കേവലം 19,585 കേസുകൾ മാത്രമാണ് തീർപ്പാക്കിയിട്ടുള്ളത് (കോവിഡ് നിയന്ത്രണങ്ങൾ മൂലമാണെന്ന് അനുമാനിക്കുന്നു). 2017-18-ൽ 25,363 കേസുകളും 2023-24-ൽ 26,630 കേസുകളുമാണ് തീർപ്പാക്കപ്പെട്ടിട്ടുള്ളത്.

**4.3** കഴിഞ്ഞ 12 വർഷക്കാലത്തെ സ്ഥിതിവിവരങ്ങൾ പരിശോധിക്കുമ്പോൾ 2012-13 വർഷത്തിലാണ് ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കിയിട്ടുള്ളത്. (31,008 കേസുകൾ). ഈ പ്രകടനം തുടർന്നുള്ള വർഷങ്ങളിലും ആവർത്തിക്കാൻ സാധിച്ചിരുന്നെങ്കിൽ 12 വർഷങ്ങൾ കൊണ്ട് 3,72,000-ൽ പരം കേസുകൾ തീർപ്പാക്കാൻ സാധിക്കുമായിരുന്നു (31,008x12=3,72,096). എന്നാൽ ഈ സ്ഥാനത്ത് 12 വർഷങ്ങൾ കൊണ്ട് വകുപ്പ് തീർപ്പാക്കിയത് 3,32,809 കേസുകളാണ്. അതായത് ഉദ്ദേശം 40,000 കേസുകളുടെ കുറവ്. പ്രസ്തുത 40,000 കേസുകൾ കൂടി അധികമായി തീർപ്പാക്കാൻ സാധിച്ചിരുന്നെങ്കിൽ 31.03.2024 വരെ തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണം 62,588 എന്നത് 22,558 എന്ന നിലയിലേയ്ക്ക് കുറയുമായിരുന്നു.

**4.4** ഈ വസ്തുതകൾ വിശകലനം ചെയ്യുമ്പോൾ കേസുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് മെച്ചപ്പെട്ടതും സ്ഥിരതയാർന്നതുമായ പ്രകടനം കാഴ്ചവയ്ക്കാൻ കഴിയാത്തതാണ് കേസുകൾ കുന്നുകൂടുന്നതിന് ഒരു കാരണമെന്ന് പഠനസംഘം വിലയിരുത്തുന്നു. പരിശോധനയ്ക്കായി

ലഭിക്കുന്ന കേസുകളുടെ എണ്ണത്തിൽ സമീപകാലത്തുണ്ടായ വർദ്ധനവ് മറ്റൊരു കാരണമാണ്.

## വിവിധ ഡിവിഷനുകളിലെ കേസുകളുടെ ആധിക്യം

**4.5** പ്രവൃത്തി പഠനത്തിന്റെ ഭാഗമായി 31.12.2023 വരെ വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിലേയും വിവിധ ഡിവിഷനുകളിൽ പരിശോധന കാത്തുകിടക്കുന്ന കേസുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ പഠനസംഘം ശേഖരിക്കുകയുണ്ടായി. 31/12/2023 വരെ മൂന്ന് ലബോറട്ടറികളിലുമായി ആകെ 60,381 കേസുകളാണ് പരിശോധനക്കായി ശേഷിച്ചിരുന്നത്. ഇവയുടെ ലബോറട്ടറി, ഡിവിഷൻ തിരിച്ചുള്ള എണ്ണം, തീർപ്പാക്കാനുള്ള കേസുകളിൽ ഓരോ ഡിവിഷനുകളുടെയും പങ്ക്, അവയുടെ ശതമാനം എന്നിവ സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ – 3

| Laboratory | Total No of cases pending | Cases pending in each division with percentage of contribution in total pendency | | | | | |
|---|---|---|---|---|---|---|---|
| | | Toxicology | Narcotics | Excise | Serology | General Chemistry | Remarks |
| TVPM | 17212 | 14541 (84.5%) | 1398 (8.1%) | 1087 (6.3%) | 180 (1 %) | 6 (0.03%) | |
| EKM | 23847 | 15486 (64.9%) | 5609 (23.5%) | 2395 (10%) | 148 (0.6%) | 206 (0.9%) | 3 cases pending in distillery division |
| KKD | 19322 | 6177 (32 %) | 5676 (29.4%) | 7197 (37.2%) | 205 (1.1%) | 67 (0.3%) | |
| Total | 60,381 | 36,204 **(60%)** | 12,683 **(21%)** | 10,679 **(17.7%)** | 533 **(0.9%)** | 279 **(0.4%)** | 3 **(Distillery Division – EKM)** |

**4.6** 31/12/2023 വരെയുള്ള കണക്കനുസരിച്ച് വകുപ്പിന്റെ ഓരോ ലബോറട്ടറിയിലേയും

ഡിവിഷനുകളിൽ പരിശോധന കാത്തുകിടക്കുന്ന കേസുകളുടെ എണ്ണത്തെ സൂചിപ്പിക്കുന്ന പൈ ചാർട്ടുകൾ ചുവടെ ചേർത്തിരിക്കുന്നു.

## THIRUVANANTHAPURAM




## ERNAKULAM



## KOZHIKODE




**4.7** 31/12/2023 വരെയുള്ള കണക്കനുസരിച്ച് വകുപ്പിലാകെ പരിശോധന കാത്തുകിടക്കുന്ന കേസുകളുടെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്ന പൈ ചാർട്ട് ചുവടെ ചേർത്തിരിക്കുന്നു.

## TOTAL



**4.8** ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനുള്ളത് എറണാകുളം ലബോറട്ടറിയിലും അടുത്തത് കോഴിക്കോട് ലബോറട്ടറിയിലുമാണ്. വകുപ്പിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ **98.7%** ടോക്സിക്കോളജി, നാർക്കോട്ടിക്സ്, എക്സൈസ് എന്നീ ഡിവിഷനുകളിലാണ്. ജനറൽ കെമിസ്ട്രി, സെറോളജി എന്നീ ഡിവിഷനുകളിൽ പരിശോധനക്കായി അവശേഷിക്കുന്നത് കേവലം 1.3% മാത്രമാണ്. തിരുവനന്തപുരം ലബോറട്ടറിയിൽ ടോക്സിക്കോളജി കേസുകളും (84.5%), എറണാകുളം ലബോറട്ടറിയിൽ ടോക്സിക്കോളജി,നാർക്കോട്ടിക്സ് കേസുകളും (64.9+23.5 = 88.4%), കോഴിക്കോട് ലബോറട്ടറിയിൽ ടോക്സിക്കോളജി, നാർക്കോട്ടിക്, എക്സൈസ് കേസുകളും (32+29.4+37.2=98.6%) ആണ് തീർപ്പാക്കാനുള്ളതിൽ കൂടുതലും. മറ്റു രണ്ട് ലബോറട്ടറികളിൽ നിന്നും വ്യത്യസ്തമായി കോഴിക്കോട് ലബോറട്ടറിയിൽ ടോക്സിക്കോളജി കേസുകളേക്കാൾ കൂടുതൽ എക്സൈസ് ഡിവിഷനിലെ കേസുകൾ തീർപ്പാക്കാനുണ്ട്. ടോക്സിക്കോളജി കേസുകൾ ഏറ്റവും കൂടുതലുള്ളത് എറണാകുളത്താണ്.

**4.9** വിവിധ ഡിവിഷനുകളിൽ പുതുതായി ലഭിക്കുന്ന കേസുകളും പരിശോധന പൂർത്തീകരിക്കുന്ന കേസുകളും സംബന്ധിച്ച സ്ഥിതി മനസ്സിലാക്കുന്നതിനായി 2023 കലണ്ടർ വർഷത്തിൽ ഓരോ ലബോറട്ടറിയിലെയും വിവിധ ഡിവിഷനുകളിൽ പരിശോധനയ്ക്കായി ലഭിച്ച കേസുകളുടെ എണ്ണം, ഇക്കാലയളവിൽ പരിശോധന പൂർത്തീകരിച്ച കേസുകളുടെ എണ്ണം എന്നിവ ശേഖരിച്ച് വിശകലനം ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർത്തിരിക്കുന്നു

പട്ടിക നമ്പർ – 4

| Name of Division | Name of Laborarory | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | Thiruvanathapuram | | | Ernakulam | | | Kozhikode | | |
| | No of cases received in 2023 | No of cases Analysed in 2023 | Percentage of disposal | No of cases receive in 2023 | No of cases Analysed in 2023 | Percentage of disposal | No of cases received in 2023 | No of cases Analysed in 2023 | Percentage of disposal |
| Toxicology | 5776 | 3080 | 53.3% | 3500 | 1102 | 31.5 % | 2446 | 1381 | 56.4% |
| Narcotics | 2531 | 1664 | 65.7% | 2922 | 1450 | 49.6% | 3074 | 1160 | 37.7% |
| Excise | 4387 | 4285 | 97.7% | 3129 | 3623 | 115.7% | 6086 | 4441 | 72.9% |
| Serology | 448 | 530 | 118.3% | 350 | 241 | 68.8% | 323 | 189 | 58.5% |
| General Chemistry | 64 | 79 | 123.4% | 137 | 161 | 117.5% | 74 | 90 | 121.6% |
| Distillery Division | | | | 2455 | 2454 | 99.9% | | | |
| **Total** | **13206** | **9638** | **72.9%** | **12493** | **9031** | **72.3%** | **12003** | **7261** | **60.5%** |

**4.10** ഈ പട്ടിക പരിശോധിച്ചാൽ ടോക്സിക്കോളജി വിഭാഗത്തിൽ ഏറ്റവും കൂടുതൽ കേസുകളുള്ള എറണാകുളം ലബോറട്ടറിയിൽ 2023-ൽ പരിശോധന പൂർത്തീകരിച്ച കേസുകളുടെ എണ്ണം ആ വർഷം ലഭ്യമായ കേസുകളുടെ എണ്ണത്തിന്റെ മൂന്നിലൊന്നിലും താഴെയാണെന്ന് കാണാം **(31.5%)**. തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ ഇത് 50 ശതമാനത്തിന് മുകളിലാണെന്നും കാണാവുന്നതാണ്.

**4.11** നർക്കോട്ടിക്സ് ഡിവിഷന്റെ കാര്യത്തിൽ എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ 2023 വർഷം പരിശോധന പൂർത്തിയാക്കിയ കേസുകളുടെ എണ്ണം ആ വർഷം ലഭിച്ച കേസുകളുടെ എണ്ണത്തിന്റെ പകുതിയിൽ താഴെ മാത്രമാണ്. തിരുവനന്തപുരത്ത് ഇത് 65.7% ആണ്. എക്സൈസ് ഡിവിഷനിൽ തീർപ്പാക്കാനുള്ള

കേസുകളുടെ കാര്യത്തിൽ കോഴിക്കോട് ലബോറട്ടറിയിൽ മാത്രമാണ് എണ്ണത്തിൽ ഈ വർഷം ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളത് .

**4.12** 2023 കലണ്ടർ വർഷത്തിൽ വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിലുമായി 37702 കേസുകൾ പരിശോധനയ്ക്കായി ലഭിച്ചപ്പോൾ പ്രസ്തുത വർഷം പരിശോധന നടത്തിയിട്ടുള്ള കേസുകളുടെ എണ്ണം 25930 മാത്രമാണ്. അതായത് ഈ വർഷത്തിൽ മാത്രം 11772 കേസുകൾ കൂടി പരിശോധിക്കാൻ അവശേഷിക്കുന്ന കേസുകളിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടു.

## അനലിസ്റ്റുമാരുടെ പ്രതിമാസ ടാർജറ്റ്

**4.13** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ സാമ്പിളുകളുടെ പരിശോധന എന്ന അടിസ്ഥാന ജോലി ചെയ്യുന്നത് സയന്റിഫിക് ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ്, സെറോളജിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലിചെയ്യുന്ന അനലിസ്റ്റുമാരാണ്. അനലിസ്റ്റുമാരെ പരിശോധനകളിൽ സഹായിക്കുന്നതിന് ലബോറട്ടറി അസിസ്റ്റന്റ്, ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്, ബോട്ടിൽ ക്ലീനേഴ്സ്, ലാസ്കർ എന്നിവരുണ്ട്. അനലിസ്റ്റുമാർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നതും പരിശോധനയുടെ മേൽനോട്ടം വഹിക്കുന്നതും അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാണ്. ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ 4 അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

**4.14** ചീഫ് കെമിക്കൽ എക്സാമിനറുടെ 03/01/2018 – ലെ സിഎ 2/2018/ സി.ഇ.എൽ.ഡി. നമ്പർ ഓഫീസ് ഉത്തരവ് പ്രകാരമാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ അനലിസ്റ്റുമാരുടെ പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്. ഈ ഉത്തരവ് നിലവിൽ വരുന്നതുവരെ 2006–ലെ ഉത്തരവ് പ്രകാരമുള്ള പ്രതിമാസ ടാർജറ്റ് ആണ് ലബോറട്ടറികളിൽ പിന്തുടർന്നിരുന്നത്. 2006–ന് ശേഷം പ്രതിമാസ ടാർജറ്റ് പരിഷ്കരിച്ചിട്ടില്ലെന്നും പരിശോധനകളിൽ സഹായിക്കുന്നതിനായി ആധുനിക യന്ത്ര സംവിധാനങ്ങൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രതിമാസ ടാർജറ്റ് പരിഷ്കരിക്കണമെന്നും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ നിർദേശിച്ചതനുസരിച്ചാണ് 2018–ൽ

അനലിസ്റ്റുമാരുടെ പ്രതിമാസ ടാർജറ്റ് ചീഫ് കെമിക്കൽ എക്സാമിനർ പുതുക്കി നിശ്ചയിച്ചത്. ഇതിനുശേഷം 04/06/2022-ലെ സി.എ- 37/2022/സി.ഇ.എൽ.ഡി നമ്പർ ഉത്തരവ് പ്രകാരം നാർക്കോട്ടിക്സ് ഡിവിഷനിലെ പ്രതിമാസ ടാർജറ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരമുള്ള പ്രതിമാസ ടാർജറ്റ് ചുവടെ പറയും പ്രകാരമാണ്.

പട്ടിക നമ്പർ – 5

| ക്രമ നമ്പർ | വിഭാഗം | പ്രതിമാസ ടാർജറ്റ് |
|---|---|---|
| 1. | സെറോളജി | 25 കേസുകൾ / 100 സാമ്പിളുകൾ |
| 2. | ടോക്സിക്കോളജി | 25 കേസുകൾ / 100 സാമ്പിളുകൾ |
| 3. | നർക്കോട്ടിക്സ് | 40 കേസുകൾ / 100 സാമ്പിളുകൾ |
| 4. | എക്സൈസ് | 100 കേസുകൾ / 300 സാമ്പിളുകൾ |
| 5. | ജനറൽ കെമിസ്ട്രി | 15 കേസുകൾ / 60 സാമ്പിളുകൾ |

**4.15** ടോക്സിക്കോളജിയിൽ ആൾക്കഹോൾ പരിശോധന മാത്രം ആവശ്യപ്പെടുന്ന PM Blood / Blood Alcohol കേസുകൾ 5 എണ്ണം ഒരു ടോക്സിക്കോളജി കേസായും സാധാരണ PM Blood കേസുകൾ രണ്ടെണ്ണം ഒരു ടോക്സിക്കോളജി കേസായും പരിഗണിക്കുമെന്നും, നാർക്കോട്ടിക്സിലെ ഗഞ്ചാവ് ഒഴികെയുള്ള കേസുകളും ടോക്സിക്കോളജിയിലെ ആൾ ക്കഹോൾ എസ്റ്റിമേഷൻ ഒഴികെയുള്ള മറ്റ് എസ്റ്റിമേഷൻ കേസുകളും അതാത് ഡിവിഷന്റെ 1.25 കേസുകളായി പരിഗണിക്കുമെന്നും പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാന ഓഫീസിലെ ജോയിന്റ് കെമിക്കൽ എക്സാമിനർമാർ 3 വീതം അനലിസ്റ്റുമാരുടേയും എറണാകുളം, കോഴിക്കോട് റീജിയണൽ

ലബോറട്ടറികളിലെ ജോയിന്റ് കെമിക്കൽ എക്സാമിനർമാർ ഓരോ അനലിസ്റ്റിന്റെയും, അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ 4 അനലിസ്റ്റുമാരുടേയും മേൽനോട്ടം വഹിക്കണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു . 4 അനലിസ്റ്റമാരിൽ കുറവ് അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ആനുപാതികമായി കേസുകൾ എടുത്ത് സ്വന്തമായി പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട് .

## ലബോറട്ടറികളിൽ നിലവിലുള്ള മനുഷ്യ വിഭവശേഷി

**4.16** കെമിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്ക് ലഭിക്കുന്ന കേസുകളുടെ എണ്ണത്തിൽ സമീപകാലത്തായി ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളത് പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും കൂടുതൽ കേസുകൾ ലഭിച്ചിട്ടുള്ളത് 2023 ലാണെന്ന് കാണുന്നു. ആയതിനാൽ ഇത്രയും കേസുകൾ കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ മനുഷ്യവിഭവശേഷി നിലവിൽ വകുപ്പിന്റെ ലബോറട്ടറികളിലുണ്ടോ എന്നുള്ള വസ്തുത പഠനവിധേയമാക്കുകയുണ്ടായി.

**4.17** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ വിവിധ ഡിവിഷനുകളിൽ 2023-ൽ ലഭിച്ച കേസുകളുടെ എണ്ണം, നിലവിലുള്ള പ്രതിമാസ ടാർജറ്റ് അനുസരിച്ച് പ്രസ്തുത കേസുകൾ കൈകാര്യം ചെയ്യുവാൻ ആവശ്യമായ മനുഷ്യവിഭവശേഷി എന്നിവ സൂചിപ്പിക്കുന്ന പട്ടികകൾ ചുവടെ ചേർക്കുന്നു.

**<u>തിരുവനന്തപുരം</u>**

പട്ടിക നമ്പർ – 6

| Sl. No. | Name of Division | No of cases received in the year 2023 | Monthly Target | Man Power required annually | Man Power required for a month | Monthly Manpower required for a division |
|---|---|---|---|---|---|---|
| | (a) | (b) | (c ) | (d) = b/c | (e) = d/12 | (f) |
| 1. | Serology | 448 | 25 | 17.92 | 1.50 | 1.50 |
| 2. | Toxicology | HP – 3299<br>AP – 34<br>Total – 3333 | 25 | 133.32 | 11.10 | 13.21 |
| | | PM Blood – 480 | 50 | 9.6 | 0.80 | |
| | | Blood Alcohol –1963 | 125 | 15.70 | 1.31 | |
| 3. | Excise (Crime+Miscellaneous+ Distillery+ M &TP) | 4387 | 100 | 43.87 | 3.65 | 3.65 |
| 4. | Narcotics | Ganja Cases – 2255 | 40 | 56.37 | 4.69 | 5.41 |
| | | Non Ganja – 276 | 32 | 8.62 | 0.72 | |
| 5. | General Chemistry | 64 | 15 | 4.27 | 0.36 | 0.36 |
| | **Total** | **13206** | **Total** | **289.67** | **24.13** | **24.13** |
| | **Monthly Manpower required** | | | | | **24** |

**<u>എറണാകുളം</u>**

പട്ടിക നമ്പർ – 7

| Sl. No. | Name of Division | No of cases received in 2023 | Monthly Target per analyst | Man Power required annually | Man Power required for a month | Monthly Manpower required for a division |
|---|---|---|---|---|---|---|
| | (a) | (b) | (c ) | (d) = b/c | (e) = d/12 | (f) |
| 1. | Serology | 350 | 25 | 14 | 1.17 | 1.17 |
| 2. | Toxicology | HP - 1982<br>AP - 44<br>Total - 2026 | 25 | 81.04 | 6.75 | 8.77 |
| | | PM Blood – 1041 | 50 | 20.82 | 1.73 | |
| | | Blood Alcohol – 433 | 125 | 3.46 | 0.29 | |
| 3. | Excise (Crime+Miscellaneous+ M&TP) | 3129 | 100 | 31.29 | 2.60 | 2.60 |
| 4. | Narcotics | Ganja Cases – 2189 | 40 | 54.72 | 4.56 | 6.47 |
| | | Non Ganja – 733 | 32 | 22.90 | 1.91 | |
| 5. | General Chemistry | 137 | 15 | 9.13 | 0.76 | 0.76 |
| 6. | Distillery | 2455 | 100 | 24.55 | 2.05 | 2.05 |
| | **Total** | **12,493** | **Total** | **261.91** | **21.82** | **21.82** |
| | **Monthly Manpower required** | | | | | **22** |

## **കോഴിക്കോട്**

പട്ടിക നമ്പർ – 8

| Sl. No. | Name of Division | No of cases received in 2023 | Monthly Target per analyst | Man Power required annually | Man Power required for a month | Monthly Manpower required for a division |
|---|---|---|---|---|---|---|
| | (a) | (b) | (c ) | (d) = b/c | (e) = d/12 | (f) |
| 1. | Serology | 323 | 25 | 12.92 | 1.07 | 1.07 |
| 2. | Toxicology | HP – 1703<br>AP – 31<br>Total– 1734 | 25 | 69.36 | 5.78 | 6.33 |
| | | PM Blood – 73 | 50 | 1.46 | 0.12 | |
| | | Blood Alchohol – 639 | 125 | 5.11 | 0.43 | |
| 3. | Excise (Crime+Miscellaneous+Distillery) | 6086 | 100 | 60.86 | 5.07 | 5.07 |
| 4. | Narcotics | Ganja Cases – 2576 | 40 | 64.40 | 5.37 | 6.67 |
| | | Non Ganja – 498 | 32 | 15.56 | 1.30 | |
| 5. | General Chemistry | 74 | 15 | 4.93 | 0.41 | 0.41 |
| | **Total** | **12003** | **Total** | **234.60** | **19.55** | **19.55** |
| | **Monthly Manpower required** | | | | | **20** |

**4.18** തിരുവനന്തപുരം ലബോറട്ടറിയിൽ അനലിസ്റ്റുമാരുടെ 26 തസ്തികകളാണുള്ളത് (SO-15, TA-10, SA-1). നിലവിലുള്ള പ്രതിമാസ ടാർജറ്റ് അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ 2023-ൽ വിവിധ ഡിവിഷനുകളിൽ ലഭിച്ചിട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് 24 അനലിസ്റ്റുമാരാണ് ആവശ്യമായി വരുന്നത്. ഇതിൽ നിന്നും 2023 ൽ ലഭ്യമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള മനുഷ്യവിഭവശേഷി പര്യാപ്തമാണെന്ന് കാണാവുന്നതാണ്.

**4.19** എറണാകുളം ലബോറട്ടറിയിൽ നിലവിൽ 17 അനലിസ്റ്റ് തസ്തികക ളാണുള്ളത് (SO-10, TA-6, SA-1). ഈ ലബോറട്ടറിയിൽ 2023-ൽ ലഭിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായി വരുന്ന അനലിസ്റ്റുമാരുടെ മനുഷ്യവിഭവശേഷി 22 ആണ്. ഇവിടെ 5 അനലിസ്റ്റുമാരുടെ മനുഷ്യവിഭവശേഷിയുടെ കുറവുള്ളതായി കാണുന്നു. 15 അനലിസ്റ്റ് തസ്തികകളുള്ള കോഴിക്കോട് ലബോറട്ടറിയിൽ (SO-8, TA-6, SA-1). 2023-ലെ കേസുകൾ കൈകാര്യം ചെയ്യുവാൻ ആവശ്യമായ മനുഷ്യവിഭവശേഷി 20 ആണ്. ഇവിടെയും 5 അനലിസ്റ്റുമാരുടെ മനുഷ്യവിഭവശേഷിയുടെ കുറവ് ഉള്ളതായാണ് കാണുന്നത്.

**4.20** ലബോറട്ടറികളിൽ ആവശ്യമായ അനലിസ്റ്റുമാരുടെ മനുഷ്യവിഭവശേഷി കണക്കാക്കിയതോടൊപ്പം തന്നെ ഈ ലബോറട്ടറികളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള മനുഷ്യവിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്ന വസ്തുതയും പഠനസംഘം പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ വിവിധ ഡിവിഷനുകളിൽ 2023 വർഷത്തിൽ പരിശോധിച്ച കേസുകളുടെ എണ്ണം, നിലവിലുള്ള പ്രതിമാസ ടാർജറ്റ് അനുസരിച്ച് ഈ കേസുകൾ പരിശോധിക്കുന്നതിനായി വിനിയോഗിച്ചിട്ടുള്ള മനുഷ്യവിഭവശേഷി, മനുഷ്യവിഭവശേഷിയുടെ വിനിയോഗ നിരക്ക് എന്നിവ സൂചിപ്പിക്കുന്ന പട്ടികകൾ ചുവടെ ചേർക്കുന്നു.

## തിരുവനന്തപുരം

പട്ടിക നമ്പർ – 9

| Sl. No. | Name of Division | No of cases analysed in the year 2023 | Monthly Target per analyst | Annual utilisation of Manpower | Monthly utilisation of Manpower | Monthly Manpower utilised in a division |
|---|---|---|---|---|---|---|
| | (a) | (b) | (c ) | (d) = b/c | (e) = d/12 | (f) |
| 1. | Serology | 530 | 25 | 21.20 | 1.77 | 1.77 |
| 2. | Toxicology | HP – 1727<br>AP – 21<br>Total –1748 | 25 | 69.92 | 5.82 | 6.79 |
| | | PM Blood – 81 | 50 | 1.62 | 0.14 | |
| | | Blood Alcohol –1251 | 125 | 10.01 | 0.83 | |
| 3. | Excise (Crime+Miscellaneous+ Distillery + M & TP) | 4285 | 100 | 42.85 | 3.57 | 3.57 |
| 4. | Narcotics | Ganja Cases – 1386 | 40 | 34.65 | 2.89 | 3.61 |
| | | Non Ganja – 278 | 32 | 8.68 | 0.72 | |
| 5. | General Chemistry | 79 | 15 | 5.27 | 0.44 | 0.44 |
| **Total** | | **9638** | **Total** | **194.20** | **16.18** | **16.18** |
| **Total Sanctioned strength of Analysts (15 Scientific Officer+10 Technical Assistant + 1 Serological Assistant)** | | | | | **26** | |
| **Percentage of Output = $\frac{16.18}{26}$ X100** | | | | | **62.23%** | |

## എറണാകുളം

പട്ടിക നമ്പർ – 10

| Sl. No. | Name of Division | No of cases analysed in the year 2023 | Monthly Target | Annual utilisation of Manpower | Monthly utilisation of Manpower | Monthly Manpower utilised in a division |
|---|---|---|---|---|---|---|
| | (a) | (b) | (c ) | (d) = b/c | (e) = d/12 | (f) |
| 1. | Serology | 241 | 25 | 9.64 | 0.80 | 0.80 |
| 2. | Toxicology | HP – 496<br>AP – 68<br>Total– 564 | 25 | 22.56 | 1.88 | 2 .33 |
| | | PM Blood – 98 | 50 | 1.96 | 0.16 | |
| | | Blood Alcohol – 440 | 125 | 3.52 | 0.29 | |
| 3. | Excise (Crime+Miscellaneous + M & TP) | 3623 | 100 | 36.23 | 3.02 | 3.02 |
| 4. | Narcotics | Ganja Cases – 781 | 40 | 19.52 | 1.63 | 3.38 |
| | | Non Ganja – 669 | 32 | 20.90 | 1.75 | |
| 5. | General Chemistry | 161 | 15 | 10.73 | 0.89 | 0.89 |
| 6. | Distillery | 2454 | 100 | 24.54 | 2.05 | 2.05 |
| **Total** | | **9031** | **Total** | **149.60** | **12.47** | **12.47** |
| **Total Sanctioned strength of Analyst (10 Scientific Officer+ 6 Technical Assistant + 1 Serological Assistant)** | | | | | **17** | |
| **Percentage of Output = $\frac{12.47}{17}$ X100** | | | | | **73.35%** | |

## കോഴിക്കോട്

പട്ടിക നമ്പർ 11

| Sl. No. | Name of Division | No of cases analysed in the year 2023 | Monthly Target | Annual utilisation of Manpower | Monthly utilisation of Manpower | Monthly Manpower utilised in a division |
|---|---|---|---|---|---|---|
| | (a) | (b) | (c ) | (d) = b/c | (e) = d/12 | (f) |
| 1. | Serology | 189 | 25 | 7.56 | 0.63 | 0.63 |
| 2. | Toxicology | HP - 815<br>AP - 21<br>Total- 836 | 25 | 33.44 | 2.79 | 3.18 |
| | | PM Blood - 26 | 50 | 0.52 | 0.04 | |
| | | Blood Alchohol - 519 | 125 | 4.15 | 0.35 | |
| 3. | Excise (Crime+Miscellaneous + Distillery) | 4441 | 100 | 44.41 | 3.70 | 3.70 |
| 4. | Narcotics | Ganja Cases - 898 | 40 | 22.45 | 1.87 | 2.55 |
| | | Non Ganja - 262 | 32 | 8.19 | 0.68 | |
| 5. | General Chemistry | 90 | 15 | 6.00 | 0.50 | 0.50 |
| **Total** | | **7261** | **Total** | **126.72** | **10.56** | **10.56** |
| **Total Sanctioned strength of Analysts (8 Scientific Officer+6 Technical Assistant + 1 Serological Assistant)** | | | | | **15** | |
| **Percentage of Output =** $\frac{10.56}{15} \times 100$ | | | | | **70.40%** | |

**4.21** തിരുവനന്തപുരം ലബോറട്ടറിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള മനുഷ്യവിഭവ ശേഷിയുടെ **62.23%** ഉം, എറണാകുളം ലബോറട്ടറിയിൽ **73.35%** ഉം കോഴിക്കോട് ലബോറട്ടറിയിൽ **70.40%** ഉം മാത്രമാണ് 2023 വർഷത്തിൽ യഥാർത്ഥത്തിൽ വിനിയോഗിച്ചിട്ടുള്ളതെന്നാണ് മേൽ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽനിന്നും കെമിക്കൽ ലബോറട്ടറികൾക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള മനുഷ്യവിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്ന വസ്തുതയാണ് വെളിവാകുന്നത്.

**4.22** മതിയായ എണ്ണം ജീവനക്കാരില്ലാത്തതാണ് കെമിക്കൽ ലബോറട്ടറികളിൽ സാമ്പിളുകൾ കെട്ടിക്കിടക്കുന്നതിനുള്ള പ്രധാന കാരണമായി പലപ്പോഴും ചൂണ്ടിക്കാണിക്കപ്പെടുന്നത്. എന്നാൽ നിലവിലുള്ള മനുഷ്യവിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താത്തതും കേസുകൾ കെട്ടിക്കിടക്കുന്നതിന് വലിയൊരു അളവ് വരെ കാരണമായിട്ടുണ്ട് എന്ന് മുകളിൽ സൂചിപ്പിച്ച കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു.

## കേസുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണങ്ങൾ

**4.23** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി പഠനസംഘം വകുപ്പിന്റെ മൂന്ന് ലബോറട്ടറികളും സന്ദർശിച്ച് ഈ ലബോറട്ടറികളുടെ നിലവിലെ പ്രവർത്തനരീതി വിലയിരുത്തിയപ്പോൾ കേസുകൾ കെട്ടിക്കിടക്കുന്നതിന് കാരണമായ നിരവധി ഘടകങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു.

### a) അനലിസ്റ്റുമാരുടെ അസന്തുലിതമായ വിന്യാസം

**4.24** ലബോറട്ടറികളിലെ ഓരോ ഡിവിഷനുകളിലും ലഭ്യമായിട്ടുള്ള കേസുകൾക്ക് ആനുപാതികമായിട്ടാണോ അനലിസ്റ്റുമാരെ വിന്യസിച്ചിട്ടുള്ളത് എന്ന് 2023 ഒക്ടോബർ നവംബർ, ഡിസംബർ മാസങ്ങളിലെ പ്രതിമാസ പ്രവർത്തനറിപ്പോർട്ടിനെ അടിസ്ഥാനമാക്കി പരിശോധിക്കുകയുണ്ടായി.

**4.25** തിരുവനന്തപുരം ലബോറട്ടറിയിൽ തീർപ്പാക്കാനുള്ളതിൽ 84.5% കേസുകൾ ടോക്സിക്കോളജി വിഭാഗത്തിലാണ്. അതേസമയം സെറോളജി ഡിവിഷനിൽ ഇത് വെറും 1 % മാത്രമാണ്. 2023-ൽ ലഭ്യമായ കേസുകൾ പരിശോധിക്കുന്നതിന് 1.5 അനലിസ്റ്റിന്റെ

മനുഷ്യവിഭവശേഷി മാത്രം ആവശ്യമായ സെറോളജി ഡിവിഷനിൽ മൂന്ന് അനലിസ്റ്റുമാരെ നിയോഗിച്ചിട്ടുള്ളപ്പോൾ 13.2 അനലിസ്റ്റുമാരെ ആവശ്യമായ ടോക്സിക്കോളജി ഡിവിഷനിൽ 8 അനലിസ്റ്റുമാരെ മാത്രമാണ് നിയോഗിച്ചിട്ടുള്ളത്.

**4.26** എറണാകുളം ലബോറട്ടറിയിൽ തീർപ്പാക്കാനുള്ളതിൽ 64.9% കേസുകൾ ടോക്സിക്കോളജി വിഭാഗത്തിലാണ്. അതേസമയം സെറോളജി ഡിവിഷനിൽ ഇത് ഒരു ശതമാനത്തിലും താഴെയാണ്. 2023 ൽ ലഭ്യമായ കേസുകൾ പരിശോധിക്കുന്നതിന് 1.1 അനലിസ്റ്റിന്റെ മനുഷ്യവിഭവശേഷി ആവശ്യമായ സെറോളജി ഡിവിഷനിൽ 2 അനലിസ്റ്റുമാരെ നിയോഗിച്ചിട്ടുള്ള പ്പോൾ 9 അനലിസ്റ്റുമാരുടെ ആവശ്യകതയുള്ള ടോക്സിക്കോളജി ഡിവിഷനിൽ 2023 ഒക്ടോബർ മാസത്തിൽ മൂന്ന് അനലിസ്റ്റുമാരെയും നവംബർ, ഡിസംബർ മാസങ്ങളിൽ 4 പേരെ വീതവും മാത്രമാണ് നിയോഗിച്ചിട്ടുള്ളത്.

**4.27** കോഴിക്കോട് ലബോറട്ടറിയിൽ ഇത്തരത്തിലുള്ള അസന്തുലിതമായ വിന്യാസം ശ്രദ്ധയിൽ പെട്ടകയുണ്ടായില്ല.

## b) ഉപകരണങ്ങളുടെ പരിമിത ഉപയോഗം (Underutilization)

**4.28** കെമിക്കൽ ലബോറട്ടറികളിൽ രാസ പരിശോധനകൾ നടത്തുന്നതിനായി GC, GCMS, LCMS, HPTLC തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ (High End Equipments) നിലവിലുണ്ട്. ഒരേ സമയം അനേകം സാമ്പിളുകളുടെ പരിശോധന രാപകൽ വ്യത്യാസമില്ലാതെ നടത്തി വേഗത്തിൽ കൃത്യമായ ഫലം ലഭ്യമാക്കാൻ പ്രാപ്തിയുള്ള ഉപകരണങ്ങളാണ് ഇവ. വളരെ കുറഞ്ഞ അളവിലുള്ള മനുഷ്യപ്രയത്നം മാത്രമേ ഇവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായി വരുന്നുള്ളൂ. വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിലും ഇത്തരം വിലകൂടിയ ഉപകരണങ്ങൾ നിലവിലുണ്ടെങ്കിലും അവയെ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല.

**4.29** തിരുവനന്തപുരം ലബോറട്ടറിയിൽ എക്സൈസ് ഡിവിഷനിലുള്ള Gas Chromatograph പ്രവർത്തനക്ഷമമല്ലെന്ന് 24.1.2024-ൽ ലബോറട്ടറി സന്ദർശിച്ചപ്പോൾ പഠനസംഘത്തെ അറിയിക്കുകയുണ്ടായി. പ്രസ്തുത ഉപകരണത്തിന്റെ ലോഗ് ബുക്ക് പ്രകാരം

ഈ ഉപകരണം ഏറ്റവും അവസാനമായി പ്രവർത്തിപ്പിച്ചിട്ടുള്ളത് 10.5.2023-ൽ ആണ്. 22.6.2023-ൽ മെഥനോൾ ഡിറ്റക്ഷൻ പ്രോപ്പർ അല്ല എന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 07.09.2023-ൽ സർവീസ് എൻജിനീയർ ഈ ഉപകരണം സർവീസ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയതായും കാണുന്നു. ഇതിനുശേഷം 11.10.2023-ൽ ഈ ഉപകരണത്തിൽ സാമ്പിൾ പരിശോധന നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർന്ന് ഈ ഉപകരണത്തിൽ പരിശോധനകൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

**4.30** എറണാകുളം ലബോറട്ടറിയിലെ എക്സൈസ് ഡിവിഷനിൽ ഉള്ള Gas Chromatograph പ്രവർത്തനക്ഷമമല്ല. ലോഗ് ബുക്ക് 22/02/2024-ൽ പരിശോധിച്ചപ്പോൾ ഈ ഉപകരണം 30.11.2023-ന് ശേഷം പ്രവർത്തിപ്പിച്ചിട്ടില്ലായെന്നും കാണുകയുണ്ടായി.

**4.31** എക്സൈസ് ഡിവിഷനിൽ വളരെയധികം കേസുകൾ കെട്ടിക്കിടക്കുന്ന കോഴിക്കോട് ലബോറട്ടറിയിലും Gas Chromatograph-ന്റെ ഉപയോഗം അതിന്റെ പൂർണ്ണശേഷിയുമായി താരതമ്യം ചെയ്യുമ്പോൾ ചെറിയൊരു അളവിൽ മാത്രമേ പ്രയോജനപ്പെടുത്തിയിട്ടുള്ളൂ.

**4.32** തിരുവനന്തപുരം, എറണാകുളം ലബോറട്ടറികളിലെ എക്സൈസ് ഡിവിഷനിലെ Gas Chromatograph ഉപകരണങ്ങൾക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (Annual Maintenance Contract - AMC) നിലവിലുള്ളപ്പോഴാണ് തിരുവനന്തപുരത്ത് തുടർച്ചയായി എട്ടുമാസത്തിലേറെയും (10.05.2023 മുതൽ 24.01.2024 വരെ) എറണാകുളത്ത് മൂന്നു മാസത്തോളവും (30.11.2023 മുതൽ 22.02.2024 വരെ) ഈ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതിരുന്നത്. വിലകൂടിയ ഉപകരണങ്ങൾ വാങ്ങുകയും അവയ്ക്ക് ഉയർന്ന തുക മുൻകൂറായി നൽകി ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് എടുക്കുകയും ചെയ്ത ശേഷം ഇവയ്ക്ക് ഉണ്ടാകുന്ന കേടുപാടുകൾ യഥാസമയം പരിഹരിച്ച് പ്രവർത്തനസജ്ജമാക്കാത്തത് ഇക്കാര്യത്തിലുള്ള വകുപ്പിന്റെ അനാസ്ഥയാണ് സൂചിപ്പിക്കുന്നത്.

**4.33** നൂറോളം സാമ്പിളുകളിൽ ഒരേസമയം ആൽക്കഹോൾ എസ്റ്റിമേഷൻ പോലുള്ള പരിശോധന നടത്താൻ ശേഷിയുള്ള ഉപകരണങ്ങൾ ലബോറട്ടറിയിൽ ലഭ്യമാണെങ്കിലും ഡിസ്റ്റിലേഷൻ പോലുള്ള സാമ്പ്രദായിക മാർഗ്ഗങ്ങളെ തന്നെ

ആശ്രയിക്കുന്നതാണ് മൂന്നു ലബോറട്ടറികളിലും പഠന സംഘത്തിന് കാണുവാൻ കഴിഞ്ഞത്. ഉപകരണങ്ങളുടെ കേടുപാടുകൾ യഥാസമയം പരിഹരിച്ച് അവ പ്രവർത്തനക്ഷമമാക്കാത്തതിനെ പറ്റി കൂടുതൽ വിവരങ്ങൾ ആരാഞ്ഞപ്പോൾ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതെ തന്നെ പ്രതിമാസ ടാർജറ്റ് കൈവരിക്കാൻ തങ്ങൾക്ക് കഴിയുന്നുണ്ടെന്ന മറുപടിയാണ് മൂന്നു ലബോറട്ടറികളിൽ നിന്നും പഠന സംഘത്തിന് ലഭിച്ചത്. ഉപകരണങ്ങളെ ആശ്രയിക്കാതെ തന്നെ പ്രതിമാസ ടാർജറ്റ് കൈവരിക്കാൻ കഴിയുന്നുവെങ്കിൽ ഉപകരണങ്ങൾ പൂർണ്ണശേഷിയിൽ പ്രവർത്തിപ്പിച്ചാൽ കെട്ടിക്കിടക്കുന്ന കേസുകളിൽ നല്ലൊരു പങ്കും തീർപ്പാക്കാൻ കഴിയുമെന്ന വസ്തുതയാണ് ഇതിലൂടെ വെളിവാകുന്നത്.

**4.34** തിരുവനന്തപുരം ലബോറട്ടറിയിൽ 07.09.2023-ൽ കേടുപാടുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയ Gas Chromatograph അതിനുശേഷം ആദ്യമായി പ്രവർത്തിപ്പിച്ചത് ഒരു മാസത്തിനു ശേഷം 11.10.2023-ൽ ആണ്. ഉപകരണം പ്രവർത്തനക്ഷമമാണെങ്കിലും അത് ഉപയോഗിക്കുന്നതിനുള്ള വിമുഖതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

**4.35** അനലിസ്റ്റുമാരിൽ നല്ലൊരു വിഭാഗത്തിനും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മതിയായ വൈദഗ്ധ്യം ഇല്ലെന്ന് കാണുന്നു. മതിയായ പരിശീലനം ലഭിക്കാത്തതും നവീന മാർഗങ്ങളെ ഉൾക്കൊണ്ട് അവ പ്രയോഗത്തിൽ വരുത്താനുള്ള വിമുഖതയും മൂലമാകാം ഉപകരണങ്ങൾ ലഭ്യമായിരുന്നിട്ടും അവയെ ആശ്രയിക്കാതെ സമ്പ്രദായിക മാർഗ്ഗങ്ങളെ തന്നെ പിന്തുടരുന്നതിന് കാരണം.

**4.36** ലോകം നിർമ്മിത ബുദ്ധിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും പഴയ സമ്പ്രദായങ്ങളിൽ തന്നെ കടിച്ചു തൂങ്ങാനുള്ള പ്രവണത ലബോറട്ടറികളുടെ കാര്യക്ഷമമായ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് പഠനസംഘം നിരീക്ഷിക്കുന്നു.

## c) ഫലപ്രദമല്ലാത്ത പ്രതിമാസ അവലോകന സംവിധാനം

**4.37** ലബോറട്ടറികളിലെ ഓരോ ഡിവിഷനിലുമുള്ള അനലിസ്റ്റുമാർ പ്രതിമാസം പരിശോധന നടത്തേണ്ട കേസുകളുടെ എണ്ണം സംബന്ധിച്ച് വെവ്വേറെ ടാർജറ്റുകൾ

നിശ്ചയിച്ചിട്ടുണ്ട്. ഓരോ ഡിവിഷനിലുമുള്ള അനലിസ്റ്റുമാർ ഒരു മാസത്തിൽ പരിശോധിച്ച കേസുകളെ സംബന്ധിച്ച വിവരങ്ങൾ അവരുടെ വ്യക്തിഗത പ്രതിമാസ റിപ്പോർട്ടിൽ(Individual Monthly Report) രേഖപ്പെടുത്തി ഡിവിഷന്റെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് നൽകണമെന്നും അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ അനലിസ്റ്റിന്റെ പ്രവർത്തനം വിലയിരുത്തി അഭിപ്രായസഹിതം ലബോറട്ടറിയുടെ ചുമതല വഹിക്കുന്ന ജോയിന്റ് കെമിക്കൽ എക്സാമിനർക്ക് നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം മൂന്ന് ലബോറട്ടറികളുടേയും പ്രതിമാസ റിപ്പോർട്ടുകൾ ശേഖരിച്ച് വകുപ്പിന്റെ ഒരു മാസത്തെ പ്രവർത്തനത്തെ സൂചിപ്പിക്കുന്ന സമാഹൃത റിപ്പോർട്ട് ചീഫ് കെമിക്കൽ എക്സാമിനർ സർക്കാരിലേക്ക് അയക്കുകയും ചെയ്തുവരുന്നു.

**4.38** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ 2023 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ വ്യക്തിഗത പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ വിശദമായി പരിശോധിക്കുകയുണ്ടായി. ഇപ്രകാരം പരിശോധിച്ചതിൽ വളരെ അപൂർവ്വമായി മാത്രമേ അനിലിസ്റ്റുമാർ തങ്ങളുടെ പ്രതിമാസ ടാർജറ്റ് കൈവരിക്കുന്നുള്ളൂവെന്നാണ് കാണുവാൻ കഴിഞ്ഞത്. ഒരു വിഭാഗം അനലിസ്റ്റുമാർ പ്രതിമാസ ടാർജറ്റിന്റെ 80% മുതൽ 90% വരെ കൈവരിക്കുമ്പോൾ മറ്റൊരു വിഭാഗത്തിന്റെ പ്രകടനം വളരെ താഴെയാണ്. അനലിസ്റ്റുമാർ പ്രതിമാസ ടാർജറ്റിനേക്കാൾ വളരെക്കുറവ് കേസുകൾ ചെയ്തതുമായി ബന്ധപ്പെട്ട് പഠനസംഘത്തിന്റെ ശ്രദ്ധയിൽ വന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഒന്നിൽ കൂടുതൽ മാസം കുറഞ്ഞ എണ്ണം കേസുകൾ തീർപ്പാക്കിയതോ അല്ലെങ്കിൽ ഒരു മാസത്തിൽ തന്നെ വളരെ കുറവ് കേസുകൾ തീർപ്പാക്കിയതോ ആയ വിവരങ്ങൾ മാത്രമാണ് ചുവടെ പരാമർശിച്ചിട്ടുള്ളത്.

## തിരുവനന്തപുരം ലബോറട്ടറി

**4.39** തിരുവനന്തപുരം ലബോറട്ടറിയിൽ 100 കേസുകൾ പ്രതിമാസ ടാർജറ്റായുള്ള എക്സൈസ് ഡിവിഷനിലെ ഒരു സയന്റിഫിക് ഓഫീസർ 2023 നവംബർ മാസത്തിൽ 64 കേസുകളും ഡിസംബർ മാസത്തിൽ 66 കേസുകളുമാണ് പരിശോധിച്ചിട്ടുള്ളത്. ഈ ഡിവിഷനിലെ ഒരു സയന്റിഫിക് ഓഫീസർ ഡിസംബർ മാസത്തിൽ പരിശോധിച്ചത് 55

കേസുകൾ ആണ് ( 9 ദിവസം ലീവ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്). മറ്റൊരു സയന്റിഫിക് ഓഫീസർ 2023 നവംബർ മാസത്തിൽ 68 കേസുകളാണ് പരിശോധിച്ചത്. 2023 ഡിസംബർ മാസത്തിൽ 20 ദിവസത്തെ അവധിയിലായിരുന്ന മറ്റൊരു സയന്റിഫിക് ഓഫീസർ ഈ മാസം പരിശോധിച്ചത് കേവലം 4 കേസുകൾ മാത്രമാണ്. ടോക്സിക്കോളജി ഡിവിഷനിലെ ഒരു സയന്റിഫിക് ഓഫീസർ നവംബർ മാസത്തിൽ Human Poisoning (HP) - 4, Blood Alcohol - 15, PM Blood - 2 എന്നിങ്ങനെയാണ് കേസുകൾ പരിശോധിച്ചിട്ടുള്ളത്(13 ദിവസം ലീവ് ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്).

<u>എറണാകുളം ലബോറട്ടറി</u>

**4.40** എറണാകുളം ലബോറട്ടറിയിൽ ടോക്സികോളജി ഡിവിഷനിലെ ഒരു സയന്റിഫിക് ഓഫീസർ 2023 ഒക്ടോബർ മാസത്തിൽ HP-10, HP Material Objects -4, AP -3 എന്നിങ്ങനെ 17 കേസുകളും (9.5 ദിവസം ലീവ് ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്) നവംബർ മാസത്തിൽ HP -4, AP -1 എന്നിങ്ങനെ 5 കേസുകളും (16.5 ദിവസം ലീവ്) ഡിസംബർ മാസത്തിൽ HP -11, PM Blood -2 എന്നിങ്ങനെ 13 കേസുകളുമാണ് ചെയ്തിട്ടുള്ളത്(12.5 ദിവസം ലീവ്). 2023 ഒക്ടോബർ മാസം 13 ന് ജനറൽ കെമിസ്ട്രി വിഭാഗത്തിൽ നിന്നും ടോക്സിക്കോളജി ഡിവിഷനിലേക്ക് മാറ്റി നിയമിക്കപ്പെട്ട മറ്റൊരു സയന്റിഫിക് ഓഫീസർ ഈ മാസത്തിൽ ടോക്സിക്കോളജി ഡിവിഷനിൽ 41 Blood Alcohol കേസുകൾ മാത്രമേ ചെയ്തിട്ടുള്ളൂ . ഈ ഓഫീസർ ജനറൽ കെമിസ്ട്രി വിഭാഗത്തിൽ ഒരു കേസിന്റെ പോലും പരിശോധന പൂർത്തിയാക്കിയിട്ടില്ല. ടോക്സിക്കോളജി വിഭാഗത്തിലെ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് നവംബർ മാസത്തിൽ HP-6, HP Material Objects -1, Blood Alcohol -15 എന്നിങ്ങനെ 22 കേസുകളും (13 ദിവസം ലീവ്) ഡിസംബർ മാസത്തിൽ 22 കേസുകളും (HP -12, AP -3,Blood Alcohol -5, PM Blood -2) ആണ് പരിശോധി ച്ചിട്ടുള്ളത്.

**4.41** പ്രതിമാസ ടാർജറ്റ് 100 ആയ എക്സൈസ് ഡിവിഷനിലെ ഒരു സയന്റിഫിക് ഓഫീസർ 2023 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ യഥാക്രമം 72, 78, 68 എണ്ണം വീതം കേസുകൾ ചെയ്തപ്പോൾ മറ്റൊരു സയന്റിഫിക് ഓഫീസർ ഒക്ടോബർ മാസത്തിൽ 51 ഉം ഡിസംബറിൽ 70 ഉം കേസുകൾ ആണ് ചെയ്തിട്ടുള്ളത്. ഈ

ഡിവിഷനിലെ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ഒക്ടോബർ മാസത്തിൽ 77 കേസുകളും ഡിസംബർ മാസത്തിൽ 70 കേസുകളും ആണ് തീർപ്പാക്കിയിട്ടുള്ളത്. 2023 ഒക്ടോബർ മാസത്തിൽ നാർക്കോട്ടിക്സ് വിഭാഗത്തിൽ ഉണ്ടായിരുന്ന ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ആ മാസത്തിൽ നാർക്കോട്ടിക്സ് ഡിവിഷനിൽ 19 കേസുകളും തുടർന്ന് നവംബർ, ഡിസംബർ മാസങ്ങളിൽ ടോക്സിക്കോളജി വിഭാഗത്തിൽ യഥാക്രമം 10 (HP –8, AP –1, PT –1), 24 (HP –5, PM Blood –4, Blood Alcohol –15)എന്ന നിലയിലുമാണ് കേസുകൾ ചെയ്തിട്ടുള്ളതെന്ന് കാണാം.

**<u>കോഴിക്കോട് ലബോറട്ടറി</u>**

**4.42** കോഴിക്കോട് ലബോറട്ടറിയിൽ സെറോളജി ഡിവിഷനിലുള്ള ഒരു സയന്റിഫിക് ഓഫീസർ 2023 ഒക്ടോബർ മാസത്തിൽ 19 കേസുകളും (17 Serology + 2 Excise) നവംബർ മാസത്തിൽ 15 കേസുകളും ആണ് പരിശോധിച്ചിട്ടുള്ളത്. നാർക്കോട്ടിക്സ് ഡിവിഷനിലെ ഒരു സയന്റിഫിക് ഓഫീസർ ഒക്ടോബർ മാസത്തിൽ 42 കേസുകളും (13 Narcotics + 29 Excise) ഡിസംബർ മാസത്തിൽ 27 കേസുകളും ആണ് ചെയ്തിരിക്കുന്നത്. ഈ ലബോറട്ടറിയിലെ ജനറൽ കെമിസ്ട്രി വിഭാഗത്തിലുള്ള ഒരു സയന്റിഫിക് ഓഫീസർ ഒക്ടോബറിൽ 43 കേസുകൾ (General Chemistry – 2, Excise–41) ആണ് പരിശോധിച്ചിട്ടുള്ളത്.

**4.43** ഈ മൂന്ന് മാസക്കാലത്തെ അനലിസ്റ്റുമാരുടെ വ്യക്തിഗത പ്രതിമാസ പ്രവർത്തന റിപ്പോർട്ട് വിശകലനം ചെയ്തതിൽ ചുവടെ പറയുന്ന വസ്തുതകൾ വെളിപ്പെടുന്നു.

1. പ്രതിമാസ ടാർജറ്റിനേക്കാൾ വളരെ കുറഞ്ഞ എണ്ണം കേസുകൾ തീർപ്പാക്കുന്ന അനലിസ്റ്റുമാരുടെ റിവ്യൂ റിപ്പോർട്ടിൽ പോലും ഇവരുടെ താഴ്ന്ന പ്രകടനത്തെപ്പറ്റി യാതൊന്നും പരാമർശിക്കുന്നില്ല എന്ന് മാത്രമല്ല ആയതിനെ സാധൂകരിക്കുന്ന തരത്തിൽ ഡിവിഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ സർട്ടിഫൈ ചെയ്തു നൽകുക കൂടി ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

2. അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ നൽകുന്ന പ്രതിമാസ റിപ്പോർട്ടിനെ വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കാതെ ആ റിപ്പോർട്ടിനെ അതേപടി അംഗീകരിക്കുന്ന ഒരു സമീപനമാണ് ലബോറട്ടറിയുടെ ചുമതലയുള്ള ജോയിന്റ് കെമിക്കൽ എക്സാമിനർ ചെയ്തു വരുന്നത്.

3. ഓരോതരം പരിശോധനകൾക്കും വ്യത്യസ്ത പ്രതിമാസ ടാർജറ്റ് ആണ് നിശ്ചയിച്ചിട്ടുള്ളത്. ഉദാഹരണത്തിന് ടോക്സിക്കോളജിയിൽ HP കേസുകളുടെ പ്രതിമാസ ടാർജറ്റ് 25 ആയിരിക്കുമ്പോൾ ബ്ലഡ് ആൾക്കഹോൾ പരിശോധനയുടെ പ്രതിമാസ ടാർജറ്റ് 125 ആണ്. ഒരു ഡിവിഷനിൽ വ്യത്യസ്തങ്ങളായ ടാർജറ്റ് നിലവിലിരിക്കെ പ്രതിമാസ റിപ്പോർട്ടിൽ അതിനെപ്പറ്റി പരാമർശിക്കാതെ പരിശോധിച്ച കേസുകളുടെ എണ്ണം മാത്രം പരാമർശിക്കുന്നത് മൂലം പ്രതിമാസ ടാർജറ്റ് യഥാർത്ഥത്തിൽ കൈവരിച്ചിട്ടില്ലാത്ത അനലിസ്റ്റുമാരും ആയത് കൈവരിച്ചുവെന്ന പ്രതീതിയാണ് ഉളവാകുന്നത്.

4. കൂടുതൽ എണ്ണം കേസുകൾ ചെയ്തു എന്ന ധാരണ ഉണ്ടാക്കുന്നതിനായി ചില അനലിസ്റ്റുമാർ ഡിവിഷൻ മാറി കേസുകൾ ചെയ്യുന്ന പ്രവണതയും കണ്ടുവരുന്നു. താരതമ്യേന എളുപ്പത്തിൽ പരിശോധിക്കാൻ കഴിയുന്ന എക്സൈസ് കേസുകൾ, നാർക്കോട്ടിക്സ് ഡിവിഷനിലെ ഗഞ്ചാ കേസുകൾ എന്നിവയാണ് ഇത്തരത്തിൽ പരിശോധിക്കപ്പെടുന്നത്.

<u>**അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ പ്രതിമാസ റിപ്പോർട്ട്**</u>

**4.44** അനലിസ്റ്റുമാർ പരിശോധന നടത്തുന്ന കേസുകളുടെ പരിശോധനാ സർട്ടിഫിക്കറ്റിൽ ഒപ്പ് വയ്ക്കുന്നത് അനലിസ്റ്റുമാരുടെ മേൽനോട്ടച്ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാണ്. ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ നാല് അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കണമെന്നും നാലിൽ കുറവ് അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ആനുപാതികമായി കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകണമെന്നും പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചുകൊണ്ട് ചീഫ് കെമിക്കൽ എക്സാമിനർ 03/01/2018-ൽ പുറപ്പെടുവിച്ച ഓഫീസ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൂടാതെ ചീഫ് കെമിക്കൽ എക്സാമിനറുടെ 10.08.2018 -ലെ സി.എ-09/2018/സി.ഇ.എൽ.ഡി നമ്പർ ഉത്തരവ് പ്രകാരം എല്ലാ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരും നിലവിലുള്ള ഉത്തരവാദിത്തങ്ങൾക്ക് പുറമേ 2018 ആഗസ്റ്റ് മാസം മുതൽ കുറഞ്ഞത് 20% നാർക്കോട്ടിക് സാമ്പിളുകൾ കൂടി സ്വന്തമായി അനലൈസ് ചെയ്ത് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**4.45** പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചുകൊണ്ടുള്ള ചീഫ് കെമിക്കൽ എക്സാമിനറുടെ ഉത്തരവിൽ ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒരു മാസത്തിൽ എത്ര സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് പ്രത്യേകമായി പരാമർശിച്ചിട്ടില്ലെങ്കിലും 4 അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്ന ഓരോ ഡിവിഷനിലെയും അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ സാധാരണഗതിയിൽ ഒരു മാസം നൽകേണ്ടി വരുന്നത് ചുവടെ പറയുന്ന എണ്ണം സർട്ടിഫിക്കറ്റുകളാണെന്ന് കാണാവുന്നതാണ്.

പട്ടിക നമ്പർ – 12

| വിഭാഗം | അനലിസ്റ്റുമാരുടെ എണ്ണം | ഒരു അനലിസ്റ്റിന്റെ പ്രതിമാസ ടാർജറ്റ് | ഒരു മാസത്തിൽ നൽകാൻ കഴിയുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണം |
|---|---|---|---|
| ടോക്സിക്കോളജി | 4 | HP/AP – 25<br>Blood Alcohol – 125<br>PM Blood –50 | Human Poison /Animal Poison കേസുകൾ മാത്രമാണെങ്കിൽ **100**<br>മറ്റു കേസുകൾ ഉൾപ്പെടുന്നെങ്കിൽ സർട്ടിഫിക്കറ്റുകളുടെഎണ്ണം ആനുപാതികമായി കൂടുന്നതാണ് |
| നർക്കോട്ടിക്സ് | 4 | Ganja –40<br>Non Ganja – 32 | 160<br>Non Ganja കേസുകൾക്ക് ആനുപാതികമായി എണ്ണം കുറയുന്നതാണ് |
| എക്സൈസ്/ ഡിസ്റ്റിലറി | 4 | 100 | 400 |
| സെറോളജി | 4 | 25 | 100 |
| ജനറൽ കെമിസ്ട്രി | 4 | 15 | 60 |

**4.46** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ 2023 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പ്രതിമാസ പ്രവർത്തനറിപ്പോർട്ടുകൾ വിശകലനം ചെയ്തപ്പോൾ പഠന സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**<u>തിരുവനന്തപുരം ലബോറട്ടറി</u>**

**4.47** തിരുവനന്തപുരം ലബോറട്ടറിയിൽ എക്സൈസ് വിഭാഗത്തിലെ രണ്ട് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരിൽ ഒരാൾ 2023 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നൽകിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം യഥാക്രമം 168, 135, 53 എന്നിങ്ങനെയായിരിക്കുമ്പോൾ രണ്ടാമത്തെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഇഷ്യൂ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ എണ്ണം 175, 141, 108 വീതമാണ്. ഇവർ രണ്ടുപേരും തങ്ങൾ എത്ര അനലിസ്റ്റുമാരെയാണ് സൂപ്പർവൈസ് ചെയ്തതത് എന്ന വിവരം പ്രതിമാസ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സ്വന്തം നിലയ്ക്ക് കേസുകളൊന്നും ചെയ്തിട്ടില്ലായെന്നും ഒരാൾ അഞ്ച് നാർക്കോട്ടിക് കേസുകൾ വീതം ഓരോ മാസത്തിലും ചെയ്തിട്ടുള്ളതായും കാണുന്നു.

**4.48** ടോക്സിക്കോളജി വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ 2023 ഒക്ടോബർ മാസത്തിൽ 146 സർട്ടിഫിക്കറ്റുകളും (ടോക്സികോളജി-89, എക്സൈസ് 57) നവംബർ, ഡിസംബർ മാസങ്ങളിൽ 112, 93 സർട്ടിഫിക്കറ്റുകൾ വീതവും ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും ടോക്സികോളജിയിലെ HP/AP, Blood Alcohol മുതലായ വ്യത്യസ്ത ടാർജറ്റുള്ള കേസുകൾ തരംതിരിച്ച് രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ എത്ര പേരെയാണ് സൂപ്പർവൈസ് ചെയ്തതെന്ന വിവരം രേഖപ്പെടുത്തുകയോ, സ്വന്തം നിലയ്ക്ക് കേസുകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ലെന്ന് കാണുന്നു.

**4.49** സെറോളജി വിഭാഗത്തിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ, നവംബർ മാസങ്ങളിൽ 4 അനലിസ്റ്റുമാരെ വീതവും ഡിസംബറിൽ 3 അനിലസ്റ്റുമാരെയും സൂപ്പർവൈസ് ചെയ്തിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും ഈ മാസങ്ങളിൽ ഇഷ്യൂ ചെയ്ത സർട്ടിഫിക്കറ്റുകളുടെ എണ്ണം 34, 49, 60 എന്നിങ്ങനെയാണ്.ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സ്വന്തം നിലയ്ക്ക് കേസുകളൊന്നും പരിശോധിച്ചിട്ടില്ല.

<u>എറണാകുളം ലബോറട്ടറി</u>

**4.50** എറണാകുളം ലബോറട്ടറിയിൽ ടോക്സിക്കോളജി വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ 2023 ഒക്ടോബർ മാസത്തിൽ 84 സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിൽ 72 എണ്ണവും ബ്ലഡ് ആൽക്കഹോൾ കേസുകളാണ്. HP/AP വിഭാഗത്തിലെ 8 കേസുകൾ മാത്രമേ ഇതിൽ ഉൾപ്പെടുന്നുള്ളൂ. നവംബർ മാസത്തിൽ ഇഷ്യൂ ചെയ്ത 66 സർട്ടിഫിക്കറ്റുകളിൽ 26 എണ്ണം ഡിസ്റ്റിലറി വിഭാഗത്തിന്റേതാണ്. HP/AP വിഭാഗത്തിലുള്ള 21 സർട്ടിഫിക്കറ്റുകളാണ് ഈ മാസം നൽകിയിട്ടുള്ളത്. ഡിസംബർ മാസത്തിൽ HP/AP വിഭാഗത്തിലുള്ള 31 സർട്ടിഫിക്കറ്റുകളുൾപ്പെടെ 46 സർട്ടിഫിക്കറ്റുകളാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. 2 അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്ന ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സ്വന്തം നിലയ്ക്ക് കേസുകൾ പരിശോധിച്ചിട്ടില്ലെന്ന് കാണുന്നു.

**4.51** എറണാകുളം ലബോറട്ടറിയിലെ ടോക്സിക്കോളജി വിഭാഗത്തിലെ രണ്ടാമത്തെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ 2023 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നൽകിയിട്ടുള്ളത് കേവലം 20, 37, 37 സർട്ടിഫിക്കറ്റുകൾ വീതമാണെന്ന് കാണുന്നു. ഇതിൽ നവംബർ മാസത്തിൽ ഇഷ്യൂ ചെയ്ത 37 സർട്ടിഫിക്കറ്റുകളിൽ 22 എണ്ണവും ഡിസ്റ്റിലറി വിഭാഗത്തിൽപ്പെടുന്നവയാണ്. ഡിസംബർ മാസത്തിൽ HP – 16, Blood Alcohol – 15, PM Blood – 6 എന്നിവയാണ് ഉൾപ്പെടുന്നത്. ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സ്വന്തം നിലയ്ക്ക് കേസുകൾ പരിശോധിച്ചിട്ടുള്ളതായോ, എത്ര അനലിസ്റ്റുമാരെയാണ് സൂപ്പർവൈസ് ചെയ്യുന്നതെന്ന വിവരം പ്രതിമാസ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതായോ കാണുന്നില്ല.

**4.52** ഈ ലബോറട്ടറിയിലെ സെറോളജി വിഭാഗത്തിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ മാസത്തിൽ ആകെ 86 സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ളതിൽ 64 എണ്ണവും എക്സൈസ് വിഭാഗത്തിൽപ്പെടുന്നവയാണ്. നവംബർ മാസത്തിൽ നൽകിയ 55 സർട്ടിഫിക്കറ്റുകളിൽ 31 എണ്ണം സെറോളജി വിഭാഗത്തിന്റേതും 24 എണ്ണം എക്സൈസ് നാർക്കോട്ടിക് വിഭാഗങ്ങളിൽപ്പെടുന്നവയുമാണ് (17+7). ഡിസംബർ മാസത്തിൽ നൽകിയ 78 സർട്ടിഫിക്കറ്റുകളിൽ 15 എണ്ണം മാത്രമാണ് സെറോളജി വിഭാഗത്തിൽപ്പെടുന്നത്.

ബാക്കിയുള്ള 63 എണ്ണം എക്സൈസ്,ഡിസ്റ്റിലറി, നാർക്കോട്ടിക്സ് വിഭാഗങ്ങളുടേതാണ് (2+40+21). ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ മൂന്ന് മാസങ്ങളിലും രണ്ട് കേസുകൾ വീതം സ്വന്തം നിലയിൽ പരിശോധിച്ചിട്ടുള്ളതായി കാണുന്നു.

**4.53** ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ മാസത്തിൽ എക്സൈസ് വിഭാഗത്തിലെയും നവംബർ മാസത്തിൽ നർകോട്ടിക്സ്, എക്സൈസ് വിഭാഗങ്ങളിലെയും സർട്ടിഫിക്കറ്റുകൾ ഒപ്പിട്ടു നൽകിയിട്ടുണ്ടെങ്കിലും ആ വിഭാഗങ്ങളിലെ അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിച്ചതായി പ്രതിമാസ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. സൂപ്പർവൈസ് ചെയ്ത അനലിസ്റ്റ് ആ വിഭാഗങ്ങളിലെ കേസുകൾ ചെയ്തതാണോ അതോ അനലിസ്റ്റിനെ സൂപ്പർവൈസ് ചെയ്യാതെ തന്നെ ആ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റുകൾ നല്കിയതാണോ എന്ന് പ്രതിമാസ പ്രവർത്തന റിപ്പോർട്ടിൽ നിന്നും വ്യക്തമല്ല.

**4.54** ജനറൽ കെമിസ്ട്രി ഡിസ്റ്റിലറി വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ മാസത്തിൽ 88 സർട്ടിഫിക്കറ്റുകളും (General Chemistry– 1, Distillery – 87) നവംബർ മാസത്തിൽ 47 സർട്ടിഫിക്കറ്റുകളും (22 ദിവസം ലീവ് ആയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്) ഡിസംബർ മാസത്തിൽ 169 സർട്ടിഫിക്കറ്റുകളും (General Chemistry – 5, Distillery – 164) നൽകിയതായി കാണുന്നു. ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സ്വന്തം നിലയ്ക്ക് കേസുകൾ ചെയ്തിട്ടില്ല. എക്സൈസ് ഡിവിഷനിലെ രണ്ട് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരിൽ ഒരാൾ ഈ മാസങ്ങളിൽ യഥാക്രമം 218, 160, 144 വീതം സർട്ടിഫിക്കറ്റുകളും, രണ്ടാമത്തെയാൾ 154, 241, 238 വീതം സർട്ടിഫിക്കറ്റുകളും നൽകിയിട്ടുള്ളതായി കാണുന്നു. ഈ ഉദ്യോഗസ്ഥരും സ്വന്തം നിലയ്ക്ക് കേസുകൾ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

## കോഴിക്കോട് ലബോറട്ടറി

**4.55** കോഴിക്കോട് ലബോറട്ടറിയിൽ സെറോളജി ഡിവിഷനിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ മാസത്തിൽ സെറോളജി വിഭാഗത്തിലെ അനലിസ്റ്റുമാരെയും നവംബർ, ഡിസംബർ മാസങ്ങളിൽ സെറോളജി, എക്സൈസ് വിഭാഗങ്ങളിലുള്ള അനലിസ്റ്റുമാരെയും സൂപ്പർവൈസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഒക്ടോബർ മാസത്തിൽ 51 സർട്ടിഫിക്കറ്റുകൾ ആണ് നൽകിയിട്ടുള്ളത്. ഇതിൽ 27 എണ്ണം മാത്രമാണ് സെറോളജി വിഭാഗത്തിൽപ്പെടുന്നത്. ബാക്കിയുള്ള 24 എണ്ണം എക്സൈസ്, നാർക്കോട്ടിക്സ് വിഭാഗങ്ങളിൽപ്പെടുന്നവയാണ്. നവംബർ മാസത്തിൽ 74 സർട്ടിഫിക്കറ്റുകളാണ് നൽകിയിട്ടുള്ളത്. ഇതിൽ സെറോളജി വിഭാഗത്തിൽപ്പെടുന്നവ 15 എണ്ണമാണ്. 49 സർട്ടിഫിക്കറ്റുകൾ എക്സൈസ് വിഭാഗത്തിലും 10 എണ്ണം നാർക്കോട്ടിക്സ് വിഭാഗത്തിലുംപെടുന്ന സർട്ടിഫിക്കറ്റുകളാണ്. 2023 ഡിസംബർ മാസത്തിൽ സെറോളജിയിലെ 24 കേസുകളും എക്സൈസ് വിഭാഗത്തിലെ 57 കേസുകളുമുൾപ്പെടെ ആകെ 81 സർട്ടിഫിക്കറ്റുകളാണ് നൽകിയിട്ടുള്ളത്. ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഈ മാസങ്ങളിൽ സ്വന്തം നിലയ്ക്ക് കേസുകൾ ഒന്നും പരിശോധിച്ചിട്ടില്ല.

**4.56** ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ, മാസത്തിൽ നാർക്കോട്ടിക്സ്, എക്സൈസ് വിഭാഗങ്ങളിലെയും നവംബർ മാസത്തിൽ നർകോട്ടിക്സ് വിഭാഗത്തിലെയും സർട്ടിഫിക്കറ്റുകൾ ഒപ്പിട്ടു നൽകിയിട്ടുണ്ടെങ്കിലും ആ വിഭാഗങ്ങളിലെ അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിച്ചതായി പ്രതിമാസ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. സൂപ്പർവൈസ് ചെയ്ത അനലിസ്റ്റ് ആ വിഭാഗങ്ങളിലെ കേസുകൾ ചെയ്തതാണോ അതോ അനലിസ്റ്റിനെ സൂപ്പർവൈസ് ചെയ്യാതെ തന്നെ ആ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റുകൾ നല്കിയതാണോ എന്ന് പ്രതിമാസ പ്രവർത്തന റിപ്പോർട്ടിൽ നിന്നും വ്യക്തമല്ല.

**4.57** കോഴിക്കോട് ലബോറട്ടറിയുടെ എക്സൈസ് ഡിവിഷന്റെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ മാസത്തിൽ 183 ഉം, നവംബർ മാസത്തിൽ 151 ഉം, ഡിസംബർ മാസത്തിൽ 203 ഉം സർട്ടിഫിക്കറ്റുകളാണ് നൽകിയിട്ടുള്ളത്. നവംബർ മാസത്തിൽ 1 കേസ് സ്വന്തം നിലയ്ക്ക് പരിശോധിച്ചിട്ടുള്ളതായും കാണുന്നു. നാർക്കോട്ടിക്സ് വിഭാഗത്തിന്റെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ മാസത്തിൽ നൽകിയ 128 സർട്ടിഫിക്കറ്റുകളിൽ 49 എണ്ണം എക്സൈസ് വിഭാഗത്തിന്റേതാണ്. നവംബർ മാസത്തിൽ 107 സർട്ടിഫിക്കറ്റുകളും, ഡിസംബറിൽ 79 സർട്ടിഫിക്കറ്റുകളും ഇഷ്യൂ ചെയ്തിട്ടുള്ള ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ എത്ര പേരെ സൂപ്പർവൈസ് ചെയ്തുവെന്ന വിവരം പ്രതിമാസ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയോ സ്വന്തം നിലയ്ക്ക് കേസുകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ലെന്ന് കാണുന്നു.

**4.58** ജനറൽ കെമിസ്ട്രി വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഒക്ടോബർ, നവംബർ മാസങ്ങളിൽ 3 അനലിസ്റ്റുമാരേയും ഡിസംബർ മാസത്തിൽ 2 പേരേയും സൂപ്പർവൈസ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ നൽകിയ 75 സർട്ടിഫിക്കറ്റുകളിൽ 70 എണ്ണവും എക്സൈസ് ഡിവിഷന്റേതാണ്. നവംബർ മാസത്തിൽ 27 എക്സൈസ് വിഭാഗത്തിന്റെ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ 39 സർട്ടിഫിക്കറ്റുകളും ഡിസംബർ മാസത്തിൽ എക്സൈസ് വിഭാഗത്തിന്റെ 45 സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ 55 സർട്ടിഫിക്കറ്റുകളുമാണ് നൽകിയിട്ടുള്ളത്. ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ നവംബറിൽ 2 കേസുകളും ഡിസംബറിൽ 3 കേസുകളും സ്വന്തം നിലയ്ക്ക് പരിശോധിച്ചിട്ടുള്ളതായും കാണുന്നു.

**4.59** കെമിക്കൽ ലബോറട്ടറികളിൽ ഓരോ മാസവും പരിശോധന പൂർത്തിയാക്കി നൽകപ്പെടുന്ന സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച ഒരു നേർചിത്രമാണ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ പരിശോധിച്ചതിലൂടെ ലഭ്യമായിട്ടുള്ളത്. ഈ കണക്കുകൾ പട്ടികനമ്പർ - 12-ലെ വിവരങ്ങളുമായി താരതമ്യം ചെയ്ത് നോക്കുമ്പോഴാണ് നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് നൽകേണ്ട സർട്ടിഫിക്കറ്റുകളുടെ എണ്ണവും ഇപ്പോൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണവും തമ്മിലുള്ള അന്തരം ബോധ്യമാകുന്നത്.

**4.60** ഈ മൂന്ന് മാസക്കാലത്തെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് വിശകലനം ചെയ്തതിൽ ചുവടെ പറയുന്ന വസ്തുതകൾ വെളിപ്പെടുന്നു.

1. ഭൂരിഭാഗം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരും 1 മുതൽ 3 വരെ അനലിസ്റ്റുമാരെയാണ് സൂപ്പർവൈസ് ചെയ്യുന്നത്. എന്നാൽ 4 -ൽ കുറവ് അനലിസ്റ്റുമാരുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ആനുപാതികമായി കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധിക്കണമെന്ന നിർദ്ദേശം ബഹുഭൂരിപക്ഷം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരും പാലിക്കുന്നില്ല. ചുരുക്കം ചിലർ മാത്രമാണ് നാമമാത്രമായെങ്കിലും കേസുകൾ സ്വന്തം നിലയ്ക്ക് ചെയ്യുന്നത്.

2. അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ 2018 ആഗസ്റ്റ് മാസം മുതൽ 20% നാർക്കോട്ടിക് കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധിക്കണമെന്ന നിർദ്ദേശം ബഹുഭൂരിപക്ഷം പേരും പാലിക്കുന്നില്ല.

3. സൂപ്പർവൈസ് ചെയ്യുന്ന അനലിസ്റ്റുമാരുടെ വിശദാംശങ്ങൾ, ചില അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4. അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുമ്പോഴും ഭൂരിഭാഗം അനലിസ്റ്റുമാരും പ്രതിമാസ ടാർജറ്റ് കൈവരിക്കാത്ത സ്ഥിതിയാണുള്ളത്. ഇത് സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്ന നിലയിലുള്ള ഇവരുടെ പരാജയത്തെയാണ് കാണിക്കുന്നത്. 4-ൽകുറവ് അനലിസ്റ്റുമാരെ സൂപ്പർവൈസ് ചെയ്യുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സ്വന്തം നിലയ്ക്ക് കേസുകൾ കൂടി ചെയ്യാതിരിക്കുമ്പോൾ അനലിസ്റ്റുമാർ ടാർജറ്റ് കൈവരിക്കാത്ത വകയിലും, അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ കേസുകൾ സ്വന്തം നിലയിൽ ചെയ്യാത്ത വകയിലുമായി രണ്ട് തരത്തിലാണ് മനുഷ്യവിഭവശേഷി പാഴാക്കപ്പെടുന്നത്.

5. അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് ഒരു പ്രത്യേക ഡിവിഷന്റെ ചുമതലയാണ് നൽകിയിട്ടുള്ളതെങ്കിലും വേഗത്തിൽ പരിശോധന പൂർത്തിയാക്കാൻ കഴിയുന്ന ടോക്സിക്കോളജിയിലെ ബ്ലഡ് ആൾക്കഹോൾ കേസുകൾ, എക്സൈസ്/ ഡിസ്റ്റിലറി കേസുകൾ, നാർക്കോട്ടിക്സിലെ ഗഞ്ചാ കേസുകൾ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ നൽകി അതിന്റെ എണ്ണം കൂടി പ്രതിമാസ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ഒരു മാസത്തിൽ നൽകിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു കാണിക്കുന്ന രീതി കണ്ടുവരുന്നു. എറണാകുളം കോഴിക്കോട് ലബോറട്ടറി കളിലാണ് ഈ പ്രവണത കൂടുതലായി കാണാൻ കഴിഞ്ഞത്.

6. ഒരു ഡിവിഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ മറ്റു ഡിവിഷനുകളിലെ അനലിസ്റ്റുമാരെ സൂപ്പർവൈസ് ചെയ്യുന്ന പ്രവണതയും ഈ അനലിസ്റ്റുമാർ വിവിധ ഡിവിഷനുകളിലെ കേസുകൾ ചെയ്യുന്ന രീതിയും

നിലവിലുള്ളതായി കാണുന്നു (Cross Divisional Supervision). ഇത് കൃത്യമായ പ്രവർത്തനാവലോകനത്തിനു പ്രതിബന്ധമാവുകയും കണക്കിലെ കളികൾകൊണ്ട് ജോലിഭാരം സൂചിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.

7. അനലിസ്റ്റ് പരിശോധന പൂർത്തിയാക്കി സമർപ്പിക്കുന്ന കേസുകളിൽ സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ജോലി മാത്രമായി അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ മേൽനോട്ടം പലപ്പോഴും ചുരുങ്ങുന്നു.

## പ്രതിമാസ പ്രവർത്തനാവലോകനത്തിലെ (Monthly Review System) പോരായ്മകൾ

### 1) അനലിസ്റ്റിന്റെ പ്രവർത്തനം ശരിയായി വിലയിരുത്തപ്പെടുന്നില്ല

**4.61** വ്യത്യസ്ത പ്രതിമാസ ടാർജറ്റുള്ള കേസുകൾ നിലവിലുണ്ടെങ്കിലും അനലിസ്റ്റുമാരുടെ പ്രതിമാസറിപ്പോർട്ടിൽ പരിശോധിച്ച കേസുകളുടെ എണ്ണം മാത്രമാണ് സൂചിപ്പിക്കുന്നത്. ഇത് താരതമ്യേന എളുപ്പമുള്ള കേസുകൾ പരിശോധിക്കാൻ അനലിസ്റ്റുമാരെ പ്രേരിപ്പിക്കുന്നു. പ്രതിമാസ ടാർജറ്റിന്റെ എത്ര ശതമാനമാണ് ഒരു അനലിസ്റ്റ് കൈവരിച്ചത് എന്ന വിലയിരുത്തൽ നടത്തുന്നില്ല.

### 2) ഓരോ തലത്തിലും ഉത്തരവാദിത്തങ്ങൾ വ്യക്തമായി നിശ്ചയിച്ചിട്ടില്ല

**4.62** അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് ഒരു ഡിവിഷന്റെ ചുമതല നൽകിയിട്ടുണ്ടെങ്കിലും ചുമതല വഹിക്കുന്ന ഡിവിഷനിലെ എത്ര കേസുകളാണ് ഒരു മാസം തീർപ്പാക്കിയതെന്നോ ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സൂപ്പർവൈസ് ചെയ്ത അനലിസ്റ്റുമാർ ആ മാസം പ്രതിമാസ ടാർജറ്റിന്റെ എത്ര ശതമാനമാണ് തീർപ്പാക്കിയതെന്നോ വിലയിരുത്തുന്ന രീതി നിലവിലില്ല. കൂടാതെ ഓരോ ലബോറട്ടറിയിലും പ്രതിമാസം തീർപ്പാക്കിയ കേസുകളെ സംബന്ധിച്ച അവലോകനവും നടത്തപ്പെടുന്നില്ല.

**4.63** ഒരു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും ചുമതലകളും

സമീകരിക്കപ്പെടുമ്പോഴാണ് കാര്യക്ഷമമായ പ്രവർത്തനം അദ്ദേഹത്തിന് കാഴ്ചവെക്കാൻ കഴിയുന്നത്. (proper balance between authority and responsibility) നിലവിലുള്ള പ്രതിമാസ അവലോകനസംവിധാനത്തിൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ തലത്തിലും ജോയിന്റ് കെമിക്കൽ എക്സാമിനർ തലത്തിലും "Authority Without Responsibility " എന്ന അവസ്ഥാവിശേഷം സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്. തത്ഫലമായി പ്രതിമാസ അവലോകനത്തിൽ അനലിസ്റ്റിന്റെ വ്യക്തിഗത ടാർജറ്റ് എന്ന ലക്ഷ്യം (Individual Goal) മാത്രം വിലയിരുത്തപ്പെടുന്നതിനും വകുപ്പിന്റെ പൊതുവായ ലക്ഷ്യങ്ങൾ (Common Goals) അവഗണിക്കപ്പെടുന്നതിനും കാരണമാകുന്നു.

## 3) ഉത്തരവാദിത്തവും അംഗീകാരവും ഉറപ്പാക്കുന്നില്ല. (Lack of Accountability and reward System)

**4.64** താഴ്ന്ന പ്രകടനം കാഴ്ചവെക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനം കൃത്യമായി വിലയിരുത്തി ആവശ്യമായ തിരുത്തൽനടപടികൾ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നില്ല. ഇത് താഴ്ന്ന പ്രകടനം ആവർത്തിക്കുന്നതിന് കാരണമാകുന്നു എന്നു മാത്രമല്ല താരതമ്യേന മെച്ചപ്പെട്ട രീതിയിൽ കേസുകൾ തീർപ്പാക്കിയിരുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യത്തെയും അവരുടെ പ്രകടനത്തേയും ദോഷകരമായി ബാധിക്കുന്നതായാണ് കാണുന്നത്. ഇത് മൂലം മികച്ച രീതിയിൽ കേസുകൾ തീർപ്പാക്കാൻ കഴിയുന്നവർ പോലും പ്രതിമാസ ടാർജറ്റിന്റെ 70% മുതൽ 80% വരെ കേസുകൾ ചെയ്ത് താരതമ്യേന സുരക്ഷിതരായി തുടരാൻ ശ്രമിക്കുന്നു. മികച്ച പ്രകടനം പ്രോത്സാഹിപ്പിക്കപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ലായെന്നതു കൊണ്ട് കൂടുതൽ കേസുകൾ തീർപ്പാക്കാനുള്ള അവസരമുണ്ടായാലും അത് വിനിയോഗിക്കാതെ പരിശോധനകൾ പ്രതിമാസ ടാർജറ്റിനുള്ളിൽ പരിമിതപ്പെടുത്തുന്ന രീതിയും കണ്ടുവരുന്നു.

**4.65** ഇപ്രകാരം ഫലപ്രദമല്ലാത്ത പ്രതിമാസ പ്രവർത്തനാവലോകനം നിലവിലുള്ള മനുഷ്യവിഭവശേഷിയെ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് തടസ്സമാകുകയും ഇത് സാമ്പിളുകൾ കുന്നുകൂടുന്നതിൽ വലിയ പങ്ക് വഹിക്കുകയും ചെയ്യുന്നു.

**<u>d)ചീഫ് കെമിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തത്</u>**

**4.66** തിരുവനന്തപുരം ആസ്ഥാന ഓഫീസിലെ രണ്ട് ജോയിന്റ് കെമിക്കൽ എക്സാമിനർമാർ 3 അനലിസ്റ്റിനെ വീതവും റീജിയണൽ ലബോറട്ടറികളിലെ ജോയിന്റ് കെമിക്കൽ എക്സാമിനർമാർ ഓരോ അനലിസ്റ്റിനെ വീതവും സൂപ്പർവൈസ് ചെയ്യണമെന്നും 4–ൽ കുറവ് അനലിസ്റ്റുമാരെ സൂപ്പർവൈസ് ചെയ്യുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ആനുപാതികമായി കേസുകൾ എടുത്ത് സ്വന്തം നിലയ്ക്ക് പരിശോധിക്കണമെന്നും പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചുകൊണ്ടുള്ള 03.01.2018 –ലെ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

**4.67** ചീഫ് കെമിക്കൽ എക്സാമിനറുടെ പ്രസ്തുത നിർദേശം കൃത്യമായി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വകുപ്പിലെ ചുരുക്കം ചില അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ മാത്രമാണ് നാമമാത്രമായെങ്കിലും സ്വന്തം നിലയ്ക്ക് കേസുകൾ പരിശോധിക്കുന്നതെന്ന് പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട്. തിരുവനന്തപുരം ലബോറട്ടറിയിൽ ആകെ 26 അനലിസ്റ്റുമാരാണുള്ളത് (15 SO + 10 TA + 1 SA). ഇതിൽ 3 പേരെ വീതം 2 ജോയിന്റ് കെമിക്കൽ എക്സാമിനർമാർ സൂപ്പർവൈസ് ചെയ്താൽ ബാക്കിയുള്ള 20 പേരെ സൂപ്പർവൈസ് ചെയ്യാൻ 5 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ മനുഷ്യവിഭവശേഷിയേ ആവശ്യമായി വരികയുള്ളൂ. അതായത് 2 പേരുടെ മനുഷ്യ വിഭവ ശേഷി സാമ്പിൾ പരിശോധനകൾക്കായി മാറ്റിവയ്ക്കാൻ കഴിയുന്ന സ്ഥിതി കൈവരുമായിരുന്നു.

**4.68** എറണാകുളം ലബോറട്ടറിയിൽ 7 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് 17 അനലിസ്റ്റുമാരും (10 SO + 6 TA + 1 SA) കോഴിക്കോട് ലബോറട്ടറിയിൽ 5 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് 15 അനലിസ്റ്റുമാരുമാണ് (8 SO + 6 TA + 1 SA) നിലവിലുള്ളത്. ഇവിടങ്ങളിലെ ജോയിന്റ് കെമിക്കൽ എക്സാമിനർമാർ ഓരോ അനലിസ്റ്റിനെ വീതം സൂപ്പർവൈസ് ചെയ്താൽ എറണാകുളം ലബോറട്ടറിയിൽ ബാക്കിയുള്ള 16 അനലിസ്റ്റുമാരെ സൂപ്പർവൈസ് ചെയ്യാൻ 4 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ

മനുഷ്യവിഭവശേഷിയും കോഴിക്കോട് ലബോറട്ടറിയിൽ 14 അനലിസ്റ്റുമാരെ സൂപ്പർവൈസ് ചെയ്യാൻ 3.5 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ മനുഷ്യവിഭവശേഷിയും മതിയാകുന്നതാണ്. ഇതിലൂടെ എറണാകുളം ലബോറട്ടറിയിൽ 3 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ മനുഷ്യവിഭവശേഷിയും, കോഴിക്കോട് ലബോറട്ടറിയിൽ 1.5 പേരുടെ ശേഷിയും സാമ്പിൾ പരിശോധന ജോലികൾക്കായി പ്രയോജനപ്പെടുത്താൻ കഴിയുമായിരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ 2018 മുതൽ പ്രയോജനപ്പെടുത്തേണ്ടിയിരുന്ന ഈ മനുഷ്യ വിഭവശേഷി പാഴാക്കിയത് കേസുകളുടെ ആധിക്യത്തിന് ഒരു കാരണമാണ്.

**4.69** ഇതോടൊപ്പം എല്ലാ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരും നിലവിലുള്ള ചുമതലകൾക്ക് പുറമേ 20% നാർക്കോട്ടിക് കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധിക്കണമെന്ന ചീഫ് കെമിക്കൽ എക്സാമിനറുടെ 10.08.2018 -ലെ ഉത്തരവും നടപ്പിൽ വരുത്തിയിട്ടില്ല. ഇതും കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം വർധിക്കുന്നതിന് കാരണമായിട്ടുണ്ട്.

## e) സയന്റിഫിക് ഓഫീസർമാർ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കാത്തത്

**4.70** പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാരെ 1973 -ലെ ക്രിമിനൽ പ്രൊസീജിയർ കോഡിന്റെ വകുപ്പ് 293 പ്രകാരമുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരായി നിയോഗിച്ചുകൊണ്ട് 29.07.2020 -ലെ സ.ഉ (അച്ചടി) 39/2020/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രൊബേഷൻ പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാർക്ക് പരിശോധനാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരമാണ് ഈ ഉത്തരവിലൂടെ കൈവന്നത്. എന്നാൽ സർക്കാർ ഉത്തരവിറങ്ങി 4 വർഷത്തോളമായിട്ടും ഇത് നടപ്പിലാക്കിയിട്ടില്ല. ഈ ഉത്തരവ് നടപ്പിലാക്കിയിരുന്നെങ്കിൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് സൂപ്പർവൈസ് ചെയ്യേണ്ടിവരുന്ന അനലിസ്റ്റുമാരുടെ എണ്ണം ഗണ്യമായി കുറയുകയും അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് ഒട്ടനവധി കേസുകൾ സ്വന്തം നിലയിൽ പരിശോധിച്ച് ഫലം

നൽകാൻ കഴിയുകയും ചെയ്യുമായിരുന്നു. ഈ സർക്കാർ ഉത്തരവ് നടപ്പിലാക്കിയിരുന്നെങ്കിൽ കേസുകളുടെ എണ്ണം വലിയൊരളവുവരെ കുറയ്ക്കുന്നതിന് കഴിയുമായിരുന്നു.

**4.71** 29.07.2020 –ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം, ഈ ഉത്തരവ് നടപ്പിലാക്കിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ഗുണഫലങ്ങൾ, ഉത്തരവ് നടപ്പിലാക്കേണ്ടതിൻറെ ആവശ്യകത തുടങ്ങിയ വിവിധ വിഷയങ്ങൾ പഠനസംഘം പരിശോധിക്കുകയുണ്ടായി. ഇതിൻറെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യം.</u>**

**4.72** കെമിക്കൽ ലബോറട്ടറികളിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാർക്ക് പരിശോധനാ സർട്ടിഫിക്കറ്റ് ഒപ്പിടുന്നതിനുള്ള അധികാരം നൽകണമെന്ന നിർദേശം സർക്കാരിൽ സമർപ്പിച്ചത് ചീഫ് കെമിക്കൽ എക്സാമിനർ ആണ്. ഇതുമായി ബന്ധപ്പെട്ട് 10/01/2019, 06/11/2019 തീയതികളിൽ സർക്കാരിൽ സമർപ്പിച്ച കത്തുകളിൽ ഈ നിർദേശത്തിന് ഉപോത്ബലകമായി ചുവടെപ്പറയുന്ന കാരണങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയിരുന്നത്.

1. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ ആകെ 33 സയന്റിഫിക് ഓഫീസർമാരാണുള്ളത്. നിലവിലെ മാർഗനിർദേശം അനുസരിച്ച് ഇവർ എട്ട് സൂപ്പർവൈസിംഗ് ഓഫീസർമാരുടെ കീഴിലാണ് ജോലിചെയ്യുന്നത്. എന്നാൽ സയന്റിഫിക് ഓഫീസർമാർക്ക് റിപ്പോർട്ടിംഗ് ഓഫീസർ പദവി നൽകുകയാണെങ്കിൽ ഇപ്പോഴുള്ള അസ്സിസ്റ്റന്റ് കെമിക്കൽ എക്സാമിനർ മുതലുള്ള സൂപ്പർവൈസിംഗ് ഓഫീസർമാർക്ക് സ്വന്തമായി കൂടുതൽ കേസുകൾ പരിശോധന നടത്തി റിപ്പോർട്ട് നൽകാനുള്ള സമയം ലഭ്യമാകും. അതുവഴി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും.
2. ക്രിമിനൽ നടപടി നിയമത്തിലെ വകുപ്പ് 293 ഉപവകുപ്പ് 4 (a) പ്രകാരമാണ് വകുപ്പിനു കീഴിലുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ മുതൽ മുകളിലേക്കുള്ള തസ്തികയിലുള്ളവരെ റിപ്പോർട്ടിംഗ് ഓഫീസർമാരായി നിശ്ചയിച്ചിട്ടുള്ളത്.

അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ, സയന്റിഫിക് ഓഫീസർ തസ്തികകൾ ഗസറ്റഡ് റാങ്കിലുള്ളതും ഒരേ വിദ്യാഭ്യാസ യോഗ്യത ആവശ്യപ്പെടുന്നവയുമാണ്.

3. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലും, പശ്ചിമ ബംഗാൾ, കർണ്ണാടകം, കേരളം, തമിഴ്നാട് തുടങ്ങി ഇന്ത്യയിലെ വിവിധ സംസ്ഥാന ഫോറൻസിക് ലബോറട്ടറികളിലും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയുടെ സമാന തസ്തികകളെ റിപ്പോർട്ടിംഗ് ഓഫീസറായി അംഗീകരിച്ചിട്ടുണ്ട്.

4. N.Muraleedharan Nair V. State എന്ന കേസിൽ (CRL. A- 822/2007) ഡൽഹി ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 01.04.2009 ലെ വിധിന്യായം സയന്റിഫിക് ഓഫീസർ തസ്തികയെ എക്സ് ഒഫിഷ്യോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാക്കുന്ന നടപടിയെ സാധൂകരിക്കുന്നു.

5. വകുപ്പിനു കീഴിൽ 19 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാണുള്ളത്. സയന്റിഫിക് ഓഫീസർമാർ എക്സ് ഒഫിഷ്യോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാകുന്നതിലൂടെ റിപ്പോർട്ടിംഗ് ഓഫീസർമാരാകുകയും അവർ ചെയ്യുന്ന കേസുകൾ സ്വയം ഒപ്പിട്ട് കോടതികൾക്ക് അയച്ചു കൊടുക്കുന്നത് സാധ്യമാകുകയും ചെയ്യും. അപ്പോൾ ഈ 19 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരിൽ അഞ്ചോ ആറോ പേരെ വകുപ്പിനു കീഴിലുള്ള ലബോറട്ടറികളിലെ ആകെ ഇരുപത്തഞ്ചോളം വരുന്ന ടെക്നിക്കൽ/സെറോളജിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ അനലിസ്റ്റുകൾ ചെയ്യുന്ന കേസുകളുടെ റിപ്പോർട്ടിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിന് ഉപയോഗപ്പെടുത്തി, ബാക്കി 14 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരെ പരിശോധനാ ജോലികൾക്ക് ലഭ്യമാക്കുവാൻ സാധിക്കും. ഇതു വഴി 14 രാസപരിശോധക തസ്തികകൾ സൃഷ്ടിക്കുന്നതിന് തുല്യമായ സാഹചര്യം ഉളവാകുകയും പൊതു ഖജനാവിന് സാമ്പത്തിക നഷ്ടമില്ലാതെ കെട്ടിക്കിടക്കുന്ന കേസുകൾ ഒരു പരിധി വരെ തീർപ്പാക്കുന്നതിന് സഹായകമാകുകയും ചെയ്യും.

6. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് വകുപ്പ് ശിപാർശ ചെയ്യുന്ന 2 വർഷം

നീളുന്ന സമഗ്ര പദ്ധതിയുമായി സയന്റിഫിക് ഓഫീസർമാരെ റിപ്പോർട്ടിംഗ് ഓഫീസർമാരാക്കുന്ന തീരുമാനം ബന്ധപ്പെട്ട് കിടക്കുന്നു. പൊതു ഖജനാവിന് ഏറ്റവും സാമ്പത്തിക ഭാരം കുറവുള്ളതും ഏറ്റവും കാര്യക്ഷമവുമായ കുടിശ്ശിക നിർമ്മാർജന പദ്ധതിയാണ് വകുപ്പ് വിഭാവനം ചെയ്യുന്നത്. ഇത് പ്രകാരം താൽക്കാലിക / കരാർ അടിസ്ഥാനത്തിൽ ലബോറട്ടറിയിൽ എംപ്ലോയ്മെന്റ് നിയമനം നേടി മുൻ പരിചയമുള്ള 45 ജീവനക്കാരെ രണ്ട് വർഷത്തേക്ക് നിയമിച്ച് മുഴുവൻ കെട്ടിക്കിടക്കുന്ന കേസുകളും തീർപ്പാക്കുവാൻ സാധിക്കും. ഇത്തരത്തിൽ നിയമനം നടത്തുന്ന താൽക്കാലിക/കരാർ ജീവനക്കാരുടെ റിപ്പോർട്ടിംഗ് ഓഫിസർമാരായി 14 അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരെ ഉപയോഗപ്പെടുത്തുവാനും കഴിയും.

**4.73** ആഭ്യന്തരവകുപ്പിൽ നിന്നും പ്രസ്തുത സർക്കാർ ഉത്തരവിന്റെ തീർപ്പ് ഫയൽ ലഭ്യമാക്കി പഠനസംഘം പരിശോധിക്കുകയുണ്ടായി. ചീഫ് കെമിക്കൽ എക്സാമിനറുടെ കത്തിലെ നിർദേശങ്ങൾ ആഭ്യന്തര വകുപ്പ് വിശദമായി പരിശോധിച്ചിരുന്നതായി കാണുന്നു. സയന്റിഫിക് ഓഫീസർമാർക്ക് പരിശോധനാ സർട്ടിഫിക്കറ്റ് ഒപ്പിടുന്നതിനുള്ള അധികാരം നൽകുന്നതിന് നിയമപരമായ തടസ്സങ്ങളില്ലായെന്ന് നിയമവകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആഭ്യന്തരവകുപ്പ് പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**4.74** കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലും, പശ്ചിമ ബംഗാൾ, കർണ്ണാടകം, കേരളം, തമിഴ്നാട് തുടങ്ങി ഇന്ത്യയിലെ വിവിധ സംസ്ഥാന ഫോറൻസിക് ലബോറട്ടറികളിലും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയുടെ സമാന തസ്തികകളെ റിപ്പോർട്ടിംഗ് ഓഫീസറായി അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തമിഴ്നാട് സർക്കാരിന്റെ 28.05.2002 ലെ ജി.ഒ.(എം.എസ്) 446 നമ്പർ ഉത്തരവിന്റെ പകർപ്പ് **അനുബന്ധം – III** ൽ കാണാവുന്നതാണ്.

## <u>ഉത്തരവ് നടപ്പിലാക്കാത്തതിന്റെ കാരണം</u>

**4.75** കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ

കഴിയുന്ന നിർദേശമടങ്ങിയ ഒരു സർക്കാർ ഉത്തരവിറങ്ങി നാല് വർഷത്തോളമായിട്ടും ആയത് വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാത്തതിന്റെ കാരണം എന്താണെന്ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരോട് ആരാഞ്ഞുവെങ്കിലും അതിന് വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ അവർക്ക് സാധിച്ചില്ല. ഈ സർക്കാർ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല എന്ന വിവരം സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുമില്ല. വിശദമായ പരിശോധനകൾക്ക് ശേഷം സർക്കാർ പുറപ്പെടുവിച്ച ഒരു ഉത്തരവിലെ നിർദ്ദേശമാണ് യാതൊരു കാരണങ്ങളും ഇല്ലാതെ നാളിതുവരെ നടപ്പിലാക്കാതെ ഇരിക്കുന്നത്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ഭരണ നിർവഹണത്തിലെ പോരായ്മകളെക്കുറിച്ച് ഈ റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഗുരുതരമായ കൃത്യവിലോപത്തിന്റെ ഉത്തമ ദൃഷ്ടാന്തമായി ഈ നടപടിയെ കാണാവുന്നതാണ്.

## ഫോറൻസിക് പരിശോധനയിൽ അനുഭവ സമ്പത്തിനുള്ള പ്രാധാന്യം

**4.76** ഫോറൻസിക് പരിശോധനയിൽ അനുഭവസമ്പത്തിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്. ദീർഘനാളത്തെ പ്രവൃത്തിപരിചയത്തിലൂടെ ആർജ്ജിച്ചെടുത്ത വിശാലമായ വിജ്ഞാന അടിത്തറ, വിശകലന വൈദഗ്ധ്യം, സൂക്ഷ്മമായ സൂചനകൾ/പാറ്റേണുകൾ തിരിച്ചറിയാനുള്ള കഴിവ് എന്നിവ ഫലപ്രദമായി വിനിയോഗിച്ച് വളരെ കൃത്യതയോടെയും വേഗത്തിലും ശരിയായ ശാസ്ത്രീയ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിന് ഈ മേഖലയിലെ പരിചയസമ്പന്നത അനലിസ്റ്റുമാരെ വലിയൊരളവിൽ സഹായിക്കുന്നു.

**4.77** ഫോറൻസിക് പരിശോധനാ രംഗത്ത് ദീർഘകാലത്തെ അനുഭവമുള്ള കേരളത്തിലെ ഒരു ഫോറൻസിക് ശാസ്ത്രജ്ഞയുടെ അഭിമുഖം അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് 2024 മാർച്ച് മാസം 8 – ാം തീയതിയിലെ മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ ശാസ്ത്രജ്ഞയുടെ വാക്കുകൾ ചുവടെ ചേർക്കുന്നു.

"പരിശോധനകളിൽ എത്ര കഷ്ടപ്പെട്ടിട്ടാണെങ്കിലും തെളിവ് കണ്ടെത്തുക എന്നതാണ് പ്രധാനം. സെപ്റ്റിക് ടാങ്കുകൾക്കുള്ളിൽ വരെ പരിശോധന

നടത്തേണ്ടതായി വരും. റോഡില്ലാത്ത സ്ഥലങ്ങളിലൂടെ സഞ്ചരിക്കേണ്ടിവരും. കോടതിയിലും കണ്ടെത്തിയ തെളിവുകൾ തെറ്റിയിട്ടില്ലെന്ന് സമർത്ഥിക്കണം. ജോലിയിൽക്കയറിയ ആദ്യ കാലങ്ങളിലായിരുന്നു ഇതിലൊക്കെ ബുദ്ധിമുട്ട് തോന്നിയത്. മണം കൊണ്ടുപോലും തെളിവുകൾ ശേഖരിക്കുന്ന രീതിയിലേക്ക് അനുഭവങ്ങൾ തങ്ങളെ മാറ്റും"

**4.78** ശാസ്ത്രീയ തെളിവുകൾ അപഗ്രഥിക്കുന്നതിലും ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിലും അനുഭവസമ്പത്തിന് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഈ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

## <u>അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ഇപ്പോൾ നിർവഹിക്കുന്ന ചുമതലകൾ</u>

**4.79** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ ടെക്നിക്കൽ അസിസ്റ്റന്റ്/സയന്റിഫിക് ഓഫീസർ തസ്തികകളിൽ പ്രവർത്തിച്ച് വിവിധതരം സാമ്പിളുകളുടെ പരിശോധനയിൽ വർഷങ്ങളുടെ അനുഭവ സമ്പത്ത് നേടിയ ഉദ്യോഗസ്ഥരാണ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരായി സ്ഥാനക്കയറ്റം നേടുന്നത്. എന്നാൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരായി നിയമിക്കപ്പെടുന്നതോടെ ഇവരുടെ ചുമതല ഡിവിഷൻ ഹെഡ് എന്ന നിലയിൽ അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കൽ, അനലിസ്റ്റുമാർ പരിശോധന പൂർത്തിയാക്കി സമർപ്പിക്കുന്ന കേസുകളുടെ സർട്ടിഫിക്കറ്റിൽ ഒപ്പുവയ്ക്കൽ തുടങ്ങിയവയായി മാറുന്നു. ഇതിലൂടെ സാമ്പിൾ പരിശോധനയെന്ന അടിസ്ഥാനവും പരമപ്രധാനവുമായ ജോലിയിൽ ഇവരുടെ അറിവും അനുഭവസമ്പത്തും പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യമാണ് സംജാതമാകുന്നത് .

**4.80** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിലെ വിവിധ ഡിവിഷനുകളിൽ ലഭിക്കുന്ന സാമ്പിളുകളിൽ ബഹുഭൂരിപക്ഷത്തിനും സമാന രീതിയിലുള്ള പരിശോധനകൾ തന്നെയാണ് ആവശ്യമായി വരുന്നതെന്ന് കാണാം . ഈ പരിശോധനകൾ നടത്തുന്ന അനലിസ്റ്റുമാരെ സംബന്ധിച്ചിടത്തോളം അവർ ജോലിയിൽ പ്രവേശിക്കുന്ന ആദ്യഘട്ടത്തിൽ, വിവിധ പരിശോധനാ രീതികളിൽ പ്രാവീണ്യം നേടുന്നത് വരെ, ഈ മേഖലയിൽ പരിചയസമ്പത്തുള്ള ഒരു സീനിയർ ഉദ്യോഗസ്ഥന്റെ മേൽനോട്ടം

ആവശ്യമായി വരുമെങ്കിലും ഒന്നോ രണ്ടോ വർഷങ്ങൾ കഴിയുമ്പോൾ അവർക്ക് സ്വന്തം നിലയ്ക്ക് തന്നെ കേസുകൾ ചെയ്യുന്നതിനുള്ള പ്രാപ്തി കൈവരുന്നതാണ്. ഈയൊരു ഘട്ടത്തിൽ അനലിസ്റ്റുമാർ ചെയ്യുന്ന ഓരോ കേസിനും പ്രത്യേകമായി മേൽനോട്ടം വഹിക്കേണ്ട ആവശ്യകത ഇല്ലായെന്ന് മാത്രമല്ല അത്തരമൊരു മേൽനോട്ടം പ്രായോഗികവുമല്ലായെന്നാണ് ഈ രംഗത്തുള്ള വിദഗ്ധരുമായുള്ള ആശയവിനിമയത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ആയതിനാൽ പതിവ് പരിശോധനാ രീതികളിൽ നിന്നും വ്യത്യസ്തമായ പരിശോധനകൾ നടത്തേണ്ടി വരുന്നതോ അല്ലെങ്കിൽ മറ്റെന്തെങ്കിലും സങ്കീർണ്ണതകൾ ഉള്ളതോ ആയ കേസുകൾക്ക് മാത്രമേ ഇത്തരം ഒരു മേൽനോട്ടം ആവശ്യമായി വരുന്നുള്ളൂ എന്ന് കാണാവുന്നതാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ നിലവിൽ നിർവഹിച്ചു വരുന്ന ചുമതലകളിൽ മാറ്റങ്ങൾ വരുത്തേണ്ടത് അത്യാവശ്യമാണ്.

## <u>കേരളത്തിലെ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സ്ഥിതി</u>

**4.81** ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് സമാനമായ തസ്തിക അസിസ്റ്റന്റ് ഡയറക്ടറുടേതാണ്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലേതു പോലെതന്നെ സയന്റിഫിക് ഓഫീസർ തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയാണിത്. ഇവിടെ സയന്റിഫിക് ഓഫീസർമാരും അസിസ്റ്റന്റ് ഡയറക്ടർമാരും സ്വന്തം നിലയ്ക്ക് സാമ്പിളുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റുകൾ നൽകിവരുകയാണ് ചെയ്യുന്നത്. അതായത് അസിസ്റ്റന്റ് ഡയറക്ടർ ഒരു ഡിവിഷന്റെ മേധാവിയായി പ്രവർത്തിക്കുമ്പോൾ തന്നെ സാമ്പിളുകൾ സ്വന്തം നിലയ്ക്ക് പരിശോധിച്ചു സർട്ടിഫിക്കറ്റ് നൽകുന്നു. ആ ഡിവിഷനിലെ സയന്റിഫിക് ഓഫീസർമാരും സാമ്പിളുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിവരുന്നു. സാമ്പിൾ പരിശോധനയുടെ കാര്യത്തിൽ സയന്റിഫിക് ഓഫീസർമാരും അസിസ്റ്റന്റ് ഡയറക്ടർമാരും അനലിസ്റ്റ് എന്ന നിലയിൽ പ്രവർത്തിക്കുന്നു. ഡിവിഷൻ ഹെഡായ അസിസ്റ്റന്റ് ഡയറക്ടർ ഡിവിഷന്റെ പൊതുവിലുള്ള ചുമതലകളും ഭരണപരമായ ചുമതലകളും നിർവഹിക്കുന്നു. സാമ്പിൾ പരിശോധനയിൽ പരിചയ സമ്പന്നരായ മുതിർന്ന ഉദ്യോഗസ്ഥർ സാമ്പിളുകൾ സ്വന്തം നിലക്ക്

പരിശോധിക്കുന്ന മാതൃക കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിലും നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.82** ഫോറൻസിക് പരിശോധനാ രംഗത്ത് അനുഭവസമ്പത്തിന് വളരെ വലിയ സ്ഥാനമുണ്ടെന്നിരിക്കെ സാമ്പിൾ പരിശോധനയിൽ അനുഭവസമ്പത്തുള്ള ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം ലഭിക്കുന്നതോടെ അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്നു എന്ന പേരിൽ സാമ്പിൾ പരിശോധനയിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കുന്നത് ലബോറട്ടറികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിനും ഒട്ടും തന്നെ സഹായകരമായ നടപടിയല്ല. ലബോറട്ടറികളിൽ പരിശോധന കാത്ത് ആയിരക്കണക്കിന് സാമ്പിളുകൾ കെട്ടിക്കിടക്കുമ്പോഴാണ് അവ പരിശോധിക്കുന്നതിനുള്ള മനുഷ്യവിഭവശേഷി ഇത്തരത്തിൽ പാഴായി പോകുന്നത് എന്നത് പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്.

**4.83** കെമിക്കൽ ലബോറട്ടറികളിൽ സാമ്പിളുകൾ കെട്ടിക്കിടക്കുന്നതിന് കാരണമായി പൊതുവേ ചൂണ്ടിക്കാണിക്കപ്പെടുന്നത് ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതാണ്. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകളിലും ബഹു. കോടതികളിൽ നിന്നുണ്ടാകുന്ന നിരീക്ഷണങ്ങളിലും ഇക്കാര്യം പ്രതിപാദിക്കാറുണ്ട്. പൊതുസമൂഹത്തിലും ഇത്തരം ഒരു ധാരണ ശക്തമായി നിലനിൽക്കുന്നുണ്ട്. വിവരശേഖരണവേളയിൽ ലബോറട്ടറികളിൽ കേസുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണങ്ങൾ ആരായുകയുണ്ടായി. കുറച്ച് ഉദ്യോഗസ്ഥർ പരിശോധനാ ഉപകരണങ്ങളുടെ ആവശ്യകത ഉൾപ്പെടെയുള്ള കാര്യങ്ങൾ മുന്നോട്ട് വച്ചപ്പോൾ ഭൂരിപക്ഷം ഉദ്യോഗസ്ഥരും അധിക തസ്തികകൾ വേണമെന്ന നിർദ്ദേശമാണ് പഠനസംഘത്തിന് മുന്നിൽ വച്ചത്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ കേസുകൾ കെട്ടിക്കിടക്കുന്നത് ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്തതുകൊണ്ട് മാത്രമാണെന്ന പൊതുബോധനിർമിതിയിൽ ചെറുതല്ലാത്ത പങ്ക് ഈ നിലപാട് വഹിച്ചിട്ടുണ്ട്.

**4.84** കേസുകൾ കെട്ടിക്കിടക്കുന്നതിന് ജീവനക്കാരുടെ അഭാവം ഒരു ഘടകമാണെങ്കിലും ഈ ലബോറട്ടറികളുടെ നിലവിലുള്ള അവസ്ഥയിൽ മാറ്റം

വരുത്തുന്നതിന് അധികം ജീവനക്കാരെ അനുവദിക്കുക മാത്രമാണ് പോംവഴി എന്ന് പഠനസംഘം കരുതുന്നില്ല. കെമിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം പൊതുസമൂഹത്തിൽ നിന്നും ഇതര സർക്കാർ സംവിധാനങ്ങളിൽ നിന്നും വേറിട്ട് നിൽക്കുന്ന ഒന്നായതിനാൽ ലബോറട്ടറികളുടെ നടത്തിപ്പിലെ മിസ് മാനേജ്മെന്റും പ്രൊഫഷനലിസം ഇല്ലായ്മയും പൊതുശ്രദ്ധയിൽ വരുന്നില്ല എന്നതാണ് പരമാർത്ഥം.

**4.85** ഒരു വകുപ്പ്/സ്ഥാപനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് മനുഷ്യവിഭവശേഷി അനിവാര്യമായ ഘടകം തന്നെയാണ്. എന്നാൽ അതുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്ന ഘടകമാണ് നിലവിലുള്ള വിഭവശേഷിയെ എത്രമാത്രം ഫലപ്രദമായി വിനിയോഗിക്കുന്നു എന്നുള്ളത്. നിലവിലുള്ള മനുഷ്യ വിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കാതെ അധിക തസ്തികകൾ കൂടി അനുവദിച്ചാൽ അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ല എന്ന് കാണാവുന്നതാണ്.

**4.86** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ സാമ്പിളുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണമായി പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ട വസ്തുതകളാണ് മുൻ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമവും കൂടുതൽ ഫലപ്രദവും ആക്കുന്നതിനും സഹായകമാകുന്ന ശിപാർശകൾ തുടർന്നുള്ള ഭാഗങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

### a) സയന്റിഫിക് ഓഫീസർമാർക്ക് സർട്ടിഫിക്കറ്റിൽ ഒപ്പ് വയ്ക്കുന്നതിനുള്ള അധികാരം നൽകിയ സർക്കാർ ഉത്തരവ് നടപ്പിലാക്കുക.

**4.87** പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാരെ ക്രിമിനൽ നടപടി നിയമത്തിലെ വകുപ്പ് 293 പ്രകാരമുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരായി നിയോഗിച്ചുകൊണ്ട് 29.07.2020 –ലെ സ.ഉ (അച്ചടി) 39/2020/ആഭ്യന്തരം പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കാത്തതിന്റെ ദോഷഫലങ്ങളെക്കുറിച്ച് ഈ റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കെമിക്കൽ

എക്സാമിനേഴ്സ് ലബോറട്ടറികളിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ സേവനം സാമ്പിൾ പരിശോധനയിൽ കൂടി വിനിയോഗിക്കുന്നതിനായി 29.7.2020 – ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം അടിയന്തരമായി നടപ്പിൽ വരുത്തേണ്ടതുണ്ട്.

**4.88** ആയതിനാൽ **പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാരെ പരിശോധനാ സർട്ടിഫിക്കറ്റ് ഒപ്പിട്ടുനൽകുന്നതിന് അധികാരപ്പെടുത്തുന്ന 29.07.2020 – ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുവാൻ പഠനസംഘം ശിപാർശ ചെയ്യുന്നു. ഈ നിർദ്ദേശം ഉടനടി നടപ്പിൽ വരുത്തുന്നുവെന്ന് ആഭ്യന്തരവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.**

## അനലിസ്റ്റുമാരുടെ മേൽനോട്ട ചുമതല

**4.89** പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാരെ ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാക്കി കൊണ്ടുള്ള 29.7.2020–ലെ സർക്കാർ ഉത്തരവ് നടപ്പാക്കപ്പെട്ടുമ്പോൾ വകുപ്പിലെ അനലിസ്റ്റുമാർ സ്വന്തമായി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താൻ അധികാരപ്പെട്ടവരെന്നും പ്രസ്തുത അധികാരം ലഭിച്ചിട്ടില്ലാത്തവരെന്നുമുള്ള രണ്ട് വിഭാഗങ്ങളായി മാറുന്നതാണ്. സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം കൈവന്ന അനലിസ്റ്റുമാർ പരിശോധിക്കുന്ന കേസുകളുടെ സർട്ടിഫിക്കറ്റ് അവർക്ക് തന്നെ ഒപ്പിട്ടു നൽകാം എന്നതിനാൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് സാക്ഷ്യപ്പെടുത്തേണ്ടി വരുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നതാണ്. ഈ ഒരു സാഹചര്യത്തിൽ സ്വന്തമായി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അർഹത നേടാത്ത അനലിസ്റ്റിന്റെ മേൽ ആവശ്യമായി വരുന്ന അതേ അളവിലുള്ള മേൽനോട്ടം സർട്ടിഫിക്കറ്റ് ഒപ്പിട്ടു നൽകുന്ന ഒരു അനലിസ്റ്റിനുമേൽ വേണ്ടി വരില്ല. സർട്ടിഫിക്കറ്റ് നൽകാൻ യോഗ്യത ലഭിച്ചിട്ടില്ലാത്ത അനലിസ്റ്റിന്റെ പരിശോധനകളിൽ മേൽനോട്ടം വഹിച്ച് സർട്ടിഫിക്കറ്റ് ഒപ്പിട്ടു നൽകുന്നതിനായി വേണ്ടിവരുന്ന മനുഷ്യപ്രയത്നത്തിന്റെ പകുതി മാത്രമേ ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറായ അനലിസ്റ്റിന്റെ മേൽനോട്ടത്തിനായി വേണ്ടി വരികയുള്ളൂവെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.90** ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ 4 അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കണമെന്നും നാലിൽ കുറവ് അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്നവർ ആനുപാതികമായി കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധിച്ച സർട്ടിഫിക്കറ്റ് നൽകണമെന്നുമാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ 29.7.2020-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതോടെ വകുപ്പിലെ അനലിസ്റ്റുമാർ മേൽ സൂചിപ്പിച്ച തരത്തിൽ വ്യത്യസ്ത ചുമതലയുള്ള രണ്ട് വിഭാഗങ്ങളായി മാറുന്നതിനാൽ പ്രസ്തുത രണ്ടു വിഭാഗങ്ങളിലുമുള്ള അനലിസ്റ്റുമാരുടെ മേൽനോട്ടം ഒരേതരത്തിൽ പരിഗണിക്കുന്നത് യുക്തിസഹമാവുകയില്ല. ആയതിനാൽ മാറുന്ന സാഹചര്യത്തിനനുസൃതമായി അനലിസ്റ്റുമാരുടെ മേൽനോട്ടം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ടത് ആവശ്യമാണ്. **ഈ വസ്തുതകളെല്ലാം കണക്കിലെടുത്ത് അനലിസ്റ്റുമാരുടെ മേൽനോട്ടം സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.**

1. **ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ 4 അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.**

2. **ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ മേൽനോട്ടം വഹിക്കുന്ന അനലിസ്റ്റുമാരുടെ എണ്ണം കണക്കാക്കുമ്പോൾ 29.7.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറായി നിയമിച്ചിട്ടുള്ള രണ്ട് അനലിസ്റ്റുമാരുടെ മേൽനോട്ടമെന്നത് ഒരു അനലിസ്റ്റിന്റെ മേൽനോട്ടം എന്ന അനുപാതത്തിൽ കണക്കാക്കേണ്ടതാണ്. (ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ആയിട്ടുള്ള 2 അനലിസ്റ്റുമാരുടെ മേൽനോട്ടം = ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ അല്ലാത്ത ഒരു അനലിസ്റ്റിന്റെ മേൽനോട്ടം) . ഉദാഹരണമായി ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ആയ 2 അനലിസ്റ്റുമാരുടേയും ഡീംഡ് കെമിക്കൽ എക്സാമിനർ അല്ലാത്ത 2 അനലിസ്റ്റുമാരുടേയും മേൽനോട്ടം വഹിക്കുകയാണെങ്കിൽ പ്രസ്തുത അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ മേൽനോട്ടം വഹിക്കുന്ന അനലിസ്റ്റുമാരുടെ എണ്ണം 3 ആയി (1+2 =3) പരിഗണിക്കേണ്ടതാണ്.**

3. **മുകളിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കുമ്പോൾ 4-ൽ കുറവ് അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ആനുപാതികമായി കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധിച്ച സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.**

4. **മെച്ചപ്പെട്ട രീതിയിലുള്ള മേൽനോട്ടം ഉറപ്പുവരുത്തുന്നതിനായി അനലിസ്റ്റുമാരെ വിവിധ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് കീഴിൽ സന്തുലിതമായി വിന്യസിക്കേണ്ടതാണ്.**

**b)ഡിവിഷനിലെ കേസുകളുടെ എണ്ണത്തിന് ആനുപാതികമായി അനലിസ്റ്റുമാരെ നിയോഗിക്കുക.**

**4.91** 31/12/2023 വരെയുള്ള കണക്കുകൾ പ്രകാരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ പരിശോധന കാത്തുകിടക്കുന്ന കേസുകളുടെ **98.7%** ഉം ടോക്സിക്കോളജി, നർക്കോട്ടിക്സ്, എക്സൈസ് എന്നീ വിഭാഗങ്ങളിലാണുള്ളത്. ആയതിനാൽ ഈ ഡിവിഷനുകളിലേക്ക് കൂടുതൽ അനലിസ്റ്റുമാരെ നിയോഗിച്ചാൽ മാത്രമേ കൂടുതൽ കേസുകൾ പരിശോധിച്ച് തീർപ്പാക്കുവാൻ സാധിക്കുകയുള്ളൂ.

**4.92** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിലെ സാങ്കേതിക വിഭാഗം തസ്തികകൾ എല്ലാം തന്നെ ഒരു യൂണിറ്റായാണ് പരിഗണിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഈ ജീവനക്കാരെ ആവശ്യാനുസരണം വ്യത്യസ്ത ഡിവിഷനുകളിൽ നിയമിക്കുന്നതിന് യാതൊരു തടസ്സവുമില്ല. ആയതിനാൽ കേസുകൾ കുറവുള്ള വിഭാഗങ്ങളിൽ കൂടുതൽ അനലിസ്റ്റുമാരെ നിയോഗിക്കുന്ന രീതി ഒഴിവാക്കി **കേസുകളുടെ എണ്ണത്തിന് ആനുപാതികമായി ഡിവിഷനുകളിൽ അനലിസ്റ്റുമാരുടെ സേവനം ലഭിക്കുന്ന തരത്തിൽ ജീവനക്കാരെ പൂൾ ചെയ്ത് നിയമിക്കുന്നതിനുള്ള നടപടികൾ ലബോറട്ടറി തലത്തിൽ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. വളരെ കുറവ് എണ്ണം കേസുകൾ മാത്രം പരിശോധിക്കേണ്ടിവരുന്ന സെറോളജി, ജനറൽ കെമിസ്ട്രി എന്നീ ഡിവിഷനുകളിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെയും അനലിസ്റ്റുമാരുടയും സേവനം ആവശ്യമായ സന്ദർഭങ്ങളിൽ മാത്രം ആ**

**ഡിവിഷനുകളിൽ പ്രയോജനപ്പെടുത്തി, മറ്റുസമയങ്ങളിൽ കേസുകൾ കൂടുതലുള്ള ഡിവിഷനുകളിൽ പരിശോധനയ്ക്കായി നിയോഗിക്കേണ്ടതാണ്.**

## c) പരിശോധനാ ഉപകരണങ്ങൾ പൂർണ്ണശേഷിയിൽ പ്രയോജനപ്പെടുത്തുക

**4.93** പരിശോധനാ ഉപകരണങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ യഥാസമയം പരിഹരിക്കാത്തത്, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദഗ്ധ്യക്കുറവ്, സാമ്പ്രദായിക പരിശോധനാ രീതികളെ കൂടുതൽ ആശ്രയിക്കുന്ന ജീവനക്കാരുടെ മനോഭാവം മുതലായവ ലബോറട്ടറികളിലുള്ള അത്യാധുനിക ഉപകരണങ്ങൾ അവയുടെ പൂർണ്ണശേഷിയിൽ പ്രയോജനപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിച്ച് **പരിശോധനാ ഉപകരണങ്ങളുടെ പൂർണ്ണശേഷിയിലുള്ള വിനിയോഗം ഉറപ്പുവരുത്തുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.**

1. **ഒരു ഡിവിഷന് അനുവദിച്ചിട്ടുള്ള പരിശോധനാ ഉപകരണങ്ങൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ആ ഡിവിഷന്റെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറിൽ നിക്ഷിപ്തമാക്കേണ്ടതാണ്.**

2. **ഉപകരണങ്ങളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഉപകരണങ്ങളിലെ പരിശോധന ആവശ്യമായി വരുന്ന സമാനകേസുകൾ ഒരു ബാച്ചായി പ്രോസസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

3. **തിരുവനന്തപുരം ലബോറട്ടറിയിൽ ഒരു ജോയിന്റ് കെമിക്കൽ എക്സാമിനറേയും എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഓരോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരേയും ലബോറട്ടറികളിലെ പരിശോധനാ ഉപകരണങ്ങളുടെ മേൽനോട്ട ചുമതലയുള്ള ഇൻസ്ട്രുമെന്റേഷൻ ഓഫീസറായി നിയമിച്ചിട്ടുണ്ട്. വിവിധ പരിശോധനാ ഉപകരണങ്ങളുടെ പ്രവർത്തന രീതി, ഇവയിൽ സാമ്പിളുകൾ പരിശോധിക്കുന്ന വിധം, പരിശോധനാ വേളയിൽ ഉണ്ടാകാനിടയുള്ള ചെറിയ സാങ്കേതിക തടസ്സങ്ങൾ, അവ**

പരിഹരിക്കുന്നതിനുള്ള മാർഗം മുതലായവയെ പറ്റി ലബോറട്ടറികളിലെ മുഴുവൻ സാങ്കേതിക വിഭാഗം ജീവനക്കാർക്കും മതിയായ പരിശീലനം നൽകി അവരെ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ ലബോറട്ടറികളുടെ ഇൻസ്ട്രുമെന്റേഷൻ ഓഫീസറുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

4. പരിശോധനാ ഉപകരണങ്ങൾ മനുഷ്യസഹായമില്ലാതെയും, രാപ്പകൽ വ്യത്യാസമില്ലാതെയും പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണെങ്കിലും ലബോറട്ടറിയുടെ പ്രവർത്തനസമയം 10 മണി മുതൽ 5 മണി വരെയായതിനാൽ ഈ സമയത്തിനുള്ളിൽ മാത്രം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇത് ഒഴിവാക്കി പരിശോധനാ ഉപകരണങ്ങൾ സമയക്ലിപ്തത കൂടാതെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

5. പരിശോധനാ ഉപകരണങ്ങളുടെ ലോഗ് ബുക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ലബോറട്ടറിയുടെ ചുമതലയുള്ള ജോയിന്റ് കെമിക്കൽ എക്സാമിനർ ഓരോ മാസവും ഉപകരണങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധിച്ച് ഉപകരണങ്ങൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ടോയെന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്. ടെക്നിക്കൽ ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയിലും ഇക്കാര്യം ഉൾപ്പെടുത്തേണ്ടതും വീഴ്ച കണ്ടെത്തുന്ന പക്ഷം അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7. ലബോറട്ടറിയിലെ ഒരു ഡിവിഷനിലെ പരിശോധനാ ഉപകരണം പ്രവർത്തനക്ഷമമല്ലാതായാൽ ആ വിവരം ഡിവിഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ രേഖാമൂലം ഓഫീസിലെ സ്റ്റോർ സെക്ഷനെ അറിയിക്കേണ്ടതും പ്രശ്നപരിഹാരത്തിനുള്ള നടപടികൾ

**സ്റ്റോർ സെക്ഷനും, ഇൻസ്ട്രുമെന്റേഷൻ ഓഫീസറും അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. ഉപകരണം പ്രവർത്തനക്ഷമമല്ലാതായ ദിവസം, സമയം; ഇക്കാര്യം ഡിവിഷനിൽ നിന്നും സ്റ്റോർ സെക്ഷനെ അറിയിച്ച ദിവസം, സമയം; സ്റ്റോർ വിഭാഗം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ, ഉപകരണം പ്രവർത്തനസജ്ജമാക്കിയ ദിവസം, സമയം എന്നിവ സ്റ്റോർ സെക്ഷൻ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.**

**d) ലബോറട്ടറികളുടെ പ്രവർത്തന സമയം ഫലപ്രദമായി ക്രമീകരിക്കുക**

**4.94** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെ പ്രവർത്തന സമയം ഇതര സർക്കാർ ഓഫീസുകൾക്ക് സമാനമായ രീതിയിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ്. ഓണം മുതലായ ഉത്സവങ്ങളോടനുബന്ധിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടക്കുമ്പോഴും മറ്റ് അടിയന്തര സന്ദർഭങ്ങളിലും ലബോറട്ടറികൾ ഈ സമയക്രമത്തിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിക്കാറുണ്ടെങ്കിലും മറ്റു ദിവസങ്ങളിലെല്ലാം ലബോറട്ടറികൾ 10 മണി മുതൽ 5 മണി വരെയാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ ഈ സമയത്തിനനുസരിച്ച് ജീവനക്കാർക്ക് പരിശോധനകൾ ക്രമീകരിക്കേണ്ടി വരുന്നുണ്ട്.

**4.95** ലബോറട്ടറികളിലെ കേസുകളുടെ സിംഹഭാഗവും ടോക്സിക്കോളജി, നാർക്കോട്ടിക്സ്, എക്സൈസ് എന്നീ വിഭാഗങ്ങളിലാണ്. ഈ വിഭാഗങ്ങളിൽ പരിശോധനയ്ക്കായി എത്തുന്ന സാമ്പിളുകളുടെ എണ്ണത്തിൽ ഓരോ വർഷവും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ടോക്സിക്കോളജി വിഭാഗത്തിൽ ഒരു വർഷം ലഭ്യമാകുന്ന കേസുകളുടെ ഏതാണ്ട് പകുതിയോളം കേസുകൾ മാത്രമേ ആ വർഷത്തിൽ തീർപ്പാക്കപ്പെടുന്നുള്ളൂവെന്ന് കാണുന്നു. മനുഷ്യരുടെ ആന്തരികാവയവങ്ങൾ ഉൾപ്പെടെയുള്ള ടോക്സിക്കോളജി സാമ്പിളുകൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലപരിമിതി കാരണം ലബോറട്ടറികൾ വീർപ്പുമുട്ടുന്ന സ്ഥിതിയാണുള്ളത്. മാത്രവുമല്ല ടോക്സിക്കോളജി സാമ്പിളുകളിൽ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ പരിശോധന നടത്തിയില്ലെങ്കിൽ ബാഷ്പശീലമുള്ള പലതരം വിഷ വസ്തുക്കളും (Volatile Poisons) സാമ്പിളുകളിൽ നിന്നും നഷ്ടപ്പെട്ടു പോകുന്നതിനും തെറ്റായ പരിശോധനാഫലം ലഭിക്കുന്നതിനും കാരണമാകുന്നതാണ്.

**4.96** ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് കൂടുതൽ കേസുകൾ പരിശോധനയ്ക്കായെത്തുന്ന ടോക്സിക്കോളജി, നർക്കോട്ടിക്സ്, എക്സൈസ് എന്നീ വിഭാഗങ്ങളിൽ ഉദ്യോഗസ്ഥരെ കൂടുതലായി നിയമിക്കുവാൻ ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. കൂടുതൽ അനലിസ്റ്റുമാർ ഒരേ സമയം ഒരേ ഡിവിഷനിൽ പ്രവർത്തിക്കേണ്ടി വരുന്നത് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണമാകുമെന്നതിനാൽ, **ടോക്സിക്കോളജി, നർക്കോട്ടിക്സ്, എക്സൈസ് ഡിവിഷനുകളിൽ ആവശ്യാനുസരണം ജീവനക്കാരെ ഷിഫ്റ്റ് സമ്പ്രദായത്തിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറിയിലുള്ള പരിശോധനാ ഉപകരണങ്ങളുടെ ശേഷിയും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഈ ക്രമീകരണത്തിലൂടെ സാധ്യമാകുന്നതാണ്.

## e)ഉത്തരവാദിത്തം ഉറപ്പാക്കുന്ന പ്രതിമാസ പ്രവർത്തനാവലോകന സംവിധാനം (Accountable Monthly Review System) ഏർപ്പെടുത്തുക

**4.97** കെമിക്കൽ ലബോറട്ടറികളിൽ നിലവിലുള്ള പ്രതിമാസ പ്രവർത്തനാവലോകന സംവിധാനത്തിലെ പോരായ്മകളെക്കുറിച്ച് ഈ റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്. ഈ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഓരോ തലത്തിലും ഉത്തരവാദിത്തം ഉറപ്പാക്കുന്ന പ്രതിമാസ പ്രവർത്തനാവലോകന സംവിധാനം പഠനസംഘം മുന്നോട്ടുവയ്ക്കുന്നു. **ഇതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. **അനലിസ്റ്റിന്റെ പ്രതിമാസ പ്രവർത്തന റിപ്പോർട്ടിൽ ആ മാസം പരിശോധിച്ച കേസുകളുടേയും സാമ്പിളുകളുടേയും എണ്ണം, പരിശോധിച്ച കേസുകൾക്ക് നിശ്ചയിച്ചിട്ടുള്ള പ്രതിമാസ ടാർജറ്റ്, പ്രസ്തുത ടാർജറ്റിന്റെ എത്ര ശതമാനം കൈവരിച്ചു, മുതലായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.**

2. **വ്യത്യസ്തങ്ങളായ പ്രതിമാസ ടാർജറ്റുകളുള്ള കേസുകൾ കൈകാര്യം ചെയ്യേണ്ടി വരുമ്പോൾ ഓരോ ഇനത്തിലും പരിശോധിച്ച കേസുകളുടെ/ സാമ്പിളുകളുടെ എണ്ണം ആ ഇനത്തിന് നിശ്ചയിച്ചിട്ടുള്ള**

**പ്രതിമാസടാർജറ്റിന്റെ എത്ര ശതമാനമാണെന്ന് കണക്കാക്കേണ്ടതും ഇവയുടെ ആകെത്തുക അനലിസ്റ്റിന്റെ വർക്ക് ടേൺ ഓവർ ആയി പരിഗണിക്കേണ്ടതുമാണ്.**

3. **പ്രതിമാസ ടാർജറ്റ് കണക്കുകൂട്ടുന്നതിനു മൂന്നു ലബോറട്ടറികളിലും ഏകീകൃത മാനദണ്ഡം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

<u>ഗ്രൂപ്പ് ടാർജറ്റ് സംവിധാനം (Group Target System)</u>

**4.98** അനലിസ്റ്റുമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വ്യക്തിഗത ടാർജറ്റ് എന്നതുപോലെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ പ്രവർത്തനവും അവലോകനം ചെയ്യേണ്ടതുണ്ട്. ഇതിനായി ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറേയും അദ്ദേഹം മേൽനോട്ടം വഹിക്കുന്ന അനലിസ്റ്റുമാരെയും ചേർത്ത് ഒരു ഗ്രൂപ്പായി പരിഗണിക്കേണ്ടതാണ്. **അനലിസ്റ്റുമാർക്ക് വ്യക്തിഗത ടാർജറ്റ് എന്നതുപോലെ ഓരോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്കും 'ഗ്രൂപ്പ് ടാർജറ്റ് ' എന്ന പേരിൽ പ്രത്യേകം പ്രതിമാസ ടാർജറ്റ് ഏർപ്പെടുത്തേണ്ടതാണ്.**

**4.99** അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്നത് സംബന്ധിച്ച പരിഷ്ക്കരിച്ച നിർദേശങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക- **4.90-** ൽ വിവരിച്ചിട്ടുണ്ട്. ഇതുപ്രകാരം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സ്വന്തം നിലയ്ക്ക് പരിശോധിക്കേണ്ടി വരുന്ന കേസുകളുടെ എണ്ണവും മേൽനോട്ടം വഹിക്കുന്ന അനലിസ്റ്റുമാരുടെ വ്യക്തിഗത ടാർജറ്റുകളുടെ ആകെത്തുകയും ചേർന്നതായിരിക്കും ആ ഗ്രൂപ്പിന്റെ ഗ്രൂപ്പ് ടാർജറ്റ്. **അനലിസ്റ്റുമാർ വ്യക്തിഗത ടാർജറ്റ് കൈവരിക്കുന്നതിന് ഉത്തരവാദികളായിരിക്കുന്നതുപോലെ ഗ്രൂപ്പ് ടാർജറ്റ് കൈവരിക്കുന്നതിന്റെ ഉത്തരവാദിത്തം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറിൽ നിക്ഷിപ്തമാക്കേണ്ടതാണ്.**

**4.100** ലബോറട്ടറികളിലെ സെറോളജി, ജനറൽ കെമിസ്ട്രി മുതലായ ഡിവിഷനുകളിൽ പരിശോധനക്കായി അവശേഷിക്കുന്ന കേസുകളും, ഓരോ മാസവും ലഭിക്കുന്ന കേസുകളും വളരെ കുറവായതിനാൽ ഈ ഡിവിഷനുകളിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെയും അനലിസ്റ്റുമാരുടയും സേവനം ആവശ്യമായ സന്ദർഭങ്ങളിൽ മാത്രം അവിടങ്ങളിൽ പ്രയോജനപ്പെടുത്തി, മറ്റുസമയങ്ങളിൽ കേസുകൾ

കൂടുതലുള്ള ഡിവിഷനുകളിൽ നിയോഗിക്കണമെന്ന് ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. സെറോളജി, ജനറൽ കെമിസ്ട്രി വിഭാഗങ്ങളിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ഇപ്രകാരം മേൽനോട്ടം വഹിക്കുന്ന വ്യത്യസ്ത ഡിവിഷനുകളിലെ അനലിസ്റ്റുമാരുടെ വ്യക്തിഗത ടാർജറ്റുകളുടെ ആകെത്തുകയും ഈ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ സ്വന്തം നിലയ്ക്ക് പരിശോധിക്കേണ്ടി വരുന്ന കേസുകളുടെ എണ്ണവും കൂടി ചേർന്നതായിരിക്കും ഇവരുടെ ഗ്രൂപ്പ് ടാർജറ്റ്. **ഗ്രൂപ്പ് ടാർജറ്റിനെ അടിസ്ഥാനമാക്കി ഓരോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെയും വർക്ക് ടേൺ ഓവർ ശതമാനക്കണക്കിൽ നിശ്ചയിക്കേണ്ടതും അത് പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.**

**4.101** അനലിസ്റ്റുമാർ വ്യക്തിഗതടാർജറ്റ് കൈവരിക്കുന്നതിന് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറോടും അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ഗ്രൂപ്പ് ടാർജറ്റ് കൈവരിക്കുന്നതിന് ജോയിന്റ് കെമിക്കൽ എക്സാമിനറോടും ഉത്തരവാദപ്പെട്ടവരായിരിക്കുന്നതാണ്. ഓരോ ലബോറട്ടറിയുടെയും പ്രതിമാസ പ്രവർത്തനത്തിന് ലബോറട്ടറിയുടെ ചുമതല വഹിക്കുന്ന ജോയിന്റ് കെമിക്കൽ എക്സാമിനർ, ചീഫ് കെമിക്കൽ എക്സാമിനറോട് ഉത്തരവാദപ്പെട്ടിരിക്കേണ്ടതാണ്. ഇത്തരത്തിൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ,ജോയിന്റ് കെമിക്കൽ എക്സാമിനർ, ചീഫ് കെമിക്കൽ എക്സാമിനർ എന്നിങ്ങനെ മൂന്ന് തലങ്ങളായി പ്രതിമാസ പ്രവർത്തനറിപ്പോർട്ട് അവലോകനം ചെയ്യേണ്ടതാണ്. വകുപ്പിന്റെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് ചീഫ് കെമിക്കൽ എക്സാമിനർ തൊട്ടടുത്ത മാസം 5–ാം തീയതിക്ക് മുൻപായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**മികച്ച പ്രകടനത്തെ അംഗീകരിക്കലും താഴ്ന്ന പ്രകടനത്തിന് തിരുത്തൽ നടപടിയും (Accountability and Reward)**

**4.102** മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് അംഗീകാരവും അതുപോലെ തന്നെ താഴ്ന്ന പ്രകടനം ആവർത്തിക്കുന്നവർക്ക് ആവശ്യമായ തിരുത്തൽ നടപടിയും ഉറപ്പാക്കിയാൽ മാത്രമേ പ്രവർത്തനാവലോകന സംവിധാനം ഫലപ്രദമാവുകയുള്ളൂ. **ആയതിനാൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.**

1. ഓരോ ലബോറട്ടറിയിലും ഒരു മാസത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അനലിസ്റ്റിനെ ആ ലബോറട്ടറിയുടെ 'Best Analyst of the Month' ആയും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഗ്രൂപ്പിനെ 'Best Performing Group of the Month' ആയും തിരഞ്ഞെടുക്കേണ്ടതാണ്.

2. മികച്ച അനലിസ്റ്റായി തെരഞ്ഞെടുക്കുന്ന വ്യക്തിയുടെ പേര് വിവരവും മികച്ച ഗ്രൂപ്പിലെ അംഗങ്ങളുടെ പേര് വിവരവും ഓഫീസിന്റെ പ്രവേശന കവാടത്തിന് സമീപത്തായി ഒരു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇതോടൊപ്പം ഈ വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിലെ നോട്ടീസ് ബോർഡിൽ സ്ക്രോൾ ചെയ്ത് പ്രദർശിപ്പിക്കുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തേണ്ടതാണ്.

3. മികച്ച പ്രകടനം കണക്കാക്കുന്നതിന് അനലിസ്റ്റിന്റെ വർക്ക് ടേൺ ഓവർ, പരിശോധിച്ച കേസുകളുടെ സങ്കീർണത, എടുത്തു പറയത്തക്ക മറ്റെന്തെങ്കിലും നേട്ടങ്ങൾ മുതലായ വിവിധ ഘടകങ്ങൾ കണക്കിലെടുക്കേണ്ടതും പൊതുമാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതുമാണ്.

4. ഓരോ ലബോറട്ടറിയിലേയും അനലിസ്റ്റുമാരുടെ ഒരു വർഷത്തെ പ്രകടനം വിലയിരുത്തേണ്ടതും ഇതിൽ മികച്ച പ്രകടനം കാഴ്ചവച്ച അനലിസ്റ്റിനെ 'Best Analyst of the Year' ആയി തിരഞ്ഞെടുക്കേണ്ടതുമാണ്.

5. ഒരോ ലബോറട്ടറിയിലും ഒരു വർഷത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച ഒന്നോ രണ്ടോ അനലിസ്റ്റുമാർക്ക് 'Good Service Entry' നൽകേണ്ടതാണ്.ഇപ്രകാരം ലഭിക്കുന്ന മൂന്ന് Good Service Entry കൾക്ക് പ്രോത്സാഹനമായി ഒരു അഡീഷണൽ ഇൻക്രിമെന്റ് നൽകേണ്ടതാണ്.

**4.103** മികച്ച പ്രകടനത്തിന് അംഗീകാരം നൽകുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് താഴ്ന്ന പ്രകടനം ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ തിരുത്തൽ

നടപടികൾ സ്വീകരിക്കുക എന്നത്. ആയതിനാൽ ഓരോ അനലിസ്റ്റിന്റേയും പ്രവർത്തനം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ തലം മുതൽ കൃത്യമായി വിലയിരുത്തേണ്ടതും തുടർച്ചയായി താഴ്ന്ന പ്രകടനം കാഴ്ചവയ്ക്കുന്ന അനലിസ്റ്റുമാർക്ക് മതിയായ പരിശീലനം നൽകി അവരെ മെച്ചപ്പെട്ട പ്രകടനം നടത്തുവാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

**4.104** ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതുൾപ്പെടെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിൽ 'പരിശീലന – രീതി മൂല്യനിർണയ വിഭാഗം (Training & Method Validation Wing)' എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

**4.105 പ്രതിമാസ പ്രവർത്തനാവലോകനത്തിൽ തുടർച്ചയായി താഴ്ന്ന നിലയിലുള്ള പ്രകടനം കാഴ്ചവയ്ക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ അനലിസ്റ്റുമാർക്ക് തിരുവനന്തപുരം ആസ്ഥാന ലബോറട്ടറിയിലെ പരിശീലന വിഭാഗത്തിൽ ആവശ്യമായ പരിശീലനം നൽകി അവരെ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ പ്രാപ്തരാക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ ചീഫ് കെമിക്കൽ എക്സാമിനർ സ്വീകരിക്കേണ്ടതാണ്.**

## f) പരിശീലനത്തിലുള്ള അനലിസ്റ്റുമാരുടെ മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുക

**4.106** കെമിക്കൽ ലബോറട്ടറികളിൽ ടെക്നിക്കൽ അസിസ്റ്റന്റ്/ സയന്റിഫിക് ഓഫീസർ തസ്തികകളിൽ പുതുതായി നിയമിക്കപ്പെടുന്നവർ ഒരു വർഷക്കാലം ലബോറട്ടറിയിലെ വിവിധ ഡിവിഷനുകളിലായി പരിശീലനം പൂർത്തീകരിക്കേണ്ടതുണ്ട്. വിവിധ ഡിവിഷനുകളിലെ പരിശീലനകാലയളവ് ചുവടെപ്പറയുംപ്രകാരമാണ്.

ടോക്സിക്കോളജി – 3 മാസം

സെറോളജി – 3 മാസം

എക്സൈസ് – 2 മാസം

ജനറൽ കെമിസ്ട്രി – 2 മാസം

നർക്കോട്ടിക്സ് – 2 മാസം

**4.107** ഈ പരിശീലനകാലയളവിനുശേഷം വകുപ്പ് നടത്തുന്ന പരീക്ഷയിൽ വിജയിച്ചാൽ മാത്രമേ ഇവർ പരിശീലനം വിജയകരമായി പൂർത്തിയാക്കിയതായി കണക്കാക്കുകയുള്ളൂ.

**4.108** ഒരു അനലിസ്റ്റിനെ ഒരു ഡിവിഷനിൽ പരിശീലനത്തിനായി നിയോഗിക്കുന്നത് ആ ഡിവിഷനിലുള്ള വിവിധതരം പരിശോധനാ രീതികളെക്കുറിച്ച് മനസ്സിലാക്കി സ്വന്തം നിലയിൽ കേസുകൾ പരിശോധിക്കുന്നതിനുള്ള പ്രാപ്തി നേടുന്നതിനാണ്. വിവിധതരം കേസുകൾ പരിശോധിക്കുന്നതിലൂടെ മാത്രമേ അനലിസ്റ്റിന് ഈ വൈദഗ്ധ്യം നേടുന്നതിന് സാധിക്കുകയുള്ളൂ. എന്നാൽ പരിശീലനത്തിനായി ഡിവിഷനുകളിൽ നിയമിക്കപ്പെടുന്ന അനലിസ്റ്റിന് പരിശോധനയ്ക്കായി കേസുകൾ നൽകുന്നത് സംബന്ധിച്ച് ഒരു പൊതുമാനദണ്ഡം നിലവിലില്ലാത്തതിനാൽ പല അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരും പരിശീലനത്തിലുള്ള അനലിസ്റ്റിന് കേസുകൾ ഒന്നും നൽകാതിരിക്കുകയോ അല്ലെങ്കിൽ വളരെ കുറച്ച് കേസുകൾ മാത്രം നൽകുകയോ ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. ഇക്കാരണത്താൽ അനിലിസ്റ്റുമാരുടെ പരിശീലനകാലയളവിൽ അവരുടെ മനുഷ്യവിഭവശേഷി ശരിയായവണ്ണം പ്രയോജനപ്പെടുത്താൻ വകുപ്പിന് കഴിയാത്ത സ്ഥിതി വരുന്നു.

**4.109** ഈ സാഹചര്യത്തിൽ പരിശീലനകാലയളവിൽ അനലിസ്റ്റുമാർ പരിശോധിക്കേണ്ട കേസുകളുടെ എണ്ണം സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശം നൽകുന്നു.

**4.110 മൂന്നുമാസത്തെ പരിശീലനകാലയളവ് നിശ്ചയിച്ചിട്ടുള്ള ടോക്സിക്കോളജി, സെറോളജി ഡിവിഷനുകളിൽ നിയമിക്കപ്പെടുന്ന അനലിസ്റ്റുമാർക്ക് ആദ്യമാസത്തിൽ പ്രതിമാസ ടാർജറ്റിന്റെ 50 % കേസുകളും രണ്ടാമത്തെ മാസത്തിൽ 75% കേസുകളും മൂന്നാമത്തെ മാസത്തിൽ പ്രതിമാസ ടാർജറ്റിന് തുല്യമായ എണ്ണം കേസുകളും പരിശോധിക്കാൻ നൽകേണ്ടതാണ്. രണ്ട് മാസത്തെ പരിശീലനകാലയളവ് നിശ്ചയിച്ചിട്ടുള്ള എക്സൈസ്, ജനറൽ കെമിസ്ട്രി, നാർക്കോട്ടിക്സ് ഡിവിഷനുകളിൽ**

**ആദ്യത്തെ മാസത്തിൽ പ്രതിമാസ ടാർജറ്റിന്റെ 50 % ഉം രണ്ടാമത്തെ മാസത്തിൽ പ്രതിമാസടാർജറ്റിന് തുല്യമായ എണ്ണം കേസുകളും ഇവർക്ക് പരിശോധിക്കാൻ നൽകേണ്ടതാണ്.**

## g) ലബോറട്ടറികൾക്ക് ആവശ്യമായ പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കുക

**4.111** കെമിക്കൽ ലബോറട്ടറിയിൽ പരിശോധനയ്ക്കായെത്തുന്ന സാമ്പിളുകൾ പരിശോധിച്ച് വേഗത്തിൽ കൃത്യമായ ഫലം നൽകുന്നതിന് നിരവധി അത്യാധുനിക ഉപകരണങ്ങൾ ആവശ്യമുണ്ട്. നിലവിൽ ഈ ലബോറട്ടറികളിൽ പല ഉപകരണങ്ങളും ആവശ്യത്തിന് ഇല്ലാത്ത അവസ്ഥയുണ്ട്. ഉള്ള ഉപകരണങ്ങൾ തന്നെ പലതും കാലപ്പഴക്കത്താൽ ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന സ്ഥിതിയിലുമല്ല.

**4.112** കോഴിക്കോട് ലബോറട്ടറിയിൽ Gas Chromatograph Mass Spectrometer(GCMS), Fourier Transform Infrared Spectroscopy (FTIR) എന്നീ ഉപകരണങ്ങളും എറണാകുളം ലബോറട്ടറിയിൽ GCMS with Headspace എന്ന ഉപകരണവും അത്യാവശ്യമാണ്. കൂടാതെ വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിലും UV Spectrometer, Microwave Digester, Petroleum Distillation Unit, Flash Point Apparatus മുതലായവ ലഭ്യമാകേണ്ടതുണ്ട്. ഇതുകൂടാതെ മൂന്ന് ലബോറട്ടറികളിലും ബയോളജിക്കൽ സാമ്പിളുകൾ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കുന്നതിനായി Cold Storage Room സൗകര്യവും ഒരുക്കേണ്ടതുണ്ട്. ഇവയെല്ലാമായി ഏകദേശം മൂന്ന് കോടിയോളം രൂപയുടെ ചെലവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

**4.113 മേൽ സാഹചര്യത്തിൽ ലബോറട്ടറികളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് അത്യാവശ്യമായ മേൽപ്പറഞ്ഞ ഉപകരണങ്ങളും സൗകര്യവും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

## ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ

**4.114** കെമിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്കായി അവശേഷിക്കുന്ന കേസുകളുടെ ബഹുഭൂരിപക്ഷവും ടോക്സിക്കോളജി, നർക്കോട്ടിക്സ്, എക്സൈസ് വിഭാഗങ്ങളിൽപ്പെടുന്നവയാണ്. 31/12/2023 വരെയുള്ള കണക്കുകൾ പ്രകാരം മൂന്ന് ലബോറട്ടറികളിലുമായി ആകെ 60,381 കേസുകൾ പെന്റിംഗ് ഉള്ളതിൽ 36,204 കേസുകൾ (ആകെ പെന്റൻസിയുടെ 60%) ടോക്സിക്കോളജി വിഭാഗത്തിലും 12,683 കേസുകൾ (ആകെ പെന്റൻസിയുടെ 21%) നർകോട്ടിക്സ് വിഭാഗത്തിലും 10,679 കേസുകൾ (ആകെ പെന്റൻസിയുടെ 17.7%) എക്സൈസ് വിഭാഗത്തിലും ആണ് (ഖണ്ഡിക 4.7-ലെ പൈ ചാർട്ട്)

**4.115** തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ 2019 മുതൽക്കുള്ള കേസുകളാണ് ടോക്സിക്കോളജി ഡിവിഷനിൽ പരിശോധനയ്ക്കായുള്ളത്. എറണാകുളം ലബോറട്ടറിയിൽ 1998 മുതൽ 2010 വരെയുള്ള 5500 ൽപരം കേസുകളും അതിനുശേഷം 2018 മുതലുള്ള കേസുകളുമാണ് നിലവിൽ പെന്റിംഗ് ആയിട്ടുള്ളത്. 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിൽ ഇവിടെ പെന്റിംഗ് കേസുകൾ ഇല്ല.

**4.116** നർകോട്ടിക്സ് ഡിവിഷനിൽ എറണാകുളം ലബോറട്ടറിയിൽ 2020 മുതലുള്ള കേസുകളും കോഴിക്കോട് ലബോറട്ടറിയിൽ 2019 മുതൽക്കുള്ള കേസുകളുമാണ് പരിശോധനയ്ക്കായി അവശേഷിക്കുന്നത്. കോഴിക്കോട് ലബോറട്ടറിയിൽ ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്നത് എക്സൈസ് ഡിവിഷനിലാണ്. 2022 മുതലുള്ള 7197 കേസുകളാണ് ഈ ഡിവിഷനിലുള്ളത്.

## ടോക്സിക്കോളജി വിഭാഗത്തിലെ പെന്റൻസി

**4.117** 31/12/2023 വരെയുള്ള കണക്കുകൾ അനുസരിച്ച് തിരുവനന്തപുരം ലബോറട്ടറിയിൽ 14,541 കേസുകളും, എറണാകുളം ലബോറട്ടറിയിൽ 15,486 കേസുകളും, കോഴിക്കോട് ലബോറട്ടറിയിൽ 6,177 കേസുകളുമാണ് ടോക്സിക്കോളജി ഡിവിഷനിൽ പരിശോധനകൾക്കായി നിലവിലുള്ളത്. തിരുവനന്തപുരം ലബോറട്ടറിയിലെ ആകെ പെന്റൻസിയുടെ 84.5% ഉം, എറണാകുളത്ത് ആകെ പെന്റൻസിയുടെ 64.5% ഉം

കോഴിക്കോട് ആകെ പെന്റൻസിയുടെ 32% ഉം ടോക്സിക്കോളജി കേസുകളാണ്(വിശദാംശങ്ങൾ പട്ടിക നമ്പർ -3 ൽ കാണാവുന്നതാണ്). ടോക്സിക്കോളജി വിഭാഗത്തിൽ പെന്റിംഗ് ഉള്ളതിലെ ബഹുഭൂരിപക്ഷം കേസുകളും ഹ്യൂമൻ പോയിസണിംഗ് വിഭാഗത്തിൽപ്പെടുന്നവയാണെന്നും കാണുന്നു.

**ടോക്സിക്കോളജി വിഭാഗത്തിൽ കേസുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണം**

**4.118** ടോക്സിക്കോളജി വിഭാഗത്തിൽ പരിശോധനയ്ക്കായി ലഭിക്കുന്ന ഹ്യൂമൺ പോയിസണിംഗ് കേസുകളുടെ എണ്ണത്തിൽ, ഓരോ വർഷവും വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിഷബാധയേറ്റിട്ടുണ്ടെന്ന സംശയമോ, അപ്രകാരം സംശയിക്കാനുള്ള സാഹചര്യത്തെളിവുകളോ പോലുമില്ലാത്ത മുങ്ങിമരണം, തൂങ്ങിമരണം, അപകട മരണങ്ങൾ മുതലായ കേസുകളിൽ മരണകാരണം എന്തെന്ന് വ്യക്തമാണെങ്കിൽക്കൂടി മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യുന്ന ഡോക്ടർമാർ ഒരു മുൻകരുതൽ നടപടിയെന്ന നിലയിൽ ആന്തരികാവയവ പരിശോധന നടത്തുന്നതിനായി നിർദേശിക്കുന്ന സാഹചര്യം നിലവിലുണ്ട്. മരണപ്പെട്ട ആളിന്റെ ശരീരത്തിനുള്ളിൽ വിഷാംശം കടന്നിട്ടില്ലെന്ന് ഉറപ്പുവരുത്തുകയാണ് (Exclusion Purpose) ഇതിലൂടെ ഉദ്ദേശിക്കുന്നത്. സമീപകാലത്തായി ഇത്തരം കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോലീസ് അന്വേഷണം നിലവിലില്ലാത്ത ഇത്തരം കേസുകളിൽ കെമിക്കൽ ലബോറട്ടറിയിലെ പരിശോധനാ ഫലം കാത്തിരിക്കുന്ന ആരും തന്നെ ഇല്ലായെന്നതാണ് വാസ്തവം.

**4.119** പോലീസ് അന്വേഷണം പുരോഗമിക്കുന്ന കേസുകൾക്കും വിഷാംശം സംശയിക്കപ്പെടുന്ന കേസുകൾക്കും മുൻഗണന നൽകിക്കൊണ്ട് പരിശോധനാ സർട്ടിഫിക്കറ്റ് നൽകിവരുന്നു. Exclusion Purpose നായി റഫർ ചെയ്തിട്ടുള്ള ഹ്യൂമൺ പോയിസണിംഗ് കേസുകളുടെ പരിശോധനാ ഫലത്തിന് അടിയന്തര സ്വഭാവം ഇല്ലാത്തതുകൊണ്ടും കോടതികളിൽനിന്നോ പോലീസിൽ നിന്നോ അന്വേഷണങ്ങൾ വരാത്തത് കൊണ്ടും ഇത്തരം കേസുകൾ മാറ്റിവച്ച് അനലിസ്റ്റുമാർ പരിശോധനാ ഫലം ആവശ്യമുള്ള മറ്റ് കേസുകൾ ചെയ്യുന്നത് ടോക്സിക്കോളജിയിലെ ഹ്യൂമൺ പോയിസണിംഗ് കേസുകളുടെ ആധിക്യത്തിന് കാരണമായിട്ടുണ്ട്.

## <u>സാമ്പിളുകൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലപരിമിതി</u>

**4.120** ടോക്സിക്കോളജി പരിശോധനയ്ക്കായി ലഭിക്കുന്ന മനുഷ്യരുടെ ആന്തരികാവയവ സാമ്പിളുകൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലപരിമിതിയാണ് കെമിക്കൽ ലബോറട്ടറികൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന വെല്ലുവിളി. 2023 – ൽ തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ ടോക്സിക്കോളജി വിഭാഗത്തിൽ ലഭ്യമായ കേസുകളുടെ എണ്ണത്തിന്റെ പകുതിയോളം കേസുകളും എറണാകുളം ലബോറട്ടറിയിൽ 1/3 കേസുകളും മാത്രമേ ആ വർഷത്തിൽ തീർപ്പാക്കപ്പെട്ടിട്ടുള്ളൂ. ഇത്തരത്തിൽ വളരെയധികം സാമ്പിളുകളാണ് ഓരോ വർഷവും പെന്റൻസിയിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നത്. ബയോളജിക്കൽ സാമ്പിളുകൾ കുറഞ്ഞ ഊഷ്മാവിൽ (4 ഡിഗ്രി സെൽഷ്യസ്) സൂക്ഷിക്കണമെന്നാണ് NABL – ന്റെ മാനദണ്ഡമെങ്കിലും ഇത്തരം ശീതീകരണ സംവിധാനം ഒരു ലബോറട്ടറിയിലും നിലവിലില്ല. ആയതിനാൽ ഈ സാമ്പിളുകൾ അന്തരീക്ഷ ഊഷ്മാവിൽ തന്നെ സൂക്ഷിച്ച് പോരുന്നു. അന്തരീക്ഷ ഊഷ്മാവിൽ സൂക്ഷിക്കുന്നത് മൂലവും സമയബന്ധിതമായി പരിശോധന നടത്തുവാൻ സാധിക്കാത്തത് കൊണ്ടും ബാഷ്പശീലമുള്ള വിഷ പദാർത്ഥങ്ങൾ ഉൾപ്പെടെയുള്ള പലതരം വിഷാംശങ്ങളും സാമ്പിളുകളിൽ നിന്ന് നഷ്ടപ്പെട്ട് പോകാനുള്ള സാധ്യതയും കൂടുതലാണ്. ഇത്തരം സാമ്പിളുകളിൽ സമയബന്ധിതമായി പരിശോധന പൂർത്തീകരിക്കേണ്ട ആവശ്യകതയാണ് ഇത് ചൂണ്ടി കാണിക്കുന്നത്.

**4.121** പ്രവൃത്തി പഠനത്തിന്റെ ഭാഗമായി ലബോറട്ടറികൾ സന്ദർശിച്ചപ്പോൾ ആന്തരികാവയവ സാമ്പിളുകൾ സൂക്ഷിച്ചിരിക്കുന്ന അവസ്ഥ പഠനസംഘം നേരിട്ട് കാണുകയുണ്ടായി. എറണാകുളം ലബോറട്ടറിയിൽ 1998 മുതൽക്കുള്ള കേസുകൾ ലബോറട്ടറിയുടെ പല ഭാഗങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. കാലപ്പഴക്കമേറിയ കേസുകളിൽ പലതിലും അവയുടെ അഡ്രസ് ടാഗ് ഉൾപ്പെടെ നഷ്ടപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ചില കേസുകളിൽ സാമ്പിൾ സൂക്ഷിച്ചിട്ടുള്ള കണ്ടെയ്നർ പൊട്ടിപ്പോയത് മൂലം പ്രിസർവ് ചെയ്തിരുന്ന ദ്രാവകം പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുള്ളതായും ആന്തരികാവയവത്തിന് കേടുപാടുകൾ സംഭവിച്ച് ജീർണിച്ച പോയിട്ടുള്ളതായും കാണുവാൻ കഴിഞ്ഞു. ഇത്തരം കേസുകളിൽ ഇനി ഒരു പരിശോധന പ്രായോഗികമല്ലെന്ന്

കാണാവുന്നതാണ്.

**4.122** കെമിക്കൽ ലബോറട്ടറികളിൽ മനുഷ്യരുടെ ആന്തരികാവയവ സാമ്പിളുകൾ പരിശോധനയ്ക്കായി സൂക്ഷിച്ചിരിക്കുന്നത് നേരിട്ട് കണ്ടത് പഠനസംഘത്തിന് അത്ര സുഖകരമല്ലാത്ത ഒരു അനുഭവമാണ് പ്രദാനം ചെയ്തത്. വികസിത രാജ്യങ്ങൾ ആന്തരികാവയവത്തിന്റെ പരിശോധന തന്നെ ഒഴിവാക്കി അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ രക്തസാമ്പിൾ മാത്രം പരിശോധിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ കാലപ്പഴക്കം ചെന്ന അവയവ സാമ്പിളുകൾ ഇത്തരത്തിൽ സൂക്ഷിച്ചു കൊണ്ടിരിക്കുന്നതെന്നും കാണേണ്ടതുണ്ട്. വളരെകാലം മുമ്പ് പലവിധ കാരണങ്ങളാൽ മരണപ്പെട്ടുപോയ മനുഷ്യരുടെ ആന്തരികാവയവ സാമ്പിളുകൾ കേവലം സംശയനിവൃത്തിയുടെ പേരിൽ നിയമ നടപടികളിൽ കുരുങ്ങി പരിശോധന കാത്ത് കുന്നുകൂടി കിടക്കുന്ന അവസ്ഥയ്ക്ക് എത്രയും വേഗം ഒരു ശാശ്വത പരിഹാരം കണ്ടെത്തേണ്ടത് ആവശ്യമാണ്.

<u>**പെന്റൻസി കുറയ്ക്കാൻ നടന്ന മുൻകാല ശ്രമങ്ങൾ**</u>

**4.123** പോലീസ് വകുപ്പിൽ നടപ്പിലാക്കേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ച ശിപാർശകൾ നൽകുന്നതിനായി, 18/11/2003 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 246/2003/ആഭ്യന്തരം പ്രകാരം ജസ്റ്റിസ്. കെ.ടി. തോമസിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച "**കേരള പോലീസ് പെർഫോമൻസ് ആൻഡ് അക്കൗണ്ടബിലിറ്റി കമ്മീഷൻ**" റിപ്പോർട്ടിലാണ് ടോക്സിക്കോളജിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് ആദ്യമായി ഒരു ശിപാർശ നൽകിയതെന്ന് കാണുന്നു. റിപ്പോർട്ടിലെ ഈ ശിപാർശയുമായി ബന്ധപ്പെട്ട പ്രസക്തഭാഗം ചുവടെ ചേർത്തിരിക്കുന്നു.

> **“ 3.75 The accumulation of arrears in the Chemical Laboratory is reported to be nearly 20,000 cases of viscera analysis, but we are told that the actual need will be only in the case of 4000 out of the said 20,000. There is practical difficulty to discern those 16,000 cases. The investigation or prosecution would have been completed and there is no need for a report**

of the Chemical Analysis in any of these cases. (But the Laboratory cannot identify those cases until it gets a report from the investigating officer concerned or from any superior officer). The Analyst may be waiting for such a report. During that period he gives out the accumulated figure as the total arrears pending. To ameliorate the above situation we make the following suggestions:

3.76 A police officer of the rank of Deputy Superintendent of Police shall be specially deputed to gather information from all police stations regarding the cases in which the chemical analysis report is no more required. He should complete the work within a period of 6 months from the date of his appointment and send a report to the Chemical Examiner who should act on that report by clearing the arrears, and analyse the remaining cases only. The Chemical Examiner should be relieved of the obligation to wait for the clearance of the Medical Officer who did the autopsy. The existing rules or departmental instructions, if any, should be modified to achieve the above purpose."

**4.124** ഈ ശിപാർശയനുസരിച്ച് കെമിക്കൽ ലബോറട്ടറികളിലെ പരിശോധന ഫലം ആവശ്യമില്ലാത്ത കേസുകളുടെ വിവരം പല ജില്ലകളിൽ നിന്നും ശേഖരിച്ചുവെങ്കിലും അതിൻ പ്രകാരം കേസുകൾ തീർപ്പാക്കാൻ സാധിച്ചില്ലായെന്നാണ് പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. പോസ്റ്റ്മോർട്ടം നടത്തിയ മെഡിക്കൽ ഓഫീസറിൽ നിന്നും ക്ലിയറൻസ് ലഭിക്കാത്തത് മൂലമാണ് കേസുകൾ തീർപ്പാക്കാൻ സാധിക്കാത്തതെന്നാണ് അറിയുവാൻ കഴിഞ്ഞത്.

**4.125** കേരളാ പോലീസ് പെർഫോമൻസ് അക്കൗണ്ടബിലിറ്റി കമ്മീഷൻ ശിപാർശക്കുശേഷം ടോക്സിക്കോളജിയിലെ പെന്റിംഗ് കേസുകൾ കുറയ്ക്കുന്നതിനുള്ള മറ്റൊരു ശ്രമം ഉണ്ടായത് 2020, 2021 വർഷങ്ങളിലാണെന്ന് കാണുന്നു. കെമിക്കൽ ലബോറട്ടറികളിലെ പെന്റൻസി കുറയ്ക്കുന്നതിന്റെ ഭാഗമായി എം.എസ്.സി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം തെരഞ്ഞെടുത്ത അനലിസ്റ്റുമാരെ ടെക്നിക്കൽ അസിസ്റ്റന്റായി മൂന്ന് ലബോറട്ടറികളിലുമായി കൺസോളിഡേറ്റഡ് ശമ്പള വ്യവസ്ഥയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. 6 മാസം വീതമുള്ള മൂന്ന് ഘട്ടങ്ങളിലായാണ് നിയമനം നടത്തിയത്.

**4.126** ഇപ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ലബോറട്ടറികളിലെ ആകെയുള്ള പെന്റൻസി ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിച്ചിരുന്നു. തിരുവനന്തപുരം കോഴിക്കോട് ലബോറട്ടറികളിലെ ടോക്സിക്കോളജി വിഭാഗത്തിലെ പെന്റൻസി ഇതിലൂടെ നല്ലൊരു പങ്ക് കുറയ്ക്കുവാൻ സാധിച്ചുവെങ്കിലും എറണാകുളം ലബോറട്ടറിയിൽ താൽക്കാലിക നിയമനം പഴയ കേസുകൾ തീർപ്പാക്കുന്നതിൽ അത്രകണ്ട് ഫലം ഉണ്ടാക്കിയില്ലായെന്നാണ് കാണുന്നത്. ഇവിടെ കാലപ്പഴക്കം കുറഞ്ഞ കേസുകൾക്ക് മുൻഗണന നൽകിയതിനാൽ 1998 മുതൽ 2010 വരെ ഉണ്ടായിരുന്ന പെന്റിംഗ് കേസുകൾ തീർപ്പാക്കപ്പെടുകയുണ്ടായില്ല. ഇക്കാലയളവിലെ 5,500 ഓളം കേസുകൾ ഇപ്പോഴും തീർപ്പാക്കാത്തതായി അവശേഷിക്കുന്നുണ്ട്. താൽക്കാലിക ജീവനക്കാരെ തുടർന്നും നിയമിക്കുവാൻ ചീഫ് കെമിക്കൽ എക്സാമിനർ ശിപാർശ സമർപ്പിച്ചുവെങ്കിലും ധനവകുപ്പിന്റെ അനുമതി ലഭ്യമാകാത്തതിനെ തുടർന്ന് ഇത് നടപ്പിലാക്കാൻ സാധിച്ചില്ല.

## പെന്റിംഗ് കേസുകൾ തീർപ്പാക്കാനുള്ള കർമ്മപദ്ധതി

**4.127** മൂന്ന് ലബോറട്ടറികളിലേയും കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി പഠനസംഘം മുന്നോട്ടുവയ്ക്കുന്നു.

**a) ടോക്സിക്കോളജി വിഭാഗത്തിലെ കേസുകൾ**

**i) എറണാകുളം ലബോറട്ടറിയിലെ വളരെ കാലപ്പഴക്കം ചെന്ന കേസുകളുടെ തീർപ്പാക്കൽ**

**4.128 എറണാകുളം ലബോറട്ടറിയിൽ 1998 മുതൽ 2010 വരെയുള്ള 5,500 ൽ പരം കേസുകളാണ് തീർപ്പാക്കാനായുള്ളത്. ഈ കേസുകൾ തീർപ്പാക്കുന്നതിനായി കേരള പോലീസ് പെർഫോമൻസ് & അക്കൗണ്ടബിലിറ്റി കമ്മീഷൻറിപ്പോർട്ടിലെ നിർദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു. ഇതിനായി പോലീസ് വകുപ്പിലെ DySP റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിക്കേണ്ടതാണ്.** 1998 മുതൽ 2010 വരെയുള്ള പെന്റിംഗ് കേസുകളുടെ ലിസ്റ്റ് ചീഫ് കെമിക്കൽ എക്സാമിനർ പ്രസ്തുത നോഡൽ ഓഫീസർക്ക് ലഭ്യമാക്കേണ്ടതും അദ്ദേഹം ഈ ലിസ്റ്റ് ലഭ്യമായി ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധനാഫലം ആവശ്യമായ കേസുകളുടെ വിശദാംശം ചീഫ് കെമിക്കൽ എക്സാമിനറെ അറിയിക്കേണ്ടതുമാണ്. ഇക്കാര്യം ആഭ്യന്തരവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. പരിശോധനാഫലംആവശ്യമായ കേസുകളൊഴികെയുള്ള മറ്റെല്ലാ കേസുകളും പരിശോധന കൂടാതെ തീർപ്പാക്കുന്നതിന് പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരമുള്ള നടപടികൾ ചീഫ് കെമിക്കൽ എക്സാമിനർ സ്വീകരിക്കേണ്ടതാണ്.

**4.129** നിലവിൽ അന്വേഷണത്തിലിരിക്കുന്നതും എന്നാൽ കേസിന്റെ വിശദാംശങ്ങൾ നഷ്ടപ്പെട്ടതിനാലോ ആന്തരികാവയവ സാമ്പിളുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാലോ പരിശോധന സാധ്യമല്ലാത്ത കേസുകൾ ഉണ്ടെങ്കിൽ അവയെ സർക്കാരിന്റെയും കേസ് പരിഗണനയിലിരിക്കുന്ന കോടതിയുടെയും പ്രത്യേക അനുമതിയോടെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ii) ടോക്സിക്കോളജി വിഭാഗത്തിലെ മറ്റു പെന്റിംഗ് കേസുകളുടെ തീർപ്പാക്കൽ**

**4.130** തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന 2019 മുതലുള്ള കേസുകളും എറണാകുളം ലബോറട്ടറിയിൽ പെന്റിംഗ് ഉള്ള 2018 മുതൽക്കുള്ള കേസുകളും തീർപ്പാക്കുന്നതിനായി ഈ മേഖലയിൽ അറിവും

അനുഭവ സമ്പത്തും ഉള്ള വിദഗ്ധരുമായി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ **ചുവടെ പറയുന്ന നിർദേശങ്ങൾ നൽകുന്നു.**

1. **കേസുകളെ വിഷാംശം സംശയിക്കപ്പെടുന്ന കേസുകൾ എന്നും Exclusion Purpose നുള്ള കേസുകൾ എന്നും രണ്ടായി തരംതിരിക്കുക.**

2. **വിഷാംശം സംശയിക്കപ്പെടുന്ന കേസുകളെ സംശയിക്കപ്പെടുന്ന വിഷത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും തരംതിരിക്കുക.**

3. **ഒരേ തരം വിഷം സംശയിക്കപ്പെടുന്ന കേസുകൾ പരിശോധിക്കുന്നതിനായി ഒരു അനലിസ്റ്റിനു തന്നെ നൽകേണ്ടതാണ്. ഇതിലൂടെ കുറച്ച് ടെസ്റ്റുകൾ നടത്തിക്കൊണ്ട് വേഗത്തിൽ പരിശോധന പൂർത്തിയാക്കാൻ കഴിയുന്നതാണ്.**

4. **വിഷാംശം സംശയിക്കപ്പെടാത്ത കേസുകൾ വിവിധതരം വിഷപദാർത്ഥങ്ങൾക്കുള്ള (Organic Poison, Inorganic Poisons, Volatile Poisons, Non Volatile Poisons etc.) ക്ലാസ് സ്പെസിഫിക് ടെസ്റ്റുകൾ (class specific tests) നടത്തി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.**

5. **ഈ കേസുകളുടെ പരിശോധന നടത്തുന്നതിനായി, മുൻപ് നടപ്പിലാക്കിയ പോലെ അനലിസ്റ്റുമാരെ ഓരോ ലബോറട്ടറിയിലും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.**

6. **അനലിസ്റ്റുമാരെ താൽക്കാലികമായി നിയമിക്കുന്നതിൽ, വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് മുൻഗണന നൽകേണ്ടതാണ്. ഇവരുടെ അനുഭവസമ്പത്ത് കൂടുതൽ കേസുകൾ തീർപ്പാക്കുന്നതിന് പ്രയോജനകരമാകുന്നതാണ്. ഇവരുടെ അഭാവത്തിൽ മുൻകാലങ്ങളിൽ ഈ ജോലി നിർവ്വഹിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരെ പരിഗണിക്കാവുന്നതാണ്. ഈ രണ്ട് വിഭാഗക്കാരുടേയും അഭാവത്തിൽ പുതിയ ആളുകളെ**

പരിഗണിക്കേണ്ടതാണ് .

7. ടോക്സിക്കോളജി വിഭാഗം ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാനുള്ള നിർദ്ദേശം ഈ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. ആയതിനാൽ ഓരോ ലബോറട്ടറിയിലുമുള്ള പെന്റിംഗ് കേസുകളുടെ എണ്ണത്തിന് ആനുപാതികമായി താൽക്കാലിക ജീവനക്കാരെ നിയമിക്കേണ്ടതും ഇവരെ വിവിധ ഷിഫ്റ്റുകളിലായി നിയോഗിച്ച് പരമാവധി വേഗത്തിൽ കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
8. താൽക്കാലിക ജീവനക്കാരുടെ മേൽനോട്ടച്ചുമതല വകുപ്പിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് വീതിച്ച് നൽകേണ്ടതാണ്.
9. വകുപ്പിന്റെ പ്രതിമാസ പ്രവർത്തനാവലോകനത്തിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന്റെ പുരോഗതി പ്രത്യേകം വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## എക്സൈസ് - നർക്കോട്ടിക്സ് ഡിവിഷനുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ

4.131 എക്സൈസ്, നർക്കോട്ടിക്സ് ഡിവിഷനുകളിലേയും കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് താത്കാലിക ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ് .ഇവർക്ക് കേസുകൾ തരംതിരിച്ച് നൽകിയും ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചും പരമാവധി വേഗത്തിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

4.132 കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി നൽകിയിട്ടുള്ള മേൽപ്പറഞ്ഞ നിർദേശങ്ങൾ മൂന്ന് ലബോറട്ടറികളിലും യഥാസമയം നടപ്പിലാക്കപ്പെടുന്നു എന്നതും കേസുകൾ തീർപ്പാക്കുന്നതിന്റെ പുരോഗതിയും ആഭ്യന്തരവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

## ടെക്നിക്കൽ അസിസ്റ്റന്റ് /സെറോളജിക്കൽ അസിസ്റ്റന്റ് തസ്തിക

**4.133** വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലായി ടെക്നിക്കൽ അസിസ്റ്റന്റിന്റെ 22 തസ്തികകളും (10+6+6)സെറോളജിക്കൽ അസ്സിസ്റ്റന്റിന്റെ 3 തസ്തികകളും (1+1+1) നിലവിലുണ്ട്. ഈ തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് കെമിസ്ട്രി മുഖ്യ വിഷയമായുള്ള ബിരുദമാണ്.

**4.134** 1976 –ൽ പുറപ്പെടുവിച്ച കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികയായി സെറോളജിക്കൽ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 1989 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ഈ രണ്ട് തസ്തികകളുടെയും ശമ്പള സ്കെയിൽ സമാനമാക്കിയതിനെത്തുടർന്ന് 11/11/1997 ലെ സ.ഉ.(പി) 271/1997/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച (എസ്.ആർ.ഒ. നമ്പർ 885/97) പരിഷ്ക്കരിച്ച സ്പെഷ്യൽ റൂളിൽ സെറോളജിക്കൽ അസിസ്റ്റന്റ് തസ്തികയെ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് 16/10/2009 ലെ സ.ഉ.(പി) 163/2009/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഈ രണ്ട് തസ്തികകളേയും സമാന തസ്തികകളാക്കിക്കൊണ്ട് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിരുന്നു. നിലവിൽ ഒരേ റാങ്ക് ലിസ്റ്റിൽ നിന്നാണ് ഈ തസ്തികകളിലേക്കുള്ള നിയമനം പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്നത്.

**4.135** ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ചുമതലകളെക്കുറിച്ച് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി മാനുവലിൽ പ്രതിപാദിച്ചിട്ടുണ്ട്. അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറുടെ നേരിട്ടുള്ള മേൽനോട്ടത്തിലോ സയന്റിഫിക് ഓഫീസറുടെ നിർദ്ദേശാനുസരണമോ പരിശോധനകൾ നടത്തുക, ലബോറട്ടറിയിൽ പരിശോധനകൾക്ക് സ്ഥിരമായി ആവശ്യം വരുന്ന Reagent-കൾ തയ്യാറാക്കി വയ്ക്കുക, പരിശോധന നടപടികളിലും മറ്റ് ഓഫീസ് കാര്യങ്ങളിലും അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറേയും സയന്റിഫിക് ഓഫീസർമാരെയും സഹായിക്കുക തുടങ്ങിയവയാണ് ഈ തസ്തികയുടെ ചുമതലകളായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

**4.136** അനലിറ്റിക്കൽ ജോലികളിൽ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറേയും, സയന്റിഫിക് ഓഫീസർമാരേയും സഹായിക്കുക എന്ന ചുമതലയാണ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്കുള്ളതെങ്കിലും നിലവിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാർ എല്ലാം തന്നെ സയന്റിഫിക് ഓഫീസർമാരെ പോലെ സ്വന്തം നിലയ്ക്ക് കേസുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് ഒപ്പിടുന്നതിനായി അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് നൽകിവരുന്നു. സയന്റിഫിക് ഓഫീസർമാരേയും ടെക്നിക്കൽ അസിസ്റ്റന്റ് മാരെയും 'അനലിസ്റ്റ്' എന്ന ഗണത്തിൽപ്പെടുത്തി ഒരേപോലെയുള്ള പ്രതിമാസ ടാർജറ്റ് നൽകി സാമ്പിളുകൾ പരിശോധിക്കുന്ന സ്ഥിതിയാണുള്ളത്. ടെക്നിക്കൽ അസിസ്റ്റന്റ്/സെറോളജിക്കൽ അസിസ്റ്റന്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് പരിശോധനക്കായി സങ്കീർണ്ണത കുറഞ്ഞ സാമ്പിളുകൾ നൽകണമെന്നും സങ്കീർണ്ണത കൂടുതലുള്ള സാമ്പിളുകൾ സയന്റിഫിക് ഓഫീസർമാർക്ക് നൽകണമെന്നും പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചുകൊണ്ടുള്ള 03/01/2018-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സാമ്പിൾ നൽകുന്നതിൽ അത്തരമൊരു വേർതിരിവ് നിലവിലില്ലായെന്ന് കാണുന്നു. അതായത് ചുമതലകളുടെ കാര്യത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരും സയന്റിഫിക് ഓഫീസർമാരും തമ്മിൽ യാതൊരുവിധ വേർതിരിവുകളും നിലവിലില്ല എന്നതാണ് സ്ഥിതി.

**4.137** ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് കെമിസ്ട്രിയിൽ ഉള്ള ബിരുദമാണ്. എന്നാൽ ലബോറട്ടറിയിലെ വിവിധ ഡിവിഷനുകളിൽ നടത്തപ്പെടുന്ന പരിശോധനകളും GCMS, GC, HPTLC തുടങ്ങിയ ഇൻസ്ട്രുമെന്റേഷൻ പരിശോധനകളും നടത്തുന്നതിനുള്ള സാങ്കേതിക ജ്ഞാനമോ പ്രായോഗിക പരിശീലനമോ ബിരുദതലത്തിൽ ലഭിക്കുന്നില്ല എന്ന് കാണാവുന്നതാണ്. ഇക്കാരണത്താലാണ് ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറുടെ നേരിട്ടുള്ള മേൽനോട്ടത്തിലോ സയന്റിഫിക്ക് ഓഫീസറുടെ നിർദ്ദേശാനുസരണമോ മാത്രമേ അനലിറ്റിക്കൽ ജോലികൾ ചെയ്യാൻ പാടുള്ളൂ എന്ന് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്നത്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ വിവിധ ഡിവിഷനുകളിൽ അനലിറ്റിക്കൽ പരിശോധനകൾ നടത്തുന്നതിന് കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം

അനിവാര്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.138** പി.എസ്.സി മുഖാന്തരമുള്ള നേരിട്ടുള്ള നിയമനത്തിലൂടെയും, കെമിസ്ട്രി ബിരുദമുള്ള താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുമുള്ള സ്ഥാനക്കയറ്റത്തിലൂടെയുമാണ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം നടത്തപ്പെടുന്നത്. പി.എസ്.സി മുഖാന്തരം നിയമനം നേടുന്ന ബഹുഭൂരിപക്ഷം പേരും കെമിസ്ട്രി ബിരുദാനന്തര ബിരുദം നേടിയവരാണെന്ന് കാണുന്നു. പി. എച്ച്. ഡി. യോഗ്യത നേടിയിട്ടുള്ളവരും ഈ തസ്തികയിൽ ജോലി നോക്കി വരുന്നു. ടെക്നിക്കൽ അസിസ്റ്റന്റ് /സെറോളജിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ജോലിനോക്കുന്ന 25 പേരിൽ 23 പേർക്കും എം.എസ്.സി. യോഗ്യതയുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതുകൊണ്ടാണ് ഇവരെ സയന്റിഫിക് ഓഫീസർമാരെ പോലെ തന്നെ അനലിസ്റ്റായി പരിഗണിച്ച് സാമ്പിൾ പരിശോധനാ ചുമതല നൽകി വരുന്നത് എന്ന് കാണുന്നു.

**4.139** 51,400–110300 എന്ന ശമ്പള സ്കെയിൽ ഉള്ള ഗസറ്റഡ് തസ്തികയാണ് സയന്റിഫിക് ഓഫീസറുടേത്. 37400 – 79000 ശമ്പളസ്കെയിലിലുള്ള നോൺ ഗസറ്റഡ് തസ്തികയാണ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക. ഇപ്രകാരം പദവിയിലും ശമ്പളത്തിലും വ്യത്യസ്തതയുള്ള രണ്ട് തസ്തികൾക്ക് ഒരേ ചുമതല നൽകുന്ന സ്ഥിതിവിശേഷമാണ് വകുപ്പിൽ സംജാതമായിരിക്കുന്നത്. സയന്റിഫിക് ഓഫീസർമാരെ സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെടുത്തിയതിലൂടെ, മതിയായ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് സാമ്പിൾ പരിശോധന നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടും അത് നടപ്പിലാക്കാത്ത അതേ വകുപ്പിൽ തന്നെയാണ് സ്വതന്ത്രമായി സാമ്പിൾ പരിശോധിക്കുന്നതിനുള്ള ചുമതല നിഷ്കർഷിച്ചിട്ടില്ലാത്ത ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ഉദ്യോഗസ്ഥരെ കൊണ്ട് സ്വതന്ത്രമായി സാമ്പിളുകൾ പരിശോധിപ്പിക്കുന്നത്.

**4.140** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെ നിലവിലുള്ള സാഹചര്യത്തിൽ കെമിസ്ട്രി ബിരുദം അടിസ്ഥാന യോഗ്യതയായുള്ള ഒരു ഇന്റർമീഡിയറി തസ്തിക തീർത്തും അപ്രസക്തമാണെന്ന് പഠനസംഘം കരുതുന്നു. സയൻസ് വിഷയങ്ങളിൽ അടിസ്ഥാനപരിജ്ഞാനമുള്ള ലബോറട്ടറി അസിസ്റ്റന്റ് തസ്തിക കഴിഞ്ഞാൽ പിന്നെ

സ്വതന്ത്രമായി സാമ്പിളുകൾ പരിശോധിക്കുവാൻ വേണ്ട പരിജ്ഞാനമുള്ള അനലിസ്റ്റുമാരാണ് ലബോറട്ടറികളിൽ ആവശ്യമുള്ളത്.

**4.141 കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ജോലിയുടെ സ്വഭാവവും പ്രസ്തുത ജോലി ഫലപ്രദമായി നിർവഹിക്കുവാൻ ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ലബോറട്ടറികളിൽ നിലവിലുള്ള ടെക്നിക്കൽ അസിസ്റ്റന്റ്/സെറോളജിക്കൽ അസിസ്റ്റന്റ് തസ്തിക സയന്റിഫിക്ക് ഓഫീസർ തസ്തികയായി അപ്ഗ്രേഡ് ചെയ്യാൻ പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.142 സയന്റിഫിക് ഓഫീസർ തസ്തികയ്ക്ക് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ബിരുദാനന്തര ബിരുദം ആയതിനാൽ ബിരുദാനന്തര ബിരുദ യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥർ നിലവിൽ ജോലി നോക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ്/സെറോളജിക്കൽ അസിസ്റ്റന്റ് തസ്തിക ആ ഉദ്യോഗസ്ഥർ വിരമിക്കുന്നത് വരെ മാത്രം ടെക്നിക്കൽ അസിസ്റ്റന്റ് / സെറോളജിക്കൽ അസിസ്റ്റന്റ് തസ്തികയായി നിലനിർത്തുവാനും വിരമിച്ച ശേഷം സയന്റിഫിക്ക് ഓഫീസർ തസ്തികയായി അപ്ഗ്രേഡ് ചെയ്യുവാനും ശിപാർശ ചെയ്യുന്നു.**

**4.143 സയന്റിഫിക് ഓഫീസർ തസ്തികയിൽ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിലൂടെ നികത്തുവാൻ ശിപാർശ ചെയ്യുന്നു. മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴി സയന്റിഫിക് ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഉചിതമായ അനുപാതം നിശ്ചയിച്ച്, കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തേണ്ടതാണ്.**

## <u>ഗ്ലാസ് ബ്ലോവർ തസ്തിക</u>

**4.144** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ 31,100 – 66,800 എന്ന ശമ്പള സ്കെയിലിലുള്ള

ഓരോ ഗ്ലാസ് ബ്ലോവർ തസ്തിക വീതം നിലവിലുണ്ട്. ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് ഗ്ലാസ് ബ്ലോവർ തസ്തിക.

**4.145** ലബോറട്ടറിയിലെ പരിശോധനാ വിഭാഗങ്ങൾക്ക് ആവശ്യമായ കാപ്പിലറി ട്യൂബുകൾ, റ്റീറ്റ് പിപ്പറ്റ് മുതലായവ നിർമ്മിച്ച് നൽകുകയെന്ന ചുമതല നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള ഈ തസ്തിക കാലഹരണപ്പെട്ട തസ്തികയാണെന്നതാണ് യാഥാർത്ഥ്യം. ലബോറട്ടറി ഉപകരണങ്ങൾ വിപണിയിൽ ദുർലഭവും താരതമ്യേന വില കൂടുതലുമായിരുന്ന കാലഘട്ടത്തിൽ ഇവ സ്വന്തമായി നിർമ്മിക്കുന്നത് ആദായകരമായിരുന്നിരിക്കാമെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ തസ്തിക തീരെ അപ്രസക്തമായി മാറിക്കഴിഞ്ഞു.

**4.146** ഗ്ലാസ് ബ്ലോവർമാർ നിർമ്മിച്ചു നൽകുന്ന ഗ്ലാസ് ഉപകരണങ്ങൾ വളരെ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ യഥേഷ്ടം ലഭ്യമാണെന്നതിനാൽ ലബോറട്ടറിയിലെ ഉപയോഗത്തിന് ആവശ്യമായ ഈ ഗ്ലാസ് ഉപകരണങ്ങളെല്ലാം ഇപ്പോൾ പുറമേ നിന്നും വാങ്ങുന്ന സ്ഥിതിയാണുള്ളത്. ഗ്ലാസ് ബ്ലോവർ തസ്തികയിലുള്ള ജീവനക്കാരന് പ്രതിമാസ ശമ്പളയിനത്തിൽ നൽകേണ്ടി വരുന്ന തുകയേക്കാൾ വളരെക്കുറഞ്ഞ തുകയ്ക്ക് ലബോറട്ടറിയിൽ ആവശ്യമായ കാപ്പിലറി ട്യൂബുകൾ, റ്റീറ്റ് പിപ്പറ്റ് മുതലായവ വിപണിയിൽ നിന്നും വാങ്ങുവാൻ കഴിയുമെന്നത് കണക്കിലെടുക്കുമ്പോൾ ഈ തസ്തിക തുടർന്നും നിലനിർത്തുന്നത് ഒട്ടും യുക്തിസഹമല്ലായെന്ന വസ്തുത ആർക്കും ബോധ്യമാകുന്നതാണ്. മേൽ സാഹചര്യത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ നിലവിലുള്ള ഗ്ലാസ് ബ്ലോവർ തസ്തികയ്ക്ക് ഇപ്പോൾ നൽകിയിട്ടുള്ള ചുമതലകൾക്ക് പകരം ലബോറട്ടറിയുടെ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന തരത്തിലുള്ള ചുമതലകൾ നൽകി ഈ തസ്തിക പുനഃക്രമീകരിക്കേണ്ടതുണ്ടെന്ന് പഠനസംഘം വിലയിരുത്തുന്നു.

## സാമ്പിൾ റിസീവിംഗ് സെക്ഷൻ

**4.147** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിലേക്ക് പരിശോധനയ്ക്കായി അയക്കപ്പെടുന്ന സാമ്പിളുകൾ സ്വീകരിക്കുന്ന സാമ്പിൾ റിസീവിംഗ് സെക്ഷന് സുപ്രധാനമായ ചുമതലകളാണ് നിർവ്വഹിക്കുവാനുള്ളത്. സാമ്പിൾ റിസീവിംഗ് സെക്ഷനിൽ നിക്ഷിപ്തമായ ചുമതലകളെക്കുറിച്ച് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി മാനുവലിന്റെ

അധ്യായം -4 -ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പരിശോധനയ്ക്കായി സാമ്പിൾ അയച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ വിശദാംശങ്ങൾ, സാമ്പിൾ ലബോറട്ടറിയിൽ എത്തിച്ച ഉദ്യോഗസ്ഥന്റെ ഐഡന്റിറ്റി, കെമിക്കോ - ലീഗൽ റൂൾസിലെ വ്യവസ്ഥകൾക്കനുസരിച്ചാണോ പരിശോധനയ്ക്കുള്ള സാമ്പിൾ അയച്ചിരിക്കുന്നത്, റിക്വസിഷനിലും, സാമ്പിളിലും രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളുടെ കൃത്യത, ശരിയായി സീൽ ചെയ്ത അവസ്ഥയിലാണോ പരിശോധനയ്ക്കുള്ള സാമ്പിളുകൾ ലഭിച്ചിരിക്കുന്നത് മുതലായവയെല്ലാം കൃത്യമായി പരിശോധിച്ചശേഷമാണ് ഒരു സാമ്പിൾ പരിശോധനയ്ക്കായി സ്വീകരിക്കുന്നത്. ഇപ്രകാരം സ്വീകരിക്കുന്ന സാമ്പിളുകളുടെ ഡോക്യുമെന്റേഷൻ കൃത്യമായി നടത്തി പരിശോധനയ്ക്കായി ബന്ധപ്പെട്ട വിഭാഗത്തിന് കൈമാറുന്ന ചുമതലയും സാമ്പിൾ റിസീവിംഗ് സെക്ഷനുണ്ട്. മേൽപ്പറഞ്ഞ പരിശോധനകളിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത സാമ്പിൾ സ്വീകരിക്കാതെ കാരണം ചൂണ്ടിക്കാട്ടി മടക്കി അയക്കുകയും ചെയ്യേണ്ടതുണ്ട്.

**4.148** നിലവിൽ സാമ്പിൾ റിസീവിംഗ് സെക്ഷനുകളിൽ ലബോറട്ടറി അസിസ്റ്റന്റ്, ലാസ്കർ എന്നീ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരെയാണ് നിയോഗിച്ചിരിക്കുന്നത്. തിരുവനന്തപുരം ലബോറട്ടറിയിൽ ഒരു ലബോറട്ടറി അസിസ്റ്റന്റ്, ഒരു ലാസ്കർ, ഒരു ടൈപ്പിസ്റ്റ് (ഡാറ്റ എൻട്രി ജോലികൾക്കായി) എന്നിവരും, എറണാകുളത്ത് ലബോറട്ടറി അസിസ്റ്റന്റ് - 2, ലാസ്കർ - 2 എന്നിങ്ങനെയും, കോഴിക്കോട് ലബോറട്ടറിയിൽ ഒരു ലബോറട്ടറി അസിസ്റ്റന്റ്, 2 ലാസ്കർ എന്നിങ്ങനെയുമാണ് സാമ്പിൾ റിസീവിംഗ് സെക്ഷനിൽ നിയോഗിച്ചിരിക്കുന്നത്. സാമ്പിൾ റിസീവിംഗ് സെക്ഷന്റെ മേൽനോട്ട ചുമതല ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് നൽകിയിട്ടുണ്ടെങ്കിലും ഈ ഉദ്യോഗസ്ഥൻ ഒരു പരിശോധനാവിഭാഗത്തിന്റെ ചുമതലയോടൊപ്പമാണ് ഈ ചുമതലയും നിർവഹിക്കുന്നത്. പരിശോധനയ്ക്കായി സ്വീകരിക്കുന്ന സാമ്പിളുകളുടെ രസീത് ഒപ്പിട്ട് നൽകുന്നത് ഈ ഉദ്യോഗസ്ഥനാണ്.

**4.149** ദിവസേന നിരവധി സാമ്പിളുകളാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ എത്തിച്ചേരുന്നത്. ഈ സാമ്പിളുകളുടെ വിശദാംശങ്ങൾ വേഗത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തി കൃത്യമായി ഡോക്യുമെന്റേഷൻ നടത്തി ബന്ധപ്പെട്ട

പരിശോധനാ വിഭാഗത്തിന് കൈമാറുകയെന്നത് ശ്രമകരമായ ജോലിയാണെന്നതിൽ തർക്കമില്ല. സാമ്പിളുമായി എത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവ സ്വീകരിച്ച് ഡോക്യുമെന്റുകൾ പരിശോധിച്ചു ഉറപ്പുവരുത്തി സാമ്പിൾ സ്വീകരിച്ചതിന്റെ രസീത് നൽകി അവരെ വേഗം മടക്കി അയക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ സാമ്പിൾ സ്വീകരിക്കുന്ന സമയത്ത് നടത്തേണ്ട പരിശോധനകളിൽ എന്തെങ്കിലും പിഴവ് സംഭവിച്ചാൽ അത് ഭാവിയിൽ സങ്കീർണമായ നിയമപ്രശ്നങ്ങൾക്ക് കാരണമാകും എന്ന സ്ഥിതിയുമുണ്ട്. അത്യന്തം സൂക്ഷ്മതയോടെയും വേഗത്തിലും ചുമതലകൾ നിർവഹിക്കുവാൻ ബാധ്യതപ്പെട്ട വിഭാഗമാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിലെ സാമ്പിൾ റിസീവിംഗ് സെക്ഷനുകൾ.

**4.150** ആയതിനാൽ സാമ്പിൾ റിസീവിംഗ് സെക്ഷനുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും, ഈ വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറെ സഹായിക്കുന്നതിനുമായി ലബോറട്ടറി അസിസ്റ്റന്റ് തസ്തികയേക്കാൾ ഉയർന്ന തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ മുഴുവൻ സമയ സേവനം സാമ്പിൾ റിസീവിംഗ് സെക്ഷനിൽ ആവശ്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.151** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ നിലവിലുള്ള ഗ്ലാസ് ബ്ലോവർ തസ്തിക പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഈ റിപ്പോർട്ടിന്റെ മുൻ ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്. **മേൽ സാഹചര്യത്തിൽ വകുപ്പിൽ നിലവിലുള്ള 3 ഗ്ലാസ് ബ്ലോവർ തസ്തികകൾ നിർത്തലാക്കുവാനും പകരം സമാന ശമ്പള സ്കെയിലിൽ 'സാമ്പിൾ റിസീവിങ് അസിസ്റ്റന്റ്' (Sample Receiving Assistant) എന്ന 3 പുതിയ തസ്തികകൾ സൃഷ്ടിച്ച് സാമ്പിൾ റീസീവിംഗ് സെക്ഷനിൽ വിന്യസിക്കുവാനും ശിപാർശ ചെയ്യുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന സാമ്പിൾ റിസീവിങ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നിലവിലുള്ള ഗ്ലാസ് ബ്ലോവർമാരെ നിയമിക്കേണ്ടതുമാണ്.**

**4.152** സാമ്പിൾ റിസീവിംഗ് സെക്ഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുക, സെക്ഷന്റെ മേൽനോട്ട ചുമതലയുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറുടെ

മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുക എന്നീ ചുമതലകൾ സാമ്പിൾ റിസീവിങ് അസിസ്റ്റന്റ് തസ്തികയ്ക്ക് നൽകാവുന്നതാണ്.

## ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത

**4.153** അനലിസ്റ്റുമാരെ രാസപരിശോധനകൾ നടത്തുന്നതിൽ സഹായിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ളവരാണ് ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർ. ഈ തസ്തികയിൽ നിക്ഷിപ്തമായ ചുമതലകളെക്കുറിച്ച് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി മാനുവലിലെ അധ്യായം – III ഉപവിഭാഗം – J – ൽ വിവരിച്ചിട്ടുണ്ട്. ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്/പായ്ക്കർ തസ്തികകളിൽ നിന്നുള്ള സ്ഥാനക്കയറ്റം മുഖാന്തിരമോ ആയതിന് യോഗ്യരായ ആളുകൾ ഇല്ലാത്തപക്ഷം ഓഫീസ് അറ്റൻഡന്റ്/ലാസ്കർ/ബോട്ടിൽ ക്ലീനർ തുടങ്ങിയ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിന്നും തസ്തികമാറ്റംവഴിയോ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം നടത്തുന്നതിനാണ് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളിൽ നിന്നും നിയമനത്തിന് പരിഗണിക്കുവാൻ ആളുകൾ ഇല്ലെങ്കിൽ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്താമെന്നും സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**4.154** ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് സയൻസ് വിഷയത്തിലുള്ള +2/Pre-Degree അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാനക്കയറ്റം/തസ്തികമാറ്റം വഴി ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കപ്പെട്ടിട്ടില്ല. ഇക്കാരണത്താൽ 7–ാം ക്ലാസ് അടിസ്ഥാന യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽപ്പെടുന്നവരും, പാർട്ട്-ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിച്ച് ബോട്ടിൽ ക്ലീനർ ആയി സ്ഥാനക്കയറ്റം നേടി വരുന്നവരുമാണ് ലബോറട്ടറി അസിസ്റ്റന്റുമാരായി നിയമിക്കപ്പെടുന്നത്. നേരിട്ടുള്ള നിയമനത്തിന് സയൻസ് വിഷയത്തിലുള്ള +2/Pre-Degree യോഗ്യത നിശ്ചയിച്ചിട്ടുണ്ടെങ്കിലും സ്ഥാനക്കയറ്റം/തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ആളുകൾ ഇല്ലായെങ്കിൽ മാത്രമേ നേരിട്ടുള്ള നിയമനം നടത്തുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ കാരണം നേരിട്ടുള്ള നിയമനം പൂർണ്ണമായും ഒഴിവാക്കപ്പെടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കഴിഞ്ഞ കാൽ

നൂറ്റാണ്ടിലേറെ കാലമായി ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്തുവാൻ സാധിച്ചിട്ടില്ലായെന്നാണ് മനസ്സിലാക്കുന്നത്.

**4.155** വകുപ്പിലെ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്, പായ്ക്കർ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ വ്യത്യസ്തമായ ചുമതലകളാണ് ലബോറട്ടറി അസിസ്റ്റന്റ് തസ്തികയ്ക്ക് നൽകിയിരിക്കുന്നത്. ഈ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സയൻസ് വിഷയങ്ങളിലുള്ള അടിസ്ഥാന പരിജ്ഞാനം അത്യന്താപേക്ഷിതമാണെന്ന് കാണാവുന്നതാണ്. എന്നാൽ ഇത്തരമൊരു തസ്തികയിൽ സയൻസ് അടിസ്ഥാന യോഗ്യതയില്ലാത്തവരും, ഇംഗ്ലീഷ് എഴുതുവാനോ വായിക്കുവാനോ അറിയാത്തവരുമുൾപ്പെടെ നിയമിക്കപ്പെടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. മതിയായ യോഗ്യതയുള്ള ലബോറട്ടറി അസിസ്റ്റന്റുമാർ ഉണ്ടെങ്കിൽ അവർക്ക് അനലിസ്റ്റുമാരെ പരിശോധനകൾ നടത്തുന്നതിൽ നല്ലരീതിയിൽ സഹായിക്കുന്നതിനും അതിലൂടെ പരിശോധന സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്. എന്നാൽ ലബോറട്ടറി അസിസ്റ്റന്റുമാർക്ക് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമായ യോഗ്യത ഇല്ലാതെ വരുന്നതുമൂലം അവർ ചെയ്യേണ്ട ജോലികൾ കൂടി അനലിസ്റ്റുമാർ ചെയ്യേണ്ടിവരുന്ന സാഹചര്യം സൃഷ്ടിക്കുകയും അത് അനലിസ്റ്റുമാരുടെ ജോലിഭാരവും സമ്മർദ്ദവും വർദ്ധിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു. പരിശോധനകളുടെ കാര്യക്ഷമതയേയും ഗുണനിലവാരത്തേയും ഇത് ദോഷകരമായി ബാധിക്കുന്നതാണ്. ആയതിനാൽ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് സയൻസ് വിഷയത്തിലുള്ള +2 /Pre-Degree യോഗ്യത നിർബന്ധമാക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

**4.156 മേൽസാഹചര്യത്തിൽ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം/തസ്തിക മാറ്റ നിയമനങ്ങൾക്കും, നേരിട്ടുള്ള നിയമനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ സയൻസ് വിഷയങ്ങളിലുള്ള +2 /Pre-Degree അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിക്കേണ്ടതാണെന്നും ഇതിനനുസൃതമായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

## എമർജൻസി ടോക്സിക്കോളജി പരിശോധനകൾക്ക് സൗകര്യം ഏർപ്പെടുത്തൽ

**4.157** വിഷബാധയേറ്റ് ആശുപത്രികളിൽ ചികിത്സയ്ക്കായി പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽ നിന്ന് ശേഖരിക്കുന്ന രക്തം, മൂത്രം, വയറ്റിലെ അസ്പിറേറ്റ്, വയർ കഴുകിയ ജലം മുതലായവ പരിശോധിച്ച് രോഗികളുള്ളിൽ പ്രവേശിച്ച വിഷം ഏതെന്ന് വളരെ വേഗത്തിൽ കണ്ടെത്തി, രോഗിയുടെ ജീവൻ രക്ഷിക്കുന്നതിന് ആവശ്യമായ ചികിത്സ ലഭ്യമാക്കാൻ ഡോക്ടർമാരെ സഹായിക്കുന്ന ടോക്സിക്കോളജിയിലെ ഒരു ഉപശാഖയാണ് എമർജൻസി ടോക്സിക്കോളജി. ഗ്യാസ് ക്രോമാറ്റോഗ്രാഫ് (GC), GC – MST, TLC, UV Visible Spectrophotometer തുടങ്ങിയ യന്ത്ര സംവിധാനങ്ങളുള്ള ലബോറട്ടറികൾക്ക് മാത്രമേ ഇത്തരം കേസുകളുടെ വേഗത്തിലുള്ള പരിശോധന നടത്തുവാൻ കഴിയൂ. നിലവിൽ നമ്മുടെ സംസ്ഥാനത്ത് സാധാരണ ക്ലിനിക്കൽ ലബോറട്ടറികളിൽ മതിയായ സൗകര്യങ്ങളും പരിശീലനം ലഭിച്ച ജീവനക്കാരും ഇല്ലാത്തതിനാൽ അവർക്ക് എമർജൻസി ടോക്സിക്കോളജി ഗണത്തിലുള്ള പരിശോധനകൾ നടത്തുവാൻ കഴിയുന്നതല്ല.

**4.158** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിലും എമർജൻസി ടോക്സിക്കോളജി ഗണത്തിൽപ്പെട്ട പരിശോധനകൾ നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളും വിദഗ്ധരായ ജീവനക്കാരുമുണ്ട്. ഇവിടങ്ങളിൽ പ്രസ്തുത പരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയാൽ അതിലൂടെ നിരവധി പേരുടെ ജീവൻ രക്ഷിക്കുന്നതിനുതകുന്ന സേവനം പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യാൻ ഈ ലബോറട്ടറികൾക്ക് കഴിയുന്നതാണ്.

**4.159** പലതരം കീടനാശിനികൾ മൂലമുള്ള വിഷബാധ, മരുന്നിന്റെ അമിതോപയോഗം മൂലമുള്ള വിഷബാധ, ഭക്ഷ്യവിഷബാധ എന്നിവ മൂലം ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന രോഗികൾക്ക് യഥാസമയം കൃത്യമായ ചികിത്സ ലഭ്യമാക്കാൻ കഴിയാത്തതിനാൽ നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഈ ഒരു പശ്ചാത്തലത്തിൽ മതിയായ യന്ത്രസംവിധാനങ്ങളും വിദഗ്ധരായ ജീവനക്കാരും സർക്കാർ മേഖലയിൽ തന്നെ ഉള്ളപ്പോൾ എമർജൻസി ടോക്സിക്കോളജി

പരിശോധനകൾ നടത്തുന്നതിന് മുഴുവൻ സമയസൗകര്യം ഈ ലബോറട്ടറികളിൽ ഏർപ്പെടുത്തുന്നത് കുറഞ്ഞ മുതൽ മുടക്കിൽ വലിയ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഉപകരിക്കുമെന്ന് പഠനസംഘം കരുതുന്നു.

**4.160** കെമിക്കൽ ലബോറട്ടറികളിലെ ടോക്സിക്കോളജി വിഭാഗത്തിൽ കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്നതിനാലും, ഓരോ വർഷവും ലഭിക്കുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാലും, ടോക്സിക്കോളജി സാമ്പിളുകളിൽ കാലതാമസം കൂടാതെ പരിശോധന പൂർത്തീകരിക്കേണ്ടതുള്ളതിനാലും ലബോറട്ടറികളിലെ ടോക്സിക്കോളജി വിഭാഗത്തിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്തുന്നതിന് ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ടോക്സിക്കോളജി വിഭാഗത്തിൽ എമർജൻസി ടോക്സിക്കോളജി പരിശോധനകൾ നടത്തുന്നതിന് പ്രാവീണ്യമുള്ള അനലിസ്റ്റുമാരുടെ സേവനം മുഴുവൻ സമയം ഉറപ്പാക്കിയാൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുതന്നെ മൂന്ന് ലബോറട്ടറികളിലും എമർജൻസി ടോക്സിക്കോളജി പരിശോധനകൾ നടത്തി ഫലം ലഭ്യമാക്കാൻ കഴിയുന്നതാണ്.

**4.161** ഈ വസ്തുതകൾ പരിഗണിച്ച് **കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിലും അവധി ദിവസങ്ങളിലുൾപ്പെടെ മുഴുവൻ സമയവും (24X7) എമർജൻസി ടോക്സിക്കോളജി പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നു.** ഇതിനായി എമർജൻസി ടോക്സിക്കോളജി പരിശോധനകൾ നടത്തുന്നതിൽ പ്രാവീണ്യമുള്ള അനലിസ്റ്റിന്റെ സേവനം മൂന്ന് ലബോറട്ടറികളിലും മുഴുവൻ സമയവും ഉറപ്പുവരുത്തേണ്ടതാണ്.

**4.162 എമർജൻസി ടോക്സിക്കോളജി പരിശോധനകൾക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി ഓരോ ലബോറട്ടറിയിലും 2 സയന്റിഫിക് ഓഫീസർ തസ്തിക വീതം ആകെ 6 തസ്തികകൾ (3X2=6) അധികമായി സൃഷ്ടിക്കുവാനും ശിപാർശ ചെയ്യുന്നു.**

**4.163** എമർജൻസി ടോക്സിക്കോളജി പരിശോധനയ്ക്കായി ഇപ്പോൾ വളരെ കുറവ് എണ്ണം കേസുകളാണ് ലബോറട്ടറികളിൽ ലഭിക്കുന്നത്. എന്നാൽ കെമിക്കൽ എക്സാമിനേഴ്സ്

ലബോറട്ടറികളിൽ ലഭ്യമാകുന്ന ഈ സേവനത്തെക്കുറിച്ച് ഡോക്ടർമാർക്കിടയിൽ നല്ല പ്രചാരം ലഭിക്കുന്നതോടെയും **24X7** അടിസ്ഥാനത്തിൽ സേവനം നൽകാൻ ലബോറട്ടറികൾ സജ്ജമാകുന്നതോടെയും വൈദ്യശാസ്ത്രമേഖല ഈ സേവനം കൂടുതൽ പ്രയോജനപ്പെടുത്തുന്നതാണ്. എന്നിരുന്നാലും ഇത്തരം കേസുകൾ എല്ലാ സമയത്തും പരിശോധനയ്ക്കായി ഉണ്ടായിരിക്കണമെന്നില്ല. ആയതിനാൽ എമർജൻസി ടോക്സിക്കോളജി പരിശോധനയ്ക്കായി കേസുകൾ ലഭ്യമാകുമ്പോൾ മാത്രം അത്തരം കേസുകൾ പരിശോധിക്കുന്നതിനും, അല്ലാത്ത സമയങ്ങളിൽ ടോക്സിക്കോളജി ഡിവിഷനിലെ Blood Alcohol പോലുള്ള മറ്റു കേസുകൾ പരിശോധിക്കുന്നതിനും ഇതിനായി നിയോഗിക്കപ്പെടുന്ന അനലിസ്റ്റുമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇത് ടോക്സിക്കോളജി ഡിവിഷനിലെ കേസുകൾ യഥാസമയം തീർപ്പാക്കുന്നതിന് സഹായകരമാകുന്നതാണ്.

## പരിശീലന-രീതി മൂല്യനിർണ്ണയ വിഭാഗം (Training and Method validation wing)

**4.164** ക്രിമിനൽ കേസുകളിലെ സുപ്രധാന തെളിവാണ് ഫോറൻസിക് വിദഗ്ധർ നൽകുന്ന ശാസ്ത്രീയ പരിശോധനാ ഫലമെന്നതിനാലും ഈ പരിശോധനയിൽ സംഭവിക്കുന്ന ചെറിയൊരു വീഴ്ച പോലും കേസിനെ ദോഷകരമായി ബാധിക്കുമെന്നതിനാലും ഫോറൻസിക് പരിശോധനാ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് മതിയായ പരിശീലനങ്ങൾ നൽകേണ്ടത് അത്യാവശ്യമാണ്. ഈ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്നവർക്ക് പരിശീലനം ആവശ്യമായതുപോലെതന്നെ ഈ രംഗത്ത് കാലങ്ങളായി പ്രവർത്തിച്ചു വരുന്നവർക്കും പുത്തൻ പരിശോധനാ രീതികളെക്കുറിച്ച് വേണ്ട അവബോധം നൽകി അവരെ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളുന്നവരാക്കി നിലനിർത്തുന്നതിനും പരിശീലനം ഒരു അവശ്യഘടകമാണ്. എന്നാൽ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് കാരണം ഒരു പ്രത്യേക പരിശീലന വിഭാഗം വകുപ്പിൽ ഇപ്പോൾ നിലവിലില്ല.

**4.165** ലബോറട്ടറികളിൽ പിന്തുടരുന്ന അംഗീകൃത പരിശോധനാ മാർഗ്ഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മുമ്പായി ഓരോ പുതിയ പരിശോധനാ മാർഗ്ഗവും വാലിഡേറ്റ് ചെയ്യേണ്ടതുണ്ട്. ആധുനിക ലബോറട്ടറി പരിതസ്ഥിതിയുള്ള വിദേശ

ലബോറട്ടറികളിൽ വികസിപ്പിച്ചെടുക്കുന്ന നവീന പരിശോധനാ മാർഗ്ഗങ്ങൾ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള വകുപ്പിന്റെ ലബോറട്ടറികളിൽ അതേപടി പ്രാവർത്തികമാക്കാൻ കഴിയുന്നതല്ല. വിദേശ ലബോറട്ടറികളിൽ യഥാർത്ഥ രീതി വികസിപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും ഉപയോഗിച്ച അനലിറ്റിക്കൽ ഉപകരണങ്ങളുടെ സംവേദനക്ഷമതയും രാസവസ്തുക്കളുടെ ഗുണനിലവാരവും നമ്മുടെ ലബോറട്ടറികളുടേതിൽ നിന്നും വ്യത്യസ്തമായിരിക്കുമെന്നതാണ് ഇതിന് കാരണം. ആയതിനാൽ ഇത്തരം പരിശോധനാരീതികൾ പ്രാവർത്തികമാക്കുന്നതിന് മുന്നോടിയായി അവയെ നമ്മുടെ ലബോറട്ടറി പരിതസ്ഥിതികൾക്കനുസൃതമായി കാലിബ്രേറ്റ് (calibrate) ചെയ്യേണ്ടത് ആവശ്യമാണ്. ഈ കാലിബ്രേഷൻ പ്രക്രിയ വളരെ സമയമെടുക്കുന്നതും അത്യന്തം സൂക്ഷ്മതയോടും ശ്രദ്ധയോടും കൂടി പൂർത്തിയാക്കേണ്ടതുമായ ഒന്നാണ്. ആയതിനാൽ വകുപ്പിന്റെ 3 ലബോറട്ടറികൾക്കുമായി ഒരു കേന്ദ്രീകൃത രീതി മൂല്യനിർണയ വിഭാഗം (Method Validation Wing) ആവശ്യമാണ്. കേന്ദ്രീകൃതമായ മൂല്യനിർണയ വിഭാഗത്തിന്റെ അഭാവത്തിൽ ഓരോ ലബോറട്ടറിക്കും പ്രത്യേകമായി രീതി മൂല്യനിർണയം നടത്തേണ്ടി വരുന്നതാണ്. ഇത് ഒരേ ജോലി തന്നെ ആവർത്തിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനും അതുവഴി അനലിസ്റ്റുമാരുടെ വിലപ്പെട്ട സമയവും, വിഭവങ്ങളും പാഴാക്കപ്പെടുന്നതിനും കാരണമാകുന്നതാണ്.

**4.166** വകുപ്പിന്റെ മൂന്ന് ലബോറട്ടറികൾക്കും NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളതിനാൽ സൊസൈറ്റി ഓഫ് ഫോറൻസിക് ടോക്സിക്കോളജിസ്റ്റ്സ് (SOFT), ടോക്സിക്കോളജി സെക്ഷൻ ഓഫ് അമേരിക്കൻ അക്കാദമി ഓഫ് ഫോറൻസിക് സയൻസസ് (AAFS) തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളും, ISO/IEC മുതലായ ഏജൻസികളും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഗുണനിലവാര മാനദണ്ഡങ്ങളെല്ലാം തന്നെ ഈ ലബോറട്ടറികൾക്ക് നിർബന്ധമായും പിന്തുടരേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ലബോറട്ടറികളിൽ പരിശോധനാ രീതികൾ നിശ്ചിത ഇടവേളകളിൽ കാലിബ്രേറ്റ് ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നിലവിൽ സാമ്പിൾ പരിശോധനാ ജോലികൾ ചെയ്യുന്ന ഉദ്യോഗസ്ഥർ തന്നെയാണ് ഇത്തരം ജോലികളും നിർവ്വഹിച്ചുവരുന്നത്.

**4.167** മുകളിൽ വിവരിച്ച വസ്തുതകളിൽ നിന്നും വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും രീതി മൂല്യനിർണയം നടത്തുന്നതിനുമായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കാണുന്നു. **ആയതിനാൽ വകുപ്പിന്റെ മൂന്ന് ലബോറട്ടറികൾക്കുമായി തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിൽ "പരിശീലന - രീതി മൂല്യനിർണ്ണയ വിഭാഗം (Training & Method Validation Wing) "എന്ന പേരിൽ ഒരു പുതിയ വിഭാഗം ആരംഭിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.168** **ജോലിഭാരം നിർണ്ണയിച്ചതിൽ (പേജ്-26, പട്ടിക നമ്പർ-6) തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിൽ അധികമായി കണ്ട അനലിസ്റ്റുമാരിൽ നിന്നും 2 സയന്റിഫിക് ഓഫീസർമാരെ പുതുതായി ആരംഭിക്കുന്ന പരിശീലന-രീതി മൂല്യനിർണ്ണയ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി നിയോഗിക്കേണ്ടതാണ്.** ഈ വിഭാഗത്തിന്റെ മേൽനോട്ടച്ചുമതല തിരുവനന്തപുരം ആസ്ഥാന ലബോറട്ടറിയിലെ Joint Chemical Examiner (General) ന് ആയിരിക്കുന്നതാണ്. വകുപ്പിന്റെ ഗവേഷണ, വികസന (Research & Development) പ്രവർത്തനങ്ങളുടെ ചുമതലയും ഈ വിഭാഗത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

## <u>ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കൽ</u>

**4.169** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ഡിപ്പാർട്ട്മെന്റ് മാനുവൽ അനുസരിച്ച് ഒരു പുതിയ പരിശോധനാ രീതി ലബോറട്ടറികളിൽ നടപ്പിലാക്കുന്നതിനും, നിലവിലുള്ള പരിശോധനാ രീതിയിൽ മാറ്റം വരുത്തുന്നതിനും, ഒരു പരിശോധനാ രീതി അംഗീകരിക്കുന്നതിനുമുള്ള അധികാരം ചീഫ് കെമിക്കൽ എക്സാമിനറിൽ മാത്രം നിക്ഷിപ്തമാണ്. അതുപോലെ തന്നെ ലബോറട്ടറികളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരവും ചീഫ് കെമിക്കൽ എക്സാമിനർക്ക് മാത്രമേ നൽകിയിട്ടുള്ളൂ.

**4.170** നിലവിൽ സമാന സ്വഭാവമുള്ള ചില കേസുകളിൽ വകുപ്പിന്റെ മൂന്ന്

ലബോറട്ടറികളിൽ നടത്തപ്പെടുന്ന പരിശോധനകളിലും നൽകുന്ന സർട്ടിഫിക്കറ്റിന്റെ ഘടനയിലും വ്യത്യാസങ്ങൾ ഉള്ളതായിക്കാണുന്നു. പ്രതിമാസ ടാർജറ്റ് കണക്കുകൂട്ടുന്ന രീതിയിലും വിവിധ ലബോറട്ടറികൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതായി പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനങ്ങളിൽ പൊതു ഘടനയും പൊതു മാനദണ്ഡവും സൂക്ഷിക്കേണ്ടത് പരിശോധനഫലങ്ങളുടെ വിശ്വാസ്യതയും ആധികാരികതയും ഉറപ്പ് വരുത്താൻ അത്യന്താപേക്ഷിതമാണ്.

**4.171** മേൽ സാഹചര്യത്തിൽ, **സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതിക വിഷയങ്ങളിലും മൂന്ന് ലബോറട്ടറികളിലും ഏകീകൃത സ്വഭാവം ഉറപ്പുവരുത്തുന്നതിനായി ഈ ലബോറട്ടറികളിൽ നിന്നും സാങ്കേതിക വിഭാഗം ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് കെമിക്കൽ എക്സാമിനറുടെ അധ്യക്ഷതയിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. ഇതൊരു സ്ഥിരം സംവിധാനമായിരിക്കേണ്ടതാണ്.**

**4.172** ലബോറട്ടറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് കെമിക്കൽ എക്സാമിനർ ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്.

## ടെക്നിക്കൽ ഇൻസ്പെക്ഷൻ

**4.173** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ മാനുവലിലെ അദ്ധ്യായം XIV പ്രകാരം വർഷത്തിൽ കുറഞ്ഞത് ഒരുതവണയെങ്കിലും 3 ലബോറട്ടറികളുടേയും ടെക്നിക്കൽ ഇൻസ്പെക്ഷൻ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വകുപ്പിൽ 2022 ജനുവരി മാസത്തിനു ശേഷം ഇതുവരെയും ടെക്നിക്കൽ ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല എന്ന് കാണുന്നു. 27.11.2023-ലെ CELD/977/2023-എ.സി.2 നമ്പർ നടപടിക്രമം അനുസരിച്ച് ടെക്നിക്കൽ ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിരുന്നു. 6 മാസമായിരുന്നു ടീമിന്റെ കാലാവധി. എന്നാൽ കാലാവധി അവസാനിച്ച മെയ് മാസം വരെ ടെക്നിക്കൽ ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്.

**4.174** കെമിക്കൽ ലബോറട്ടറികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നിശ്ചിത ഇടവേളകളിൽ ടെക്നിക്കൽ ഇൻസ്പെക്ഷൻ നിർബന്ധമായും നടത്തേണ്ടതും കണ്ടെത്തുന്ന

പോരായ്മകളിൽ താമസംവിനാ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. എന്നാൽ വകുപ്പിന്റെ ടെക്നിക്കൽ ഇൻസ്പെക്ഷൻ സംവിധാനം ഒട്ടും ഫലപ്രദമല്ലെന്ന് കാണുന്നു.

**4.175** ആയതിനാൽ **ലബോറട്ടറികളിൽ ടെക്നിക്കൽ ഇൻസ്പെക്ഷൻ നിശ്ചിത ഇടവേളകളിൽ നിർബന്ധമായും നടത്തേണ്ടതും ടെക്നിക്കൽ ഇൻസ്പെക്ഷനിൽ കണ്ടെത്തുന്ന പോരായ്മകളിൽ താമസംവിനാ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ചീഫ് കെമിക്കൽ എക്സാമിനർ ഉറപ്പു വരുത്തേണ്ടതാണ്.**

## ലബോറട്ടറികളിൽ ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടപ്പിലാക്കുന്നതിനും ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള നടപടി

**4.176 'കെമിക്കൽ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം'** എന്ന പേരിലുള്ള ഒരു സോഫ്റ്റ്‌വെയർ സംവിധാനം 2011 മുതൽ വകുപ്പിൽ പ്രയോഗത്തിലുണ്ട്. കെൽട്രോൺ ആണ് ഈ സോഫ്റ്റ്‌വെയർ സേവനം ലഭ്യമാക്കിയിട്ടുള്ളത്. ഈ സോഫ്റ്റ്‌വെയറിൽ ഒരു സാമ്പിൾ, റിസീവിംഗ് സെക്ഷനിൽ സ്വീകരിക്കുന്നതുമുതൽ വിവിധ വിഭാഗങ്ങളിൽ അതിന്റെ പരിശോധന പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകുന്നതുവരെയുള്ള സകല വിവരങ്ങളും ഓൺലൈനായി രേഖപ്പെടുത്തുന്നതിനും പരിശോധനാ സർട്ടിഫിക്കറ്റ് ഓൺലൈനായി ജനറേറ്റ് ചെയ്യുന്നതിനുമുള്ള സൗകര്യമുണ്ടെങ്കിലും അത് വേണ്ടവിധത്തിൽ വകുപ്പ് പ്രയോജനപ്പെടുത്തുന്നില്ലായെന്ന് കാണുന്നു.

**4.177** നിലവിൽ ഒരു സാമ്പിൾ പരിശോധനയ്ക്കുള്ള അപേക്ഷ സാമ്പിൾ റിസീവിംഗ് സെക്ഷനിൽ ലഭിക്കുമ്പോൾ ആ കേസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും സാമ്പിളിന് സോഫ്റ്റ്‌വെയർ മുഖാന്തരം നമ്പർ നൽകുകയും ചെയ്യുന്നു. സാമ്പിൾ കൈപ്പറ്റിയതിനുള്ള രസീത് സൃഷ്ടിക്കുന്നതും സോഫ്റ്റ്‌വെയറിൽ നിന്നാണ്. അതിനുശേഷം സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി സാമ്പിൾ ബന്ധപ്പെട്ട പരിശോധനാ വിഭാഗത്തിന് നൽകുന്നു. പരിശോധന നടത്തുന്ന വിഭാഗത്തിൽ ഒരു സാമ്പിൾ എത്തുമ്പോൾ ആ ഡിവിഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറും അനലിസ്റ്റുമാരും സാമ്പിളിനെക്കുറിച്ച് സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ

തന്നെ പ്രത്യേകം രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നതായി കാണുന്നു. ലബോറട്ടറികളുടെ NABL അക്രഡിറ്റേഷന്റെ ഭാഗമായുള്ള ഓഡിറ്റ് ആവശ്യങ്ങൾക്കായും പലവിധത്തിലുള്ള രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇതിലൂടെ സാമ്പിൾ പരിശോധനാ ജോലികൾക്കായി വിനിയോഗിക്കേണ്ട ഇവരുടെ വിലപ്പെട്ട സമയം രജിസ്റ്റർ എഴുതുന്നത് പോലുള്ള ക്ലറിക്കൽ ജോലികൾക്കായി മാറ്റി വെക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്.

**4.178** സാമ്പിൾ പരിശോധിക്കുന്ന അനലിസ്റ്റുമാർ പരിശോധനാഫലം സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി അംഗീകാരത്തിനായി സർട്ടിഫിക്കറ്റ് ഒപ്പിടുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്ക് നൽകുന്നു. സർട്ടിഫിക്കറ്റ് അംഗീകരിക്കുമ്പോൾ സോഫ്റ്റ്‌വെയർ സൃഷ്ടിക്കുന്ന നമ്പർ സഹിതമുള്ള സർട്ടിഫിക്കറ്റാണ് ലഭിക്കുന്നതെങ്കിലും പ്രസ്തുത നമ്പർ സർട്ടിഫിക്കറ്റിന് ഉപയോഗിക്കാതെ നമ്പറിംഗ് സെക്ഷനിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരമുള്ള മറ്റൊരു നമ്പർ വാങ്ങി ആ നമ്പർ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുകയാണ് ചെയ്തുവരുന്നത്. അതിനുശേഷം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ സർട്ടിഫിക്കറ്റിൽ ഒപ്പിടുകയും സർട്ടിഫിക്കറ്റ് തപാൽ മാർഗം അയച്ചുകൊടുക്കുകയും ചെയ്യുന്നു. സർട്ടിഫിക്കറ്റിന്റെ ഓഫീസ് കോപ്പിയും സാമ്പിൾ പരിശോധനയ്ക്കായി ലഭിച്ച അപേക്ഷയും റെക്കോർഡ്സ് സെക്ഷനിൽ സൂക്ഷിക്കുകയും ചെയ്തു വരുന്നു.

**4.179** ലബോറട്ടറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുള്ള വിവിധ ലബോറട്ടറികളുടെ പ്രവർത്തനരീതി പഠനസംഘം വിലയിരുത്തുകയും അതിനെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെ പ്രവർത്തനവുമായി താരതമ്യപഠനത്തിന് വിധേയമാക്കുകയും ചെയ്തു. ഇത്തരം ലബോറട്ടറികളിൽ എല്ലാം സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ ഓൺലൈൻ ആയിട്ടാണ് സാമ്പിളുകൾ ലഭിക്കുന്നത് മുതൽ സർട്ടിഫിക്കറ്റ് നൽകുന്നത് വരെയുള്ള എല്ലാ ഡോക്യുമെന്റേഷനും നടത്തുന്നതെന്നും സാമ്പിൾ പരിശോധിക്കുന്ന സമയത്ത് അനലിസ്റ്റുമാർ ഉപയോഗിക്കുന്ന വർക്ക് ഷീറ്റുകൾ പോലുള്ള ചുരുക്കം ചില രേഖകൾ മാത്രമേ എഴുതി സൂക്ഷിക്കുന്നുള്ളൂവെന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. NABL അക്രഡിറ്റേഷന്റെ ഭാഗമായുള്ള ഓഡിറ്റ് പരിശോധനകൾക്കും സോഫ്റ്റ്‌വെയറിൽ നിന്നുള്ള രേഖകളാണ് സമർപ്പിക്കുന്നതെന്നും മനസ്സിലാക്കുവാൻ സാധിച്ചു. പരിശോധനാ സർട്ടിഫിക്കറ്റ് ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന

രീതി ഇന്ന് സർവസാധാരണമായി കഴിഞ്ഞു.

**4.180** കെമിക്കൽ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറിന്റെ ചുമതല വഹിക്കുന്ന കെൽട്രോണിലെ ബന്ധപ്പെട്ട വിഭാഗവുമായി പഠനസംഘം ആശയവിനിമയം നടത്തുകയുണ്ടായി. സാമ്പിൾ പരിശോധിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതുമുതൽ സർട്ടിഫിക്കറ്റ് നൽകുന്നതുവരെയുള്ള എല്ലാ ഡോക്യുമെന്റേഷനും ഡിജിറ്റലായി നടത്തുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഉണ്ടെന്നും ഡിജിറ്റൽ സിഗ്നേച്ചർ സൗകര്യം ഒരുക്കിയാൽ പരിശോധനാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖാന്തിരം തന്നെ ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുവാൻ കഴിയുമെന്നും അവർ അറിയിച്ചു. കൂടാതെ സ്റ്റോർ, ലൈബ്രറി എന്നിവയുടെ പ്രവർത്തനത്തിന് ഈ സോഫ്റ്റ്‌വെയറിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയൊന്നും വകുപ്പ് ഇപ്പോൾ പ്രയോജനപ്പെടുത്തുന്നില്ലായെന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

**4.181** കെമിക്കൽ ലബോറട്ടറികളിൽ സാമ്പിൾ പരിശോധിക്കുന്നതിനുള്ള അപേക്ഷ ഫിസിക്കൽ രൂപത്തിലാണ് ലഭിക്കുന്നത്. ഇത് സാമ്പിൾ റിസീവിംഗ് സെക്ഷനിൽ നിന്നും സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്താൽ അത് ഡിജിറ്റൽ രേഖയായി മാറുന്നതാണ്. ഈ അപേക്ഷയിൽ പരിശോധനാ സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കുന്നതിനുള്ള ഔദ്യോഗിക ഇ-മെയിൽ വിലാസം ഉൾപ്പെടുത്തുകയും സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥന് ഡിജിറ്റൽ സിഗ്നേച്ചർ സൗകര്യം ലഭ്യമാക്കുകയും ചെയ്താൽ സോഫ്റ്റ്‌വെയർ സൃഷ്ടിക്കുന്ന സർട്ടിഫിക്കറ്റിൽ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തി ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചു കൊടുക്കാൻ കഴിയുന്നതാണ്. ഇതിലൂടെ സർട്ടിഫിക്കറ്റിന് മാനുവൽ ആയി നമ്പർ നൽകുന്ന ജോലിയും സർട്ടിഫിക്കറ്റ് ഡെസ്പാച്ച് ചെയ്യുന്ന ജോലിയും ഈ ഇനത്തിലുള്ള ചെലവും ഒഴിവാക്കാവുന്നതാണ്. സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാൻ കഴിയും എന്നതിനാൽ രേഖകൾ സൂക്ഷിക്കുന്നതിനായി പ്രത്യേകമായി റെക്കോർഡ്സ് വിഭാഗത്തിന്റെ ആവശ്യവും ഉണ്ടാകുന്നതല്ല.

**4.182 ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ സമ്പൂർണ്ണ ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടപ്പിൽ**

**വരുത്തുന്നതിനും പരിശോധനാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചർ സഹിതം ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനും പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.183** ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടപ്പിലാക്കുന്നതിന്റെയും സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭ്യമാക്കുന്നതിന്റെയും നേട്ടങ്ങൾ

1. സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കപ്പെട്ടുമെന്നതിനാൽ റെക്കോർഡ്സ് വിഭാഗത്തിന്റെ ആവശ്യം വരുന്നില്ല.
2. സർട്ടിഫിക്കറ്റ് ഓൺലൈനായി നൽകുന്നതിലൂടെ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ലഭിക്കുമെന്ന് ഉറപ്പുവരുത്താമെന്ന് മാത്രമല്ല തപാൽ ഇനത്തിലുള്ള ചെലവ് ഒഴിവാക്കുന്നതിനും സാധിക്കുന്നു.
3. സർട്ടിഫിക്കറ്റ് ലഭിച്ചില്ല എന്ന കാരണത്താൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയുന്നു.
4. സർട്ടിഫിക്കറ്റിന്റെ ആധികാരികതയും രഹസ്യസ്വഭാവവും നിലനിർത്താൻ കഴിയുന്നു.
5. സർട്ടിഫിക്കറ്റ് നമ്പറിംഗ് സെക്ഷൻ, ഡെസ്പാച്ച് സെക്ഷൻ, റെക്കോർഡ്സ് സെക്ഷൻ എന്നിവിടങ്ങളിൽ ചെയ്തുവരുന്ന ജോലി ഒഴിവാക്കപ്പെടുന്നതിനാൽ ഇവിടങ്ങളിൽ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥരുടെ സേവനം സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട മറ്റ് അവശ്യ മേഖലകളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു.

## <u>സ്റ്റോറുകളിലെ ഓൺലൈൻ ഡോക്യുമെന്റേഷൻ</u>

**4.184** സ്റ്റോറിന്റെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിന് കെമിക്കൽ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറിൽ 'സ്റ്റോക്ക്' മൊഡ്യൂൾ ലഭ്യമാണെങ്കിലും വകുപ്പ് അത് പ്രയോജനപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. സ്റ്റോറുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം

രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്ന രീതിയാണ് നിലവിലുള്ളത്.

**4.185** വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ മനുഷ്യാധ്വാനം പരമാവധി കുറച്ച് മെച്ചപ്പെട്ട രീതിയിൽ സ്റ്റോറിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ വേണ്ട സൗകര്യങ്ങളുണ്ടെന്നിരിക്കെ അതിനെ പ്രയോജനപ്പെടുത്താതെ പരമ്പരാഗത രീതിയിൽ തന്നെ പ്രവർത്തിക്കുന്നത് ഒട്ടും ശരിയായ നടപടിയല്ല. **ആയതിനാൽ വകുപ്പിന്റെ ലബോറട്ടറികളിലെ സ്റ്റോറിന്റെ പ്രവർത്തനങ്ങൾക്കായി കെമിക്കൽ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം സ്റ്റോറിന്റെ പ്രവർത്തനങ്ങളിലും ഓൺലൈൻ ഡോക്യുമെന്റേഷൻ നടപ്പിൽ വരുത്തേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

## മിനിസ്റ്റീരിയൽ വിഭാഗം

**4.186** പ്രവൃത്തി പഠനത്തിന്റെ ഭാഗമായി വകുപ്പിന്റെ മൂന്ന് ഓഫീസുകളിലേയും ക്ലറിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിഭാരം പ്രത്യേകമായി നിർണയിക്കുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### ആസ്ഥാന ഓഫീസ്, തിരുവനന്തപുരം

പട്ടിക നമ്പർ – 13

| സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ) (മിനിട്ടിൽ) | നിലവിലെ ജോലിഭാരം (മണിക്കൂറിൽ) |
|---|---|---|
| ഇ 1 | 106,740 | 1779 |
| ഇ 2 | 100,500 | 1675 |
| എ സി 1 | 94,800 | 1580 |
| എ സി 2 | 95400 | 1590 |
| എസ് 1 | 94,200 | 1570 |
| ആകെ | **491,640** | **8194** |
| മനുഷ്യ വിഭവശേഷി സൂചിക | | **4.82** |
| ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം | | **5** |

**4.187** തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ നിലവിൽ 5 ക്ലറിക്കൽ തസ്തികകളാണുള്ളത്. കൂടാതെ ക്ലർക്ക് – ടൈപ്പിസ്റ്റ് തസ്തികയിൽ സൂപ്പർ ന്യൂമററിയായി ഒരു ജീവനക്കാരൻ ഈ ഓഫീസിൽ സേവനമനുഷ്ഠിക്കുന്നുണ്ട് . സീറ്റുകളിലെ ജോലിഭാരം നിർണ്ണയിച്ചതിൽ ഈ ഓഫീസിലെ ജോലികൾ ചെയ്യുന്നതിന് ആകെ 5 ക്ലർക്ക് തസ്തികകൾ ആവശ്യമാണെന്ന് കാണുന്നു. **ആയതിനാൽ ആസ്ഥാന ഓഫീസിലെ ക്ലർക്ക് തസ്തികകളുടെ കാര്യത്തിൽ ഇപ്പോഴുള്ള സ്ഥിതി തുടരാവുന്നതാണ്.**

**റീജിയണൽ ലബോറട്ടറി, എറണാകുളം**

**4.188** എറണാകുളം റീജണൽ ലബോറട്ടറിയുടെ ഓഫീസിലെ ക്ലർക്കുമാരുടെ ജോലിഭാരം ചുവടെപ്പറയും പ്രകാരം നിർണയിക്കുകയുണ്ടായി.

പട്ടിക നമ്പർ – 14

| സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ) (മിനിട്ടിൽ) | നിലവിലെ ജോലിഭാരം (മണിക്കൂറിൽ) |
|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 106,860 | 1781 |
| അക്കൗണ്ട്സ് | 100,320 | 1672 |
| സ്റ്റോർ | 93060 | 1551 |
| ഡെസ്പാച്ച് | 64,200 | 1070 |
| ആകെ | **364440** | **6074** |
| മനുഷ്യ വിഭവശേഷി സൂചിക | | **3.57** |
| ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം | | **4** |

**4.189** എറണാകുളം റീജിയണൽ ലബോറട്ടറിയുടെ ഓഫീസിൽ നിലവിൽ 4 ക്ലറിക്കൽ തസ്തികകളാണുള്ളത്. ഈ ഓഫീസിലെ ജോലിഭാരം പരിശോധിച്ചതിൽ 4 ക്ലർക്ക് തസ്തികകൾ ഈ ഓഫീസിൽ ആവശ്യമാണെന്ന് കാണുന്നു. ആയതിനാൽ **എറണാകുളം റീജിയണൽ ലബോറട്ടറിയുടെ ഓഫീസിൽ നിലവിലുള്ള 4 ക്ലർക്ക് തസ്തികകൾ നിലനിർത്താവുന്നതാണ്.** ഇവിടുത്തെ സ്റ്റോറിന്റെ പ്രവർത്തനങ്ങളിൽ സെക്ഷൻ

ക്ലർക്കിനെ സഹായിക്കുന്നതിനായി ഒരു ഓഫീസ് അറ്റൻഡന്റിന്റെ സേവനം വിനിയോഗിക്കാവുന്നതാണ്.

## റീജിയണൽ ലബോറട്ടറി, കോഴിക്കോട്

**4.190** കോഴിക്കോട് റീജിയണൽ ലബോറട്ടറിയുടെ ഓഫീസിലെ ക്ലർക്കുമാരുടെ ജോലിഭാരം ചുവടെ പറയും പ്രകാരം നിർണയിക്കുകയുണ്ടായി.

പട്ടിക നമ്പർ – 15

| സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ) (മിനിട്ടിൽ) | നിലവിലെ ജോലിഭാരം (മണിക്കൂറിൽ) |
|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 102,900 | 1715 |
| അക്കൗണ്ട്സ് | 99,720 | 1662 |
| സ്റ്റോർ | 93780 | 1563 |
| ആകെ | **296400** | **4940** |
| മനുഷ്യ വിഭവശേഷി സൂചിക | | **2.90** |
| ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം | | **3** |

**4.191** കോഴിക്കോട് ലബോറട്ടറിയിൽ നിലവിൽ 3 ക്ലറിക്കൽ തസ്തികകളാണുള്ളത്. ജോലിഭാരം പരിശോധിച്ചതിൽ ഈ ഓഫീസിലെ ജോലികൾ നിർവ്വഹിക്കുന്നതിന് 3 ക്ലർക്കുമാരുടെ ആവശ്യമുണ്ടെന്ന് കാണുന്നു. ആയതിനാൽ **ഈ ഓഫീസിലെ ക്ലർക്കുമാരുടെ കാര്യത്തിൽ നിലവിലുള്ള സ്ഥിതി തുടരാവുന്നതാണ്.**

## അധിക തസ്തികകളുടെ ആവശ്യകത

**4.192** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ നിലവിലുള്ള മനുഷ്യവിഭവശേഷിയും യന്ത്ര സംവിധാനങ്ങളും പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തി പരിശോധനയ്ക്കെത്തുന്ന സാമ്പിളുകളുടെ പരിശോധനാഫലം വേഗത്തിൽ നൽകുന്നതിന് സഹായകരമാകുന്ന ശിപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ പുതിയ ഉപകരണങ്ങളും അടിസ്ഥാന

സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള ശിപാർശകളും നൽകിയിട്ടുണ്ട് .

**4.193** ലബോറട്ടറികളിൽ പരിശോധനയ്ക്കായി എത്തുന്ന കേസുകളുടെ എണ്ണത്തിൽ സമീപകാലത്തായി വൻവർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2021–22 വർഷത്തിൽ 29,251 കേസുകൾ പരിശോധനയ്ക്ക് ലഭിച്ചപ്പോൾ 2022–2023 വർഷത്തിൽ അത് 33,902 കേസുകളായും 2023–24 വർഷത്തിൽ 38,192 കേസുകളായും വർദ്ധിച്ചിട്ടുണ്ട്. പരിശോധനയ്ക്കെത്തുന്ന കേസുകളുടെ എണ്ണം വർധിക്കുന്നതോടൊപ്പം തന്നെ പരിശോധനാഫലം സമയബന്ധിതമായി നൽകാനുള്ള ചുമതലയും ഈ ലബോറട്ടറികളിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. പോക്സോ കേസുകളുമായി ബന്ധപ്പെട്ട കേസുകളിൽ പരിശോധന അതിവേഗം പൂർത്തിയാക്കി പരിശോധനാഫലം നൽകേണ്ടതുണ്ട്. കൂടാതെ ഹ്യൂമൻ പോയിസണിംഗ്, രക്തത്തിലെ ആൽക്കഹോൾ സാന്നിധ്യം, മയക്കുമരുന്നിന്റെ സാന്നിധ്യം തുടങ്ങിയ പരിശോധനകൾ സമയബന്ധിതമായി പൂർത്തീകരിച്ചാൽ മാത്രമേ ശരിയായ പരിശോധനാ ഫലം ലഭ്യമാകുകയുള്ളൂ. അപകടമരണം, മുങ്ങിമരണം മുതലായ കേസുകളിൽ ഗവൺമെന്റിൽ നിന്നും മറ്റ് ഇൻഷുറൻസ് സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് രാസപരിശോധനാ ഫലം അത്യാവശ്യമാണ്. എന്നാൽ ഈ ഡിവിഷനുകളിൽ കേസുകൾ കെട്ടിക്കിടക്കുന്നത് മൂലം രാസപരിശോധനാ ഫലം കൃത്യമായി നൽകാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്.

**4.194** കേന്ദ്രസർക്കാരിന്റെ 23/12/2002–ലെ 802–ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച ചട്ടത്തിലൂടെ മയക്കുമരുന്ന് സാമ്പിളുകളുടെ പരിശോധനാ ഫലം കെമിക്കൽ ലബോറട്ടറികൾ 15 ദിവസത്തിനകം കോടതികളിലും ആയതിന്റെ പകർപ്പ് അന്വേഷണ ഉദ്യോഗസ്ഥർക്കും നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകാത്തപക്ഷം അത് മയക്കുമരുന്ന് കേസുകളെയും സർക്കാരിന്റെ മയക്കുമരുന്ന് നിർമ്മാർജനപ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നതാണ്. മയക്കുമരുന്ന് കേസുകളുമായി ബന്ധപ്പെട്ട സാമ്പിളുകളുടെ പരിശോധനാ ഫലം യഥാസമയം ലഭിക്കുന്നില്ലായെന്ന് പല കോടതികളും വിമർശനമായി ഉന്നയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേസുകളിൽ സമയബന്ധിതമായി പരിശോധനാഫലം ലഭ്യമാക്കുന്നതിന് അധിക തസ്തികകൾ

ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നർക്കോട്ടിക് കേസുകൾ കൈകാര്യം ചെയ്യുന്ന NDPS കോടതികളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും അതിന് അനുപാതികമായി നർക്കോട്ടിക് സാമ്പിളുകളുടെ പരിശോധനാ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടില്ലായെന്ന വസ്തുതയും കണക്കിൽ എടുക്കേണ്ടതാണ്.

**4.195** നർക്കോട്ടിക്സ് വിഭാഗത്തിൽ സങ്കീർണവും വൈവിധ്യമാർന്നതുമായ കേസുകളാണ് പലപ്പോഴും പരിശോധിക്കേണ്ടി വരുന്നത്. കഞ്ചാവ്, ഓപ്പിയം തുടങ്ങിയ മയക്കുമരുന്നുകൾ മുതൽ LSD, MDMA തുടങ്ങിയ മയക്കുമരുന്നുകളും പ്രത്യേകം രൂപകൽപ്പന ചെയ്ത മറ്റു സിന്തറ്റിക് മരുന്നുകളും ഈ വിഭാഗത്തിൽ പരിശോധിക്കേണ്ടതായി വരുന്നു. മയക്കുമരുന്നുകളുടെ ഉൽപാദനവും വിതരണവും അന്താരാഷ്ട്ര തലത്തിൽ നടത്തപ്പെടുന്നതിനാൽ ഐക്യരാഷ്ട്രസഭയുടെ മയക്കുമരുന്ന് വിഭാഗം നിർദ്ദേശിച്ചിരിക്കുന്ന രീതിയിലുള്ള ലബോറട്ടറി പരിശോധനകളാണ് ഇതിനായി വേണ്ടി വരുന്നത് .

**4.196** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ നിന്നും നൽകുന്ന രാസപരിശോധനാ ഫലം വളരെ കൃത്യവും ആധികാരികവുമായിരിക്കേണ്ടതുണ്ട്. കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവും സമയബന്ധിതമായി പരിശോധനാഫലം നൽകണമെന്ന നിബന്ധനയും അനലിസ്റ്റുമാരിൽ അമിത സമ്മർദ്ദം സൃഷ്ടിക്കുന്നതിന് കാരണമാകുന്നു. ആയത് പരിശോധനയുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നതുമാണ്. കേസുകളുടെ എണ്ണക്കൂടുതൽ കാരണം ഉദ്യോഗസ്ഥർ സാമ്പിൾ പരിശോധനയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമൂലം ഫോറൻസിക് പരിശോധന രംഗത്തെ പുതിയ അറിവുകൾ നേടുന്നതിനോ ഈ രംഗത്ത് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ കഴിയാത്ത സാഹചര്യവും നിലവിലുണ്ട്. ഇതെല്ലാം ലബോറട്ടറികളുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങളാണ്.

**4.197** 2023 കലണ്ടർ വർഷത്തിൽ വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിൽ ലഭിച്ച കേസുകൾ പരിശോധിക്കുന്നതിനാവശ്യമായ മനുഷ്യവിഭവശേഷി നിലവിലുള്ള പ്രതിമാസ ടാർജറ്റിനനുസരിച്ച് കണക്കാക്കിയത് ഈ റിപ്പോർട്ടിലെ **പട്ടിക നമ്പർ 6 മുതൽ 8 വരെ (പേജ് 26–28)** കാണാവുന്നതാണ്. ഇത് പ്രകാരം തിരുവനന്തപുരം ലബോറട്ടറിയിൽ 2

അനലിസ്റ്റുമാർ കൂടുതലായി ഉണ്ടെന്ന് കാണുന്നു. ഈ തസ്തികകളെ തിരുവനന്തപുരം ലബോറട്ടറിയിൽ പുതിയതായി ആരംഭിക്കുന്ന പരിശീലന – രീതി മൂല്യനിർണയ വിഭാഗത്തിൽ നിയോഗിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട് (ഖണ്ഡിക **4.168**). എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ 5 അനലിസ്റ്റുമാർ വീതം ആകെ 10 അനലിസ്റ്റുമാർ അധികമായി ആവശ്യമുണ്ടെന്നും കാണാവുന്നതാണ്.

**4.198** മേൽ സാഹചര്യത്തിൽ **കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ ലഭിക്കുന്ന സാമ്പിളുകളുടെ കൃത്യവും സമയബന്ധിതവുമായ പരിശോധന ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ എറണാകുളം കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ 5 സയന്റിഫിക് ഓഫീസർ തസ്തികകൾ വീതം ആകെ 10 സയന്റിഫിക് ഓഫീസർ തസ്തികകൾ അധികമായി സൃഷ്ടിക്കുവാൻ ശിപാർശ ചെയ്യുന്നു.**

**4.199** ഈ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുമ്പോൾ ചുവടെ പറയുന്ന മാർഗങ്ങളിലൂടെ അധികവിഭവശേഷി വകുപ്പിന് ലഭ്യമാകുന്നതാണ്

1. പ്രൊബേഷൻ പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാരെ സർട്ടിഫിക്കറ്റ് ഒപ്പിടുന്നതിന് അധികാരപ്പെടുത്തുന്ന 29/7/2020–ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ സ്വന്തം നിലയിൽ കേസുകൾ പരിശോധിക്കുന്നതിലൂടെ ലഭ്യമാകുന്നത്.

2. ലബോറട്ടറികളുടെ നിലവിലുള്ള പ്രവർത്തനരീതിയിൽ നിർദ്ദേശിച്ചിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിലൂടെ മനുഷ്യവിഭവശേഷിയും യന്ത്രോപകരണങ്ങളും പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിലൂടെ ലഭ്യമാകുന്നത്.

3. എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ അധികമായി അനുവദിക്കാൻ ശിപാർശ ചെയ്തിട്ടുള്ള 10 സയന്റിഫിക് ഓഫീസർ തസ്തികകളും എമർജൻസി ടോക്സിക്കോളജി പരിശോധനക്കുള്ള മുഴുവൻസമയ സൗകര്യമൊരുക്കുന്നതിനായി മൂന്ന് ലബോറട്ടറികളിലായി സൃഷ്ടിക്കാൻ ശിപാർശചെയ്തിട്ടുള്ള 6 സയന്റിഫിക് ഓഫീസർ തസ്തികകളും ഉൾപ്പെടെ ആകെ 16 സയന്റിഫിക് ഓഫീസർ തസ്തികകൾ

അധികമായി സൃഷ്ടിക്കപ്പെടുന്നതിലൂടെ ലഭ്യമാകുന്നത്. (എമർജൻസി ടോക്സിക്കോളജി പരിശോധനകൾ എല്ലാ സമയങ്ങളിലും ഉണ്ടാകില്ല എന്നതിനാൽ ഇവരെ മറ്റ് സാമ്പിളുകളുടെ പരിശോധനകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്).

**4.200** ഇതോടൊപ്പം വകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താൽക്കാലിക അടിസ്ഥാനത്തിൽ അനലിസ്റ്റുമാരെ മൂന്ന് ലബോറട്ടറികളിലും നിയമിക്കുവാനും ഈ റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്(ഖണ്ഡിക **4.130).** ഇപ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് വകുപ്പിൽ കെട്ടിക്കിടക്കുന്ന കേസുകൾ എല്ലാം തന്നെ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുന്നതാണ്.

**4.201** കെമിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്കായി ലഭിക്കുന്ന പുതിയ കേസുകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പരിശോധന ഫലം നൽകേണ്ടതുണ്ട്. മുകളിൽ പ്രസ്താവിച്ച മാർഗ്ഗങ്ങളിലൂടെ വകുപ്പിന് ലഭ്യമാകുന്ന അധിക മനുഷ്യവിഭവശേഷിയെ പ്രയോജനപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി പരിശോധനാഫലം നൽകുന്നതിനും കേസുകൾ കെട്ടിക്കിടക്കുന്ന സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്. അതോടൊപ്പം ലബോറട്ടറികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അനിവാര്യമായ പഠന – ഗവേഷണ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും ഈ അധിക മനുഷ്യവിഭവശേഷി സഹായകരമാകുന്നതാണ്.

## കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ഭരണനിർവ്വഹണത്തിലെ പോരായ്മകൾ – ഒരു അപഗ്രഥനം

**4.202** വിഭവങ്ങളെ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടും ഓരോ തലത്തിലും ഉത്തരവാദിത്തം ഉറപ്പാക്കുന്ന ചട്ടക്കൂട് സൃഷ്ടിച്ചുകൊണ്ടും സ്ഥാപനം രൂപീകരിക്കപ്പെട്ടതിന്റെ പരമമായ ലക്ഷ്യം നേടിയെടുക്കുന്നതിനായി പരിശ്രമിക്കുകയെന്നതാണ് ഒരു സ്ഥാപനത്തിന്റെ ഭരണസംവിധാനത്തിൽ അർപ്പിതമായിരിക്കുന്ന പരമപ്രധാന ചുമതല.

ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഒരു സ്ഥാപനം അവശ്യം പിന്തുടരേണ്ട അടിസ്ഥാന മാനേജ്മെന്റ് തത്വങ്ങളെ (Basic Management Principles) കുറിച്ച് സുപ്രസിദ്ധ മാനേജ്മെന്റ് വിദഗ്ധനായ ഹെൻറി ഫയോൽ (Henri Fayol) ഉൾപ്പെടെയുള്ള നിരവധി പ്രമുഖർ ആശയങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്.

**4.203** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയപ്പോൾ പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങൾ ഇത്തരം മാനേജ്മെന്റ് തത്വങ്ങളുമായി ബന്ധപ്പെടുത്തി വിമർശനാത്മക വിശകലനം ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. സ്ഥാപനത്തിന്റെ ദൗത്യത്തെയും ദർശനത്തെയും കുറിച്ചുള്ള വ്യക്തത (Clarity about Vision and Mission.)**

**4.204** ഒരു സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രാഥമിക ഘടകമാണ് സ്ഥാപനത്തിന്റെ ദൗത്യത്തെയും ദർശനത്തെയും കുറിച്ച് ഭരണനേതൃത്വത്തിനും എല്ലാ തലങ്ങളിലുമുള്ള ജീവനക്കാർക്കും വ്യക്തമായ അവബോധം ഉണ്ടായിരിക്കുകയെന്നുള്ളത്. താഴെത്തട്ടിലുള്ള ജീവനക്കാരിൽ ഈ അവബോധം സൃഷ്ടിച്ച് സ്ഥാപനത്തിന്റെ പൊതുവായ ലക്ഷ്യം (Common goal) നേടിയെടുക്കുന്നതിന് അവരെ സന്നദ്ധരാക്കേണ്ട ചുമതല ഭരണനേതൃത്വത്തിന്റേതാണ്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ദൗത്യവും ദർശനവും ചുവടെ ചേർക്കുന്നു.

**Mission**

**Scientific expertise delivered in pursuit of truth and social justice to mould the future through state-of-the-art technology.**

**Vision**

**To be the fore-runner in the field of Forensic Analysis and strive continuously to be the leader.**

**4.205** മുകളിൽ പ്രസ്താവിച്ച ദൗത്യത്തിനും ദർശനത്തിനും അനുയോജ്യമായ

രീതിയിലുള്ള പ്രവർത്തനങ്ങൾ വകുപ്പിൽ കാണാൻ കഴിയുന്നില്ലായെന്നതാണ് വാസ്തവം. വകുപ്പിന്റെ ദൗത്യവും ദർശനവും ശരിയായ രീതിയിൽ ഉൾക്കൊള്ളുന്നതിലും ജീവനക്കാരെ ഇതിന്റെ കീഴിൽ അണിനിരത്തുന്നതിലും ഭരണനേതൃത്വം പരാജയപ്പെടുന്നു. വകുപ്പിന്റെ വെബ്സൈറ്റിൽ പോലും ദൗത്യവും ദർശനവും എന്ന സ്ഥാനത്ത് മറ്റു വിവരങ്ങളാണ് നൽകിയിരിക്കുന്നത്. നേതൃത്വത്തിന്റെ അനവധാനതയുടെ ഒരു ഉദാഹരണമാണിത്.

## 2. ശക്തമായ നേതൃത്വം (Strong Leadership)

**4.206** ഒരു സ്ഥാപനത്തിന്റെ പൊതുവായ താല്പര്യത്തിനനുസൃതമായിതീരുമാനങ്ങൾ എടുക്കുന്നതിനും ആ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും ശക്തമായ നേതൃത്വത്തിന്റെ ആവശ്യമുണ്ട്. ശക്തമായ നേതൃത്വത്തിന്റെ അഭാവം സ്ഥാപനത്തിന്റെ പൊതുവായ താല്പര്യങ്ങൾ ഹനിക്കപ്പെടുന്നതിനും കാര്യക്ഷമത കുറയ്ക്കുന്നതിനും കാരണമാകുന്നു.

**4.207** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ഭരണനേതൃത്വം വഹിക്കുന്നത് ചീഫ് കെമിക്കൽ എക്സാമിനർ ആണ്. വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റായോ സയന്റിഫിക് ഓഫീസർ ആയോ ജോലിയിൽ പ്രവേശിക്കുന്നവരാണ് സ്ഥാനക്കയറ്റത്തിലൂടെ ചീഫ് കെമിക്കൽ എക്സാമിനർ തസ്തികയിൽ എത്തുന്നത്. ആകെ 207 ജീവനക്കാർ മാത്രമുള്ള ഈ വകുപ്പിൽ പരസ്പരധാരണയും ഒത്തൊരുമയും കൈവരിക്കുവാൻ എളുപ്പമാണ്. എന്നാൽ പൊതു താല്പര്യം മുൻനിർത്തി വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ നൽകുന്ന നിർദേശങ്ങൾ അവഗണിക്കപ്പെടുന്ന സാഹചര്യമാണ് വകുപ്പിൽ നിലവിലുള്ളത്. ഈ അലംഭാവത്തെ തടയിടാനുള്ള തിരുത്തൽ നടപടികൾ നേതൃത്വത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. ഇത്തരത്തിൽ ശക്തമായ നേതൃത്വത്തിന്റെ അഭാവം വകുപ്പിന്റെ കാര്യക്ഷമമായ ഭരണ നിർവഹണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

## 3. മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ പാലിക്കൽ (Subordination)

**4.208** ഒരു സ്ഥാപനത്തിൽ കാര്യക്ഷമതയും അച്ചടക്കവും നിലനിർത്തി പൊതുവായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ശക്തമായ നേതൃത്വത്തിന്റെ

അഭാവത്തിൽ, നിർദേശങ്ങൾ പാലിക്കപ്പെടാതിരിക്കുകയും അതുവഴി പൊതുവായ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ സംജാതമാകുകയും ചെയ്യുന്നു.

**4.209** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ ആജ്ഞാലംഘനത്തിന്റെ നിരവധി ഉദാഹരണങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്. നാലിൽ കുറവ് അനലിസ്റ്റുമാരുടെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ ആനുപാതികമായി കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധിക്കണമെന്ന ചീഫ് കെമിക്കൽ എക്സാമിനറുടെ 03.01.2018 ലെ ഉത്തരവും അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ നിലവിലുള്ള ചുമതലകൾക്കു പുറമേ ഓരോ മാസവും 20% നർക്കോട്ടിക് കേസുകൾ സ്വന്തം നിലയ്ക്ക് പരിശോധിക്കണമെന്ന 10.08.2018-ലെ ഉത്തരവും വകുപ്പിലെ ബഹുഭൂരിപക്ഷം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരും അനുസരിക്കുന്നില്ലായെന്ന് മാത്രമല്ല ആജ്ഞാ ലംഘനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയുമാണ്. ഈ ഉത്തരവുകൾ അനുസരിക്കാത്ത അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്കെതിരെ ഇതുവരെയും യാതൊരു നടപടിയും സ്വീകരിക്കാത്തത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാനുള്ള സാഹചര്യമാണ് സൃഷ്ടിക്കുന്നത്.

**4.210** സയന്റിഫിക് ഓഫീസർമാരെ ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാക്കിക്കൊണ്ട് സർക്കാർ 29/07/2020-ൽ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശവും ഇതുവരെയും വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല. വകുപ്പിലെ ആജ്ഞാലംഘനം ചീഫ് കെമിക്കൽ എക്സാമിനറുടെ നിർദേശങ്ങൾ ലംഘിക്കുന്നതിൽ തുടങ്ങി സർക്കാർ ഉത്തരവിനെ തന്നെ മാനിക്കാത്ത നിലയിലേക്ക് വളർന്നുവെന്നാണ് ഇത് കാണിക്കുന്നത്.

## 4. <u>മാറ്റങ്ങളെ ഉൾക്കൊള്ളുവാനുള്ള സന്നദ്ധത(Adaptability to Changes)</u>

**4.211** അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഫോറൻസിക് വിശകലന മേഖലയിലെ പുതിയ സാങ്കേതികവിദ്യകളും രീതിശാസ്ത്രങ്ങളും ഉൾക്കൊണ്ടു മുന്നോട്ടുപോകാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന് കാലികപ്രസക്തിയോടുകൂടി തുടരാൻ കഴിയുകയുള്ളൂ. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകളും പൂർണമായും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

**4.212** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിക്കാതെ ഡിസ്റ്റിലേഷൻ പോലുള്ള പരമ്പരാഗത രീതിയിൽ പരിശോധന നടത്തുന്നതും "കെമിക്കൽ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം" എന്ന സോഫ്റ്റ്‌വെയറിന്റെ സാധ്യതകൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താത്തതും കാലികമായ മാറ്റങ്ങളെ പൂർണമായും ഉൾക്കൊള്ളുവാൻ ഉദ്യോഗസ്ഥർ സന്നദ്ധരാകുന്നില്ല എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്.

## 5. ശരിയായ മുൻഗണന നിശ്ചയിക്കലും വിഭവങ്ങളുടെ പങ്കുവെയ്ക്കലും (Proper Prioritization and Allocation of Resources)

**4.213** ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ മുൻഗണന നൽകേണ്ട മേഖലകൾ നിർണയിച്ച് അവിടുത്തേക്ക് വിഭവങ്ങൾ ലഭ്യമാക്കി ആ മേഖലയിലെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ഭരണനേതൃത്വത്തിന്റെ ചുമതലയാണ്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെ കാര്യത്തിൽ മുൻഗണന നിശ്ചയിക്കുന്നതിനും ആനുപാതികമായി വിഭവങ്ങൾ അനുവദിക്കുന്നതിനും ഭരണനേതൃത്വത്തിന് പലപ്പോഴും കഴിയുന്നില്ല. ടോക്സിക്കോളജി, നർകോട്ടിക്സ്, എക്സൈസ് ഡിവിഷനുകളിൽ പരിശോധിക്കാനുള്ള കേസുകളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു കൊണ്ടിരിക്കുമ്പോഴും ഈ ഡിവിഷനുകൾക്ക് മുൻഗണന നൽകി ജീവനക്കാരെ നിയോഗിക്കുന്നതിനുപകരം കേസുകൾ കുറവുള്ള ഡിവിഷനുകളിൽ കൂടുതൽ ആളുകളെ നിയോഗിക്കുന്ന നടപടി ഇതിന്റെ ഉദാഹരണമാണ്.

## 6.വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം (Effective Utilisation of Resources)

**4.214** ഒരു സ്ഥാപനത്തിന് ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയേണ്ടതുണ്ട്. കെമിക്കൽ ലബോറട്ടറികളിൽ അനുവദിക്കപ്പെട്ടിട്ടുള്ള മനുഷ്യവിഭവ ശേഷിയുടെ 62 % മുതൽ 73%വരെ മാത്രമേ 2023 വർഷത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് പട്ടിക നമ്പർ 9, 10, 11 (പേജ് – 30, 31, 32) എന്നിവയിലെ കണക്കുകൾ പരിശോധിച്ചാൽ ബോധ്യമാകുന്നതാണ്.

**4.215** നിലവിലുള്ള വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ അളവ് കുറഞ്ഞു പോകുന്നതിന് അനലിസ്റ്റുമാർ പ്രതിമാസ ടാർജറ്റ് കൈവരിക്കാത്തതും ഉപകരണങ്ങൾ പരിമിതമായി ഉപയോഗിക്കപ്പെടുന്നതും കാരണമാകുന്നുണ്ട്. ഇതോടൊപ്പം തന്നെ അനുഭവസമ്പത്തുള്ള അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെ മനുഷ്യവിഭവശേഷി സാമ്പിൾ പരിശോധനയ്ക്ക് പ്രയോജനപ്പെടുത്താനുള്ള സാഹചര്യം നിലനിന്നിരുന്നിട്ടും അവരെക്കൊണ്ട് സാമ്പിളുകൾ പരിശോധിപ്പിക്കാൻ സാധിക്കാത്തതും വിഭവ ശേഷി ശരിയാംവണ്ണം പ്രയോജനപ്പെടുത്തുന്നില്ല എന്നതിന്റെ ഉദാഹരണമാണ് .

## 7. <u>ജീവനക്കാരുടെ പ്രകടനം വിലയിരുത്തുവാൻ ഉള്ള സംവിധാനം (Performance Evaluation System)</u>

**4.216** ഒരു സ്ഥാപനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് അവിടത്തെ ജീവനക്കാരുടെ പ്രകടനം വിലയിരുത്തുന്നതിന് ഓരോ തലത്തിലും ഉത്തരവാദിത്തം ഉറപ്പാക്കുന്ന ഫലപ്രദമായ ഒരു പ്രവർത്തനാവലോകനം ആവശ്യമാണ്. മികച്ച പ്രകടനങ്ങളെ അംഗീകരിക്കാനും താഴ്ന്ന പ്രകടനങ്ങളിന്മേൽ തിരുത്തൽ നടപടികൾ സ്വീകരിക്കാനും ഉള്ള വ്യവസ്ഥ ഈ സംവിധാനത്തിൽ ഉണ്ടെങ്കിൽ മാത്രമേ അത് ഫലപ്രദമാവുകയുള്ളൂ .

**4.217** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ ഇപ്പോൾ നടത്തിവരുന്ന പ്രതിമാസ അവലോകന സംവിധാനത്തിൽ അനലിസ്റ്റുമാർക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഇവരുടെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്ക് കൃത്യമായ ടാർജറ്റ് നിശ്ചയിക്കാത്തത് ഇവർക്ക് 'Authority Without Responsibility' എന്ന സ്ഥിതി ഉണ്ടാക്കുന്നു. തൽഫലമായി അവലോകനത്തിന്റെ മുഴുവൻ ശ്രദ്ധയും അനലിസ്റ്റിന്റെ  വ്യക്തിഗത ടാർജറ്റിലേക്ക് (Individual goal) ചുരുങ്ങുകയും ഡിവിഷൻ, ലബോറട്ടറി, വകുപ്പ് തലങ്ങളിൽ പൊതുവായ ലക്ഷ്യങ്ങൾ (Common Goal) ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു. മികച്ച പ്രകടനത്തിന് അംഗീകാരമോ താഴ്ന്ന പ്രകടനത്തിന് തിരുത്തൽ നടപടിയോ കൂടി ഇല്ലാത്തത് ഈ സംവിധാനത്തെ ഒട്ടും ഫലപ്രദമല്ലാത്തതാക്കുന്നു .

## 8. പരിശീലനവും തുടർച്ചയായ മെച്ചപ്പെടുത്തലും (Training and Continuous Improvement).

**4.218** ഒരു സ്ഥാപനത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കുന്നതിൽ പരിശീലന പരിപാടികൾക്കും, തുടർച്ചയായി മെച്ചപ്പെടുത്തലുകൾ വരുത്തുവാനുള്ള മനോഭാവത്തിനും അതിയായ പ്രാധാന്യമുണ്ട്. നിലവിൽ കെമിക്കൽ ലബോറട്ടറികളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിന് പ്രത്യേകം സംവിധാനങ്ങൾ ഒന്നും നിലവിലില്ല. അതുപോലെതന്നെ സ്വയം മെച്ചപ്പെടാനുള്ള ശ്രമങ്ങൾ വളരെ വിരളമായി മാത്രമേ ഉണ്ടാകുന്നുള്ളൂ എന്നും കാണുന്നു. 2006 മുതൽ നിലവിലുണ്ടായിരുന്ന അനലിസ്റ്റുമാരുടെ പ്രതിമാസ ടാർജറ്റ് 2018 ൽ പുതുക്കി നിശ്ചയിച്ചത് അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശപ്രകാരമാണ്. 2006 നും 2018 നും ഇടയിൽ നിരവധി യന്ത്രോപകരണങ്ങൾ ലബോറട്ടറികളിൽ ലഭ്യമായിട്ടും ടാർജറ്റ് ആനുപാതികമായി ഉയർത്താനുള്ള നീക്കം ഉണ്ടായില്ല എന്നതും ടെക്നിക്കൽ ഇൻസ്പെക്ഷൻ യഥാസമയങ്ങളിൽ നടത്തി ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നില്ല എന്നതും സ്വയം നവീകരിക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകുന്നില്ലായെന്നതിന്റെ ഉദാഹരണങ്ങളാണ്.

**4.219** മുൻകാലങ്ങളിലെ സംഭവവികാസങ്ങൾ അവലോകനം ചെയ്തതിൽ വകുപ്പ് സ്വന്തം നിലയ്ക്ക് കൈക്കൊണ്ട ഒരു സുപ്രധാന പരിഷ്കരണ ശ്രമം സയന്റിഫിക് ഓഫീസർമാരെ ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ സമർപ്പിച്ചതാണ്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് ഇറങ്ങി നാല് വർഷത്തോളം കഴിഞ്ഞിട്ടും അതിലെ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല എന്ന വിരോധാഭാസവും വകുപ്പിലുണ്ട് .

**4.220** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ വലിയൊരു പങ്കും ഉടലെടുക്കുന്നത് ഭരണനിർവഹണത്തിലെ പോരായ്മകളിൽ നിന്നാണെന്ന് വകുപ്പിന്റെ നിലവിലുള്ള പ്രവർത്തന രീതി, അടിസ്ഥാന മാനേജ്മെന്റ് തത്വങ്ങളുമായി ചേർത്ത് വിശകലനം ചെയ്തതിൽ നിന്നും വ്യക്തമാകുന്നു. ഈ പോരായ്മകൾ എല്ലാം പരിഹരിച്ച് ജീവനക്കാർക്ക് ശരിയായ ദിശാബോധം നൽകുന്നതിനും, അവരെ

പ്രചോദിപ്പിക്കുന്നതിനും, മെച്ചപ്പെട്ട തൊഴിൽ സംസ്കാരം വളർത്തിയെടുത്ത് പൊതുവായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വകുപ്പിന്റെ ഭരണസംവിധാനത്തിന് കഴിയേണ്ടതുണ്ട്.

**4.221** മികച്ച അക്കാദമിക – ബൗദ്ധിക നിലവാരമുള്ള തൊഴിൽ ശക്തി വകുപ്പിൽ ലഭ്യമാണ്. ടെക്നിക്കൽ അസിസ്റ്റന്റ്, സയന്റിഫിക് ഓഫീസർ തസ്തികകളിൽ ജോലിചെയ്യുന്നവരിൽ 13 പേർ ഡോക്ടറേറ്റ് യോഗ്യതയുള്ളവരാണ്. ഈ പ്രാവീണ്യം വകുപ്പിന്റെ പൊതുവായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി വിനിയോഗിക്കാൻ കഴിഞ്ഞാൽ സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളെ രാജ്യത്തെ മികച്ച ലബോറട്ടറികളായി മാറ്റിയെടുക്കാൻ കഴിയുന്നതാണ്.

## സർക്കാർ തലത്തിലുള്ള അവലോകനം

**4.222** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ സാമ്പിളുകൾ കെട്ടിക്കിടക്കുന്നതിൽ വകുപ്പിന്റെ ഭരണ നിർവഹണത്തിലെ പോരായ്മകൾ വഹിച്ചിട്ടുള്ള പങ്കിനെക്കുറിച്ച് മുൻ ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടുതൽ കേസുകൾ തീർപ്പാക്കുന്നത് ലക്ഷ്യമിട്ട് ചീഫ് കെമിക്കൽ എക്സാമിനർ നൽകിയ നിർദ്ദേശങ്ങളും സർക്കാർ നിർദേശവും വകുപ്പിന്റെ ഭരണനിർവ്വഹണത്തിലെ പോരായ്മകൾ മൂലം പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. സയന്റിഫിക് ഓഫീസർമാരെ ഡീംഡ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർമാരാക്കി കൊണ്ടുള്ള 29.07.2020 –ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം ഉത്തരവിറങ്ങി 4 വർഷത്തോളമായിട്ടും വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല എന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സർക്കാർ തലത്തിലുള്ള അവലോകനത്തിന്റെ ആവശ്യകതയെയാണ് ചൂണ്ടിക്കാണിക്കുന്നത്.

**4.223** ലബോറട്ടറികളിൽ പരിശോധനയ്ക്കായി ലഭിക്കുന്ന കേസുകളിൽ സമയബന്ധിതമായി പരിശോധന ഫലം ലഭ്യമാകുന്നതിനായി വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനരീതിയിൽ മാറ്റം വരുത്തുന്നതിനുള്ള നിരവധി ശിപാർശകൾ ഈ പ്രവൃത്തി പഠനറിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുകൂടാതെ വകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള കർമ്മപദ്ധതിയും

ഈ റിപ്പോർട്ടിലുണ്ട്. ഈ നിർദ്ദേശങ്ങൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കപ്പെടുന്നുണ്ടെന്നും കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി സർക്കാർതലത്തിൽ കൃത്യമായ അവലോകനം അനിവാര്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിന് പരിജ്ഞാനമുള്ള വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് പൂർണ്ണമായ സ്വാതന്ത്ര്യം നൽകിക്കൊണ്ട്, വകുപ്പിന്റെ ഭരണനിർവഹണത്തിൽ നാളിതുവരെ സംഭവിച്ചിട്ടുള്ള പോരായ്മകൾ തുടർന്നും ആവർത്തിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുകയാണ് സർക്കാർ അവലോകനത്തിലൂടെ ലക്ഷ്യമിടുന്നത്.

**4.224** ഇത്തരത്തിലുള്ള ഒരു അവലോകനം **സാധ്യമാക്കുന്നതിനായി ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള പ്രതിമാസ പ്രവർത്തനറിപ്പോർട്ട് തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുൻപായി ചീഫ് കെമിക്കൽ എക്സാമിനർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.**

1. **മാസാരംഭത്തിൽ വകുപ്പിൽ ആകെ പരിശോധനയ്ക്കായി അവശേഷിച്ചിരുന്ന കേസുകൾ തന്മാസം പുതതായി ലഭിച്ച കേസുകൾ, തന്മാസത്തിൽ തീർപ്പാക്കിയ കേസുകൾ, തീർപ്പാക്കലിന്റെ ശതമാനം, മാസാവസാനത്തിൽ പരിശോധനയ്ക്കായി അവശേഷിക്കുന്ന കേസുകൾ എന്നിവയുടെ എണ്ണവും ഇവയുടെ പരിശോധനാ ഡിവിഷൻ തിരിച്ചുള്ള കണക്കുകളും.**
2. **വകുപ്പിന്റെ ഓരോ ലബോറട്ടറിയിലും മാസാരംഭത്തിൽ പരിശോധനയ്ക്കായി അവശേഷിച്ചിരുന്ന കേസുകൾ, തന്മാസം പുതതായി ലഭിച്ച കേസുകൾ, തന്മാസത്തിൽ തീർപ്പാക്കിയ കേസുകൾ, തീർപ്പാക്കലിന്റെ ശതമാനം, മാസാവസാനത്തിൽ പരിശോധനയ്ക്കായി അവശേഷിക്കുന്ന കേസുകൾ എന്നിവയുടെ എണ്ണവും ഇവയുടെ പരിശോധനാ ഡിവിഷൻ തിരിച്ചുള്ള കണക്കുകളും.**
3. **വകുപ്പിലെ ഓരോ അനലിസ്റ്റിന്റേയും വർക്ക് ടേൺ ഓവർ (പ്രതിമാസ ടാർജറ്റ്**

**അടിസ്ഥാനപ്പെടുത്തി ശതമാന രൂപത്തിൽ കണക്കാക്കുന്നത്).**

4. **വകുപ്പിലെ ഓരോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറുടേയയും വർക്ക് ടേൺ ഓവർ (ഓരോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർക്കും നിശ്ചയിച്ചിട്ടുള്ള ഗ്രൂപ്പ് ടാർജറ്റിനെ അടിസ്ഥാനമാക്കി ശതമാനരൂപത്തിൽ കണക്കാക്കുന്നത്).**

5. **കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള താൽക്കാലിക ജീവനക്കാർ തീർപ്പാക്കിയ കേസുകളുടെ ലബോറട്ടറി, ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങൾ.**

**4.225** സർക്കാരിൽ ലഭ്യമാക്കുന്ന പ്രതിമാസ പ്രവർത്തന റിപ്പോർട്ട് സൂക്ഷ്മമായി വിലയിരുത്തേണ്ടതും കേസുകൾ തീർപ്പാക്കുന്നതിൽ ന്യൂനത കണ്ടെത്തുന്ന ലബോറട്ടറി/ ഡിവിഷനുകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്.

**4.226 ആഭ്യന്തര വകുപ്പ് സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഭ്യന്തര വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനോ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം രണ്ടു മാസത്തിലൊരിക്കൽ വിളിച്ചുചേർത്ത് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന്റേയും ഈ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റേയും പുരോഗതി നേരിട്ട് വിലയിരുത്തേണ്ടതും കുറവുകൾ കണ്ടെത്തുന്ന ലബോറട്ടറി/ഡിവിഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.**

## <u>സൂപ്പർവൈസറി ഉദ്യോഗസ്ഥർക്ക് മാനേജീരിയൽ പരിശീലനം</u>

**4.227** കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെക്കുന്നതിനും ക്രിയാത്മകമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങൾ നൽകേണ്ടത് ആവശ്യമാണ്. **അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് ഭരണനിർവഹണം, ടീം മാനേജ്മന്റ്, മാനേജീരിയൽ സ്കിൽസ് ഉടങ്ങിയവയിൽ പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

# അധ്യായം- 5

# പൊതു ശിപാർശകൾ (General Recommendations)

## ഫോറൻസിക് ഡയറക്ടറേറ്റ് സ്ഥാപിക്കൽ

**5.1** നമ്മുടെ സംസ്ഥാനത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമായും ഫോറൻസിക് സയൻസ് ലബോറട്ടറി പോലീസ് വകുപ്പിന്റെ അനുബന്ധ സ്ഥാപനമായുമാണ് പ്രവർത്തിക്കുന്നത്. രണ്ട് ലബോറട്ടറികളും കുറ്റാന്വേഷണത്തെയും വിചാരണയെയും സഹായിക്കുന്നതിനുള്ള ശാസ്ത്രീയ പരിശോധനകൾ നടത്തി വിദഗ്ധാഭിപ്രായം നൽകുന്ന ചുമതലയാണ് നിർവഹിക്കുന്നത്. ഫോറൻസിക് വിദഗ്ധരുടെ അഭിപ്രായം നിഷ്പക്ഷമായ ശാസ്ത്രീയതെളിവായി സ്വീകരിച്ചുകൊണ്ടാണ് നീതിന്യായ കോടതികൾ കേസുകളിൽ തീർപ്പുകൽപ്പിക്കുന്നത്. ആയതിനാൽ ഫോറൻസിക് വിദഗ്ധർ നൽകുന്ന തെളിവുകൾ തീർത്തും സ്വതന്ത്രവും നിഷ്പക്ഷവും ആയിരിക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഫോറൻസിക് സ്ഥാപനങ്ങൾ അന്വേഷണ ഏജൻസികളുടെ നിയന്ത്രണത്തിൽനിന്നും സ്വതന്ത്രമാകേണ്ടതിന്റെ അനിവാര്യത വ്യക്തമാകുന്നത്.

**5.2** ദേശീയ മനുഷ്യാവകാശ കമ്മീഷനുവേണ്ടി ജസ്റ്റിസ് മലീമത്ത് കമ്മിറ്റി തയ്യാറാക്കിയ **"State of the Art for Forensic Sciences – For Better Criminal Justice"** എന്ന റിപ്പോർട്ടിൽ എല്ലാ സംസ്ഥാനങ്ങളും ഫോറൻസിക് സയൻസ് സ്ഥാപനങ്ങളെ സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള സ്വതന്ത്ര ഏജൻസികളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. ടി ശിപാർശ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരോട് 10/09/2019 ലെ D.O. No. 25017/14/2018 -WS – III നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി. എന്നാൽ കേരളത്തിൽ ഇപ്പോഴും ഫോറൻസിക് സയൻസ് ലാബുകൾ പോലീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്.

**5.3** സ്വതന്ത്രവും നിഷ്പക്ഷവുമായ ഫോറൻസിക് പരിശോധനാ സംവിധാനം കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളും ഫോറൻസിക് സയൻസ് ലബോറട്ടറികളും 'സ്റ്റേറ്റ് ഫോറൻസിക് സയൻസ് ഡിപ്പാർട്ട്മെന്റ്" എന്ന പേരിൽ ഒരു പുതിയ ഡയറക്ടറേറ്റ് രൂപീകരിച്ച് അതിന്റെ കീഴിൽ കൊണ്ടുവരുന്നത് ഉചിതമായിരിക്കും. ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ഉൾപ്പടെയുള്ള വിഷയങ്ങൾ പരിഹരിച്ചതിനുശേഷം ഈ രണ്ട് ലബോറട്ടറികളെയും സംയോജിപ്പിച്ച് ആഭ്യന്തര വകുപ്പിനുകീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു ഏജൻസിയായി നിലനിർത്താവുന്നതാണ് . ഇപ്രകാരം ചെയ്യുന്നതിലൂടെ സംസ്ഥാനത്തെ ഫോറൻസിക് ഡെലിവറി സംവിധാനം കൂടുതൽ വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കഴിയുന്നതോടൊപ്പം ചുവടെപ്പറയുന്ന പ്രയോജനങ്ങൾ കൂടി സിദ്ധിക്കുന്നതാണ്.

1. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ നവീകരണത്തിനും വികസനത്തിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന ഫണ്ടുകൾ പുതിയ ഫോറൻസിക് ഡയറക്ടറേറ്റിനുകീഴിൽ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നതാണ്.

2. ലബോറട്ടറികളുടെ ആധുനികവത്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ പുതിയ ഡയറക്ടറേറ്റിനു കീഴിലുള്ള എല്ലാ ലബോറട്ടറികളും കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ഏതാനും വർഷങ്ങൾക്കുള്ളിൽ "സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഫോറൻസിക് സയൻസ് ലബോറട്ടറികൾ" ആക്കുവാൻ കഴിയും.

3. ലബോറട്ടറികളിൽനിന്നുള്ള പരിശോധനാഫലങ്ങൾ കാലവിളംബം കൂടാതെ നൽകുവാൻ കഴിയും.

4. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ അനലിസ്റ്റുമാരെ പരിശോധനകളിൽ സഹായിക്കുന്നതിനായുള്ള സപ്പോർട്ടിങ് സ്റ്റാഫ് കൂടുതലുള്ളപ്പോൾ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ ഇത്തരം

തസ്തികകൾ താരതമ്യേന കുറവാണെന്ന് കാണുന്നു. ഇപ്രകാരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്കും ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കും പരസ്പര പൂരകങ്ങളായ സ്റ്റാഫ് ഘടനയാണുള്ളതെന്ന് കാണാം. ഈ ലബോറട്ടറികളെ സംയോജിപ്പിക്കുന്നതിലൂടെ നിലവിലുള്ള മനുഷ്യവിഭവ ശേഷിയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്താൻ കഴിയുന്നതാണ്.

5. വലിയ സാമ്പത്തിക ചെലവ് വരുന്ന പരിശോധനാ സൗകര്യങ്ങൾ ഒരുക്കുന്നതിലും വിലകൂടിയ പരിശോധനാ ഉപകരണങ്ങൾ പുതുതായി വാങ്ങുന്നതിലും ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് സാധിക്കുന്നതാണ്.

6. എക്സൈസ് വകുപ്പിനുകീഴിൽ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്ന മാതൃകയിൽ നിലവിൽ ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫോറൻസിക് ലാബുകൾക്ക് പോലീസ് വകുപ്പിന്റെ ഭാഗമായി തുടർന്നും പ്രവർത്തിക്കാവുന്നതും, കുറ്റകൃത്യം നടന്ന സ്ഥലത്തെ പരിശോധന, തെളിവിനായുള്ള സാമ്പിൾ ശേഖരണം തുടങ്ങിയ ജോലികൾ ചെയ്യാവുന്നതുമാണ്.

7. എല്ലാ ലബോറട്ടറികളിൽനിന്നുമുള്ള പരിശോധനാ ഫലങ്ങൾക്ക് പക്ഷപാത രഹിതവും സ്വതന്ത്രവുമായ തെളിവ് എന്ന നിലയിൽ CrPC വകുപ്പ് 293 പ്രകാരമുള്ള സ്വീകാര്യത കോടതികളിൽ ലഭിക്കും.

8. അന്വേഷണ ഏജൻസികളിൽനിന്നും സ്വതന്ത്രമായ ഒരു സ്ഥാപനത്തിൽ നിന്നുള്ള ഫോറൻസിക് റിപ്പോർട്ടിന് പൊതുജനങ്ങളുടെ ഇടയിൽ സ്വീകാര്യത കൂടുകയും അതിലൂടെ അവർക്ക് നീതി ന്യായ വ്യവസ്ഥയിലുള്ള വിശ്വാസ്യത വർധിക്കുകയും ചെയ്യുന്നു.

**5.4** മേൽ സാഹചര്യത്തിൽ, **സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടേയും ഫോറൻസിക് സയൻസ് ലബോറട്ടറികളുടേയും സംയോജനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളും ഫോറൻസിക് സയൻസ് ലബോറട്ടറികളും ആഭ്യന്തര**

**വകുപ്പിനുകീഴിൽ 'സ്റ്റേറ്റ് ഫോറൻസിക് സയൻസ് ഡിപ്പാർട്ട്മെന്റ്' എന്ന പേരിൽ ഒരു പുതിയ ഡയറക്ടറേറ്റ് രൂപീകരിച്ച് അതിന്റെ കീഴിൽ കൊണ്ടുവരുന്നതിനും, ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ഉൾപ്പടെയുള്ള വിഷയങ്ങൾ പരിഹരിച്ചതിനുശേഷം ഈ രണ്ട് ലബോറട്ടറികളെയും സംയോജിപ്പിച്ച് ആഭ്യന്തര വകുപ്പിനുകീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു ഏജൻസിയായി നിലനിർത്തുന്നതിനും പഠനസംഘം ശിപാർശ ചെയ്യുന്നു.**

## ബഡ്ജറ്റ് വിഹിതവും ആയത് അനുവദിക്കുന്ന ശീർഷകവും

**5.5** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നതെങ്കിലും ഈ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം അനുവദിച്ചു വരുന്നത് ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും -ൽ ഉൾപ്പെടുന്ന 2210 എന്ന മുഖ്യശീർഷകത്തിൻ കീഴിലാണ്. ഈ വകുപ്പ് ആദ്യകാലത്ത് പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ ഭാഗമായിരുന്നതിനാലാണ് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളോടൊപ്പം ഈ വകുപ്പിനെയും ഉൾപ്പെടുത്തിയത്. 1969 – ൽ വകുപ്പിന്റെ ഭരണ നിയന്ത്രണം ആഭ്യന്തരവകുപ്പിന് കൈമാറിയെങ്കിലും ബഡ്ജറ്റ് വിഹിതം അനുവദിക്കുന്ന ശീർഷകം മാറ്റമില്ലാതെ തുടർന്നുവരികയാണ്.

**5.6** ലക്ഷ്യവും പ്രവർത്തന മേഖലയും പൂർണ്ണമായും വ്യത്യസ്തമായ സ്ഥാപനങ്ങളെ ഒരേ ശീർഷകത്തിൻ കീഴിൽ ഉൾപ്പെടുത്തുന്നത് യുക്തിരഹിതവും സംഘടനാ തത്വങ്ങൾക്ക് (Organisational Principles) വിരുദ്ധവുമാണ്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെ സേവനം ഏറ്റവും കൂടുതൽ സ്വീകരിക്കുന്നത് പോലീസ്, എക്സൈസ് തുടങ്ങിയ സംസ്ഥാനത്തെ നീതി നിർവഹണ ഏജൻസികൾ ആണ്. പൊതുജനാരോഗ്യസംരക്ഷണം എന്ന ആരോഗ്യവകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതല നിർവഹിക്കുന്നതിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് കാര്യമായ പങ്കുവഹിക്കാനില്ല. ഇക്കാരണത്താൽ ആരോഗ്യവകുപ്പിന്റെ മുൻഗണനാ ക്രമത്തിലും അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിലും ഈ വകുപ്പിന് സ്വാഭാവികമായും വളരെ താഴ്ന്ന പരിഗണന മാത്രമാണ് ലഭിച്ചു വരുന്നത്. 2019-20 മുതൽ 2022-23 വരെയുള്ള 4 വർഷങ്ങളിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

വകുപ്പിന് സർക്കാർ അനുവദിച്ച പദ്ധതി വിഹിതം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ – 16

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) |
|---|---|---|
| 1 | 2019-20 | 200 |
| 2 | 2020-21 | 170 |
| 3 | 2021-22 | 170 |
| 4 | 2022-23 (സബ്ജക്ട് കമ്മിറ്റി അധികമായി ശിപാർശ ചെയ്ത 80 ലക്ഷം രൂപയുൾപ്പെടെ) | 280 |
| | ആകെ | 820 |

**5.7** 2023 -24 വർഷത്തിൽ സബ്ജക്ട് കമ്മിറ്റി അധികമായി ശിപാർശ ചെയ്ത 31 ലക്ഷം രൂപയുൾപ്പെടെ ആകെ 231 ലക്ഷം രൂപയും 2024 -25 വർഷത്തിൽ 200 ലക്ഷം രൂപയുമാണ് വകുപ്പിന് അനുവദിച്ചിട്ടുള്ളത്.

**5.8** കഴിഞ്ഞ കുറച്ച് വർഷങ്ങളായി രണ്ട് കോടിയോ അതിനോടടുത്ത തുകയോ ആണ് വകുപ്പിന് സർക്കാർ അനുവദിച്ചുവരുന്നത്. ലബോറട്ടറിയിലെ വില കൂടിയ പരിശോധനാ ഉപകരണങ്ങളുടെ എ.എം.സി.,അവയുടെ സ്പെയർ പാർട്ട്സ്, അനലിറ്റിക്കൽ ഉപകരണങ്ങൾക്കാവശ്യമായ UHP (Ultra High Purity) ഗ്യാസ് , ദൈനം ദിന പരിശോധനകൾക്കാവശ്യമായ കെമിക്കലുകൾ, ഗ്ലാസ് ഉപകരണങ്ങൾ എന്നിവയ്ക്ക് മാത്രം ഒരു കോടിയോളം രൂപ വാർഷിക ചെലവ് വരുന്നതാണ്. ബജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക ലബോറട്ടറികൾക്ക് ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് തീരെ അപര്യാപ്തമാണെന്നതാണ് വസ്തുത. തന്മൂലം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും ആധുനികതയുടെ കാര്യത്തിലും വളരെ പുറകിലാണ് നിൽക്കുന്നത്.

**5.9** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെ ഫണ്ട് ലഭ്യത ഇപ്രകാരമായിരിക്കുമ്പോൾ സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഫോറൻസിക് സയൻസ് ലാബുകൾക്ക് അടിസ്ഥാന സൗകര്യ

വികസനത്തിനും നവീകരണത്തിനുമായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുകയ്ക്കു പുറമെ കേന്ദ്രസർക്കാരിൽ നിന്നുള്ള ധനസഹായവും ലഭിക്കുന്ന സ്ഥിതിയാണുള്ളത്. 2019–20 മുതൽ 2022–23 വരെയുള്ള 4 വർഷങ്ങളിൽ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറികൾക്ക് കേന്ദ്ര – സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിച്ച ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ – 17

| ക്രമ നം. | സാമ്പത്തിക വർഷം | സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതം (ലക്ഷത്തിൽ) | കേന്ദ്ര സർക്കാർ MoPF പദ്ധതി പ്രകാരം അനുവദിച്ചത് (ലക്ഷത്തിൽ) | കേന്ദ്ര സർക്കാർ 'നിർഭയ' പദ്ധതി പ്രകാരം അനുവദിച്ചത് (ലക്ഷത്തിൽ) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | 2019–20 | 657 | 643.20 | 650 | 1950.20 |
| 2 | 2020–21 | 307.2 | 409.65 | -- | 716.85 |
| 3 | 2021–22 | 315 | 450 | -- | 765 |
| 4 | 2022–23 | 575 | 150 | -- | 725 |
| | ആകെ | 1854.2 | 1652.85 | 650 | 4157.05 |

**5.10** 2019–20 മുതൽ 2022–23 വരെയുള്ള 4 വർഷങ്ങളിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് കേവലം 820 ലക്ഷം രൂപയുടെ ധനസഹായം ലഭിച്ചപ്പോൾ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറികൾക്ക് ഇതിന്റെ അഞ്ചിരട്ടിയിലധികം തുകയാണ് (4157.05 ലക്ഷം രൂപ) ഇക്കാലയളവിൽ ലഭിച്ചിരിക്കുന്നതെന്ന് കാണാം.

**5.11** ഫോറൻസിക് പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവഴിക്കുന്ന തുകയുടെ അർഹമായ വിഹിതം ഫോറൻസിക് ലബോറട്ടറികളുടേതിന് സമാനമായ സേവനങ്ങൾ നൽകുന്ന കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്കും ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. സമാനമായ സേവനങ്ങൾ ലഭ്യമാക്കുന്ന കെമിക്കൽ

എക്സാമിനേഴ്സ് ലബോറട്ടറികളും ഫോറൻസിക് സയൻസ് ലബോറട്ടറികളും സംയോജിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. ഇതുസംബന്ധിച്ച നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിച്ചുവരികയാണ്.

**5.12** ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ **കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് നിലവിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചുവരുന്ന ശീർഷകം ധനാഭ്യർത്ഥന നമ്പർ XVIII – 'വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും' എന്നതിൽനിന്നും മാറ്റി ആഭ്യന്തര വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു.** ഇതിലൂടെ ഫോറൻസിക് പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന തുകയിൽ നിന്നും അർഹമായ വിഹിതം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് ലഭ്യമാക്കാൻ കഴിയുന്നതാണ്.

## കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് പോലീസ് സുരക്ഷ

**5.13** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഓരോന്നിലും വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനകൾക്കായി വിവിധ കോടതികളിൽ നിന്നും അയയ്ക്കുന്ന ആയിരക്കണക്കിന് തൊണ്ടി സാധനങ്ങളാണ് സൂക്ഷിക്കപ്പെടുന്നത്. ഇവയിൽ നാർക്കോട്ടിക്ക് സാമ്പിളുകൾ, സ്ഫോടകവസ്തുക്കൾ, മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങൾ, ആന്തരികാവയവങ്ങൾ തുടങ്ങിയ വിവിധതരം സാധനങ്ങൾ ഉൾപ്പെടുന്നു. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടുള്ള തൊണ്ടിസാധനങ്ങൾ നഷ്ടപ്പെടുകയോ, ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ അത് കേസിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇവ തീർത്തും സുരക്ഷിതമായും, അത്യന്തം ജാഗ്രതാപൂർവ്വം സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

**5.14** നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ രാത്രികാല സുരക്ഷക്കായി ഒരോ നൈറ്റ് വാച്ച്മാൻമാരാണുള്ളത്. ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കായി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ

നിന്നാണ് നൈറ്റ് വാച്ച്മാൻമാരേയും നിയമിക്കുന്നത്. ഇവർക്ക് സുരക്ഷാജോലി നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനമോ പരിചയ സമ്പത്തോ ഇല്ലായെന്നതാണ് വസ്തുത. എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായി ലബോറട്ടറികളിൽ സൂക്ഷിച്ചിരിക്കുന്ന തൊണ്ടിസാധനങ്ങൾക്ക് കേട്ടപാടുകൾ സംഭവിച്ചാൽ അത് മൂലം വിവിധ കോടതികളിൽ പരിഗണനയിലുള്ള ഒട്ടനവധി കേസുകളെ പ്രതികൂലമായി ബാധിക്കുന്നതാണ്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് സമ്പൂർണ സുരക്ഷയൊരുക്കേണ്ട ആവശ്യകതയാണ് ഇത് ബോധ്യപ്പെടുത്തുന്നത്.

**5.15** ഈ ലബോറട്ടറികളിൽ കേരള പോലീസ് 2011 – ൽ സെക്യൂരിറ്റി ആഡിറ്റ് നടത്തുകയും പോലീസ് സുരക്ഷ നിർബന്ധമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതായി ചീഫ് കെമിക്കൽ എക്സാമിനർ പഠനസംഘത്തെ അറിയിക്കുകയുണ്ടായി. തിരുവനന്തപുരം ലബോറട്ടറിയിൽ വർഷങ്ങൾക്ക് മുമ്പ് തീപിടിത്തം ഉണ്ടാകുകയും അതുമായി ബന്ധപ്പെട്ട് സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 24 മണിക്കൂർ പോലീസ് സുരക്ഷ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ കുറച്ച് മാസങ്ങൾക്ക് ശേഷം ഈ സംവിധാനം അവസാനിപ്പിച്ചുവെന്നും വകുപ്പ് പലപ്രാവശ്യം ആവശ്യപ്പെട്ടുവെങ്കിലും ആയത് പുനഃസ്ഥാപിച്ചില്ലായെന്നും ചീഫ് കെമിക്കൽ എക്സാമിനർ അറിയിച്ചു.

**5.16** വളരെയധികം സെൻസേഷണലായ കേസുകളുമായി ബന്ധപ്പെട്ട സാമ്പിളുകൾ ഉൾപ്പെടെ നിരവധി സാമ്പിളുകൾ സൂക്ഷിച്ചിരിക്കുന്ന കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് ഇപ്പോഴുള്ള സുരക്ഷാ സംവിധാനം തീരെ അപര്യാപ്തമാണെന്ന് പഠനസംഘം വിലയിരുത്തുന്നു. ഈ ലബോറട്ടറികളിൽ സാമ്പിളുകൾ നൽകുന്നതിനായും, മറ്റ് ആവശ്യങ്ങൾക്കായും വരുന്ന സർക്കാർ ഉദ്യോഗസ്ഥരുൾപ്പടെയുള്ള എല്ലാ സന്ദർശകരുടേയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. നിലവിൽ ലബോറട്ടറിയുടെ റിസപ്ഷനിൽ സന്ദർശക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഈ രീതി കുറ്റമറ്റതല്ലായെന്ന് കാണുന്നു.

**5.17 കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ പരിശോധനയ്ക്കായി സൂക്ഷിച്ചിരിക്കുന്ന സാമ്പിളുകളുടെ പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് ലബോറട്ടറികളിലും അക്സസ് കൺട്രോൾ സിസ്റ്റം, സി സി ടി വി നിരീക്ഷണം എന്നീ**

**സൗകര്യങ്ങളോടുകൂടി മുഴുവൻ സമയ പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആഭ്യന്തര വകുപ്പ് അടിയന്തരമായി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## ലബോറട്ടികളിലെ നൈറ്റ് വാച്ച്മാൻ തസ്തിക

**5.18** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ നൈറ്റ് വാച്ച്മാന്റെ ഒരു തസ്തിക വീതമാണുള്ളത്. ഈ ലബോറട്ടറികളിൽ മുഴുവൻ സമയ പോലീസ് സംരക്ഷണം ഏർപ്പെടുത്തുമ്പോൾ ഈ തസ്തികയുടെ ആവശ്യം വരുന്നതല്ല

**5.19** ആയതിനാൽ **തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ നൈറ്റ് വാച്ച്മാൻ തസ്തികകൾ നിർത്തലാക്കേണ്ടതും പകരം സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട അനുബന്ധ ജോലികൾക്ക് ആവശ്യമുള്ളതും നൈറ്റ് വാച്ച്മാൻ തസ്തികയുടെ സമാന ശമ്പളസ്കെയിലിലുള്ളതുമായ മൂന്ന് ലാസ്ക്കർ തസ്തികകൾ പുതിയതായി സഷ്ടിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന ലാസ്ക്കർ തസ്തികകളിലേയ്ക്ക് നിലവിലുള്ള നൈറ്റ് വാച്ച്മാൻമാരെ നിയമിക്കേണ്ടതുമാണ്.**

## ജീവനക്കാരുടെ സുരക്ഷ

**5.20** ആരോഗ്യത്തിന് ഹാനികരമായ രാസ പദാർത്ഥങ്ങളുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുന്ന സാഹചര്യമാണ് കെമിക്കൽ ലബോറട്ടറി ജീവനക്കാർക്കുള്ളത്. ആസിഡിന്റെയും മറ്റ് ഓർഗാനിക് സോൾവന്റിന്റെയും ഗന്ധം നിറഞ്ഞുനിൽക്കുന്ന വായു ശ്വസിച്ചുകൊണ്ടാണ് ഇവർക്ക് പലപ്പോഴും പരിശോധനകൾ നടത്തേണ്ടി വരുന്നത്. അതിനാൽ തന്നെ ജീവനക്കാർക്ക് ശ്വാസകോശ സംബന്ധമായും, അലർജി സംബന്ധമായതുമായ അസുഖങ്ങൾ ബാധിക്കാനുള്ള സാധ്യത കൂടുതലാണ്. ഹെപ്പറ്റൈറ്റിസ്, എയ്ഡ്സ്, കോവിഡ് രോഗബാധിതരായി മരണപ്പെട്ട രോഗികളുടെയടക്കം വിസറ പരിശോധിക്കേണ്ടി വരുന്നതിനാൽ അതിനനുസൃതമായ സംരക്ഷണോപാധികളും വാക്സിനേഷനുകളും ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതുപോലെ തീപിടുത്തം പോലുള്ള അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ ഫയർ & സേഫ്റ്റി ഓഡിറ്റിംഗ് നടത്തി ഫയർ സേഫ്റ്റി ഉപകരണങ്ങൾ അത്യന്താപേക്ഷിതമായി സ്ഥാപിക്കേണ്ടതും അതിനാവശ്യമായ ട്രെയിനിങ് ജീവനക്കാർക്ക് എല്ലാ വർഷവും നൽകേണ്ടതായും ഉണ്ട്. ലബോറട്ടറിയിൽ പരിശോധനകൾക്കാവശ്യമായ ഹൈഡ്രജൻ, ഹീലിയം, നൈട്രജൻ തുടങ്ങിയ വാതകങ്ങൾ സൂക്ഷിച്ചിട്ടുള്ള സിലിണ്ടറുകൾ ലബോറട്ടറിക്ക് പുറത്ത് തന്നെ സ്ഥാപിക്കേണ്ടതും ആയവ ഗ്യാസ് പൈപ്പ് മുഖേന എത്തിക്കേണ്ടതുമുണ്ട്.

**5.21 കെമിക്കൽ ലബോറട്ടറികളിലെ ജീവനക്കാർക്ക് ആരോഗ്യസംരക്ഷണ മേഖലയിൽ ഉപയോഗിച്ചുവരുന്ന നൈട്രൈൽ ഗ്ലൗവുകൾ, സോൾവെന്റ് മാസ്കുകൾ, തുടങ്ങിയ സംരക്ഷണോപാധികളും ആവശ്യമായ വാക്സിനേഷനുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫ്യൂം ഹുഡ് (Fume Hood) പോലുള്ള സംവിധാനങ്ങളും മതിയായ വായു സഞ്ചാരം ലഭിക്കുന്നതിന് കാര്യക്ഷമമായ എക്സ്ഹോസ്റ്റ് സിസ്റ്റവും ലബോറട്ടറികളിൽ സ്ഥാപിക്കേണ്ടതാണ്. ഇതോടൊപ്പം തീപിടുത്തം പോലുള്ള അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് ഫയർ ആൻഡ് സേഫ്റ്റി മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.**

## പിഴയൊടുക്കി തീർപ്പാക്കാവുന്ന കുറ്റകൃത്യങ്ങളുമായി (Compoundable Offences) ബന്ധപ്പെട്ട സാമ്പിളുകൾ

**5.22** കെമിക്കൽ ലബോറട്ടറികളിലെ എക്സൈസ്, നർക്കോട്ടിക്സ് ഡിവിഷനുകളിൽ പിഴയൊടുക്കി തീർപ്പാക്കാവുന്ന (Compoundable Offences) കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിരവധി സാമ്പിളുകൾ എത്താറുണ്ട്. ഇത്തരം കേസുകളിൽ പ്രതി ചേർക്കപ്പെട്ടവർ കോടതിയിൽ പിഴയൊടുക്കി കേസ് തീർപ്പാക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇപ്രകാരം കേസ് തീർപ്പാക്കിക്കഴിഞ്ഞാൽ ഈ കേസുമായി ബന്ധപ്പെട്ട് ലബോറട്ടറിയിൽ പരിശോധനയ്ക്ക് നൽകിയിട്ടുള്ള സാമ്പിളുകൾ പരിശോധിക്കേണ്ടതിന്റെ ആവശ്യകത ഉദിക്കുന്നില്ല. എന്നാൽ കേസ് തീർപ്പാക്കിയ വിവരം ബന്ധപ്പെട്ട ഏജൻസികൾ യഥാസമയം ലബോറട്ടറികളെ അറിയിക്കാത്തത് മൂലം പരിശോധനാ ഫലം ആവശ്യമില്ലെങ്കിൽ കൂടി

ഇത്തരം സാമ്പിളുകൾ ലബോറട്ടറികളിൽ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്തുവരുന്നത്. പരിശോധനകൾക്കായി ഒട്ടനവധി സാമ്പിളുകൾ കാത്തു കിടക്കുമ്പോഴാണ് തീർത്തും അനാവശ്യമായ രീതിയിൽ ഇത്തരത്തിൽ മനുഷ്യ വിഭവശേഷി പാഴാക്കപ്പെടുന്നത്.

5.23 ഈ സാഹചര്യം ഒഴിവാക്കുന്നതിനായി **ലബോറട്ടറികളിൽ നിന്നുള്ള പരിശോധനാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനു മുമ്പ് തന്നെ കേസുകൾ കോടതിയിൽ തീർപ്പാക്കപ്പെടുന്ന അവസരങ്ങളിൽ കേസ് തീർപ്പാക്കിയ വിവരം യഥാസമയം തന്നെ കെമിക്കൽ ലബോറട്ടറികളെ അറിയിക്കണമെന്ന നിർദ്ദേശം പോലീസ് വകുപ്പിനും നികുതി വകുപ്പ് മുഖാന്തരം എക്സൈസ് വകുപ്പിനും നൽകുന്നതിനുള്ള നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിക്കേണ്ടതാണ്.**

## വിവിധ വകുപ്പുകളുമായി ആശയവിനിമയം ഉറപ്പുവരുത്താൻ സംവിധാനം

5.24 ലബോറട്ടറിയിൽ പരിശോധന പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയ കേസുകളുടെ സാമ്പിളുകൾ ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം തിരികെക്കൊണ്ടുപോകാത്തത് സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്ന ലബോറട്ടറികൾക്ക് അധികഭാരം സൃഷ്ടിക്കുന്ന സാഹചര്യം നിലവിലുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും ആശയവിനിമയക്കുറവുമാണ് ഇത്തരം പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം.

**5.25 കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്ന വകുപ്പുകളും ലബോറട്ടറിയുമായുള്ള ആശയവിനിമയം കൃത്യമായി ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി പോലീസ്, എക്സൈസ്, മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വകുപ്പുകളിലും സബോർഡിനേറ്റ് ജുഡീഷ്യറിയിലും ലബോറട്ടറിയിലെ ഉദ്യോഗസ്ഥർക്ക് ബന്ധപ്പെടുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിക്കേണ്ടതാണ്.**

## ഡിസ്റ്റിലറി സാമ്പിളുകളുടെ പരിശോധന

**5.26** സംസ്ഥാനത്തെ വിവിധ ഡിസ്റ്റിലറികളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മദ്യത്തിന്റെ വിപണനം നടത്തുന്നതിന് മുന്നോടിയായി അതിന്റെ സാമ്പിൾ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ പരിശോധന നടത്തി അവ മനുഷ്യോപയോഗത്തിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡിസ്റ്റിലറിയിൽ നിർമ്മിക്കപ്പെടുന്ന ഓരോ ബാച്ചിലും പെടുന്ന മദ്യം വിപണനം ചെയ്യാൻ എക്സൈസ് വകുപ്പ് അനുമതി നൽകുകയുള്ളൂ. എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഡിസ്റ്റിലറി സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഡിസ്റ്റിലറി ഡിവിഷൻ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ എക്സൈസ് ഡിവിഷനിലാണ് ഡിസ്റ്റിലറി സാമ്പിളുകൾ പരിശോധിക്കുന്നത്. ഫീസ് ഈടാക്കിയാണ് സാമ്പിൾ പരിശോധിച്ചു നൽകുന്നത്. സാമ്പിൾ ലഭ്യമാകുന്ന ദിവസത്തിലോ അല്ലെങ്കിൽ തൊട്ടടുത്ത ദിവസത്തിലോ ഡിസ്റ്റിലറി സാമ്പിളുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിവരുന്നു.

**5.27** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ഡിസ്റ്റിലറി സാമ്പിൾ പരിശോധനയിൽ മദ്യത്തിലെ ഈഥൈൽ ആൽക്കഹോളിന്റെ അളവ് അനുവദനീയമായ നിരക്കിലാണോയെന്നതും മനുഷ്യന് ഹാനികരമായ മീഥൈൽ ആൽക്കഹോളിന്റെ സാന്നിധ്യമുണ്ടോയെന്നതുമാണ് പ്രധാനമായും പരിശോധിക്കുന്നത്. എന്നാൽ ഡിസ്റ്റിലറി സാമ്പിളിന്റെ പരിശോധനയ്ക്ക് ശേഷം **"All the samples were found to be free from noxious ingredients injurious to health and hence fit for human consumption"** എന്ന് ഉൾപ്പെടുത്തിയാണ് സർട്ടിഫിക്കറ്റ് നൽകിവരുന്നതെന്ന് കാണുന്നു. അതായത് മനുഷ്യന് ഹാനികരമായ മീഥൈൽ ആൽക്കഹോളിന്റെ സാന്നിധ്യം മാത്രം പരിശോധിച്ച ശേഷമാണ് "Samples were found to be free from noxious ingredients injurious to health"എന്ന തരത്തിൽ സർട്ടിഫൈ ചെയ്തു നൽകുന്നത്. മീഥൈൽ ആൽക്കഹോൾ അല്ലാതെ മറ്റെന്തെങ്കിലും ഹാനികരമായ പദാർത്ഥം മദ്യസാമ്പിളിൽ അടങ്ങിയിട്ടുണ്ടോയെന്ന

പരിശോധന നടത്താതെ ഇത്തരമൊരു സർട്ടിഫിക്കറ്റ് നൽകുന്നത് ശരിയായ രീതിയല്ലായെന്ന് പഠനസംഘം വിലയിരുത്തുന്നു.

**5.28** എക്സൈസ് വകുപ്പിന്റെ ആവശ്യപ്രകാരമാണ് ഡിസ്റ്റിലറി സാമ്പിളുകളിൽ പരിശോധന നടത്തുന്നത്. ആയതിനാൽ **ഒരു ഡിസ്റ്റിലറി സാമ്പിളിൽ എന്തൊക്കെ പരിശോധനകളാണ് നടത്തേണ്ടത്, ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങളിൽ മീഥൈൽ ആൽക്കഹോൾ കൂടാതെ മറ്റേതെങ്കിലും പദാർത്ഥങ്ങളുടെ സാന്നിധ്യം പരിശോധിക്കേണ്ടതുണ്ടോ, ഉണ്ടെങ്കിൽ ആ പദാർത്ഥങ്ങൾ ഏതൊക്കെയാണ് മുതലായ കാര്യങ്ങളിൽ എക്സൈസ് വകുപ്പിൽനിന്നും വ്യക്തത വരുത്തുവാനും ഇതിന്റെ അടിസ്ഥാനത്തിൽ ഡിസ്റ്റിലറി സാമ്പിളുകളിൽ നടത്തപ്പെടേണ്ട പരിശോധനകൾ, പരിശോധനക്കാവശ്യമായ ഫീസ് മുതലായ കാര്യങ്ങൾ നിശ്ചയിക്കാനും ശിപാർശ ചെയ്യുന്നു.** ഒരു ഡിസ്റ്റിലറി സാമ്പിളിൽ നടത്തിയ പരിശോധനകളുടെ ഫലം മാത്രം സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്ന തരത്തിൽ ഡിസ്റ്റിലറി സാമ്പിൾ പരിശോധനാ സർട്ടിഫിക്കറ്റിന്റെ മാതൃക പരിഷ്കരിക്കുവാനും ശിപാർശ ചെയ്യുന്നു.

## <u>ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള നടപടികൾ</u>

**5.29** ഫോറൻസിക്/രസതന്ത്ര/ബയോകെമിസ്ട്രി മേഖലകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ ചെയ്യുന്ന നിരവധി വിദ്യാർത്ഥികൾ ഉണ്ട്. എന്നാൽ ഈ വിദ്യാർത്ഥികൾക്ക് അവരുടെ പഠനമേഖലകളിൽ ശരിയായി പരിശീലനവും അവസരങ്ങളും ലഭിക്കാത്ത സാഹചര്യങ്ങൾ ഉണ്ട്. വിദ്യാർത്ഥിയുടെ പഠന/തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് അർത്ഥവത്തായതും പ്രായോഗികവുമായ പ്രൊഫഷണൽ പഠനാനുഭവമാണ് ഇന്റേൺഷിപ്പിലൂടെ ലഭിക്കുന്നത്. തങ്ങൾ ആർജ്ജിച്ച അറിവ് പ്രയോഗിക്കുന്നതിനും പ്രായോഗിക കഴിവുകൾ വികസിപ്പിക്കുന്നതിനും ഉന്നത നിലവാരമുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രാവീണ്യം നേടുന്നതിനും ഇന്റേൺഷിപ്പ് വഴി വിദ്യാർത്ഥികൾക്ക് കഴിയും.

**5.30** വളരെയധികം രാസപരിശോധനകൾ അത്യന്താധുനിക യന്ത്രങ്ങളുടെ സഹായത്തോടെ നടത്തുന്ന ലബോറട്ടറികൾ കേരളത്തിൽ വേറെയില്ല. പരിശോധനകൾ

കണ്ടു മനസ്സിലാക്കി പരിശോധനകളുടെ നടപടിക്രമങ്ങളിൽ പരിചയം നേടുന്നത് ഫോറൻസിക്- രസതന്ത്ര- ബയോകെമിസ്ട്രി മേഖലകളിൽ പഠനം നടത്തുന്ന ബിരുദ-ബിരുദാനന്തര-ഗവേഷണ വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക് ജീവിതത്തിൽ ഒരു മുതൽക്കൂട്ടാണ്. കൂടാതെ ഇപ്രകാരം ഇന്റേൺഷിപ്പ് കഴിഞ്ഞ് നൈപുണ്യം കൈവരിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഭാവിയിൽ ഉദ്യോഗസ്ഥരാകുമ്പോൾ അത് സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രയോജനകരമായി തീരുകയും ചെയ്യും. ഇന്റേൺഷിപ്പിന് നിശ്ചിത തുക ഫീസ് ഈടാക്കുന്നതിലൂടെ വകുപ്പിന് അധിക വരുമാനം ലഭിക്കുമെന്ന നേട്ടവും ഉണ്ട്. സംസ്ഥാനത്തിനകത്തു നിന്നും പുറത്തുനിന്നും ധാരാളം വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി ലബോറട്ടറിയെ സമീപിക്കുന്നുണ്ട്. എന്നാൽ കൃത്യമായ സർക്കാർ തീരുമാനം ഇല്ലാത്തതിനാൽ അനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

**5.31** മേൽ സാഹചര്യത്തിൽ **ഫോറൻസിക്/രസതന്ത്ര/ബയോകെമിസ്ട്രി വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പഠനസംഘം ശിപാർശ ചെയ്യുന്നു.**

## വെബ്സൈറ്റ് നവീകരണം

**5.32** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ വെബ്സൈറ്റ് പഠനസംഘം പരിശോധിച്ചു. വകുപ്പുമായി ബന്ധപ്പെട്ട കാലികമായ വിവരങ്ങൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ഏതൊരു സ്ഥാപനത്തിന്റേയും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് പ്രേരകശക്തിയും മാർഗ്ഗദർശകവുമായി നിലകൊള്ളുന്നത് ആ സ്ഥാപനത്തിന്റെ ദൗത്യവും ദർശനവുമാണ്. എന്നാൽ വകുപ്പിന്റെ വെബ്സൈറ്റിലെ ദൗത്യവും ദർശനവും എന്ന ശീർഷകത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് പരാമർശിച്ചിട്ടുള്ളത്. അതുകൊണ്ട്തന്നെ ദൗത്യവും ദർശനവും വ്യക്തമായി സൂചിപ്പിക്കേണ്ടതുണ്ട്. കൂടാതെ ഈ വകുപ്പിന്റെ തന്നെ കീഴിലുള്ള എറണാകുളം, കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളെ ലൈൻവകുപ്പുകൾ എന്ന

ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് തിരുത്തേണ്ടതുമുണ്ട്.

**5.33** ആയതിനാൽ **വകുപ്പിന്റെ വെബ്സൈറ്റിൽ ദൗത്യവും ദർശനവും വ്യക്തമായി രേഖപ്പെടുത്തുന്നതിനും എറണാകുളം കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളെ ലൈൻവകുപ്പുകൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് തിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വെബ്സൈറ്റിന്റെ കാലിക പരിഷ്കരണം ഉറപ്പുവരുത്തുന്നതിന് വെബ്സൈറ്റിന്റെ ചുമതലയുള്ള നോഡൽ ഓഫീസറായി ജോയിന്റ് കെമിക്കൽ എക്സാമിനർ (ജനറൽ)– നെ നിയോഗിക്കേണ്ടതുമാണ്.**

## പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതിന്റെ ആവശ്യകത

**5.34** തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ഔദ്യോഗിക വാഹനം (റ്റാറ്റ ഇൻഡിഗോ 2007 വർഷ മോഡൽ) 15 വർഷം മുമ്പ് (2007) DGS&D വ്യവസ്ഥയിൽ വാങ്ങിയതും ഇപ്പോൾ കാലപ്പഴക്കം മൂലം നിശ്ചലാവസ്ഥയിലായതുമാണ്. തിരുവനന്തപുരം ആസ്ഥാന ലബോറട്ടറിയിൽ നിലവിലുള്ള ഡ്രൈവർ തസ്തികയിൽ ഇപ്പോൾ ഒരു ജീവനക്കാരൻ സേവനമനുഷ്ഠിക്കുന്നുണ്ട് .വകുപ്പ് മേധാവിയെന്ന നിലയിൽ ചീഫ് കെമിക്കൽ എക്സാമിനർക്ക് ഒരു വാഹനം ആവശ്യമാണ്.

**5.35** ആയതിനാൽ **ചീഫ് കെമിക്കൽ എക്സാമിനറുടെ ഉപയോഗത്തിനായി പുതിയ ഒരു വാഹനം വാങ്ങിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.**

## ആസ്ഥാന ഓഫീസ് വളപ്പിൽ പുതിയ കെട്ടിട നിർമ്മാണം

**5.36** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി തിരുവനന്തപുരം ആസ്ഥാന ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം നിലവിൽ കെട്ടിടത്തിന്റെ ടെറസ് ഭാഗത്താണ് പ്രവർത്തിക്കുന്നത്. ഇതിന്റെ വശങ്ങൾ ഗ്രിൽ ഘടിപ്പിച്ചിട്ടുള്ളതും മേൽക്കൂര മെറ്റൽ ഷീറ്റ് ഇട്ടതുമാണ്. സൂപ്പർവൈസറി ഉദ്യോഗസ്ഥരായ സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ഇവിടെ

സ്ഥല പരിമിതിയുണ്ട്. മഴക്കാലത്ത് ചോർച്ച ഉണ്ടാകുന്നത് സാധാരണമാണ്. ചോർച്ച പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പലതവണ ശ്രമിച്ചെങ്കിലും ഈ പ്രശ്നം പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ല. വേനൽക്കാലത്ത് തകര ഷീറ്റുകൾ വേഗം ചൂടുപിടിക്കുന്നത് കാരണം ഓഫീസിനകത്ത് കഠിനമായ ചൂട് അനുഭവപ്പെടുന്നത് ജീവനക്കാർക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുണ്ടാക്കുകയും ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.

**5.37** സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളേയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളേയും സംയോജിപ്പിച്ച് ഒരു ഫോറൻസിക് ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുന്ന കാര്യമാണ്. ഫോറൻസിക് ഡയറക്ടറേറ്റ് രൂപീകരണം ഈ റിപ്പോർട്ടിലും ശിപാർശ ചെയ്തിട്ടുണ്ട്.

**5.38** ആസ്ഥാന ഓഫീസ് വളപ്പിൽ നിലവിലുള്ള ലബോറട്ടറി കെട്ടിടത്തോട് ചേർന്ന് പുതിയ ഒരു ബഹുനില കെട്ടിടം പണി ചെയ്യുവാനുള്ള സ്ഥലസൗകര്യം ലഭ്യമാണ്. ഈ ഭാഗത്ത് ഒരു ബഹുനില കെട്ടിടം പണി ചെയ്താൽ ഫോറൻസിക് ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തിനും ട്രെയിനിംഗ് ഹാൾ, കോൺഫറൻസ് ഹാൾ, ലൈബ്രറി തുടങ്ങിയ ഒട്ടനവധി സൗകര്യങ്ങളും അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ലബോറട്ടറിയും ഈ കെട്ടിടത്തിൽ ഒരുക്കുവാൻ കഴിയും. കൂടാതെ ആസ്ഥാന ഓഫീസിലെ ഭരണ വിഭാഗത്തിന്റെ പ്രവർത്തനവും ഈ കെട്ടിടത്തിലേക്ക് മാറ്റുവാൻ സാധിക്കുന്നതാണ്.

**5.39** മേൽ സാഹചര്യത്തിൽ **തിരുവനന്തപുരം ആസ്ഥാന ലബോറട്ടറി കെട്ടിടത്തോട് ചേർന്നുള്ള സ്ഥലത്ത് ഫോറൻസിക് ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തിന് അനുയോജ്യമായ തരത്തിലുള്ള ഒരു ബഹുനില കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു.**

## <u>തുടർ പ്രവൃത്തി പഠനത്തിന്റെ ആവശ്യകത</u>

**5.40** ഈ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രവർത്തന രീതിയിൽ നിരവധി മാറ്റങ്ങൾ ശിപാർശ ചെയ്തിട്ടുണ്ട്.

ഈ ശിപാർശകൾ നടപ്പിലാക്കിയശേഷമുള്ള വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇതിനായി ഒരു തുടർ പ്രവൃത്തി പഠനം അനിവാര്യമാണ്. അതിനാൽ **ഈ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി ആറുമാസങ്ങൾക്ക് ശേഷം ഒരു തുടർ പ്രവൃത്തിപഠനം നടത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**5.41** കെമിക്കൽ-ഫോറൻസിക് ലബോറട്ടറികളുടെ സംയോജനം കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ ഇവയെ സംയോജിപ്പിച്ച് ഫോറൻസിക് ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. കെമിക്കൽ - ഫോറൻസിക് ലബോറട്ടറികളുടെ സംയോജനം സർക്കാരിന്റെ പരിഗണനയിലുള്ളതുമാണ്. ഇവയുടെ സംയോജനം നടപ്പിലാകുമ്പോൾ സപ്പോർട്ടിങ് സ്റ്റാഫ് ഉൾപ്പടെയുള്ള തസ്തികകളുടെ വിന്യാസവും മറ്റു പ്രസക്തമായ വിഷയങ്ങളും ഈ തുടർപ്രവൃത്തി പഠനത്തിന്റെ ഭാഗമായി പരിശോധിക്കാവുന്നതാണ്.

## ഡിപ്പാർട്ട്മെന്റ് മാനുവലിലും സ്പെഷ്യൽ റൂളിലും ഭേദഗതി

**5.42** ഈ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി വകുപ്പിലെ ചില തസ്തികകൾക്ക് പകരം പുതിയ തസ്തികകൾ സൃഷ്ടിക്കുവാനും, ചില തസ്തികകളുടെ യോഗ്യതയും നിയമന രീതിയും പരിഷ്കരിക്കുവാനും ചില തസ്തികകളുടെ ചുമതലകളിൽ മാറ്റങ്ങൾ വരുത്തുവാനും ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ **പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ഡിപ്പാർട്ട്മെന്റ് മാനുവലിലും സ്പെഷ്യൽ റൂളിലും ഭേദഗതികൾ വരുത്തേണ്ടതാണ്.**

# അധ്യായം – 6

# അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യത

**6.1** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ എമർജൻസി ടോക്സിക്കോളജി പരിശോധനകൾ നടത്തുന്നതിന് മുഴുവൻ സമയസൗകര്യമൊരുക്കുന്നതിനായി ഓരോ ലബോറട്ടറിയിലും സയന്റിഫിക് ഓഫീസറുടെ രണ്ട് തസ്തികകൾ വീതം ആകെ 6 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഖണ്ഡിക – **4.162** പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ സയന്റിഫിക് ഓഫീസറുടെ 5 തസ്തികകൾ വീതം സൃഷ്ടിക്കുന്നതിനും (ആകെ 10 തസ്തികകൾ) ഖണ്ഡിക **4.198** – ൽ ശിപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം സയന്റിഫിക് ഓഫീസറുടെ 16 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. ഈ തസ്തികകൾ സൃഷ്ടിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യതയുടെ വിശദാംശം ചുവടെ ചേർക്കുന്നു. അടിസ്ഥാന ശമ്പളത്തോടൊപ്പം 9% നിരക്കിലുള്ള ക്ഷാമബത്ത (ഡിഎ), 10% നിരക്കിലുള്ള വീട്ടു വാടകബത്ത എന്നിവ ചേർത്താണ് ആകെ ശമ്പളം കണക്കാക്കിയിരിക്കുന്നത്.

പട്ടിക നമ്പർ – 18

| തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം | ഡി.എ (9%) | എച്ച്. ആർ.എ (10%) | ആകെ ശമ്പളം (രൂപാ) | പ്രതിവർഷ ചെലവ് (രൂപ്) |
|---|---|---|---|---|---|---|
| സയന്റിഫിക് ഓഫീസർ | 16 | 51400 | 4626 | 5140 | 61,166 | 1,17,43,872 (61,166X12X16) |

**6.2** ഇതോടൊപ്പം ടെക്നിക്കൽ അസിസ്റ്റന്റ്/സെറോളജിക്കൽ അസിസ്റ്റന്റ് വിഭാഗത്തിലുള്ള 25 തസ്തികകൾ സയന്റിഫിക് ഓഫീസർ തസ്തികകളായി അപ്ഗ്രേഡ് ചെയ്യുവാനും ഖണ്ഡിക **4.141** – ൽ ശിപാർശ ചെയ്തിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് / സെറോളജിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ ശമ്പള സ്കെയിൽ 37,400 – 79,000 വും സയന്റിഫിക് ഓഫീസറുടെ ശമ്പള സ്കെയിൽ 51,400 – 1,10,300 ആണ്. ഈ തസ്തികൾ തമ്മിലുള്ള അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസം 14,000 രൂപയാണ്. (51,400 –

37,400 = 14,000). ഇതിനെ അടിസ്ഥാനമാക്കിയാണ് അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുള്ളത്. അതിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക നമ്പർ – 19

| അപ്ഗ്രേഡ് ചെയ്യുന്ന തസ്തികകളുടെ എണ്ണം | അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസം | ഡി.എ (9%) | എച്ച് .ആർ.എ (10%) | ആകെ ശമ്പളത്തിലെ വ്യത്യാസം (രൂപാ) | പ്രതിവർഷ ചെലവ് (രൂപാ) |
|---|---|---|---|---|---|
| 25 | 14000 | 1260 | 1400 | 16,660 | 49,98,000 (16,660X12X25) |

**6.3** സയന്റിഫിക് ഓഫീസറുടെ 16 പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വകയിലുള്ള പ്രതിവർഷ ചെലവായ 1,17,43,872/- രൂപയും ടെക്നിക്കൽ അസിസ്റ്റന്റ് / സെറോളജിക്കൽ അസിസ്റ്റന്റ് വിഭാഗത്തിലുള്ള 25 തസ്തികകൾ സയന്റിഫിക് ഓഫീസർ തസ്തികകളായി അപ്ഗ്രേഡ് ചെയ്യുന്ന വകയിലുള്ള പ്രതിവർഷ ബാധ്യതായ 49,98,000/- രൂപയും ചേർന്നുവരുന്ന ആകെ തുകയായ **1,67,41,872** രൂപയാണ് **(ഒരുകോടി അറുപത്തിയേഴ് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റി എഴുപത്തി രണ്ട് രൂപാ മാത്രം)** ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സർക്കാരിന് വേണ്ടിവരുന്ന പ്രതിവർഷ അധിക ബാധ്യത.

**6.4** ഡിസ്റ്റിലറി സാമ്പിളുകളും മറ്റ് സ്വകാര്യ സാമ്പിളുകളും പരിശോധിച്ച വകയിലുള്ള ഫീസിനത്തിൽ; കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് 2023-24 വർഷത്തിൽ രണ്ട് കോടിയിലധികം രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. അതായത് അധിക തസ്തികകൾക്ക് വേണ്ടിവരുന്ന പ്രതിവർഷ ചെലവിനേക്കാൾ കൂടുതൽ തുക വകുപ്പിന് വരുമാനമായി ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്.

## റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണമായും നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

**6.5** കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള മനുഷ്യവിഭവശേഷിയെ ഫലപ്രദമായി വിനിയോഗിക്കുന്നതിനും അനിവാര്യമായ സ്ഥലങ്ങളിൽ അധികതസ്തികകൾ

സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥരെ ബാധ്യസ്ഥരാക്കുന്ന ശിപാർശകളുമുണ്ട്.

**6.6** ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠന റിപ്പോർട്ടിലെ തസ്തിക സൃഷ്ടിക്കൽ പോലുള്ള ചില ശിപാർശകൾ അടർത്തിയെടുത്ത് അവ മാത്രം നടപ്പിലാക്കുന്ന പ്രവണത വിവിധ വകുപ്പുകളിൽ കണ്ടുവരുന്നുണ്ട്. പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണമായും നടപ്പിലാക്കുന്നതിലൂടെ മാത്രമേ ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ വകുപ്പിന് ലഭ്യമാകുകയുള്ളൂ എന്ന് പഠനസംഘം വിലയിരുത്തുന്നു.

# അധ്യായം – 7

# ശിപാർശകളുടെ സംഗ്രഹം (Summary of Recommendations)

1. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ച സയന്റിഫിക് ഓഫീസർമാരെ പരിശോധനാ സർട്ടിഫിക്കറ്റ് ഒപ്പിട്ടുനൽകുന്നതിന് അധികാരപ്പെടുത്തുന്ന 29.07.2020 – ലെ സ.ഉ(അച്ചടി) 39/2020/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുവാൻ പഠനസംഘം ശിപാർശ ചെയ്യുന്നു. ഈ നിർദ്ദേശം ഉടനടി നടപ്പിൽ വരുത്തുന്നുവെന്ന് ആഭ്യന്തരവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ് (ഖണ്ഡിക **4.88**).

2. അനലിസ്റ്റുമാരുടെ മേൽനോട്ടം സംബന്ധിച്ച് ഖണ്ഡിക **4.90** –ന് കീഴിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. കേസുകളുടെ എണ്ണത്തിന് ആനുപാതികമായി ഡിവിഷനുകളിൽ അനലിസ്റ്റുമാരുടെ സേവനം ലഭിക്കുന്ന തരത്തിൽ ജീവനക്കാരെ പൂൾ ചെയ്ത് നിയമിക്കുന്നതിനുള്ള നടപടികൾ ലബോറട്ടറി തലത്തിൽ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. വളരെ കുറവ് എണ്ണം കേസുകൾ മാത്രം പരിശോധിക്കേണ്ടിവരുന്ന സെറോളജി, ജനറൽ കെമിസ്ട്രി എന്നീ ഡിവിഷനുകളിലെ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെയും അനലിസ്റ്റുമാരുടയും സേവനം ആവശ്യമായ സന്ദർഭങ്ങളിൽ മാത്രം ആ ഡിവിഷനുകളിൽ പ്രയോജനപ്പെടുത്തി, മറ്റുസമയങ്ങളിൽ കേസുകൾ കൂടുതലുള്ള ഡിവിഷനുകളിൽ പരിശോധനയ്ക്കായി നിയോഗിക്കേണ്ടതാണ് **(**ഖണ്ഡിക **4.92)**.

4. ലബോറട്ടറികളിലെ പരിശോധനാ ഉപകരണങ്ങളുടെ പൂർണ്ണശേഷിയിലുള്ള വിനിയോഗം ഉറപ്പുവരുത്തുന്നതിനായി ഖണ്ഡിക **4.93** – ന് കീഴിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

5. കൂടുതൽ കേസുകൾ പരിശോധനക്കായി അവശേഷിക്കുന്ന ടോക്സിക്കോളജി, നർക്കോട്ടിക്സ്, എക്സൈസ് ഡിവിഷനുകളിൽ ആവശ്യാനുസരണം ജീവനക്കാരെ

ഷിഫ്റ്റ് സമ്പ്രദായത്തിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു (ഖണ്ഡിക **4.96**).

6. അനലിസ്റ്റുമാരുടെ പ്രതിമാസ പ്രവർത്തനാവലോകനം സംബന്ധിച്ച് ഖണ്ഡിക **4.97** – ന് കീഴിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

7. അനലിസ്റ്റുമാർക്ക് വ്യക്തിഗത ടാർജറ്റ് എന്നതുപോലെ ഓരോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർക്കും 'ഗ്രൂപ്പ് ടാർജറ്റ് ' എന്ന പേരിൽ പ്രത്യേകം പ്രതിമാസ ടാർജറ്റ് ഏർപ്പെടുത്തേണ്ടതാണ് (ഖണ്ഡിക **4.98**).

8. അനലിസ്റ്റുമാർ വ്യക്തിഗത ടാർജറ്റ് കൈവരിക്കുന്നതിന് ഉത്തരവാദികളായിരിക്കുന്നതുപോലെ ഗ്രൂപ്പ് ടാർജറ്റ് കൈവരിക്കുന്നതിന്റെ ഉത്തരവാദിത്തം അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറിൽ നിക്ഷിപ്തമാക്കേണ്ടതാണ് (ഖണ്ഡിക **4.99**).

9. ഗ്രൂപ്പ് ടാർജറ്റിനെ അടിസ്ഥാനമാക്കി ഓരോ അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാരുടെയും വർക്ക് ടേൺ ഓവർ ശതമാനക്കണക്കിൽ നിശ്ചയിക്കേണ്ടതും അത് പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ് (ഖണ്ഡിക **4.100**).

10. ലബോറട്ടറികളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് അംഗീകാരം നൽകുന്നതിനായി ഖണ്ഡിക **4.102 –** ന് കീഴിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

11. പ്രതിമാസ പ്രവർത്തനാവലോകനത്തിൽ തുടർച്ചയായി താഴ്ന്ന പ്രകടനം കാഴ്ചവയ്ക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ അനലിസ്റ്റുമാർക്ക് തിരുവനന്തപുരം ആസ്ഥാന ലബോറട്ടറിയിലെ പരിശീലന വിഭാഗത്തിൽ ആവശ്യമായ പരിശീലനം നൽകി അവരെ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ പ്രാപ്തരാക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ ചീഫ് കെമിക്കൽ എക്സാമിനർ സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക **4.105**).

12. മൂന്നുമാസത്തെ പരിശീലനകാലയളവ് നിശ്ചയിച്ചിട്ടുള്ള ടോക്സിക്കോളജി, സെറോളജി ഡിവിഷനുകളിൽ നിയമിക്കപ്പെടുന്ന പുതിയ അനലിസ്റ്റുമാർക്ക് ആദ്യമാസത്തിൽ പ്രതിമാസ ടാർജറ്റിന്റെ 50 % കേസുകളും രണ്ടാമത്തെ മാസത്തിൽ 75% കേസുകളും മൂന്നാമത്തെ മാസത്തിൽ പ്രതിമാസ ടാർജറ്റിന് തുല്യമായ എണ്ണം കേസുകളും പരിശോധിക്കാൻ നൽകേണ്ടതാണ്. രണ്ട് മാസത്തെ പരിശീലനകാലയളവ് നിശ്ചയിച്ചിട്ടുള്ള എക്സൈസ്, ജനറൽ കെമിസ്ട്രി, നാർക്കോട്ടിക്സ് ഡിവിഷനുകളിൽ ആദ്യത്തെ മാസത്തിൽ പ്രതിമാസ ടാർജറ്റിന്റെ 50 % ഉം രണ്ടാമത്തെ മാസത്തിൽ പ്രതിമാസടാർജറ്റിന് തുല്യമായ എണ്ണം കേസുകളും ഇവർക്ക് പരിശോധിക്കാൻ നൽകേണ്ടതാണ്(ഖണ്ഡിക **4.110**).

13. ലബോറട്ടറികളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് അത്യാവശ്യമായ Gas Chromatograph Mass Spectrometer(GCMS), Fourier Transform Infrared Spectroscopy (FTIR) , GCMS with Head Space ,UV Spectrometer, Microwave Digester, Petroleum Distillation Unit, Flash Point Apparatus മുതലായ ഉപകരണങ്ങളും ബയോളജിക്കൽ സാമ്പിളുകൾ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കുന്നതിനായി Cold Storage Room സൗകര്യവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക **4.113**).

14. എറണാകുളം ലബോറട്ടറിയിലെ ടോക്സികോളജി വിഭാഗത്തിൽ 1998 മുതൽ 2010 വരെയുള്ള 5,500 ൽ പരം കേസുകളാണ് തീർപ്പാക്കാനായുള്ളത്. ഈ കേസുകൾ തീർപ്പാക്കുന്നതിനായി കേരള പോലീസ് പെർഫോമൻസ് & അക്കൗണ്ടബിലിറ്റികമ്മീഷൻ റിപ്പോർട്ടിലെ നിർദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു. ഇതിനായി പോലീസ് വകുപ്പിലെ DySP റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക **4.128**).

15. തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് ലബോറട്ടറികളിലെ ടോക്സിക്കോളജി വിഭാഗത്തിലെ മറ്റു പെന്റിംഗ് കേസുകൾ തീർപ്പാക്കുന്നതിന് ഖണ്ഡിക **4.130** –ന്

കീഴിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

16. എക്സൈസ്, നർക്കോട്ടിക്സ് ഡിവിഷനുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് താത്കാലിക ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇവർക്ക് കേസുകൾ തരംതിരിച്ച് നൽകിയും ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചും പരമാവധി വേഗത്തിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.131).**

17. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി ഈ റിപ്പോർട്ടിൽ നൽകിയിട്ടുള്ള നിർദേശങ്ങൾ മൂന്ന് ലബോറട്ടറികളിലും യഥാസമയം നടപ്പിലാക്കപ്പെടുന്നു എന്നതും കേസുകൾ തീർപ്പാക്കുന്നതിന്റെ പുരോഗതിയും ആഭ്യന്തരവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ് **(ഖണ്ഡിക 4.132).**

18. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ജോലിയുടെ സ്വഭാവവും പ്രസ്തുത ജോലി ഫലപ്രദമായി നിർവഹിക്കുവാൻ ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ലബോറട്ടറികളിൽ നിലവിലുള്ള ടെക്നിക്കൽ അസിസ്റ്റന്റ്/സെറോളജിക്കൽ അസിസ്റ്റന്റ് തസ്തിക സയന്റിഫിക്ക് ഓഫീസർ തസ്തികയായി അപ്ഗ്രേഡ് ചെയ്യാൻ പഠനസംഘം ശിപാർശ ചെയ്യുന്നു (ഖണ്ഡിക **4.141**)

19. സയന്റിഫിക് ഓഫീസർ തസ്തികയ്ക്ക് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ബിരുദാനന്തര ബിരുദം ആയതിനാൽ ബിരുദാനന്തര ബിരുദ യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥർ നിലവിൽ ജോലി നോക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ്/സെറോളജിക്കൽ അസിസ്റ്റന്റ് തസ്തിക ആ ഉദ്യോഗസ്ഥർ വിരമിക്കുന്നത് വരെ മാത്രം ടെക്നിക്കൽ അസിസ്റ്റന്റ്/സെറോളജിക്കൽ അസിസ്റ്റന്റ് തസ്തികയായി നിലനിർത്തുവാനും വിരമിച്ച ശേഷം സയന്റിഫിക്ക് ഓഫീസർ തസ്തികയായി അപ്ഗ്രേഡ് ചെയ്യുവാനും ശിപാർശ ചെയ്യുന്നു.(ഖണ്ഡിക **4.142**)

20. സയന്റിഫിക് ഓഫീസർ തസ്തികയിൽ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിലൂടെ നികത്തുവാൻ ശിപാർശ ചെയ്യുന്നു. മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴി സയന്റിഫിക് ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഉചിതമായ അനുപാതം നിശ്ചയിച്ച്, കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തേണ്ടതാണ് (ഖണ്ഡിക **4.143**)

21. വകുപ്പിൽ നിലവിലുള്ള 3 ഗ്ലാസ് ബ്ലോവർ തസ്തികകൾ നിർത്തലാക്കുവാനും പകരം സമാന ശമ്പള സ്കെയിലിൽ 'സാമ്പിൾ റിസീവിങ് അസിസ്റ്റന്റ്' (Sample Receiving Assistant) എന്ന 3 പുതിയ തസ്തികകൾ സൃഷ്ടിച്ച് സാമ്പിൾ റിസീവിംഗ് സെക്ഷനിൽ വിന്യസിക്കുവാനും ശിപാർശ ചെയ്യുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന സാമ്പിൾ റിസീവിങ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നിലവിലുള്ള ഗ്ലാസ് ബ്ലോവർമാരെ നിയമിക്കേണ്ടതുമാണ് (ഖണ്ഡിക **4.151**).

22. ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം/തസ്തിക മാറ്റ നിയമനങ്ങൾക്കും, നേരിട്ടുള്ള നിയമനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ സയൻസ് വിഷയങ്ങളിലുള്ള **+2/Pre-Degree** അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിക്കേണ്ടതാണെന്നും ഇതിനനുസൃതമായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. (ഖണ്ഡിക **4.156**)

23. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ മൂന്ന് ലബോറട്ടറികളിലും അവധി ദിവസങ്ങളിലുൾപ്പെടെ മുഴുവൻ സമയവും (24x7) എമർജൻസി ടോക്സിക്കോളജി പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക 4.161)**

24. എമർജൻസി ടോക്സിക്കോളജി പരിശോധനകൾക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി ഓരോ ലബോറട്ടറിയിലും 2 സയന്റിഫിക് ഓഫീസർ തസ്തിക വീതം ആകെ 6 തസ്തികകൾ (3x2=6) അധികമായി സൃഷ്ടിക്കുവാൻ ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക 4.162)**

25. വകുപ്പിന്റെ മൂന്ന് ലബോറട്ടറികൾക്കുമായി തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിൽ "പരിശീലന – രീതി മൂല്യനിർണ്ണയ വിഭാഗം (Training & Method Validation Wing)"എന്ന പേരിൽ ഒരു പുതിയ വിഭാഗം ആരംഭിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു (ഖണ്ഡിക **4.167**)

26. ജോലിഭാരം നിർണ്ണയിച്ചതിൽ തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയിൽ അധികമായി കണ്ട അനലിസ്റ്റുമാരിൽ നിന്നും 2 സയന്റിഫിക് ഓഫീസർമാരെ പുതുതായി ആരംഭിക്കുന്ന പരിശീലന – രീതി മൂല്യനിർണ്ണയ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി നിയോഗിക്കേണ്ടതാണ് **(ഖണ്ഡിക 4.168)**

27. സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതിക വിഷയങ്ങളിലും മൂന്ന് ലബോറട്ടറികളിലും ഏകീകൃത സ്വഭാവം ഉറപ്പുവരുത്തുന്നതിനായി ഈ ലബോറട്ടറികളിൽ നിന്നും സാങ്കേതിക വിഭാഗം ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് കെമിക്കൽ എക്സാമിനറുടെ അധ്യക്ഷതയിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുവാൻ ശിപാർശ ചെയ്യുന്നു (ഖണ്ഡിക **4.171**)

28. ലബോറട്ടറികളിൽ ടെക്നിക്കൽ ഇൻസ്പെക്ഷൻ നിശ്ചിത ഇടവേളകളിൽ നിർബന്ധമായും നടത്തേണ്ടതും ടെക്നിക്കൽ ഇൻസ്പെക്ഷനിൽ കണ്ടെത്തുന്ന പോരായ്മകളിൽ താമസംവിനാ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ചീഫ് കെമിക്കൽ എക്സാമിനർ ഉറപ്പ് വരുത്തേണ്ടതാണ് (ഖണ്ഡിക **4.175**)

29. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ സമ്പൂർണ്ണ ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടപ്പിൽ വരുത്തുന്നതിനും പരിശോധനാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചർ സഹിതം ഓൺലൈനായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനും പഠനസംഘം ശിപാർശ ചെയ്യുന്നു **(ഖണ്ഡിക 4.182).**

30. വകുപ്പിന്റെ ലബോറട്ടറികളിലെ സ്റ്റോറിന്റെ പ്രവർത്തനങ്ങൾക്കായി കെമിക്കൽ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം സ്റ്റോറിന്റെ പ്രവർത്തനങ്ങളിലും

ഓൺലൈൻ ഡോക്യുമെന്റേഷൻ നടപ്പിൽ വരുത്തേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു (ഖണ്ഡിക **4.185**).

31. വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളുടെ ഓഫീസുകളിലെ ക്ലറിക്കൽ വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ നിലവിലുള്ള സ്ഥിതി തുടരാവുന്നതാണ് (ഖണ്ഡിക **4.187, 189, 191**).

32. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ ലഭിക്കുന്ന സാമ്പിളുകളുടെ കൃത്യവും സമയബന്ധിതവുമായ പരിശോധന ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ എറണാകുളം കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ 5 സയന്റിഫിക് ഓഫീസർ തസ്തികകൾ വീതം ആകെ 10 സയന്റിഫിക് ഓഫീസർ തസ്തികകൾ അധികമായി സൃഷ്ടിക്കുവാൻ ശിപാർശ ചെയ്യുന്നു. (ഖണ്ഡിക **4.198**).

33. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സർക്കാർ തലത്തിലുള്ള അവലോകനം നടത്തുന്നതിനായി ഖണ്ഡിക **4.224** – ൽ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള പ്രതിമാസ പ്രവർത്തനറിപ്പോർട്ട് തൊട്ടടുത്ത മാസം 5–ാം തീയതിക്ക് മുൻപായി ചീഫ് കെമിക്കൽ എക്സാമിനർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

34. ആഭ്യന്തര വകുപ്പ് സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഭ്യന്തര വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനോ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം രണ്ടു മാസത്തിലൊരിക്കൽ വിളിച്ചുചേർത്ത് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന്റേയും ഈ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റേയും പുരോഗതി നേരിട്ട് വിലയിരുത്തേണ്ടതും കുറവുകൾ കണ്ടെത്തുന്ന ലബോറട്ടറി/ഡിവിഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്(ഖണ്ഡിക **4.226**)

35. അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് ഭരണനിർവഹണം, ടീം മാനേജ്മന്റ്, മാനേജീരിയൽ സ്കിൽസ് തുടങ്ങിയവയിൽ പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക **4.227**)

36. സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെയും ഫോറൻസിക് സയൻസ് ലബോറട്ടറികളുടെയും സംയോജനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളും ഫോറൻസിക് സയൻസ് ലബോറട്ടറികളും ആഭ്യന്തര വകുപ്പിനുകീഴിൽ 'സ്റ്റേറ്റ് ഫോറൻസിക് സയൻസ് ഡിപ്പാർട്ട്മെന്റ്' എന്ന പേരിൽ ഒരു പുതിയ ഡയറക്ടറേറ്റ് രൂപീകരിച്ച് അതിന്റെ കീഴിൽ കൊണ്ടുവരുന്നതിനും, ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ഉൾപ്പടെയുള്ള വിഷയങ്ങൾ പരിഹരിച്ചതിനുശേഷം ഈ രണ്ട് ലബോറട്ടറികളെയും സംയോജിപ്പിച്ച് ആഭ്യന്തര വകുപ്പിനുകീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു ഏജൻസിയായി നിലനിർത്തുന്നതിനും പഠനസംഘം ശിപാർശ ചെയ്യുന്നു (ഖണ്ഡിക **5.4)**

37. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾക്ക് നിലവിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചുവരുന്ന ശീർഷകം ധനാഭ്യർത്ഥന നമ്പർ XVIII – 'വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും' എന്നതിൽനിന്നും മാറ്റി ആഭ്യന്തര വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു (ഖണ്ഡിക **5.12)**

38. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ പരിശോധനയ്ക്കായി സൂക്ഷിച്ചിരിക്കുന്ന സാമ്പിളുകളുടെ പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് ലബോറട്ടറികളിലും അക്സസ് കൺട്രോൾ സിസ്റ്റം, സി സി ടി വി നിരീക്ഷണം എന്നീ സൗകര്യങ്ങളോടുകൂടി മുഴുവൻ സമയ പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആഭ്യന്തര വകുപ്പ് അടിയന്തരമായി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു **(**ഖണ്ഡിക **5.17).**

39. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ നൈറ്റ് വാച്ച്മാൻ തസ്തികകൾ നിർത്തലാക്കേണ്ടതും പകരം സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട അനുബന്ധ ജോലികൾക്ക് ആവശ്യമുള്ളതും നൈറ്റ് വാച്ച്മാൻ തസ്തികയുടെ സമാന ശമ്പളസ്കെയിലിലുള്ളതുമായ മൂന്ന് ലാസ്കർ തസ്തികകൾ

പുതിയതായി സൃഷ്ടിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന ലാസ്ക്കർ തസ്തികകളിലേയ്ക്ക് നിലവിലുള്ള നൈറ്റ് വാച്ച്മാൻമാരെ നിയമിക്കേണ്ടതുമാണ് (ഖണ്ഡിക **5.19**).

40. കെമിക്കൽ ലബോറട്ടറികളിലെ ജീവനക്കാർക്ക് ആരോഗ്യസംരക്ഷണ മേഖലയിൽ ഉപയോഗിച്ചുവരുന്ന നൈട്രൈൽ ഗ്ലൗവുകൾ, സോൾവെന്റ് മാസ്കുകൾ, തുടങ്ങിയ സംരക്ഷണോപാധികളും ആവശ്യമായ വാക്സിനേഷനുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫ്യൂം ഹുഡ് (Fume Hood) പോലുള്ള സംവിധാനങ്ങളും മതിയായ വായു സഞ്ചാരം ലഭിക്കുന്നതിന് കാര്യക്ഷമമായ എക്സ്ഹോസ്റ്റ് സിസ്റ്റവും ലബോറട്ടറികളിൽ സ്ഥാപിക്കേണ്ടതാണ്. ഇതോടൊപ്പം തീപിടുത്തം പോലുള്ള അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് ഫയർ ആൻഡ് സേഫ്റ്റി മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ് (ഖണ്ഡിക **5.21**).

41. ലബോറട്ടറികളിൽ നിന്നുള്ള പരിശോധനാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനു മുമ്പ് തന്നെ കേസുകൾ കോടതിയിൽ തീർപ്പാക്കപ്പെടുന്ന അവസരങ്ങളിൽ കേസ് തീർപ്പാക്കിയ വിവരം യഥാസമയം തന്നെ കെമിക്കൽ ലബോറട്ടറികളെ അറിയിക്കണമെന്ന നിർദ്ദേശം പോലീസ് വകുപ്പിനും നികുതി വകുപ്പ് മുഖാന്തിരം എക്സൈസ് വകുപ്പിനും നൽകുന്നതിനുള്ള നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക **5.23**).

42. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്ന വകുപ്പുകളും ലബോറട്ടറിയുമായുള്ള ആശയവിനിമയം കൃത്യമായി ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി പോലീസ്, എക്സൈസ്, മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വകുപ്പുകളിലും സബോർഡിനേറ്റ് ജുഡീഷ്യറിയിലും ലബോറട്ടറിയിലെ ഉദ്യോഗസ്ഥർക്ക് ബന്ധപ്പെടുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക **5.25**).

43. ഒരു ഡിസ്റ്റിലറി സാമ്പിളിൽ എന്തൊക്കെ പരിശോധനകളാണ് നടത്തേണ്ടത്, ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങളിൽ മീഥൈൽ ആൽക്കഹോൾ കൂടാതെ മറ്റേതെങ്കിലും പദാർത്ഥങ്ങളുടെ സാന്നിധ്യം പരിശോധിക്കേണ്ടതുണ്ടോ, ഉണ്ടെങ്കിൽ ആ പദാർത്ഥങ്ങൾ ഏതൊക്കെയാണ് മുതലായ കാര്യങ്ങളിൽ എക്സൈസ് വകുപ്പിൽനിന്നും വ്യക്തത വരുത്തുവാനും ഇതിന്റെ അടിസ്ഥാനത്തിൽ ഡിസ്റ്റിലറി സാമ്പിളുകളിൽ നടത്തപ്പെടേണ്ട പരിശോധനകൾ, പരിശോധനക്കാവശ്യമായ ഫീസ് മുതലായ കാര്യങ്ങൾ നിശ്ചയിക്കാനും ശിപാർശ ചെയ്യുന്നു. ഒരു ഡിസ്റ്റിലറി സാമ്പിളിൽ നടത്തിയ പരിശോധനകളുടെ ഫലം മാത്രം സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്ന തരത്തിൽ ഡിസ്റ്റിലറി സാമ്പിൾ പരിശോധനാ സർട്ടിഫിക്കറ്റിന്റെ മാതൃക പരിഷ്കരിക്കുവാനും ശിപാർശ ചെയ്യുന്നു **(ഖണ്ഡിക 5.28).**

44. ഫോറൻസിക്/രസതന്ത്രം/ബയോകെമിസ്ട്രി വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പഠനസംഘം ശിപാർശ ചെയ്യുന്നു **(ഖണ്ഡിക 5.31).**

45. വകുപ്പിന്റെ വെബ്സൈറ്റിൽ ദൗത്യവും ദർശനവും വ്യക്തമായി രേഖപ്പെടുത്തുന്നതിനും എറണാകുളം കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളെ ലൈൻവകുപ്പുകൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് തിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വെബ്സൈറ്റിന്റെ കാലിക പരിഷ്കരണം ഉറപ്പുവരുത്തുന്നതിന് വെബ്സൈറ്റിന്റെ ചുമതലയുള്ള നോഡൽ ഓഫീസറായി ജോയിന്റ് കെമിക്കൽ എക്സാമിനർ (ജനറൽ)- നെ നിയോഗിക്കേണ്ടതുമാണ് **(ഖണ്ഡിക 5.33).**

46. ചീഫ് കെമിക്കൽ എക്സാമിനറുടെ ഉപയോഗത്തിനായി പുതിയ ഒരു വാഹനം വാങ്ങിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക 5.35).**

47. തിരുവനന്തപുരം ആസ്ഥാന ലബോറട്ടറി കെട്ടിടത്തോട് ചേർന്നുള്ള സ്ഥലത്ത് ഫോറൻസിക് ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തിന് അനുയോജ്യമായ തരത്തിലുള്ള ഒരു ബഹുനില കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക 5.39).**

48. ഈ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി ആറുമാസങ്ങൾക്ക് ശേഷം ഒരു തുടർപ്രവൃത്തി പഠനം നടത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു **(ഖണ്ഡിക 5.40).**

49. പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ഡിപ്പാർട്ട്മെന്റ് മാനുവലിലും സ്പെഷ്യൽ റൂളിലും ഭേദഗതികൾ വരുത്തേണ്ടതാണ് **(ഖണ്ഡിക 5.42).**

## കൃതജ്ഞത

ഈ പ്രവൃത്തിപഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് പൂർണ്ണ സഹകരണം നൽകിയ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ അധികാരികളോടും ജീവനക്കാരോടും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

(ഒപ്പ്)

തിരുവനന്തപുരം　　　　　　　　　　　　　　പുനീത് കുമാർ ഐ എ എസ്

21/08/2024　　　　　　　　　　　　　　അഡീഷണൽ ചീഫ് സെക്രട്ടറി

**ANNEXURE I**

## ORGANISATIONAL CHART

### CHEMICAL EXAMINER'S LABORATORY DEPARTMENT



ANNEXURE - II

| STAFF DETAILS OF THE CHEMICAL EXAMINER'S LABORATORY DEPARTMENT | | | | | | |
|---|---|---|---|---|---|---|
| **Sl No.** | **Name of Post** | **Scale of Pay** | **No. of posts in each office** | | | **Total No. Of Posts (Sanctioned Strength)** |
| | **TECHNICAL STAFF** | | **TVPM** | **EKM** | **KKD** | |
| 1. | Cheif Chemical Examiner to Government | 112800-163400 | 1 | 0 | 0 | 1 |
| 2. | Joint Chemical Examiner | 107800-160000 | 2 | 1 | 1 | 4 |
| 3. | Assistant Chemical Examiner | 56500-118100 | 7 | 7 | 5 | 19 |
| 4. | Scientific Officer | 51400-110300 | 15 | 10 | 8 | 33 |
| 5. | Serological Assistant | 37400-79000 | 1 | 1 | 1 | 3 |
| 6. | Technical Assistant | 37400-79000 | 10 | 6 | 6 | 22 |
| 7. | Glass Blower | 31100-66800 | 1 | 1 | 1 | 3 |
| 8. | Laboratory Assistant | 25100-57900 | 14 | 10 | 10 | 34 |
| 9. | Junior Laboratory Assistant | 23700-52600 | 2 | 2 | 1 | 5 |
| 10. | Packer | 23700-52600 | 1 | 0 | 0 | 1 |
| 11. | Lascar | 23000-50200 | 1 | 4 | 4 | 9 |
| 12. | Bottle Cleaner | 23000-50200 | 10 | 6 | 6 | 22 |
| | | | **65** | **48** | **43** | **156** |
| | | | | | | |
| | **ADMINISTRATIVE STAFF** | | | | | |
| 13. | Administrative Officer | | 1 | 0 | 0 | 1 |
| 14. | Finance Officer | | 1 | 0 | 0 | 1 |
| 15. | Senior Superintendent | 51400-110300 | 1 | 0 | 0 | 1 |
| 16. | Confidential Assistant (Sr. Grade) | 43400-91200 | 1 | 0 | 0 | 1 |
| 17. | Confidential Assistant (Grade I) | 39300-83000 | 0 | 0 | 1 | 1 |
| 18. | Confidential Assistant (Grade II) | 27900-63700 | 0 | 1 | 0 | 1 |
| 19. | Junior Superintendent | 43400-91200 | 1 | 1 | 1 | 3 |
| 20. | Senior Clerk | 35600-75400 | 2 | 1 | 3 | 6 |
| 21. | Clerk/Store Keeper | 26500-60700 | 3 | 3 | 0 | 6 |
| 22. | Clerk-Typist | 26500-60700 | 1 | 0 | 0 | 1 |
| 23. | Typist (Selection Grade) | 39300-83000 | 1 | 0 | 0 | 1 |
| 24. | Typist (Senior Grade) | 37400-79000 | 1 | 1 | 0 | 2 |
| 25. | U.D Typist | 35600-75400 | 2 | 0 | 0 | 2 |
| 26. | L.D Typist | 26500-60700 | 0 | 1 | 1 | 2 |
| 27. | L.D.Driver | 25100-57900 | 1 | 0 | 0 | 1 |
| 28. | Office Attendant | 23000-50200 | 5 | 2 | 1 | 8 |
| 29. | Night Watcher | 23000-50200 | 1 | 1 | 1 | 3 |
| 30 | P.T. Sweeper | 13000-21080 | 2 | 4 | 4 | 10 |
| | **TOTAL** | | **24** | **15** | **12** | **51** |
| | | | | | | |
| | **GRAND TOTAL** | | **89** | **63** | **55** | **207** |

Annexure III

GOVERNMENT OF TAMIL NADU

ABSTRACT

**ESTABLISHMENT** - Forensic Sciences Department - Scientific officers of the Forensic Sciences Department in the Regional Forensic Science Laboratories and analytical divisions in the main lab at Chennai - Investiture of powers - Notified

HOME (POL.18) DEPARTMENT

G.O.Ms.No.446 Dated: 28.5.2002

Read :

(1) G.O.Ms.No.1119, Home, dated 22.8.78
(2) G.O.Ms.No.2025, Home, dated 22.8.78
(3) From the Director of Forensic Sciences letter No.A2 / 31018 / 2001, dated 25.4.2001

----

ORDER

The following notification will be published in the Tamil Nadu Government Gazette:-

NOTIFICATION

The Scientific Officers of the Forensic Sciecnes Department in the Regional Forensic Science Laboratories and in the analytical divisions of the Main Laboratory shall be deemed to be "Assistant Chemical Examiner to Government" for the purpose of Section 293 of the Code of Criminal Procedure 1973 (Central Act 2 of 1974).

(BY ORDER OF THE GOVERNOR)

Sd/- NARESH GUPTA
SECRETARY TO GOVERNMENT

To

The Director of Forensic Sciences, Chennai - 4
xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx
xxxxxxxxxxxxxx

കേരള സർക്കാർ
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-7) വകുപ്പ്